
തിരുവല്ലം ഗ്രാമ പഞ്ചായത്ത്

ഇനിയ ആസൂത്രണം










സമഗ്ര വികസനരേഖ - 1996

കേരളം



തിരുവല്ലം ഗ്രാമ പഞ്ചായത്ത്

വികസനരേഖ

തിരുവല്ലം ഗ്രാമപഞ്ചായത്ത്

വികസന റിപ്പോർട്ട് 1996

ഒമ്പതാം പഞ്ചവത്സരപദ്ധതിക്ക് ജനകീയ ആസൂത്രണത്തിലൂടെ രൂപം നൽകാൻ
തിരുവല്ലം ഗവഃ എൽ.പി.എസ്സിൽ 10.12.1996 ൽ ചേരുന്ന പഞ്ചായത്ത്തല വികസനസെമിനാറിൽ
അവതരിപ്പിക്കാൻ പഞ്ചായത്ത് കമ്മിറ്റി തയ്യാറാക്കിയ വികസന റിപ്പോർട്ട്



എല്ലാവരുടേയും
അത്യാവശ്യങ്ങൾ
നിറവേറ്റാൻ വേണ്ട
വിഭവങ്ങൾ
ഈ പ്രകൃതിയിലുണ്ട്.
എന്നാൽ ആരുടെയും
ദുരയെ
തൃപ്തിപ്പെടുത്തുവാൻ
വിഭവങ്ങളില്ലതാനും

മഹാത്മാഗാന്ധി

എഡിറ്റർ

വണ്ടിത്തടം കെ.മധു
(സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ)

എഡിറ്റോറിയൽ ബോർഡ്

എസ്. ശ്രീകല
കെ.സി. ഭാസ്കരൻ നായർ
രജി.വി.ആർ. നാഥ്
ഇ.കെ. സുഗതൻ
എ. മുരളീധരൻ
കെ. ഗോപാലകൃഷ്ണൻ നായർ
കെ.എസ്. മധുസൂദനൻ നായർ
ശ്രീകുമാരി
എം.എം. ഇബ്രാഹിം
നെടുമം മോഹനൻ
വി.രഘുനാഥൻ

ഡി.ടി.പി. & ലേഔട്ട്
ശ്രീസ് കംമ്പ്യൂട്ടർ കോർണർ
മണക്കാട്, തിരുവനന്തപുരം - 9

പ്രിന്റിംഗ്
കെ.എസ്. പ്രന്റേഴ്സ്
സ്കൂൾ ജംഗ്ഷൻ
തിരുവല്ലം, തിരുവനന്തപുരം - 27
ഫോൺ : 461448

ഉള്ളടക്കം

		പേജ് നമ്പർ
1.	ആമുഖം	
2.	പൊതുവിവരങ്ങൾ	
3.	സാമൂഹിക സാംസ്കാരിക ചരിത്രപശ്ചാത്തലം	12
4.	ഭൂപ്രകൃതിയും വിഭവങ്ങളും വികസനമേഖലകൾ	14
5-1	കൃഷിയും ജലസേചനവും	18
5-2	മൃഗസംരക്ഷണം	25
5-3	വിദ്യാഭ്യാസം	30
5-4	ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം	38
5-5	വ്യവസായം	48
5-6	ഊർജ്ജം	54
	ഗതാഗതം,	58
5-7	പാർപ്പിടം,	64
	സാമൂഹ്യക്ഷേമം	67
5-8	സംസ്കാരം	73
5-9	വനിത	77
5-10	സഹകരണ സംഘങ്ങൾ	81
5-11	പട്ടികജാതി, പട്ടികവർഗ്ഗം	86
5-12	വിഭവസമാഹരണം	89
	അനുബന്ധം ചാർട്ട് 1 ചല്ലിയടി കേന്ദ്രം	

തിരുവല്ലം ഗ്രാമ പഞ്ചായത്ത്


ഭരണസമിതി




എസ്. ശ്രീകല
(പ്രസിഡന്റ്)



പി.ശ്യാമള
(വൈസ് പ്രസിഡന്റ്)



വണ്ടിത്തടം കെ. മധു
(ചെയർമാൻ എസ്.റ്റി.സി)



ടി.പി. രാജേന്ദ്രൻ നായർ
(I തിരുവല്ലം)




ടി.എസ്. മിനിമോൾ
(II സ്റ്റുഡിയോ)



എം.എം. ഇബ്രാഹിം
(IV പാച്ചല്ലൂർ)



ഡി. ജയകുമാർ
(V മുടിപ്പുരനട)



നെടുമം മോഹനൻ
(VI വാഴമുട്ടം)



എൽ. നാഗമ്മ
(VII നെടുമം)



ആർ. ബാലനന്ദൻ
(VIII പനത്തൂറ)




എം. ശ്രീകുമാരി
(IX പുങ്കുളം)



ജെ. രാജൻ
(X കുന്നംപാറ)



ജി. രാജശേഖരൻ
(XI കോളിയൂർ)



വി. ഗംഗാധരൻ നാടാർ
(ജില്ലാ പഞ്ചായത്ത് അംഗം)




എസ്. താമരാക്ഷൻ
(ബ്ലോക്ക് പഞ്ചായത്ത് അംഗം)



പി. ജലജ
(ബ്ലോക്ക് പഞ്ചായത്ത് അംഗം)


മുൻ പഞ്ചായത്ത് പ്രസിഡന്റുമാർ




എൻ. ചിദംബരപണിക്കർ
1953 - 1982
(കോൺഗ്രസ്)



ആർ. പരമേശ്വരൻനായർ
1964 - 1979
(പി.എസ്.പി)




കെ.എസ്. കൃഷ്ണൻ
1979 - 1990
(കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ്)




ആർ.ശശീന്ദ്രൻ
1990 - 1995
(കോൺഗ്രസ്)


എസ്. വിജയകുമാർ
(പഞ്ചായത്ത് സെക്രട്ടറി)




കെ.സി. ഭാസ്കരൻനായർ
(കൺവീനർ)



ഇ.കെ. സുഗതൻ




കെ. ഗോപാലകൃഷ്ണൻനായർ



കെ.എസ്. മധുസൂദനൻനായർ



രജി വി.ആർ. നാഥ്




എ. മുരളീധരൻ

റിപ്പോർട്ട് തയ്യാറാക്കാൻ സഹായിച്ചവർ

1. ശ്രീ. പി. ജനാർദ്ദനൻനായർ
2. ശ്രീ. പി. രവീന്ദ്രനാഥ്
3. ശ്രീ. ബി. വിജയൻ
4. ശ്രീമതി. പി.എം. മെഹർ
5. ശ്രീ. കെ. വിജയൻ
6. ശ്രീ. എം.എച്ച്. നാസിമുദ്ദീൻ
7. ശ്രീമതി ബി. വിജയകുമാരി
8. ശ്രീ. സദാശിവൻനായർ
9. ശ്രീ. എൻ. സുരേഷ്
10. ശ്രീമതി. എം. ശ്രീകുമാരി

തിരുവല്ലം ഗ്രാമപഞ്ചായത്ത് വികസന റിപ്പോർട്ട് 1996



1

ആമുഖം

ഒൻപതാം പഞ്ചവത്സരപദ്ധതിയുടെ അടങ്കലിന്റെ 35–40 ശതമാനം തുകയ്ക്ക് വരുന്ന വികസന പരിപാടികൾ താഴെതട്ടിൽ തന്നെ, ജനപങ്കാളിത്തത്തോടുകൂടി രൂപപ്പെടുത്തി എടുക്കുക എന്നതാണ് ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ ലക്ഷ്യം. ഇന്നലെവരെ ആസൂത്രണം കേന്ദ്രീകൃതവും ഉദ്യോഗസ്ഥമേധാവിത്വപരവുമായിരുന്നു. തൻമൂലം പദ്ധതിപ്രവർത്തനം ജനങ്ങളിൽനിന്നും അന്യവൽക്കരിക്കപ്പെട്ടു. ജനങ്ങളുടെ ആവശ്യങ്ങളും അഭിലാഷങ്ങളും താഴേതട്ടിൽനിന്ന് നേരിട്ട് മനസ്സിലാക്കാൻ കേന്ദ്രീകൃത ആസൂത്രണ പ്രക്രിയയിൽ സംവിധാനമില്ല. ആദ്യം കേന്ദ്രത്തിലും തുടർന്ന് സംസ്ഥാനങ്ങളിലും തീരുമാനങ്ങളെടുത്ത് വിവിധ വകുപ്പുകൾ വഴി വികസനപദ്ധതികൾ നടപ്പിലാക്കുകയാണ് ചെയ്തിരുന്നത്. ജനകീയ ആവശ്യങ്ങൾക്ക് അനുസൃതമായ സ്കീമുകൾ പദ്ധതിയുടെ ഭാഗമായി ഉണ്ടായിരുന്നില്ല. കടത്തുവള്ളം കാത്ത് നില്ക്കുമ്പോൾ ചുമട് ഇറക്കി വയ്ക്കാൻ കടവിനടുത്ത് ഒരു ചുമടുതാങ്ങി സ്ഥാപിക്കണമെന്ന ആവശ്യം തലച്ചുമടായി സാധനങ്ങൾ ചന്തയിൽ കൊണ്ടുപോയി വിൽക്കുന്ന ഒരു സ്ത്രീ ഗ്രാമസഭയിൽ ഉന്നയിക്കുകയുണ്ടായി. പ്രശ്ന പരിഹാരത്തിന് ഏതേത് കവാടങ്ങളിലാണ് മുട്ടേണ്ടത് എന്ന് നിശ്ചയമില്ലാത്ത ആ ഗ്രാമീണ സ്ത്രീക്ക് തന്റെ പ്രശ്നം അവതരിപ്പിക്കാൻ വീടിനുതൊട്ടടുത്ത അമ്പലപറമ്പിൽ ചേർന്ന ഗ്രാമസഭയിൽ അവസരം ഉണ്ടായത് ശ്രദ്ധേയമായ മാറ്റമാണ്. ജനകീയ ആസൂത്രണത്തിന്റെ കാതലായ അംശവും ഈ മാറ്റം തന്നെയാണ്.

കേരളത്തിന്റെ സാമ്പത്തിക പ്രശ്നങ്ങൾ മറ്റു സംസ്ഥാനങ്ങളിൽനിന്നും വിഭിന്നമാണ്. 1995ൽ ഇന്ത്യാക്കാരന്റെ ശരാശരി ആളോഹരി വരുമാനം 6237 രൂപയായിരുന്നപ്പോൾ നമ്മുടേത് 6983 രൂപാമാത്രമായിരുന്നു. പരാധീനതയിലും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ സാധനങ്ങൾ വാങ്ങാനുള്ള അഭിനിവേശം നമ്മുടെ ഉപഭോഗ നിലവാരം ഉയർത്തി. അരി, പച്ചക്കറി, പഴം, മുട്ട, പൂഷ്പം, സൗന്ദര്യവർദ്ധകസാധനങ്ങൾ, വസ്ത്രം, കെട്ടിടനിർമ്മാണ സാമഗ്രികൾ തുടങ്ങിയവ നാം അന്യസംസ്ഥാനങ്ങളിൽ നിന്നുമാണ് വാങ്ങുന്നത്. നമ്മുടെ പണം അന്യസംസ്ഥാനങ്ങളിലേക്ക് ഒഴുകുകയാണ്. കാർഷിക– വ്യവസായ മേഖലകളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും മുരടിച്ചു നിൽക്കുന്നു. സ്ത്രീകളുടെ തൊഴിൽപങ്കാളിത്തനിരക്ക് വളരെ കുറവാണ്. ഉല്പാദനരംഗത്തെ മാന്ദ്യവും ഏറിയ ഉപഭോഗശീലവും മൂലമുള്ള സാമ്പത്തികവിടവ് പ്രകടമാകാത്തതിന്റെ മുഖ്യകാരണം ഗൾഫ് മലയാളികളിൽ നിന്നുള്ള വരുമാനമാണ്. അനുകൂല ഭൂപ്രകൃതി, പ്രകൃതിവിഭവങ്ങൾ, ഉല്പന്നങ്ങളുടെ വമ്പിച്ച അഭ്യന്തര ഡിമാന്റ്, മനുഷ്യവിഭവശേഷി, ധനാഢ്യരുടെ ഉദാരത, വിദഗ്ദ്ധന്മാരുടെ സേവനസന്നദ്ധത തുടങ്ങിയ അനുകൂല സാഹചര്യങ്ങൾ ഉപയോഗപ്പെടുത്തി കാർഷിക മേഖലയിലെ വളർച്ചയ്ക്കും വ്യവസായ മേഖലയിൽ പുതിയ സംരംഭങ്ങൾക്കും സ്വയം ഭരണസ്ഥപനങ്ങളും പ്രദേശിക നേതാക്കളും ജനങ്ങളിൽ പ്രതീക്ഷയും, ശുഭാപ്തിവിശ്വാസവും, ദിശാബോധവും

വളർത്തണമെന്നതും ജനകീയ ആസൂത്രണ പരിപാടിയുടെ ഭാഗമാണ്. കുത്തക കമ്പനികളുടെ സോപ്പിനു പകരം അവശ്യമായ സോപ്പ് എങ്കിലും നമുക്കിവിടെ ഉൽപ്പാദിപ്പിക്കാൻ കഴിയണം. വീട്ടുവളപ്പിൽ രണ്ട് പച്ചമുളക് തൈവെച്ചുപിടിപ്പിക്കാൻ നമുക്ക് മനസ്സുണ്ടാവണം. മാമൂൽവിട്ട്, ഒരു പുതിയ വികസന സംസ്കാരത്തിന് രൂപം കൊടുക്കണം. ഇതൊരു പരീക്ഷണമാണ്. ഈ പരീക്ഷണം വിജയിക്കണമെങ്കിൽ ബഹുജന ഐക്യം അനിവാര്യമാണ്.

ജനകീയ ആസൂത്രണ പരിപാടിയുടെ ഭാഗമായി ഈ സെമിനാറിൽ അവതരിപ്പിക്കുന്ന പഞ്ചായത്ത് വികസനറിപ്പോർട്ട് തയ്യാറാക്കുന്നതിൽപഞ്ചായത്ത് സമിതി കൈക്കൊണ്ട നടപടികൾ സംക്ഷിപ്തമായി താഴെകൊടുക്കുന്നു. : –

(a) കോവളം CSI യൂത്ത് സെന്ററിൽ വച്ച് 1996 സെപ്തംബർ 9,10,11 തീയതികളിൽ നടന്ന ജില്ലാതല ജനകീയ ആസൂത്രണക്യാമ്പിൽ പഞ്ചായത്തിൽനിന്നും 6 പേർ പങ്കെടുത്തു. DPC നിർദ്ദേശമനിസരിച്ച് ശ്രീ കെ.എസ്. മധുസൂദനൻ നായരും ക്യാമ്പിൽ പരിശീലകനായി പങ്കെടുത്തു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി എസ്. ശ്രീകലയും ക്യാമ്പിലുണ്ടായിരുന്നു. പരിശീലനം ലഭിച്ച ഏഴുപേരും (DRPമാർ) പഞ്ചായത്ത് സമിതിയെ സഹായിച്ചു.

(b) 1996 സെപ്തംബർ 15–ാം തീയതി പഞ്ചായത്തല ഏകദിന ജനകീയ ആസൂത്രണ ശില്പശാല തിരുവല്ലം LPSൽ വച്ച് നടത്തുകയുണ്ടായി. 96പേർ പങ്കെടുത്തു. പഞ്ചായത്ത് പ്രസിഡന്റും മെമ്പർമാരും ശില്പശാലയിൽ ഹാജരുണ്ടായിരുന്നു. ഭാവിപ്രവർത്തനത്തിന് പ്രാദേശിക പരിശീലകരെ (LRP) കണ്ടെത്താൻ കൂടിയായിരുന്നു ശില്പശാല സംഘടിപ്പിച്ചത്. എന്നാൽ ആ കണ്ടെത്തൽ ഫലപ്രദമായില്ല.

(c) ശില്പശാലയിലുണ്ടായ തീരുമാനപ്രകാരം 22.9.96 മുതൽ 6.10.96 വരെയുള്ള താഴെപ്പറയുന്ന തീയതികളിൽ വിശേഷാൽ ഗ്രാമസഭകൾ ചേരുകയുണ്ടായി. ഈ ഗ്രാമസ കളിൽ പങ്കെടുത്തവർ പ്രത്യേക വിഷയഗ്രൂപ്പുകളായിതിരിഞ്ഞ് പ്രശ്നങ്ങളും സാദ്ധ്യതകളും തയ്യാറാക്കി അവതരിപ്പിച്ചു. വിശേഷാൽ ഗ്രാമസഭകളുടെ വിവരം താഴെകൊടുത്തിരിക്കുന്നു.

വാർഡ് നമ്പർ	സ്ഥലം	തീയതി	പങ്കെടുത്തവരുടെ എണ്ണം.		
			പുരുഷന്മാർ	സ്ത്രീകൾ	ആകെ
I	LPS, തിരുവല്ലം	29.9.96	51	23	74
II	കാഞ്ഞിരവിള	6.10.96	60	50	110
III	BNVLPS, പുഞ്ചക്കരി	2.10.96	56	34	90
IV	വിന്നേഴ്സ്, പാച്ചല്ലൂർ	2.10.96	76	41	117
V	LPS, പാച്ചല്ലൂർ	2.10.96	70	43	113
VI	ഇടവിളാകം	6.10.96	81	55	136
VII	വായനശാല, നെടുമം	6.10.96	93	53	146
VIII	പുന്നമൂട്	29.9.96	80	7	87
IX	വണ്ടിത്തടം	29.9.96	100	59	159
X	ചെമ്പൻവിള	29.9.96	84	51	135
XI	LPS, പൂങ്കുളം	2.10.96	101	116	217
XII	നെല്ലിയോട്ക്ഷേത്രമൈതാനം	2.10.96	215	49	264
XIII	കയർസൊസൈറ്റി, ഇടയാർ	22.9.96	30	35	65


(d) അതിയന്നൂർ ബ്ലോക്ക് ഓഫീസിൽ വച്ച് ഒക്ടോബർ 28,29,30 തീയതികളിൽ നടന്ന രണ്ടാംഘട്ട പരീശീലന ക്യാമ്പിൽ ഒന്നാംഘട്ട പരിശീലനം നേടിയ അഞ്ചുപേരും പുതുതായി ശ്രീമാൻ കെ. ഗോപാലകൃഷ്ണൻനായരും പങ്കെടുത്തു.

(e) പ്രാദേശികപരിശീലകരുടെ(L.R.P മാർ)അഭാവം മൂലം വികസന റിപ്പോർട്ട് തയ്യാറാക്കാൻ ആവശ്യമായ ദ്വിതീയ സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുക എന്ന ശ്രമകരമായ ജോലി പഞ്ചായത്ത് പ്രസിഡന്റും മെമ്പർമാരും (D.R.P) മാരായ ശ്രീമാന്മാർ രജി.വി.ആർ നാഥ്, കെ.എസ്. മധുസൂദനൻ നായരും കെ.ഗോപാലകൃഷ്ണൻ നായരും കൂടി നിർവ്വഹിക്കുകയുണ്ടായി.

(f) രണ്ടാംഘട്ട പരിശീലനത്തിന്റെ പഞ്ചായത്ത്തല ശില്പശാല 96 നവംബർ 10-ാം തീയതി തിരുവല്ലം LPS ൽ വച്ചുനടന്നു. 57 പേർ പങ്കെടുത്തു. ഈ ശില്പശാലയുടെ ഫലമായി പരിശീലനം നേടിയ ഏതാനും പേർ ഭാവിപ്രവർത്തനത്തിന് സന്നദ്ധരായിവന്നു. അവർ 12.11.96ൽ സമ്മേളിച്ച് ഗ്രാമസഭകളിൽ നിന്നും വന്ന റിപ്പോർട്ടുകൾ വിഷയാധിഷ്ടിതമായി ക്രോഡീകരിച്ചു. 16.11.96 മുതൽ വികസന റിപ്പോർട്ട് എഴുതിതയ്യാറാക്കാൻ തുടങ്ങി. 4.12.96 ൽ കൂടിയ ഗ്രാമപഞ്ചായത്ത് കമ്മിറ്റി ഈ റിപ്പോർട്ട് അംഗീകരിച്ചു. ഈ പഞ്ചായത്ത് വികസന റിപ്പോർട്ടിൽ ഗ്രാമസഭകൾ ഉയർത്തിയ പ്രശ്നങ്ങൾ അവലോകനവിധേയമാക്കിയിട്ടുണ്ട്. വസ്തുനിഷ്ഠ പഠനങ്ങളിൽ തെളിഞ്ഞ പ്രശ്നങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രശ്നങ്ങളുടെ പരിഹാരങ്ങളെക്കുറിച്ചും സാദ്ധ്യതകളെകുറിച്ചും അമൂർത്തമായി വിവരിച്ചിട്ടുണ്ട്. ഈ വിവരണങ്ങൾ തയ്യാറാക്കിയത് വിഷയങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവരല്ല. രേഖപ്പെടുത്തിയിട്ടുള്ളതിൽ കൂടുതലായി വികസനപ്രശ്നങ്ങൾ ഉണ്ട്. അതുകൊണ്ട് ഈ റിപ്പോർട്ട് പൂർണ്ണമല്ല. ഈ സെമിനാറിൽ വിവിധ വിഷയങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവർ പങ്കെടുക്കുന്നുണ്ട്. വിഷയാധിഷ്ഠിതമായി ഗ്രൂപ്പു തിരിഞ്ഞ് ചർച്ചനടത്തി കൂട്ടിച്ചേർക്കലുകളും തിരുത്തലുകളും നടത്തി ഈ റിപ്പോർട്ട് കൂടുതൽ സംപുഷ്ടമാക്കണമെന്ന് വിനീതമായി അഭ്യർത്ഥിച്ചുകൊണ്ട് ഈ റിപ്പോർട്ട് ഈ സെമിനാറിനു മുമ്പിൽ അവതരിപ്പിക്കുന്നു. ●


എസ്. ശ്രീകല
പ്രസിഡന്റ്
(തിരുവല്ലം ഗ്രാമ പഞ്ചായത്ത് കമ്മിറ്റിക്കുവേണ്ടി)

തിരുവല്ലം
10.12.96



ഭരണചരിത്രം

1953 ആഗസ്റ്റ്മാസം 15-ാം തീയതി ആദ്യത്തെ പഞ്ചായത്ത് കമ്മിറ്റി നിലവിൽവന്നു. ഇന്നത്തെ വെങ്ങാനൂർ പഞ്ചായത്ത് തുടക്കത്തിൽ തിരുവല്ലം പഞ്ചായത്തിന്റെ ഭാഗമായിരുന്നു. പരേതനായ ശ്രീമാൻ എൻ. ചിദംബരപണിക്കരായിരുന്നു ആദ്യത്തെ പ്രസിഡന്റ്. മുട്ടയ്ക്കാട് കേന്ദ്രമാക്കിയാണ് പഞ്ചായത്ത് ഓഫീസ് പ്രവർത്തിച്ചിരുന്നത്. 1962 ൽ വെങ്ങാനൂർ പഞ്ചായത്ത് രൂപം കൊള്ളുകയും തിരുവല്ലം പഞ്ചായത്ത് ഓഫീസ് തിരുവല്ലത്ത് വാടകകെട്ടിടത്തിലേക്ക് മാറ്റുകയും ചെയ്തു. 1962 മുതൽ 1964 വരെ തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതിക്ക് പകരം അഡ്മിനിസ്ട്രേറ്റർ ഭരണത്തിലായിരുന്നു. 1964ൽ പഞ്ചായത്ത് തെരെ ഞ്ഞെടുപ്പ് നടക്കുമ്പോൾ തിരുവല്ലം പഞ്ചായത്തിൽ ഒമ്പതു വാർഡുകളാണ് ഉണ്ടായിരുന്നത്. വാർഡുകളുടെ എണ്ണം 1988ൽ പന്ത്രണ്ടായും 1995ൽ പതിമൂന്നായും വർദ്ധിപ്പിച്ചു. 20.9.1977ൽ പഞ്ചായത്തിന് സ്വന്തമായ കെട്ടിടം ഉണ്ടായി. പുതിയ സ്വന്തം കെട്ടിടത്തിലേക്ക് മാറിയത് 31.12.93ലാണ്. 1984 മുതൽ ഈ പഞ്ചായത്ത് സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തായി ഉയർന്നു.




2

പഞ്ചായത്തിന്റെ പൊതുവിവരങ്ങൾ

പഞ്ചായത്തിന്റെ പേര്	-	തിരുവല്ലം ഗ്രാമ പഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ	-	തിരുവല്ലം, മുട്ടത്തറ, വെങ്ങാനൂർ
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	-	തിരുവല്ലം, വാഴമുട്ടം
ബ്ലോക്ക് പഞ്ചായത്ത്	-	അതിയന്നൂർ ബ്ലോക്ക്
താലൂക്ക്	-	തിരുവനന്തപുരം
വിസ്തീർണ്ണം	-	12.44 ച: കിലോമീറ്റർ
ജനസംഖ്യ	-	38912
വാർഡുകളുടെ എണ്ണം	-	13
പ്രസിഡന്റിന്റെ പേര്	-	ശ്രീമതി എസ്. ശ്രീകല
വൈസ് പ്രസിഡന്റിന്റെ പേര്	-	ശ്രീമതി പി. ശ്യാമള
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ	-	ശ്രീ. വണ്ടിത്തടം കെ. മധു

പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളുടെ കീഴിലുള്ള ഓഫീസുകൾ ചുവടെ കൊടുത്തിരിക്കുന്നു.

ഓഫീസിന്റെ പേര്	സ്ഥലം
കൃഷി ഭവൻ	തിരുവല്ലം
ANERT	തിരുവല്ലം
പോസ്റ്റാഫീസ്	തിരുവല്ലം
രജിസ്റ്റർ കച്ചേരി	തിരുവല്ലം
ചിത്രാഞ്ജലി സ്റ്റുഡിയോ	തിരുവല്ലം
വില്ലേജാഫീസ്	പാച്ചല്ലൂർ
K.S.E.B സെക്ഷൻ ഓഫീസ്	പാച്ചല്ലൂർ
പോസ്റ്റാഫീസ്	പാച്ചല്ലൂർ
കയർ ഇൻസ്പെക്റ്റർ ഓഫീസ്	പാച്ചല്ലൂർ
VEO യുടെ ഓഫീസ്	വണ്ടിത്തടം
VEO യുടെ ഓഫീസ്	വാഴമുട്ടം
മൃഗാശുപത്രി	വണ്ടിത്തടം
വാട്ടർ അതോറിറ്റി – റൂറൽ	
വാട്ടർ സപ്ലൈസ്കീം	വണ്ടിത്തടം
CPW ഓഫീസ് കോംപ്ലക്സ്	പൂങ്കുളം
C_DIT	തിരുവല്ലം
പോലീസ് സ്റ്റേഷൻ	തിരുവല്ലം
പ്രൈമറി ഹെൽത്ത്സെന്റർ	തിരുവല്ലം
ഗ്രാമപഞ്ചായത്ത്ഓഫീസ്	തിരുവല്ലം



3

സാമൂഹിക സാംസ്കാരിക ചരിത്ര പശ്ചാത്തലം

ഒരു പ്രദേശത്തിന്റെ തനതായ സംഭാവനയാണ് യഥാർത്ഥത്തിൽ സാമൂഹിക സാംസ്കാരിക ചരിത്ര പശ്ചാത്തലത്തിന് കളമൊരുക്കുന്നത്. അല്ലാതെ ഒരു പഞ്ചായത്തിനു മാത്രമായി അതിന്റെ സംഭാവന എടുത്ത് പറയാവുന്ന ഒന്നല്ല. തിരുവല്ലം പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ജനജീവതത്തിൽ തെക്കൻ തിരുവിതാംകൂറിന്റെ എല്ലാ സാംസ്കാരിക സവിശേഷതകളും പ്രതിഫലിക്കുന്നു.

തിരുവല്ലം ഗ്രാമപഞ്ചായത്തിന്റെ ചരിത്രം പരിശോധിക്കുമ്പോൾ പൂർവ്വകാലം സ്മരിക്കാതെ ആർക്കും 20-ാം നൂറ്റാണ്ടിലേക്ക് കടന്നുവരാനൊക്കില്ല. കേരളപ്പിറവിയേയും ശ്രീ പരശുരാമനെയും സംബന്ധിച്ച ഐതിഹ്യം പ്രസിദ്ധമാണ്. ഗ്രാമശ്രീയായ ഐതിഹ്യപുരുഷനെ പ്രതിഷ്ഠിച്ച കേരളത്തിലെ ഏക പരശുരാമസ്വാമിക്ഷേത്രം ഇവിടെയാണ്. പുരാണേതിഹാസങ്ങളിൽ പോലും പ്രകീർത്തിക്കപ്പെട്ട, പിതൃക്കൾക്ക് ശ്രാദ്ധമൂട്ടുന്ന പുണ്യക്ഷേത്രം.

ബഹുമാനപുരസ്സരം നമ്മുടെ ഗ്രാമത്തിന്റെ പേര് തിരു എന്ന് തുടങ്ങാൻ കാരണം ശ്രീ പരശുരാമക്ഷേത്രം ഇവിടെ സ്ഥിതിചെയ്യുന്നതുകൊണ്ടാണെന്ന്കരുതുന്നു. തിരു+ഇല്ലത്തിന്റെ തദ്ഭവരൂപമായിരിക്കാം തിരുവല്ലം.

കേരളത്തിന്റെ പ്രത്യേക സ്വഭാവമുൾക്കൊണ്ടിട്ടുള്ള സാമൂഹ്യസ്ഥിതിയും ജീവിതക്രമവും ഈ ഗ്രാമത്തെയും സ്വാധീനിച്ചിരുന്നു. ഈ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ ഇവിടെയും തീണ്ടൽ, തൊടീൽ എന്നീ അനാചാരങ്ങൾ നിലവിലുണ്ടായിരുന്നു. അവർണ്ണർക്ക് ആരാധനസ്വാതന്ത്ര്യവും സ്കൂളുകളിൽ പ്രവേശനവും ഇല്ലായിരുന്നു. ഇവിടത്തെ ജനങ്ങൾ അധികം പേരും രാഷ്ട്രീയ സാമൂഹിക പ്രവർത്തനങ്ങളിലേർപ്പെടുന്നതിലുപരി മത. ജാതി- ഉപജാതി വ്യവസ്ഥകൾക്ക് അധിഷ്ഠിതമായ പ്രവർത്തനങ്ങളിലേർപ്പെട്ടിരുന്നു. ചുരുക്കത്തിൽ മതവിഭാഗങ്ങൾ തമ്മിലുള്ള സ്പർദ്ധ അധികമില്ലാതിരുന്നെങ്കിലും ഹൈന്ദവസമൂഹത്തിൽ ജാതികൾക്കിടയിൽ ഉണ്ടായിരുന്ന ഉപജാതി വ്യവസ്ഥ തീരെ പ്രകടമായിരുന്നു. കൃഷിക്കാരായിരുന്നു ഭൂരിപക്ഷമെങ്കിലും അവർക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം ഇല്ലായിരുന്നു. നാട്ടുപ്രമാണികൾക്കായിരുന്നു ഭൂമിയുടെ ഉടമസ്ഥാവകാശം. ജനങ്ങളിൽ അധികവും ഹിന്ദുക്കളായിരുന്നു. അവർ രാജവാഴ്ചയോട് പൂർണ്ണ വിധേയത്വം പുലർത്തിപ്പോന്നു.

20-ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ ജാതി വ്യത്യാസങ്ങൾക്കും അസമത്വങ്ങൾക്കുമെതിരെ നടന്ന സാമൂഹ്യപരിഷ്കരണ യത്നങ്ങളിൽ മുൻപന്തിയിലുണ്ടായിരുന്ന ശ്രീ നാരായണഗുരുദേവന്റെയും മഹാനായ അയ്യൻകാളിയുടെയും കർമ്മനിരതമായ പ്രവർത്തനങ്ങൾക്ക് സാക്ഷ്യം വഹിച്ച മണ്ണാണിത്. നൂറ് വർഷങ്ങൾക്കുമുമ്പ് ശ്രീ നാരായണ

ഗുരുദേവൻ പ്രതിഷ്ഠാകർമ്മം നിർവ്വഹിച്ച ശ്രീ സുബ്രഹ്മണ്യസ്വാമിക്ഷേത്രം ഈ പഞ്ചായത്തിലെ വാഴമുട്ടത്തെ കുന്നുംപാറയിലാണ്. അതിനടുത്താണ് ചിരഞ്ജീവിയായ അശ്വത്ഥാമാവിന്റെ തപസ്ഥാനമെന്ന് വിശ്വസിക്കപ്പെടുന്ന മുനിപ്പാറ. അധഃകൃതർക്ക് വിദ്യാലയങ്ങളിൽ പ്രവേശനം വേണമെന്ന് വാദിച്ച് പ്രക്ഷോഭണങ്ങൾ നടത്തിയ മഹാനായ അയ്യൻകാളിയുടെ കർമ്മരംഗവും ഈ പഞ്ചായത്തിന്റെ ഭൂപ്രദേശങ്ങൾ തന്നെയായിരുന്നു. കൂടാതെ മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ നടന്ന അധഃകൃത വർഗോദ്ധാരണ പ്രവർത്തനങ്ങളെ അധികരിച്ചുള്ള സാമൂഹ്യപരിഷ്കാരണ യത്നങ്ങളും ഇവിടെ ഉണ്ടായിട്ടുണ്ട്. സാമൂഹികപരിഷ്കർത്താവും ഹരിജനോദ്ധാരകനുമായ സാധുശീലൻ പരമേശ്വരൻപിള്ളയുടെയും പ്രവർത്തനമേഖല ഈ പ്രദേശം തന്നെയായിരുന്നു. 1967-ൽ നിലവിൽവന്ന സംസ്ഥാന സർക്കാർ നടപ്പിലാക്കിയ ഭൂപരിഷ്ക്കരണ നിയമം മൂലം ഭൂവുടമാസമ്പ്രദായത്തിൽ കാതലായ മാറ്റം വന്നു.


പരമ്പരാഗതമേഖലയിൽ വിശ്വാസമർപ്പിച്ച്, ഭാവിയെക്കുറിച്ച് മുൻവിധി ഇല്ലാതിരുന്നവരുടെ പിൻമുറക്കാർ ഇന്ന് നിലനില്പിനായി കേഴുന്നു. ഈ നാടിനെ തീറ്റിപ്പോറ്റിയിരുന്ന പരമ്പരാഗത മേഖലകൾ നിർജ്ജീവമാണിന്ന്. ഈ നാടിന്റെ ആ രക്തധമനികൾ ഉറവയറ്റ് ശുഷ്ക്കമാവുന്ന കാഴ്ച എവിടെയും കാണാം. ഇവിടെ അദ്ധ്വാനത്തിന്റെ മഹത്വം അംഗീകരിക്കപ്പെടുന്നില്ല. നിർജ്ജീവമായ തൊഴിൽ മേഖലകളെ പുനരുജ്ജീവിപ്പിക്കുവാനോ ആ രംഗത്ത് ഉറച്ചുനിന്നവരെ ആശ്വസിപ്പിക്കുവാനോ ആരും ശ്രദ്ധിക്കുന്നില്ല. തകർച്ചയെ നേരിടുന്ന തൊഴിൽമേഖലകളിൽ പ്രമുഖങ്ങളാണ് കയർ-കരിങ്കൽ മേഖലകൾ. യന്ത്രവൽക്കൃത തൊണ്ട്തല്ല് യന്ത്രം നിരോധിക്കണമെന്ന് ആവശ്യപ്പെട്ട് നടത്തിയ തൊഴിൽ സമരത്തിൽ 1973-ൽ അമ്മു എന്ന സ്ത്രീ തൊഴിലാളി പോലീസിന്റെ വെടിയേറ്റ് രക്തസാക്ഷിത്വം വഹിച്ച സംഭവം ഇന്നും തൊഴിലാളി വർഗ്ഗത്തിന് ആവേശമുണർത്തുന്നു.

വിദ്യാഭ്യാസ രംഗത്ത് അരനൂറ്റാണ്ടിനു മുമ്പ് ഇംഗ്ലിഷ് പാഠശാലകൾ ഒന്നുംതന്നെ ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നില്ല. അതിന് സമീപപഞ്ചായത്തിലെ വെങ്ങാനൂരിലോ തലസ്ഥാനനഗരമായ തിരുവനന്തപുരത്തോ വിദ്യാർത്ഥികൾ പോയിരുന്നു. എന്നാൽ ഇന്ന് സ്കൂളുകളുടെ കാര്യത്തിൽ വിദ്യാർത്ഥികൾക്ക് പഞ്ചായത്തിലെ സ്കൂളുകളെതന്നെ ആശ്രയിക്കാമെന്ന സ്ഥിതിയാണുള്ളത്.

കലാസാംസ്കാരിക പ്രവർത്തനങ്ങളിൽ മുൻപന്തിയിലായിരുന്ന സാംസ്കാരിക നായകന്മാർ ഈ പഞ്ചായത്തിൽ അധികമില്ലെങ്കിലും സാഹിത്യരംഗത്ത് ശ്രദ്ധേയമായ രചനകൾ ഉണ്ടായിട്ടുണ്ട്. രാമായണത്തിനും രാമകഥാപാട്ടിനും മുമ്പ് നാനാർത്ഥങ്ങളുള്ള ഒരു മലയാളകാവ്യം കേരളത്തിന്റെ തെക്കേഅറ്റത്ത് നിലനിന്നിരുന്നു. ഉച്ചനീചത്വങ്ങൾക്കെതിരെ ശക്തിയായി പ്രതികരിച്ചിട്ടുള്ള പാച്ചല്ലൂർ പതികം ഇന്നാട്ടിൽ ഉണ്ടായിട്ടുള്ള പ്രസിദ്ധമായ സാഹിത്യകൃതിയാണ്. അജ്ഞാത കർത്തൃകമായ പ്രസ്തുത കൃതി മലയാളസാഹിത്യത്തിലെ അമൂല്യസമ്പത്താണ്. കോവളം കവികളിൽ പ്രമുഖനായ അയ്യിപ്പിള്ള ആശാന്റെ രാമകഥാപാട്ടും ഈ പ്രദേശത്തിന്റെ സംഭാവനയാണ്.

എന്നാൽ, നാടിന് മറ്റൊരു മുഖം കൂടിയുണ്ട്. വളർച്ചയും വികാസവും ഈ നാടിന് കേട്ടുകേൾവി മാത്രമുള്ള പദങ്ങളായി അവശേഷിക്കുന്നു. വളർച്ചയുടെയും വികസനത്തിന്റെയും നേരിയ സ്വഭാവംപോലും ഇവിടത്തെ ജനങ്ങൾക്ക് അനുഭവിക്കാൻ അവസരം ഉണ്ടായിട്ടില്ല. ശാസ്ത്ര-സാങ്കേതിക വിദ്യകൾ അനുദിനം പുരോഗമിക്കവേ അവ അന്യദേശക്കാർ പ്രയോജനപ്പെടുത്തുമ്പോൾ ആ രംഗത്തേയ്ക്ക് കടന്നുചെല്ലാൻ അയോഗ്യരായി ഇവിടത്തെ പരമ്പരാഗത തൊഴിലാളികൾ മാറി നില്ക്കുന്നു. ചുരുക്കത്തിൽ ഭരണാധികാരികളുടെയും ഭരണപ്രസ്ഥാനങ്ങളുടെയും മൂക്കിനുതാഴെ ഒരു അവികസിത പൃഥ്വിഭാഗം കണക്കെ തിരുവല്ലം പഞ്ചായത്ത് ഇന്നും നിലനില്ക്കുന്നു. വികസനത്തിന്റെ എല്ലാരംഗങ്ങളിലും അവഗണിക്കപ്പെട്ട ഈ നാട് ഇയ്യൊരു അവകാശപത്രിക സമർപ്പണത്തിലൂടെ മോക്ഷം കാംക്ഷിക്കുന്നു.

★ ★ ★



4

ഭൂപ്രകൃതിയും വിഭവങ്ങളും

ആസൂത്രണം പൂർണ്ണമാകണമെങ്കിൽ നമ്മുടെ പഞ്ചായത്തിന്റെ ഭൂപ്രകൃതി കാലാവസ്ഥ, മണ്ണ്, ജലം, സസ്യസമ്പത്ത്, മനുഷ്യവിഭവശേഷി വിവിധ വിഭവങ്ങളുടെ ഇന്നത്തെ ഉപയോഗരീതി തുടങ്ങിയ വിവരങ്ങൾ മനസ്സിലാക്കേണ്ടതുണ്ട്. ഭാവി വികസന സാധ്യതകൾ പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിന് ആവശ്യമായ വിഭവങ്ങളുടെ ഒരു പശ്ചാത്തല വിവരണം മാത്രമേ ഈ അദ്ധ്യായത്തിൽ ചേർത്തിട്ടുള്ളൂ. സമഗ്രമായ പഠനത്തിലൂടെ മാത്രമേ പൂർണ്ണമായ ഒരു വിവരം ലഭ്യമാകുകയുള്ളൂ.

1. ഭൂപ്രകൃതി:

കേരളത്തിന്റെ പരിഛേദം എന്നു തോന്നിപ്പിക്കുന്ന മനോഹരമായ. തിരുവല്ലം ഗ്രാമപഞ്ചായത്ത് വടക്ക്-തെക്ക് ചരിഞ്ഞ് ഒരു ഭാഗം കരമനയാറ്റിനഭിമുഖമായും അതേദിശയിലുള്ള മറ്റൊരു ഭാഗം അറബിക്കടലിനെ താലോലിച്ചും കിടക്കുന്നു. കുന്നിൻ ചരിവുകളായും, താഴ് വാരങ്ങളായും കിടക്കുന്ന ഭൂമി, വടക്ക് ചെറിയ മലനിരകൾ, പ്രസിദ്ധമായ ജഡ്ജികുന്നിന്റെ തെക്കേ അറ്റം മുതൽ പഞ്ചായത്തിന്റെ വടക്കെ അറ്റംവരെയുള്ള ഉദ്ദേശം ഏഴുകിലോമീറ്റർ ദൂരം കുന്നുകളാലും ചരിവുകളാലും സമൃദ്ധമാണ് ഈ പ്രദേശത്തിന്റെ സമീപ പഞ്ചായത്തുകളായ കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെയും വിഴിഞ്ഞം പഞ്ചായത്തിന്റെയും വെങ്ങാനൂർ പഞ്ചായത്തിന്റേയും റോഡുകളും, കൃഷിയിടങ്ങളും അതിരുകളായിനിൽക്കുന്നു. നമ്മുടെ ഗ്രാമത്തിന്റെ വടക്കെ അറ്റത്ത് കരമനയാറ്റിനേയും വെള്ളായണി കായലിനേയും ബന്ധിപ്പിച്ചുകൊണ്ടുള്ള കന്നുകാലി ചാൽ നീണ്ടുനിവർന്നു കിടക്കുന്നു. അതിനുകുറുകെ ഉള്ളഅതിയന്നൂർ ബ്ലോക്കിന്റെ പാലം നമ്മുടെ ഗ്രാമത്തേയും നേമം പഞ്ചായത്തിനേയും ബന്ധിപ്പിക്കുന്നു. (കന്നുകാലി ചാൽ പാലം)

2. കുന്നിൻചരിവുകൾ

കുന്നിൻ ചെരുവുകളിലെ പാരിസ്ഥിതിക പ്രത്യേകതകൾ നാം പരിശോധിക്കേണ്ടതാണ്. ഏറ്റവും കൂടുതൽ ചരിവുകൾ ഉള്ള പ്രദേശം പഞ്ചായത്തിന്റെ 9,10,12,2 എന്നീ വാർഡുകളാണ്. എന്നാൽ ചരിവുള്ളതും അത്രത്തോളം വിപുലവുമായ ചരിവില്ലാത്തതുമായ പ്രദേശങ്ങൾ മൂന്നാം വാർഡിലുമുണ്ട്. ജലം പെട്ടെന്ന് വാർന്നുപോകാൻ പറ്റുന്ന തരത്തിലുള്ളതാണ് ഭൂവിഭാഗം കന്നുകാലികളെവളർത്തുവാൻ പറ്റുമെങ്കിലും കന്നുകാലി മേച്ചിൽ ചിലസ്ഥലങ്ങളിലെങ്കിലും അസാദ്ധ്യമാകുന്നു. പാറമടകളും മലങ്കുഴികളും കുന്നിൻ ചെരുവിൽ ധാരാളമായി ഉണ്ട് ഇത് അപകടസാദ്ധ്യതകളുള്ള മേഖലകൂടിയാണ്.

കൃഷി നന്നേകുറവാണ്. കവുങ്ങ് പ്ലാവ്, തുടങ്ങിയ വൃക്ഷങ്ങളും ധാരാളമായുണ്ട്. ഇടവിളയായി മരച്ചീനി, ചേന, ചേമ്പ്, എന്നിവ കൃഷിചെയ്യുന്നുണ്ട്, ചില പ്രദേശങ്ങളിൽ, പാഴ് വൃക്ഷങ്ങൾ ധാരാളം ഉണ്ട്, ഫലവൃക്ഷങ്ങൾ കുറവാണ്. കശുമാവ് ഏതാണ്ട് ഒന്നര ഹെക്ടാർ പ്രദേശത്ത് വ്യാപിച്ചുകിടക്കുന്നു. ഇത് കാർഷികവരുമാനം എന്ന നിലയിൽ കൃഷി ചെയ്യുന്നതല്ല. റബ്ബർ വളരെ കുറവാണ്. നെൽകൃഷിയും ഏതാണ്ട് മുരടിച്ചതായി കാണാം.വിസ്തൃതമായ തരിശ്ഭൂമി ഇല്ല. എന്നാൽ ജലത്തിന്റെ ദൗർലഭ്യം കൊണ്ട് കൃഷി ചെയ്യാൻ പറ്റാത്ത പ്രദേശങ്ങൾ നമ്മുടെ പഞ്ചായത്തിൽ ധാരാളമുണ്ട്.

3. തുരുത്തുകൾ

നമ്മുടെ പഞ്ചായത്തിൽ ലങ്ക എന്ന പേരിൽ അറിയപ്പെടുന്ന ഒരു ചെറിയ തുരുത്തും ഇടയാർ എന്ന പേരിലുള്ള ഒരു വലിയ തുരുത്തും പനത്തുറ എന്ന തുരുത്തും കരമന യാറിന്റെ തീരത്ത് സ്ഥിതിചെയ്യുന്നു. ഇടയാ റിൽ. ജലസംഭരണശേഷി കൂടുതലുള്ള എക്കൽ അനുപാതംകൂടിയ മണ്ണാണ് ചിലസ്ഥലങ്ങളിൽ ചതുപ്പുകൾ ഉണ്ട് ഇവിടത്തെ പ്രധാന കൃഷി തെങ്ങാണ്

4. സസ്യാവരണം

ഭൂമേഖലയിൽ ഏറ്റവും കൂടുതൽ സസ്യാവരണം ഉള്ള പ്രദേശമാണിത് തരിശ് ഭൂമി നന്നേകുറവാണ്. ഏറ്റവും കൂടുതൽ തെങ്ങ്, വാഴ, പച്ചക്കറികൾ എന്നിവകൃഷിചെയ്യുന്നു. മരച്ചീനി കൃഷികുറവാണ്. കവുങ്ങ്, പ്ളാവ് തുടങ്ങിയ വൃക്ഷങ്ങളും ധാരാളമുണ്ട്.

5. കാലാവസ്ഥ

നമ്മുടെ പഞ്ചായത്ത് റെഡ് ലോം (Red Loam) എന്ന കാർഷിക കാലാവസ്ഥയിൽ ഉൾപ്പെട്ടതാണ്. ഈ പ്രദേശത്തെ ദിനാന്തരീ ക്ഷസ്ഥിതി മാക്സിമം 33.1°Cഉം മിനിമം 22.4°C ആണ്. (ഇത് 95 ജനുവരിമുതൽ 96 ജനുവരി വരെ ഉള്ള കണക്കാണ്) ഈർപ്പനില ശരാശരി യെക്കാളും മുകളിൽ ആണ്. ജൂൺ, ജൂലൈ മാസത്തിൽ ആണ് മഴ ധാരാളം ലഭിക്കുന്നത്. തെക്കുപടിഞ്ഞാറൻ മൺസൂൺ വഴി 808 മില്ലി മീറ്റർ മഴ ലഭിച്ചിട്ടുണ്ട്. ഡിസംബർ, ജനുവരി മാസങ്ങൾ പഞ്ചായത്തിൽ പൊതുവേ തണു പ്പുകാലമാണ്. മാർച്ച്, ഏപ്രിൽ മാസങ്ങൾ വേനൽക്കാലമാണ്. കഴിഞ്ഞ മൂന്നുവർഷത്തെ കണക്ക് പരിശോധിച്ചാൽ ഇടവപ്പാതിയിലാണ് കൂടുതൽ മഴ ലഭിച്ചതെന്ന് കാണാം. ജൂൺ, ജൂലൈ മാസത്തിൽ നമ്മുടെ കടലോരപ്രദേശ ങ്ങൾ വളരെ പ്രക്ഷുബ്ദമായിരിക്കും. മത്സ്യ ബന്ധനം വളരെ ദുഷ്കരമാക്കുന്ന കാലാവ സ്ഥയാണിത്. എന്നാൽ വർഷകാലം തീരുന്ന തോടുകൂടി ഇതിന് ശാന്തത കൈവരുന്നു. ഇടമഴയും ലഭിക്കാറുണ്ട് (നവംബർ, മാർച്ച് എന്നീ മാസങ്ങളിൽ)

6. ജലലഭ്യത

നമ്മുടെ കാലവസ്ഥ നിരക്കുകൾ വച്ചു നോക്കുമ്പോൾ മഴയിൽനിന്നുലഭിക്കുന്ന ജലത്തിന്റെ അളവ് 19.43 മില്ലീമീറ്റർ ആണ്. നമ്മുടെ ജലസ്രോതസ് പ്രധാനമായും കരമന യാറാണ് ഉദ്ദേശം 6 കിലോമീറ്റർ നീളം നമ്മുടെ പഞ്ചായത്തിലൂടെയാണ് ഒഴുകുന്നത്. മലിനി കരണ ഭീഷണി നേരിടുന്ന കരമനയാറിനെ കൂടുതൽ മലനീകരിക്കുന്നത് തൊണ്ടഴുക്കുന്ന തിന് വേണ്ടി നമ്മുടെ പഞ്ചായത്ത് അതിർത്തി യിലുള്ള ചില പ്രദേശങ്ങളെങ്കിലും ഉപയോഗി ക്കുന്നതുകൊണ്ടാണ്.

കുളങ്ങൾ നാലെണ്ണമാണ് ഇവ യിൽനിന്നും ലഭിക്കുന്ന ജലസമ്പത്ത് നമ്മുടെ ആവശ്യത്തിന് തുലോം കുറവാണ്. ലഭ്യമായ കണക്ക് വെച്ച്നോക്കുമ്പോൾ ഒരു കുടുംബ ത്തിന്റെ ശരാശരി ജലവിനിയോഗം ഒരു ദിവസം 1400 ലിറ്ററാണ്. അതായതു ഓരോ മനുഷ്യനും അവന്റേയും മറ്റു ജീവജാലങ്ങളുടേയും ആവശ്യത്തിനുള്ള പ്രതിദിന ശുദ്ധജലലഭ്യത 4500 ലിറ്റർ ആണ്. ജലസമ്പന്നമായ നമ്മുടെ ഗ്രാമത്തിൽ വരൾച്ചയും കുടിവെള്ളക്ഷാമവും ഒരു പ്രശ്നമായി മാറിക്കഴിഞ്ഞു. പലകാരണ ങ്ങൾകൊണ്ടും (വനനശീകരണം, ജനസംഖ്യ വർദ്ധന, മണൽഖനനം എന്നിങ്ങനെ) പരമ്പ രാഗത ജലസ്രോതസ്സുകളുടെ ജലശേഷി ഗണ്യ മായി കുറഞ്ഞു. ജലസ്രോതസ്സുകളുടെ പ്രശ്ന ങ്ങൾ കണ്ടെത്തി അവ പരിഹരിക്കുന്നതിനുള്ള പ്രാദേശിക നിർദ്ദേശങ്ങൾ ഈ റിപ്പോർട്ടിൽ ഉൾകൊള്ളിച്ചിട്ടുണ്ട്. ജലത്തിന്റെ ഗുണനില വാരം പരിശോധിക്കപ്പെടണം. ജലവിതരണം കൂട്ടുന്നതിന് സ്രോതസ്സുകളുടെ ശേഷിയെ ക്കാൾ കൂടുതൽ ജലം പമ്പ് ചെയ്ത് സ്രോത സ്സുകളെ നശോന്മുഖമാക്കിയതായി നമുക്ക് അനുഭവപ്പെട്ടിട്ടുണ്ട്. വികലമായ ജലആസൂത്ര ണത്തിന്റെ ഫലമാണിതെന്ന് നിസ്സംശയം പറയാം.

7. ഭൂഗർഭജലം

ഒരു പ്രദേശത്തിന്റെ ഭൂഗർഭജല ശേഷി അവിടത്തെ ഭൂഗർഭഘടന,ഭൂപ്രകൃതി കാലാവസ്ഥ എന്നീ ഘടകങ്ങളെ ആശ്രയി ച്ചാണ് നിലനിൽക്കുന്നത്. തിരുവല്ലം പഞ്ചാ യത്ത് മദ്ധ്യമേഖല വിഭാഗത്തിൽപ്പെട്ട കുന്നും ചരിവുകളും, താഴ്വാരങ്ങളും ചേർന്ന ഒരു ഭൂപ്രദേശമാണ്. ഭൂജലം ഇവിടെ രണ്ടുതര ത്തിൽ സംഭരിക്കപ്പെട്ടിരിക്കുന്നു.

1. ആഴം കുറഞ്ഞ വാട്ടർ ടേബിൾ കണ്ടീഷൻ
2. ആഴം കൂടിയ കൺഫൈൻഡ്/സെമി കൺഫൈൻഡ് സ്ഥിതിയിലും.

ഇതിൽ ആദ്യത്തെ വിഭാഗത്തിൽപ്പെട്ട ജലവിതാനം സാധാരണ തുറസ്സായ കിണറുകൾ വഴിയും രണ്ടാമത്തെ വിഭാഗത്തിൽപ്പെട്ടവ ബോർവെൽവഴിയും ചൂഷണം ചെയ്യാൻ കഴിയും. സാധാരണ കിണറുകളുടെ ജലവിതാനം ശരാശരി 20 മീറ്ററോളം താഴ്ചയിലാണ് കാണുന്നത്. ഇത്തരം കിണറുകൾക്ക് ഗാർഹിക ആവശ്യങ്ങൾക്കുള്ള അളവിൽ മാത്രമേ ജലം ലഭിക്കുകയുള്ളൂ. എന്നാൽ ഉചിതമായ സാങ്കേതിക പഠനങ്ങളുടെ അടിസ്ഥാനത്തിൽ തെരെഞ്ഞെടുത്ത സ്ഥലങ്ങളിൽ നിർമ്മിക്കുന്ന കുഴൽ കിണറുകളിൽ നിന്ന് ജലസേചനത്തിനും പൊതു ജലവിതരണത്തിനും ആവശ്യമായ വെള്ളം ലഭ്യമാകും തീരപ്രദേശങ്ങളിൽ ഫിൽട്ടർ പോയിന്റ് കിണറുകൾ വഴിയും ഭൂജല വികസനം സാധിക്കും.

ഇവിടുത്തെ ഭൂജലം പൊതുവേ മെച്ചപ്പെട്ട ഗുണനിലവാരം പുലർത്തുന്നതാണ് എന്നാൽ തീരപ്രദേശവുമായി ചേർന്നുകിടക്കുന്ന സ്ഥലങ്ങലിൽ ചിലയിടങ്ങളിൽ കിണറുവെള്ളത്തിൽ ഉപ്പുകലർന്നതായി കാണുന്നുണ്ട്. അതുപോലെ കായലുമായി ചേർന്നുകിടക്കുന്ന സ്ഥലങ്ങളിൽ ചില കിണറുകളിൽ ഇരുമ്പിന്റെ അംശം കൂടുതലായും ഉണ്ടാകുന്നുണ്ട്. മറ്റു സ്ഥലങ്ങളിലെ ജലം ഗുണനിലവാരം പുലർത്തുന്നവയാണ്.

ഇവിടെത്തെ വർഷപാതം, ഭൂഘടന എന്നിവയുടെ അടിസ്ഥാനത്തിൽ ഭൂജല ശേഷി തിട്ടപ്പെടുത്തിയിട്ടുണ്ട് അവ ഇപ്രകാരമാണ്.

1. മൊത്തം വാർഷിക
ഭൂജല സംപോഷണം : 2.603 ദ:ലക്ഷംഘന മീറ്റർ
2.കാർഷിക ആവശ്യങ്ങൾക്ക്
എടുക്കാവുന്ന ഭൂജലം : 1.83 ദ:ലക്ഷം ഘന മീറ്റർ
3. ചൂഷണം ചെയ്ത
മൊത്തം അളവ് : 0.100 ദ:ലക്ഷം ഘന.മീറ്റർ
4.വികസന സാദ്ധ്യമായ മിച്ചം ഭൂജലം : 1.23 ദ:ലക്ഷം ഘന.മീറ്റർ

8. മണ്ണ്

തിരുവല്ലം പഞ്ചായത്തിന്റെ മണ്ണിനങ്ങൾ വൈവിദ്ധ്യമാർന്നതും പഠന വിഷയമാക്കേണ്ടതുമാണ് തിരുവല്ലം, പാച്ചല്ലൂർ, കോളിയൂർഭാഗങ്ങളിൽ ജൈവാംശം കൂടുതലുള്ളതും. ഫലപുഷ്ടിയേറിയതും നീർവാർച്ചയുള്ളതുമായ പശിമരാശി മണ്ണാണ് ഈ മണ്ണിൽ ഒട്ടു മിക്കവിളകളും സമൃദ്ധമായി വളർന്നു വരുന്നു. പുഞ്ചക്കരി പ്രദേശത്തിന്റെ ചില ഭാഗങ്ങളിലും വാഴമുട്ടം നെല്ലിയോട് എന്നിവിടങ്ങളിലും തവിട്ടുകലർന്ന ചുവപ്പ് നിറത്തിലുള്ള ചെങ്കൽ മണ്ണ് അഥവാ വെട്ടുകൽ മണ്ണ് കാണപ്പെടുന്നു. ജൈവാംശം താരതമ്യേന കുറഞ്ഞ ഈ മണ്ണിൽ തെങ്ങ് വാഴ, മരച്ചീനി. തുടങ്ങിയ വിളകൾ കൃഷിചെയ്യാവുന്നതാണ് പുഞ്ചക്കരി നിലങ്ങളിൽ ചെളിയുടെ അംശം കൂടുതൽ ഉള്ളതും നെൽകൃഷിക്ക് അനുയോജ്യവുമായ മണ്ണുമാണ് കാണപ്പെടുന്നത്. ജല സംഭരണ ശേഷി കുറവുള്ള മണൽ കലർന്ന മണ്ണാണ് പനത്തുറഭാഗത്ത് അധികമായി കണ്ടുവരുന്നത്. ഫല പുഷ്ടികുറഞ്ഞ ഈ മണ്ണ്. തെങ്ങുകൃഷിയ്ക്ക് യോജിച്ചതാണ് കട്ടികൂടിയ ഇനം ചെങ്കൽ മണ്ണ്കുന്നുംപാറ പ്രദേശത്ത് ധാരാളം കണ്ടുവരുന്നു ഈ മണ്ണിന് ജല സംഭരണശേഷി വളരെകുറവാണ് എക്കൽ അനുപാതം താരമ്യേന കൂടുതലുള്ളജലസംഭരണശേഷിയുള്ള മണൽകലർന്ന മണ്ണ് ഇടയാർ ഭാഗങ്ങളിൽ ഉണ്ട് തെങ്ങ്, കമുക് എന്നീഫല വൃഷങ്ങൾ ഇവിടെ സമൃദ്ധിയായി വളരുന്നു.

ഭൂവിനിയോഗം

ഭൂവിനിയോഗത്തെ സംബന്ധിച്ച് ആധികാരിക പ്രമാണങ്ങൾ പഞ്ചായത്തിന് ലഭ്യമല്ല എങ്കിലും ലഭിച്ച അറിവും രേഖകളും വെച്ച് നോക്കുമ്പോൾ പഞ്ചായത്തിന്റെ ഭൂവിനിയോഗം ഏറെക്കുറെ മനസ്സിലാക്കാവുന്നതാണ്. 1995ൽ കണക്കാക്കിയ ജനസംഖ്യയനുസരിച്ച് ജനസാന്ദ്രത ഒരു ചതുരശ്ര കിലോ മീറ്ററിൽ 790 ആണ് പ്രതിശീർഷ ഭൂമിയുടെ ലഭ്യത 0.13 ഹെക്ടർ (വന പ്രദേശമുൾപ്പെടെ) ആണ്. മണ്ണിന്റെ മൂല്യശോഷണം ഭൂമിക്ക് അനുയോജ്യമല്ലാത്ത അശാസ്ത്രീയമായ കൃഷി രീതികൾ, അടിക്കടി ഉള്ള വരൾച്ച, വെള്ളപ്പൊക്കം തുടങ്ങിയവ ഭൂവിനിയോഗവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ആണ്. പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണം 12.44ച:കിമീറ്ററാണ് അതിൽ 6.42 ച:കിലോമീറ്റർ മാത്രമാണ് കൃഷിയിടമായി

പഞ്ചായത്തിൽ ലഭിക്കുന്നത് ബാക്കി 6.02 ച:കിലോമീറ്റർ കാർഷികേതരഭൂമിയാണ് 0.5% മാത്രമാണ് മൈതാനസ്വഭാവമുള്ള പ്രദേശം. തെങ്ങുകൃഷി നെൽകൃഷി, പച്ചക്കറി, വാഴ, മരച്ചീനി, കശുമാവ്, റബ്ബർ, വെറ്റില, കുറ്റിമുല്ല, ഓർക്കിഡ് എന്നിവയാണ് പ്രധാനകൃഷികൾ. കൃഷിഭൂമിയുടെ 5% മാത്രമേ ഇരുപ്പുകൃഷി യുള്ളൂ. ഭൂവിനിയോഗത്തിൽ കാതലായമാറ്റം പഞ്ചായത്തിൽ ഉണ്ടായിട്ടുണ്ട്. ദശാബ്ദ ങ്ങൾക്കുമുമ്പ് പഞ്ചായത്ത് പ്രദേശത്തിന്റെ 50%ഉം മരച്ചീനി കൃഷിയായിരുന്നു. ഇന്ന് നില വിലുള്ള ചിത്രാഞ്ജലി സ്റ്റുഡിയോ കോംപ്ലക്സ് ഒരു കാലത്ത് മരച്ചീനി കൃഷിക്ക് പേരുകേട്ട സ്ഥലമായിരുന്നു. ഇന്ന് അവിടെയും റബ്ബർ മരങ്ങൾ വച്ച്പിടിപ്പിച്ചിരിക്കുന്നു. ഈ മാറ്റം പഞ്ചായത്തിൽ ഉടനീളം കാണാവുന്നതാണ്. ഇടവിളക്ക് പോലും സ്ഥലം ലഭിക്കാതെ വൃക്ഷ ങ്ങൾ (ഫലവൃക്ഷങ്ങൾ കുറവ്) വെച്ചുപിടിപ്പി ച്ചിട്ടുണ്ട്. വൃക്ഷങ്ങൾ കൂടിയെങ്കിലും കാർഷിക ആദായം ലാഭിക്കുന്നുണ്ടോ എന്ന് സംശയി ക്കേണ്ടിയിരിക്കുന്നു.

9. ജൈവസമ്പത്ത്

പഞ്ചായത്തിന്റെ സസ്യമൃഗസമ്പ ത്തിന്റെ വിശദവിവരങ്ങളാണ് ജൈവസമ്പത്ത് എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കേരളത്തിലെ സാമ്പത്തിക വളർച്ചയിൽ പ്രധാ നപങ്ക് വഹിക്കുന്ന ഒരു മേഖലയാണിത്. പഞ്ചാ യത്തിൽ ഉള്ള പ്രധാന വളർത്തു മൃഗങ്ങൾ പശു, ആട്, എരുമ.....എന്നിവയാണ്.

നമ്മുടെ പഞ്ചായത്തിൽ പട്ടി, പൂച്ച, കോഴി എന്നീ മൃഗങ്ങൾ ധാരാളമായുണ്ട്. കോഴി വളർത്തൽ ഒരു തൊഴിലായി കൈകാര്യം ചെയ്യുന്ന കുടുംബങ്ങൾ നിരവധി ഈ പഞ്ചാ യത്തിലുണ്ട്.


പുഞ്ചക്കരിയുടെ കിഴക്കേ അറ്റത്ത് ചില പ്രത്യേക കാലാവസ്ഥയിൽ മറുനാ ട്ടിൽനിന്നും ചിലയിനം ദേശാടനപക്ഷികൾ വന്നെത്താറുണ്ട്. ഈ ദേശാടന പക്ഷികൾ കൊയ്ത്തുകാലം കഴിയുന്നതോടുകൂടി അപ്ര ത്യക്ഷമാകുന്നു. തിരുവല്ലം പരശുരാമസ്വാമി ക്ഷേത്രപരിസരത്ത് കാക്കകളും പ്രാവുകളും ധാരാളമായി കാണപ്പെടുന്നു. ഒരു ബയോഡൈ വേഴ്സിറ്റി രജിസ്റ്റർ ഉണ്ടാകേണ്ടതിന്റെ ആവശ്യകത ഇത്തരണത്തിൽ എടുത്ത് പറയേ ണ്ടതാണ്.

ഉദ്യാനകൃഷിയിൽ വളരെ പ്രാധാന്യ മുള്ള ഓർക്കിഡ് വൻതോതിൽ കൃഷിചെയ്യുന്ന കൃഷിസ്ഥലം നമ്മുടെ പഞ്ചായത്തിലുണ്ട്. അത്യപൂർവ്വമായ സസ്യങ്ങൾ ഒന്നുംതന്നെ ഈ മേഖലയിൽ ഇല്ല. വിശേഷിച്ച് ഒറ്റക്കുരുവുള്ള ഒതളങ്ങ ഇവിടെകാണാം.

11. മനുഷ്യവിഭവം

നാടിന്റെ ഏറ്റവും വലിയവിഭവമാണ് മനുഷ്യസമ്പത്ത്. പഞ്ചായത്തിലെ ആകെ ജന സംഖ്യ 38912 ആണ്. ഇതിൽ 18595 പുരുഷ ന്മാരും ബാക്കി സ്ത്രീകളുമാണ്. (20317) കൂട്ടി കളുടെയും വൃദ്ധന്മാരുടെയും എണ്ണം കൂടുത ലാണ്. ജനസംഖ്യ വർദ്ധനവിന്റെ തോത് സം സ്ഥാനത്തിന്റെയും ജില്ലയുടേയും ശരാശരി യെക്കാൾ കൂടുതലാണ്. ഇതിന് ഒരു പ്രധാന കാരണം കൂടിയേറ്റമാണ്. നഗരത്തിന്റെ തൊട്ട ടുത്തുകിടക്കുന്ന ഗ്രാമം എന്നുള്ള നിലയ്ക്ക് പട്ടണത്തിന്റെ സൗകര്യങ്ങൾ ലഭ്യമാവുകയും എന്നാൽ ഗ്രാമീണത കൈവിടാതെയുമുള്ള ഈ പ്രദേശത്തിന്റെ പ്രത്യേകത തന്നെ ഇതിനൊരു ദാഹരണമാണ്. കുന്നിൻ പ്രദേശങ്ങൾ നിരപ്പാ ക്കിയും വയലുകൾ നികത്തിയും മനുഷ്യൻ അവന്റെ ആവാസത്തിന് രൂപം നൽകുന്നു. സാക്ഷരത സംസ്ഥാനനിലവാരത്തിൽ താഴെ യാണ്, സർക്കാരുദ്യോഗം ഉള്ളവർ കേവലം 5% മാത്രമേയുള്ളൂ. മൂന്നു മുതൽ അഞ്ച് വയസ്സു വരെ പ്രായമുള്ള കുട്ടികൾ 1105 എണ്ണം ആണ്. പത്താംതരംവരെ പഠിച്ചിട്ടുള്ളവർ ഏകദേശം 44.5% ത്തോളം വരും. 34% ത്തോളം വരുന്നവർ S.S.L.C. യ്ക്ക് താഴെയാണ്. 2% പേർ ബിരുദധാ രികളാണ്. കൂലിപ്പണിക്കാരാണ് ഭൂരിപക്ഷവും. രൂക്ഷമായ തൊഴിലില്ലായ്മ പഞ്ചായത്തിൽ അനുഭവപ്പെടുന്നുണ്ട്. മാനവശേഷി വികസി പ്പിച്ച് എടുത്താൽ മാത്രമേ ആസൂത്രണം സഫ ലമാകുകയുള്ളൂ. അതിനുള്ള ഫലപ്രദമായ ചർച്ച ആവശ്യമാണ്.

❋ ❋ ❋ ❋ ❋ ❋ ❋ ❋ ❋



5-1

കൃഷിയും ജലസേചനവും

നമ്മുടെ സമ്പദ്‌വ്യവസ്ഥയുടെ അടിസ്ഥാനഘടകങ്ങളാണ് കാർഷികമേഖല. ഒരു സമ്പദ്ഘടനക്കും കൃഷിയില്ലാതെ നിലനില്പില്ല എന്നതും അംഗീകരിക്കപ്പെട്ട ഒരു വസ്തുതയാണ്. വളരെയധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സമ്പദ്‌വ്യവസ്ഥയെ സുസ്ഥിരമാക്കാനും കാർഷികമേഖലയുടെ വികാസം സഹായിക്കും. നമ്മുടെ ജനസംഖ്യാ വർദ്ധനവ്, ഈ തരത്തിലുള്ള ഒരു വികാസം ഒഴിച്ചുകൂടാനാവത്തതാക്കിയിരിക്കുന്നു. പക്ഷെ നമ്മുടെ സംസ്ഥാനത്ത് കാർഷികമേഖല ഇന്ന് തകർച്ചയുടെ വക്കിലാണ്. ഈ അവസ്ഥ തന്നെയാണ് നമ്മുടെ പഞ്ചായത്തിലും നിലവിലുള്ളത്.

നെല്ല്, തെങ്ങ്, മരച്ചീനി, പച്ചക്കറികൾ തുടങ്ങിയവ വളരെ വ്യപകമായി കൃഷിചെയ്തിരുന്ന ഒരു പ്രദേശമാണ് നമ്മുടേത്. എന്നാൽ ഇന്ന് കൃഷി നാമമാത്രമായിരിക്കുന്നു. നമ്മുടെ പാടങ്ങൾ പകുതിയിലധികവും നികത്തപ്പെട്ടിരിക്കുന്നു. ഇവയെല്ലാം വീടുവയ്ക്കുന്നതിനോ തെങ്ങുകൃഷിക്കോ ആണ് ഉപയോഗപ്പെടുത്തിയിരിക്കുന്നത്. ബാക്കിയുള്ള പാടങ്ങളിൽപോലും ഇന്ന് നെൽകൃഷിക്ക് പകരം മത്സ്യകൃഷിയോ, പച്ചക്കറികൃഷിയോ ആണ് നടത്തുന്നത്. വ്യപകമായ മരച്ചീനി കൃഷി ചെയ്തിരുന്ന കുന്നിൻ പ്രദേശങ്ങളുടെ വലിയൊരു ഭാഗം ചിത്രാഞ്ജലിസ്റ്റുഡിയോക്ക് വേണ്ടി ഉപയോഗപ്പെടുത്തിയിരിക്കുന്നു. ബാക്കിയുള്ളവ മണ്ണെടുത്തും മറ്റും ഉപയോഗശൂന്യമായിരിക്കുന്നു. സ്ഥിതി വിവരക്കണക്കുകളനുസരിച്ച് ആകെയുള്ള 13.60 സ്കയർ കീ.മീ. പ്രദേശത്തിൽ 1360 ഹെക്ടർ സ്ഥലത്തുമാത്രമാണ് എന്തെങ്കിലും തരത്തിലുള്ള കൃഷിവിളകളുള്ളത്. താഴെചേർക്കുന്ന പട്ടിക പഞ്ചായത്തിലെ കൃഷിയുടെ സ്ഥിതിവിവരകണക്ക് കാണിക്കുന്നു.

വിളവിസ്തീർണ്ണവും ഉല്പാദനവും (Reg. അടിസ്ഥാനവിവര രജിസ്റ്റർ)

വിള	വിസ്ത്രീർണ്ണം	മൊത്തം ഉല്പാദനം
നെല്ല് (ഒന്നാം വിള)	15 ഏക്കർ	21000 കി.ഗ്രാം
നെല്ല് (2-ാം വിള)	25 ഏക്കർ	31000 കി.ഗ്രാം
നെല്ല് (3-ാാം വിള)	25 ഏക്കർ	28000 കി.ഗ്രാം
പച്ചക്കറികൾ	20 ഹെക്ടർ	6000 കി. ഗ്രാം
തെങ്ങ്	1150 ഹെക്ടർ	488 ദശലക്ഷം നാളികേരം
വാഴ	82 ഹെക്ടർ	582 മെട്രിക്ടൺ
മരച്ചീനി	100 ഹെക്ടർ	1500 മെട്രിക് ടൺ
കുരുമുളക്	18 ഹെക്ടർ	2520 കി.ഗ്രാം
കവുങ്ങ്	8 ഹെക്ടർ	1120 മെട്രിക് ടൺ
കശുമാവ്	2 ഹെക്ടർ	1260 കി. ഗ്രാം

മേൽക്കാണിച്ച ഓരോവിളകളുടെയും വിസ്തൃതി വർഷാവർഷം കുറഞ്ഞുകൊണ്ടിരിക്കുന്ന അവസ്ഥയാണ് ഇന്ന് പഞ്ചായത്തിലുള്ളത്. ഇതിനുള്ള കാരണങ്ങൾ കൂടി നമ്മൾ വിശകലനം ചെയ്ത് നോക്കേണ്ടിയിരിക്കുന്നു.

കൃഷിക്കാരൻ കൃഷി അവസാനിപ്പിക്കണമെങ്കിൽ അതിനുള്ള കാരണം കൃഷിമൂലമുണ്ടാകുന്ന നഷ്ടം തന്നെയായിരിക്കും അല്ലെങ്കിൽ അതിനേക്കാൽ മെച്ചപ്പെട്ട വരുമാന മാർഗ്ഗങ്ങൾ ലഭ്യമാക്കണം. ഇന്നത്തെ തലമുറ കൃഷിയോട് കാണിക്കുന്ന തെറ്റായ സമീപനവും ഇതിന് കാരണമാണ്.

കൃഷിക്കാരനുണ്ടാകുന്ന നഷ്ടത്തിന് പ്രധാന കാരണങ്ങൾ തൊഴിൽക്കൂലിയിലുണ്ടായ വർദ്ധനവും വിത്ത് വളം തുടങ്ങിയവയുടെ വിലയിലുണ്ടായ അമിതമായ വർദ്ധനവുമാണ്. വിപണന സൗകര്യത്തിലുള്ള കുറവും കാർഷികോല്പന്നങ്ങളുടെ സംസ്കരണത്തിനുള്ള സംവിധാനങ്ങളുടെ അപര്യാപ്തതയും ഇതിന് കാരണമാകുന്നു. മറ്റൊരു വളരെ പ്രധാനപ്പെട്ട പ്രശ്നമാണ് ഉല്പാദനക്ഷമതയിലുള്ളകുറവ് താഴെകൊടുത്തിരിക്കുന്ന പട്ടിക നിരീക്ഷിച്ചാൽ മനസ്സിലാക്കാം

ത്തൽ അതുകൊണ്ടുതന്നെ ഉയർന്ന പ്രദേശങ്ങളിൽ ശുദ്ധജലദൗർലഭ്യത്തിന് കാരണമായിരിക്കുകയാണ്.

നമ്മുടെ പഞ്ചായത്തിന്റെ ഒരുഭാഗം ജലാധിക്യവും മറുഭാഗം ജലക്ഷാമം കൊണ്ടും പൊറുതിമുട്ടുകയാണ്. വെള്ളായണിക്കായലുമായി ബന്ധപ്പെട്ടാണ് നമ്മുടെ നിലവിലുള്ള നെൽപ്പാടങ്ങളധികവും സ്ഥിതി ചെയ്യുന്നത്. നിലവിലുള്ള ജലാധിക്യം ഭൂമിതരിശിടാനും, മറ്റുകൃഷികളിലേക്ക് തിരിയാനും നിലം നികത്താനും നിർബന്ധിതമാക്കുന്നു.

മറ്റു പ്രദേശങ്ങളിലെ പ്രധാനപ്പെട്ട പ്രശ്നം ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തതയാണ്. ജലസേചന സൗകര്യങ്ങൾ ഇല്ല എന്നുതന്നെ പറയാം. സ്ഥിതി വിവരക്കണക്കുകളനുസരിച്ച് പഞ്ചായത്തിൽ ജലസേചനത്തിനായി ആകെയുള്ളത് രണ്ട് കുളങ്ങളും ഒരു പൊതുജലസേചനകിണറുമാണ്. വെള്ളായണികായലിന്റെ സാമീപ്യം കൊണ്ടും, കരമനയറിന്റെ സാന്നിദ്ധ്യംകൊണ്ടും ഏറ്റവും നല്ലരീതിയിൽ ജലസേചന സൗകര്യങ്ങൾ ഒരുക്കാൻ കഴിയുന്ന ഒരു പ്രദേശമാണ് നമ്മുടേത്. എന്നാൽ അതിനുള്ള ശ്രമങ്ങൾ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു.

കാർഷികോത്പാദനക്ഷമത

(Reg. അടിസ്ഥാനവിവര രജിസ്റ്റർ, ലാന്റ് റിസോഴ്സസ് ഓഫ് കേരള)

വിള	ഉല്പാദനക്ഷമത	സംസ്ഥാനശരാശരി
തെങ്ങ്	4250 നാളികേരം/ഹെക്ടർ	5843 നാളികേരം/ഹെക്ടർ
വാഴ	7100 കി.ഗ്രാം /ഹെക്ടർ	7653 കി.ഗ്രാം/ഹെക്ടർ
മരച്ചീനി	1600 കി.ഗ്രാം/ഹെക്ടർ	19470 കി.ഗ്രാം/ഹെക്ടർ
കുരുമുളക്	140 കി.ഗ്രാം/ഹെക്ടർ	271 കി.ഗ്രാം/ഹെക്ടർ
കവുങ്ങ്	188456 / ഹെക്ടർ	213409 കി.ഗ്രാം/ഹെക്ടർ
കശുമാവ്	630 കി.ഗ്രാം / ഹെക്ടർ	877 കി.ഗ്രാം/ഹെക്ടർ

നമ്മുടെ പഞ്ചായത്തിൽ നെൽകൃഷി ഇന്ന് ഏതാണ്ട് നശിച്ചിരിക്കുകയാണ്. താൽക്കാലിക ലാഭത്തിനായി കൃഷിക്കാരൻ വയൽനികത്തി വൻപിച്ച വിലക്ക് വിൽക്കുന്നു. ഇവ വീടുവയ്ക്കുന്നതിനോ തെങ്ങുകൃഷിക്കോ ആണ് ഉപയോഗപ്പെടുത്തുന്നത്. നെൽകൃഷിക്ക് സ്ഥലങ്ങൾ എന്നതിനു പുറമേ പാരിസ്ഥിതികമായി വളരെ പ്രാധാന്യമുള്ളവയാണ് പാടങ്ങൾ. ഒരു പ്രദേശത്തെ സ്വാഭാവിക ജലസംഭരണ കേന്ദ്രങ്ങളായി ഇവ പ്രവർത്തിക്കുന്നു. വയൽനികത്തൽ മൂലം ഈ പ്രദേശങ്ങളിൽ ഭൂഗർഭജലനിരപ്പ് താഴുന്നതിനും കിണറുകൾ വറ്റുന്നതിനും കാരണമാകുന്നു.

മേൽവിവരിച്ച സ്ഥിതി വിവരക്കണക്കുകളിൽ നിന്ന് പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ടകാർഷികവിള നാളികേരം തന്നെ ഇതിനെ ആശ്രയിച്ചാണ് പഞ്ചായത്തിലെഏറ്റവും പ്രധാനപ്പെട്ട വ്യവസായങ്ങളായ കയർവ്യവസായവും കൊപ്ര വ്യവസായവും നിലനിൽക്കുന്നത്. പക്ഷെ തെങ്ങിന്റെ ഉല്പാദനക്ഷമത സംസ്ഥാന ശരാശരിയെക്കാൾ വളരെ താഴെയാണ്.

ഇതിനുള്ള പ്രധാന കാരണങ്ങൾ രോഗ ബാധയും കീടങ്ങളുടെ ശല്യവും ജലസേചനസൗ കര്യങ്ങളുടെ അപര്യാപ്തതയും ആണ്. പഞ്ചായ ത്തിലെ തെങ്ങ് കൃഷിയുടെ അൻപത് ശതമാനവും രോഗങ്ങളും കീടശല്യവും കാരണം ഉല്പാദനക്ഷ മത നശിച്ചവയാണ്. ഉയർന്ന പ്രദേശങ്ങളിലെ തെങ്ങു കൃഷി മഴയെമാത്രം ആശ്രയിച്ചാണ് നടക്കുന്നത്. ജലസേചനത്തിനുള്ള യാതൊരു സൗകര്യവുമില്ല. പഞ്ചായത്തിൽ അനിയന്ത്രിതമായ മണ്ണ് ഘനനം മണ്ണൊലിപ്പിനും, അമൂല്യമായ ജലം വാർന്നുപോ കുന്നതിനും തെങ്ങിന്റെയും മറ്റു കൃഷിവിളകളു ടെയും നാശത്തിനും കാരണമായിരിക്കുന്നു.

തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

വാർഡ്	തെങ്ങ് എണ്ണം				രോഗം ബാധിച്ച തെങ്ങ്				
നമ്പർ	തെങ്ങ് കൃഷി വിസ്തീർണ്ണം	കായ്ക്കാത്തത്	കായ്ക്കുന്നത്	ആകെ	ലീഫ് റോട്ട്	ബഡ്റോട്ട്	സ്റ്റെം ബ്ലീഡിംഗ്	പൂങ്കുലച്ചാഴി	ആകെ.
I	46.77	9616	16176	25792	2 Hec.	1 Hec.	0.5 Hec.	23 Hec.	26.5 Ha
II	67	7850	10694	18544	13 Hec.	1 Hec.	1 Hec.	42 Hec.	57 Hec.
III	116	15911	17776	33687	10 Hec.	0.5 Hec.	0.5 Hec.	52 Hec.	63 Hec.
IV	72	5269	45387	50656	3 Hec.	0.5 Hec.	0.25 Hec.	43 Hec.	43.75 Hec.
V	105.9	6865	30200	37065	13 Hec.	0.25 Hec.	0.25 Hec.	68 Hec.	81.5 Hec.
VI	77.3	13051	22794	35845	1 Hec.	0.5 Hec.	0.5 Hec.	42 Hec.	44 Hec.
VII	116.48	6880	33890	40770	0.5 Hec.	0.75 Hec.	0.5 Hec.	81 Hec.	82.75 Hec.
VIII	25	7464	4940	12404	1 Hec.	0.5 Hec.	0.5 Hec.	10 Hec.	12 Hec.
IX	153	10800	50508	61308	1 Hec.	0.5 Hec.	0.5 Hec.		
X	42.8	3380	17628	20978	0.75 Hec.	1 Hec.	0.25 Hec.	34 Hec.	36 Hec.
XI	116.69	12252	24769	37021	0.5 Hec.	0.5 Hec.	0.25 Hec.	84 Hec.	85.25 Hec.
XII	106.1	58.60	43438	49298	0.5 Hec.	1 Hec.	0.5 Hec.	78 Hec.	80 Hec.
XIII	104	6880	50621	57433	1 Hec.	1 Hec.	0.25 Hec.	82.25 Hec.	

നമ്മുടെ പഞ്ചായത്തിന്റെ കാലാവസ്ഥയും ഭൂമിശാസ്ത്രപരമായ സ്ഥിതിയും പച്ചക്കറികൃ ഷിക്ക് ഏറ്റവും യോജിച്ചതാണ്. എന്നാൽ നമ്മുടെ പഞ്ചായത്തിന്റെ ആവശ്യംപോലും നിറവേറ്റാൻ നമുക്ക് കഴിയുന്നില്ല. മേൽത്തരം വിത്തിന്റെ ലഭ്യത ക്കുറവ്, ജലസേചനസൗകര്യക്കുറവ്, കീടരോഗ ബാധ എന്നിവ കൃഷിയെ വളരെയേറെ പ്രതികൂല മായി ബാധിച്ചിരിക്കുന്നു. മെച്ചപ്പെട്ട സാഹചര്യങ്ങൾ ഒരുക്കുകവഴി കുറഞ്ഞ ചെലവിൽ കാര്യക്ഷമമായി തന്നെ നമ്മുടെ പഞ്ചായത്തിൽ പച്ചക്കറി കൃഷിചെ യ്യാവുന്നതാണ്. ജൈവവളത്തിന്റെയും, ജിവാണു വളത്തിന്റെയും ഉപയോഗവും നിർമ്മാണവും വ്യാപ കമാക്കുന്നതിന് ആവശ്യമായ വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്.

കാലാവസ്ഥ അനുയോജ്യമായതു കൊണ്ടും വിപണനസാദ്ധ്യതകളുള്ളതുകൊണ്ടും, വ്യാവസായികമായി ചെയ്യാവുന്ന ഒന്നാണ് ഓർക്കിഡ്, അന്തൂറിയം തുടങ്ങിയ ഉദ്യാനവിളക ളുടെ കൃഷി. ഇത് വളരെ ലാഭകരമായി ചെയ്യുന്ന കർഷകർ നമ്മുടെ പഞ്ചായത്തിൽ തന്നെയുണ്ട്. ഇവയുടെ കൃഷിയിലും ഇതുകൊണ്ടുണ്ടാക്കാവുന്ന അലങ്കാരവസ്തുക്കളുടെ നിർമ്മാണത്തിലും കർഷ കർക്ക് പരിശീലനം നല്കുന്നത് കർഷകരുടെ സാമ്പ ത്തിക ഉന്നമനത്തിന് സഹായകരമായിരിക്കും. വീട്ട മ്മമാർക്ക് ഒഴിവുസമയങ്ങളിൽ ചെയ്യാവുന്ന ഒരു തൊഴിലായും ഇത് വളർത്തിയെടുക്കാൻ സാധിക്കും.

കാർഷിക കോളേജിന്റെ സാമീപ്യം കൊണ്ടും ഏത് കൃഷിയിലും വേണ്ട സാങ്കേതിക വിദ്യലഭ്യമാക്കാൻ നമുക്ക് അധികം ബുദ്ധിമുട്ടേണ്ടി

വരില്ല. ഈ സാഹചര്യം മുതലാക്കുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാകുന്നല്ല എന്നുള്ളതാണ് ഖേദകരം.

നടപ്പുപദ്ധതികളുടെ അവലോകനം

1. ഗ്രൂപ്പ് ഫാമിംഗ് : കൂട്ടായ ശ്രമത്തിലൂടെ കൃഷി ഭൂമിയുടെ വിസ്തൃതിയും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുക, കൃഷിചെലവും കീടങ്ങളുടെ ഉപദ്രവവും പരമാവധി കുറയ്ക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് ഈ പദ്ധതിക്കുള്ളത്. ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ നേടിയെടുക്കന്നതിന് നമുക്ക് സാധിച്ചിട്ടില്ല്. ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ സഹകരണം ഈ കാര്യത്തിൽ ഉണ്ടായില്ല എന്നത് തന്നെയാണ് ഇതിന് കാരണം. ഈ പോരായ്മ പരിഹരിച്ചാൽ വളരെയധികം സാദ്ധ്യകളുള്ള ഒരു പദ്ധതിയാണിത്.

2. സമഗ്രനാളികേര വികസനപദ്ധതി : ഈ പദ്ധതി പ്രകാരം ജലസേചനസൗകര്യം വർദ്ധിപ്പിക്കുന്നതിനും കൂട്ടായ വളപ്രയോഗം, കീടനാശിനിപ്രയോഗം, ഇടവിള കൃഷി എന്നിവയ്ക്കാണ് ആനുകൂല്യങ്ങൾ നൽകിവരുന്നത്. പക്ഷേ ഈ ആനുകൂല്യം 30 സെന്റ് പുരയിടം സ്വന്തമായുള്ള കർഷകനുമാത്രമേ ലഭിക്കുന്നുള്ളൂ. ഈ പരിധി 10 സെന്റായി കുറക്കുകയാണെങ്കിൽ കൂടുതൽ കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. കൂടാതെ ജലസേചനത്തിനായി കിണറുകുഴിക്കുന്നതിന് പരമാവധി 2500രൂപയേ സബ്സിഡിയായി നല്കുന്നുള്ളൂ. ഇത് കുന്നിൻപ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം തീർത്തും അപരായപ്തമാണ്. ആയതിനാൽ മൊത്തം ചെലവിന്റെ 50% സബ്സിഡിയായി നൽകേണ്ടതാണ്.

3. പ്രത്യേകഘടകപദ്ധതി : ഈ പദ്ധതിപ്രകാരമുള്ള ആനുകൂല്യം കൃഷിചെയ്യാൻ സൗകര്യമുള്ള പട്ടികജാതി, പട്ടികവർഗ്ഗക്കാർക്ക് മുഴുവൻ ലഭ്യമാക്കാൻ ശ്രമിക്കേണ്ടതും നിലവിലുള്ള സൗകര്യം വർദ്ധിപ്പിക്കേണ്ടതുമാണ്.

4. വിള ഇൻഷൂറൻസ് പദ്ധതി : ഈ പദ്ധതിയുടെ ആനുകൂല്യം പ്രകൃതിക്ഷോഭം മൂലം കൃഷിനശിച്ച കൃഷിക്കാർക്ക് മാത്രമേ ലഭിക്കുന്നുള്ളൂ. കീടരോഗബാധകൊണ്ട് നാശം സംഭവിക്കുന്ന കൃഷിക്കുകൂടി ഇത് ബാധകമാക്കണം.

പ്രശ്നങ്ങൾ

പ്രധാനമായും കരകൃഷിയെ സംബന്ധിച്ചിടത്തോളം ജലസേചനസൗകര്യങ്ങൾ പരിമിതമാണ്. നെൽകൃഷിക്കാണെങ്കിൽ ഉള്ള പമ്പുസെറ്റുകൾപോലും ഫലപ്രദമായി പ്രവർത്തിക്കുന്നില്ല അതിനാൽ സമയത്ത് വെള്ളം പമ്പുചെയ്തു മാറ്റാൻ കഴിയാത്തതിനാൽ പലപ്പോഴും നെൽകൃഷി നഷ്ടത്തിലാകുന്നു. കൂടാതെ കൂട്ടുകൃഷി നടപ്പിലാക്കാത്തതിന്റെ പോരയ്മകൾ വേറെയും.

നെല്ലിയോട് പ്രദേശത്ത് മധുപാലം മുതൽ വെള്ളായണികായൽ വരെയുള്ള ബണ്ട് നിർമ്മാണത്തിന് വയലുകളിൽനിന്നും മണ്ണെടുക്കുന്നതിനാൽ പലനിലങ്ങളും കുഴിഞ്ഞുപോയി. അതിനാൽ പല നിലങ്ങളും തരിശായിക്കിടക്കുകയോ നികത്താൻ ശ്രമിക്കയോ ചെയ്യുന്നു. കൂടാതെ വിത്തിന്റെയും വളം, കീടനാശിനി എന്നിവയുടേയും ലഭ്യത സുഗമമല്ല.

തെങ്ങുകൃഷിയിൽ ശാസ്ത്രീയകൃഷിരീതികളെക്കുറിച്ചുള്ള അജ്ഞതയും കൃഷിരീതികളിൽ ഉണ്ടാകുന്ന പാകപ്പിഴകളും വിളയെ പ്രതികൂലമായി ബാധിക്കുന്നു. വളപ്രയോഗങ്ങളില്ലാത്തതും, പൂങ്കുലപൊഴി എന്ന കീടബാധകാരണവും, കൂമ്പ്ചീയൽ കാരണവും പലപ്പോഴും നഷ്ടമുണ്ടാകുന്നു. തെങ്ങുകൃഷിയിലും ജലസേചനത്തിന്റെ അഭാവം വലിയ നഷ്ടമുണ്ടാക്കുന്നു. മഴയെമാത്രം ആശ്രയിച്ചുള്ള പരമ്പരാഗത കൃഷിരീതികളാണ് ഈ പഞ്ചായത്തിലെ കുന്നിൽ പ്രദേശം മുഴുവനും. മഴക്കാലത്തുള്ള മണ്ണൊലിപ്പും വേനൽകാലത്തെ വരൾച്ചയും ഇത്തരം കൃഷിയെ പ്രതികൂലമായി ബാധിക്കുന്നു.

വേനൽക്കാലത്ത് ഈ പഞ്ചായത്തിലെ ഭൂരിഭാഗം വരുന്ന ഉയർന്ന പ്രദേശങ്ങളിലെ കിണറുകൾ മുഴുവൻ വറ്റിപ്പോകുന്നു. അതിനാൽ ആ കിണറുകളിൽനിന്നും ജലസേചനം നടത്താനും കഴിയാതെവരുന്നു. മണ്ണ് പരിശോധിച്ചശേഷം നടത്തേണ്ട വളപ്രയോഗം കാര്യക്ഷമമാക്കാത്തതിൽ വിളവുകളിൽ നിന്നുള്ള സാമ്പത്തിക ലാഭം പൊതുവേ കുറയുന്നു.

മണ്ണിന്റെ ജൈവാംശം നഷ്ടമാകുന്ന രീതിയിലുള്ള മണ്ണൊലിപ്പ് ഈ പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിലെ പ്രശ്നമാണ്. കൂടാതെ മണ്ണിടിച്ച് ചരിഞ്ഞ ഭൂമി നിരപ്പാക്കുന്നതും വിപണനം നടത്തുന്നതും ഇവിടെ പതിവായതിനാൽ പലപ്പോഴും കൃഷിയെ ഇത് പ്രതികൂലമായ ബാധിക്കുന്നു. കൂടാതെ പരിസ്ഥിതിയേയും. കവുങ്ങ് കൃഷി ശാസ്ത്രീയമായ രീതിയിലല്ല ഇവിടെ നടത്തുന്നത് നാടൻ ഇനങ്ങൾ മാത്രം കൃഷിചെയ്യുന്നു.

പച്ചക്കറികൃഷി വിപുലമാക്കാൻ ബോധവൽക്കരണത്തിന്റെ അഭാവമാണ് പ്രധാനപ്രശ്നം. വിത്തിന്റെ ലഭ്യത കുറവുണ്ട്. അടുക്കളത്തോട്ടങ്ങൾ പോലും വിപുലമായി ചെയ്യുന്നില്ല. വ്യാവസായികമായി പച്ചക്കറി കൃഷി ഇവിടെ പ്രോത്സാഹിപ്പിക്കുവാൻ ബോധവൽക്കരണവും സാങ്കേതികജ്ഞാനവും ആവശ്യമുണ്ട്. ഒരു സംഭരണകേന്ദ്രം ഇല്ല എന്നതും ഇവിടുത്തെ ഒരു പ്രധാന പ്രശ്നമാണ്. പമ്പുസെറ്റുകൾ ഉപയോഗിച്ചുള്ള ജലസേചനം ഇവിടെചുരുങ്ങിയ തോതിലേ ഉള്ളൂ, പൊതുഞ്ഞാറ്റടികൾ ഇല്ല, എലിനശിപ്പിക്കുന്ന വിളകളുടെ അളവ് വളരെ കൂടുതൽ.

പനത്തുറപ്രദേശത്ത് നാലുചുറ്റും ഉപ്പുവെള്ളം കെട്ടിക്കിടക്കുന്നതാനാൽ തെങ്ങിന്റെ വേര ഴുകുന്നതും തെങ്ങുകൾ കടപുഴകിവീഴുന്നതും സാധാരണമാണ്. കൂടാതെ തേങ്ങ കുരുടുപിടിച്ച് ചെറുതാകുന്നു. ഇതിന് ശാശ്വതപരിഹാരം കാണേണ്ടത് അത്യാവശ്യമാണ്.

കൃഷിചെയ്യുന്ന നെൽവയലുകൾക്ക് നടുവിൽ മത്സ്യകൃഷിക്കാർ കുളങ്ങളാക്കിമാറ്റിയ ഫലഭൂയിഷ്ടമായ വയലുകൾക്ക് വശങ്ങളിൽ ഫലവൃക്ഷങ്ങൾ വച്ചുപടിപ്പിക്കുന്നത് തൊട്ടടുത്ത വയലുകളെ സാരമായി ബാധിക്കുന്നു.

വയലിന്റെ സമീപ പ്രദേശങ്ങളിൽനിന്നും മണ്ണിടിക്കുന്നത് പലപ്പോഴും കൃഷിപിഴവിനു കാരണമാകുന്നു. കൂടാതെ ഇത് മഴക്കാലത്ത് കിട്ടുന്ന ജലം മണ്ണിലേക്ക് കിട്ടാതെ ഒലിച്ചുപോകാൻ കാരണമാകുന്നു. നെല്ലിയോട് പ്രദേശത്ത് ഇലങ്കത്തറമുകൾ, തിരുവഴിമുക്കിന്റെ വടക്കുഭാഗം എന്നിവിടങ്ങളിൽ തരിശുഭൂമി ഉണ്ട്. അത് കൃഷിക്ക് യോഗ്യമാക്കണം.

പുതിച്ചൽ, പ്ലാമൂട്, പ്രദേശങ്ങളിൽ ബണ്ട് ഇല്ലാത്തതുകാരണം വെള്ളപ്പൊക്കം വരുമ്പോൾ തെങ്ങുകൾ കടപുഴകിവീഴാനും മറ്റു കൃഷികളെ പ്രതികൂലമായി ബാധിക്കാനും ഇത് കാരണമാകുന്നു. വെള്ളപ്പൊക്കം നിയന്ത്രിക്കാനും കഴിയുന്നില്ല.

പുഞ്ചക്കരിയിലെ നിലങ്ങൾ നികത്തുന്നത് കരഭാഗങ്ങളിൽ വെള്ളക്കെട്ടിനും തെങ്ങുകൃഷിയുടെ നാശത്തിനും കാരണമാകുന്നു.

നെൽകൃഷിക്ക് യോഗ്യമല്ലാത്ത വട്ടക്കായൽ പ്രദേശം തീറ്റപുൽകൃഷിക്ക് ഉപയോഗപ്പെടുത്തണം.

പ്രശ്നപരിഹാര നിർദ്ദേശങ്ങൾ

പുഞ്ചക്കരി പ്രദേശത്തെ നെൽകൃഷി കാര്യക്ഷമമാക്കുവാൻ നിലവിലുള്ള രണ്ട് പമ്പ് സെറ്റുകൾ കാര്യക്ഷമമായി പ്രവർത്തിക്കണം. ലീസിങ്ങ് ചാനലിന്റെ ആഴം നിലവിലുള്ളതിനേക്കാൾ രണ്ട് അടികൂടി താഴ്ത്തണം. സർക്കാർ സഹായത്തോടെ ഫലഭൂയിഷ്ടമായ നെൽവയലുകളെ കുഴിച്ച് കളങ്ങളാക്കി മാറ്റി മീൻ വളർത്തുന്നത് കൃഷിഭൂമി അല്ലാത്ത ഭാഗങ്ങളിൽ മാത്രമേ പ്രോത്സാഹിപ്പിക്കാവൂ. കൂടാതെ കുളങ്ങളുടെ വശങ്ങളിൽ ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുന്നത് തടയണം. ക്രമേണ ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിച്ചാൽ തൊട്ടടുത്ത വയലുകളെ അത് സാരമായി ബാധിക്കും എന്നതിനാൽ ആ പ്രവണതയെ നിയമം മൂലം തടയേണ്ടതുണ്ട്. വയലുകൾ നികത്തി തെങ്ങ്, വാഴ മുതലായവ വച്ചുപിടിപ്പിക്കുന്ന പ്രവണത കൂടിവരുന്നതിനാൽ അത് കർശനമായി തടയണം. മധുപാലം മുതൽ വെള്ളായണി കായൽവരെ നിർമ്മിച്ചിട്ടുള്ള ബണ്ട് വയലുകളിൽനിന്നും മണ്ണെടുത്തിട്ടാണ് നിർമ്മിച്ചിട്ടുള്ളത്. അക്കാരണത്താൽ കുഴിഞ്ഞുപോയ പലവയലുകളും തരിശ്ശിടാൻ ഭൂവുടമകൾ നിർബന്ധിതരാകുന്നു. ഇത് പരിഹരിക്കുവാൻ കായലിൽനിന്നും മധുപാലത്തിലേക്ക് വരുന്ന തോട്ടിൽ ചില ഭാഗങ്ങളിൽ ചെളി ധാരാളം അടിഞ്ഞുകിടപ്പുണ്ട്. ഇത് കോരി കുഴിഞ്ഞ വയലുകളിൽ ഇട്ടാൽ ആ വയലുകൾ കൃഷിയോഗ്യമാക്കാം. കൂടാതെ ഇങ്ങനെ തോടിന്റെ ആഴം കൂട്ടിയാൽ മത്സ്യകൃഷിക്കോ, ടൂറിസം വികസനത്തിനോ ഉപകരിക്കും.

നിലവിലുള്ള നെൽകൃഷി ഇവിടെ സംപുഷ്ടമാക്കുവാൻ കൂട്ടുകൃഷി സമ്പ്രദായം അത്യന്താപേക്ഷിതമാണ്. കൂടാതെ മണ്ണു പരിശോധന, ആധുനിക കൃഷിരീതികളെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കൽ, പുതിയതരം വിത്തിനങ്ങൾ പരീക്ഷിക്കൽ എന്നിവ വേണം. മധുപാലം മുതൽ കന്നുകാലിചാൽ വരെയുള്ള ബണ്ട് ജീപ്പറോഡാക്കണം.

നിലവിലുള്ള Paddy Subsidy ഉയർത്തണം. ബാങ്കുകാരുടെ കർഷകനോടുള്ള സമീപനം ലഘൂകരിക്കണം. നെൽകൃഷിയേയും പച്ചക്കറി കൃഷിയേയും പ്രോത്സാഹിപ്പിക്കുവാൻ ഒരു റിസർച്ച് ഫണ്ട് രൂപീകരിക്കണം. പാടങ്ങളുടെ അരികിലുള്ള മലകളിൽനിന്നുള്ള മണ്ണിടിക്കൽ കർശനമായി നിരോധിക്കുക, പഴയരീതിയിലുള്ള പമ്പ് ഹൗസുകൾ മാറ്റി ആധുനികരീതിയിലുള്ളവ ആയാൽ അത് കൂടു

തൽ സഹായകരമാകും. പുഞ്ചക്കരിയിൽ ഒരു സ്ഥിരം ആയ്ലോ ക്ലീനിക് സ്ഥാപിച്ചാൽ അത് സമീപ പഞ്ചായത്തുകൾക്ക്കൂടെ ഉപയോഗപ്രദമായിരിക്കും.

തിരുവല്ലം, കല്ലിയൂർ, വെങ്ങാനൂർ പഞ്ചാ യത്തുകളുമായി ബന്ധപ്പെട്ടുകിടക്കുന്ന 200 ഏക്ക റോളം വരുന്ന കായൽനിലം സ്വകാര്യവ്യക്തിക ളുടെ വകയാണ്. ബണ്ട് നിർമ്മിച്ച് ഷട്ടർ ഇട്ട് ജലസേ ചനസൗകര്യം ഏർപ്പെടുത്തിയാൽ ഇരുപ്പൂകൃഷിക്ക് ഇവിടം ഫലപ്രദമായി ഉപയോഗിക്കുവാൻ സാധിക്കും.

വെള്ളായണികായൽ പ്രദേശത്ത് കഴിഞ്ഞ കുറേകാലമായി നെൽകൃഷി നടക്കുന്നില്ല. കാർഷി കകോളേജിന്റെ അധീനതയിലുള്ള സ്ഥലം അടക്കം 1000ത്തോളം ഏക്കർ സ്ഥലം കായലായി സംര ക്ഷിച്ച് നിർത്തേണ്ടതാകുന്നു. അമ്പത്തിരണ്ടടി താഴ്ച യിൽ വാട്ടർ ബഡ് കപ്പാസിറ്റിയുള്ള ഈ അപൂർവ്വ ജലസ്രോതസ്സ് നിലനിർത്തിയാൽ തിരുവല്ലം, കല്ലി യൂർ, നേമം, വെങ്ങാനൂർ തുടങ്ങിയ പഞ്ചായത്തുക ളിൽ കുടുവെള്ളക്ഷാമം പരിഹരിക്കുന്നതിനും വീട്ടു മുറ്റത്തുപോലും കരകൃഷിചെയ്യുന്നതിനും സാധിക്കും.

പുഞ്ചക്കരിയിൽ– വട്ടക്കായൽ ഏരിയ യിൽ ഒരു പൊതു ഞാറ്റടി അത്യന്താപേക്ഷിതമാണ്. പണ്ടാരക്കരി പാടശേഖരത്തിന്റെ അതിർത്തി തിരു വല്ലം കൃഷിഭവനിൽ ഉൾപ്പെടുത്തണം.

പുഞ്ചക്കരിക്ക് സമീപം നെൽകൃഷിയുടെ അനുബന്ധ വ്യവസായമായ Straw Board നിർമ്മി ക്കുന്നതിനുള്ള ഒരു ഫാക്ടറി സ്ഥാപിച്ചാൽ അതി നുള്ള അസംസ്കൃത വസ്തുക്കൾ ഇവിടെനിന്നു തന്നെ ലഭിക്കും. അതിനാവശ്യമായ വൈദ്യുതി നല്ല പോലെ കാറ്റുലഭിക്കുന്ന തൊട്ടടുത്ത മലകളിൽ WindMill സ്ഥാപിച്ചാൽ ലഭിക്കുന്നതാണ്. ഇതിനായി അനർട്ടിന്റെ സേവനം പ്രയോജനപ്പെടുത്താം.

എല്ലാ വാർഡുകളിലെ റിപ്പോർട്ടുകളും പൊതുവായി ആവശ്യപ്പെട്ടുകാണുന്ന ഒരു കാര്യ മാണ് മധുപാലത്തിൽ സ്ഥാപിച്ചിരിക്കുന്ന Pump House ൽനിന്നും കരമനയാറ്റിലേക്ക് പമ്പ് ചെയ്തു കളയുന്ന അധികജലം, നിലവിലുള്ള പമ്പുകളിൽ വേണ്ട വ്യത്യാസം വരുത്തി തൊട്ടടുത്ത മലകളി ലേക്ക് പമ്പ്ചെയ്ത് അവിടെ റിസർവോയറുകൾ നിർമ്മിച്ച് സംഭരിച്ചാൽ ഈ പഞ്ചായത്തിന്റെ ഭൂരി ഭാഗം പ്രദേശങ്ങളും ജലസേചനം നടത്താൻ സാധിക്കും. കാർഷികരംഗത്ത് ഒരു വിപ്ലവംതന്നെ ഈ പദ്ധതികൊണ്ട് തിരുവല്ലം പഞ്ചായത്തിൽ സൃഷ്ടിക്കാൻ സാധിക്കും കൂടാതെ വേനൽക്കാ ലത്ത് വറ്റിപോകുന്ന ഈ പ്രദേശങ്ങളിലെ കിണറു കൾ വറ്റാതിരിക്കാനും ഇതു സഹായിക്കും.

ഈ പഞ്ചായത്തിൽ തരിശ്ശായികിടക്കുന്ന തുണ്ടുതുണ്ടായ ഭൂമി ധാരാളമുണ്ട്. നാട്ടിലെ തൊഴി ലില്ലാത്ത ചെറുപ്പക്കാരെ സംഘടിപ്പിച്ച് കൃഷിയിൽ പരിജ്ഞാനം നൽകി സർക്കാർ സഹായത്തോടെ കൃഷിചെയ്യാൻ തയ്യാറല്ലാത്ത ഭൂവുടകളിൽനിന്നും യോഗ്യമായ വ്യവസ്ഥകളുണ്ടാക്കി ഇവർക്ക് കൃഷിക്ക് നൽകിയാൽ ഇരുകൂട്ടർക്കും അത് ഗുണം ചെയ്യും. കൂടാതെ ധാരാളമായി ലഭിക്കുന്ന വിളവു കൾ നമ്മുടെ ആവശ്യം നിറവേറ്റാൻ പര്യാപ്തമാ വുന്നു.

ഈ പഞ്ചായത്തിൽ കാർഷികവിളകളുടെ ഒരു സംഭരണ വിപണനകേന്ദ്രവും അത്യാവശ്യ മാണ്. Regulated Marketing Society കർഷകർക്കു വേണ്ടി രൂപീകരിക്കണം.

ഇവിടത്തെ മൊത്തം കൃഷി പ്രോത്സാഹി പ്പിക്കുവാൻ അത്യാവശ്യം ശ്രദ്ധപതിയേണ്ട കാര്യ ങ്ങൾ

1. അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങളും നടീൽ വസ്തുക്കളും കൂടുതൽ സ്ഥലത്തേക്ക് പ്രചരിപ്പിക്കുക.
2. പൊതുഞാറ്റടി, നഴ്സറി മുതലായവ തയ്യാറാ ക്കുക.
3. പയറുകൃഷി തുടങ്ങിയ ഇടകൃഷി, ചെറുകൃഷി വികസനം
4. പച്ചക്കറികൃഷി, അടുക്കളത്തോട്ട നിർമ്മാണം എന്നിവയിൽ അവബോധം സൃഷ്ടിക്കൽ
5. വിദ്യാലയങ്ങളിലെ കാർഷിക പരിപാടികൾ
6. കൂട്ടായ സസ്യസംരക്ഷണ പരിപാടികൾ
7. സസ്യസംരക്ഷണോപകരണങ്ങളുടെ വിതരണം.
8. ഏലിനശീകരണ പ്രവർത്തനങ്ങൾ
9. കളനശീകരണവും തുടർന്നുള്ള കൊതുകുനിവാ രണവും.
10. മണ്ണു പരിശോധന പരിപാടി (സഞ്ചരിക്കുന്ന മറ്റു പരിശോധന Lab സൗകര്യം)

11. കൃഷിക്കാർക്കുള്ള ഹൃസ്വകാല വായ്പാ സൗകര്യങ്ങൾ ലളിതവും ഉദാരവുമായ വ്യവസ്ഥകളിൽ

12. കാർഷിക വിളകളിൽന്മേലുള്ള ഇൻഷ്വറൻസ് സൗകര്യം

തെങ്ങ്, കമുക്, വാഴ മുതലായവ ആധുനികരീതിയിൽ കൃഷിചെയ്യാനും മണ്ണു പരിശോധിച്ച ശേഷം മാത്രം നടത്തുന്ന വളപ്രയോഗം ഓരോ ഭൂപ്രകൃതിക്കും യോജിച്ച രീതിയിലുള്ള ഇനങ്ങൾ കൃഷിചെയ്യാനും കർഷകരിൽ അവബോധം സൃഷ്ടിക്കണം. നാട്ടിലെ കർഷകരെ മുഴുവൻ വിളിച്ചുകൂട്ടി ബോധവൽക്കരണവും സ്റ്റഡിക്ലാസ്സുകളും നടത്തേണ്ടതായുണ്ട്. തെങ്ങിനെ ബാധിക്കുന്ന കീടങ്ങളിന്മേൽ ഫലപ്രദമായ പ്രതിരോധം നടത്തേണ്ടതുണ്ട്. പ്രധാനമായും പൂങ്കുലച്ചാഴിക്ക് എതിരെ കൂട്ടായിട്ട് കോംപാക്ട് സ്പ്രേയിംഗ് സൗജന്യമായി നൽകണം.

കീടരോഗ ആക്രമണങ്ങൾക്ക് വിധേയമാകുന്ന വിളകളെ രക്ഷിക്കാൻ കൂട്ടായശ്രമം ഉപയോഗപ്പെടുത്തേണ്ടതുണ്ട്. കരമനയാറിന്റെ പ്രധാനതോടുകൾ അടഞ്ഞുകിടക്കുകയാണ്. അതു തുറന്ന് കിട്ടിയാൽ കാർഷികവിളകൾ കയറ്റിപോകുന്ന ബോട്ട് ഗതാഗതം സുഗമമാവും.

നല്ലവിത്ത് (തൈകൾ) കനത്ത വിളവിന്റെ അടിസ്ഥാനഘടകമാണ്. കർഷകന് നല്ലവിത്ത്, വളം, കീടനാശിനി തുടങ്ങിയവ സൗജന്യനിരക്കിൽ സമയാസമയത്ത് പാടശേഖരത്തിന് സമീപം ലഭിക്കും വിധം കൃഷി ഡിപ്പാർട്ടമെന്റിനെയോ, മറ്റ് ഏജൻസികളേയോ സജ്ജമാക്കുക.

വളം ലഭ്യത സൗകര്യപ്രദമാക്കാൻ FACT യുടെ ഒരു Sub Dept പഞ്ചായത്ത്തലത്തിൽ ഉള്ളത് നല്ലതാണ്. (Credit Society for Fertilizer and depot) നിലവിലുള്ള കോളിയൂർ സൊസൈറ്റി അപര്യാപ്തമാണ്.

മഴയെമാത്രം ആശ്രയിച്ച് കൃഷിചെയ്യുന്ന ഭൂരിഭാഗം വരുന്ന മലപ്രദേശങ്ങളിൽ നല്ല കാറ്റുലഭിക്കുന്ന സ്ഥലത്ത് കുഴൽകിണർ കുത്തി Wind Mill Pump സ്ഥാപിച്ച് കൂടുതൽ പ്രദേശങ്ങളിൽ ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്താം. താഴ്ന്ന പ്രദേശങ്ങളിൽ ആറ്റിൽനിന്നും വെള്ളം പമ്പ് ചെയ്ത് ജലസേചനം നടത്താൻ അനുമതികൊടുക്കണം.

പാറവിള പഞ്ചായത്തുകിണർ, കുഴിയൻവിള കുളം എന്നിവ വിപുലീകരിച്ച് ചുറ്റുമുള്ള പ്രദേശങ്ങൾ ജലസേചനം ചെയ്യാൻ നടപടികളെടുക്കണം.


നാളികേര സംസ്കരണത്തിനും വിപണത്തിനും സർക്കാർ തലത്തിൽ സൗകര്യങ്ങളുണ്ടാക്കണം. മറ്റുള്ള പ്രദേശങ്ങളെ അപേക്ഷിച്ച് നാളികേരത്തിന് ഇവിടെ കുറഞ്ഞ വിലയാണ് ലഭിക്കുന്നത്. ഒന്നോ രണ്ടോ ചെറുകിട കച്ചവടക്കാരെ ആശ്രയിച്ചാണ് ഇവിടെ നാളികേരവിപണനം നടത്തുന്നത്. ഈ ദയനീയാവസ്ഥ മാറിയേതീരൂ. കേരഫെഡിന്റെ ഒരു സെയിൽസ് പോയിന്റ് തിരുവല്ലം കേന്ദ്രമാക്കി പ്രവർത്തിക്കണം.


വീടുവീടാന്തരം അടുക്കളത്തോട്ടം പ്രോത്സാഹിക്കുവാൻ വിത്തും വളവും അത്യാവശ്യം വേണ്ട പരിജ്ഞാനവും നൽകണം. കൂടാതെ വീട്ടമ്മമാരെ അടുക്കളത്തോട്ടത്തിന്റെ കാര്യത്തിൽ ബോധവതികളാക്കണം.

ഓർക്കിഡ്, ആന്തൂറിയം മുതലായവയ്ക്ക് അനുയോജ്യ കാലാവസ്ഥയായതിനാൽ ഇവിടെ അത് പ്രോത്സാഹിക്കപ്പെട്ടാൽ കുറേപേർക്ക് ഒരു വരുമാനമാർഗംമുണ്ടാക്കാവുന്ന ഒരു തൊഴിലായി അതിനെ ഇവിടെ ഉയർത്താനാകും.

സാദ്ധ്യതകൾ കോളനികളിലെ പ്രശ്നങ്ങൾ പരിഹരിച്ച് അവർക്ക് അടിസ്ഥാന സൗകര്യങ്ങളൊരുക്കാൻ വേണ്ടുന്നതു പഞ്ചായത്തു കമ്മിറ്റി കണ്ടെത്തണം 2. വിവിധ ഏജൻസികൾ വഴി സർക്കാർ കാലാകാലങ്ങളിൽ SC/ST വിഭാഗത്തിന് അനുവദിക്കുന്ന സൗജന്യങ്ങളും ക്ഷേമപരിപാടികളും അവരുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ സംവിധാനമുണ്ടാകണം.

* * * * * * * *





5-2

മൃഗസംരക്ഷണം

കേരളത്തിലെ സമ്പദ്ഘടനയുടെ വളർച്ചയിൽ പ്രധാനപങ്കുനിർവഹിക്കുന്ന മേഖലയാണ് മൃഗസംരക്ഷണരംഗം. സംസ്ഥാനത്തെ കന്നുകാലി സമ്പത്തിന്റെ 94 ശതമാനവും ഗ്രാമപ്രദേശങ്ങളിലാണ്. കന്നുകാലി ഉടമകളിൽ ബഹുഭൂരിപക്ഷവും ചെറുകിടകർഷകരും കർഷകതൊഴിലാളികളുമാണ്.

തിരുവല്ലം പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം മൃഗസംരക്ഷണ പ്രവർത്തനങ്ങൾക്ക് ഏറ്റവും അനുയോജ്യമായ ഘടകങ്ങളാണുള്ളത്. പക്ഷേ അത് പൂർണ്ണമായി പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഈ വസ്തുത കണക്കിലെടുത്താണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ഈ മേഖലയിലേക്ക് കടന്നുവരാനുള്ള അഭ്യസ്തവിദ്യരുടെ വിമുഖത, ധനകാര്യവായ്പ സ്ഥാപനങ്ങൾ കാണിക്കുന്ന താല്പര്യകുറവ്, ചുരുങ്ങിയ മേച്ചിൽസ്ഥലങ്ങൾ, പെരുകുന്ന ഉല്പാദന ചെലവ്, അത്യുല്പാദനശേഷിയുള്ള തനതായ കാലിജനുസുകളുടെ സ്വയം പര്യപ്തതകുറവ്, തീറ്റപ്പുൽകൃഷിയിൽ സ്വയം പര്യാപ്തതകുറവ്, തീറ്റപ്പുൽകൃഷിയിൽ ഉണ്ടായ മാന്ദ്യത, കാലിത്തീറ്റ ഉല്പാദനത്തിനാവശ്യമായ അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യതകുറവ്, കാലിത്തീറ്റ രംഗത്തേക്കുള്ള ബഹുരാഷ്ട്രകുത്തകകളുടെ കടന്നുകയറ്റം, തുടങ്ങിയവയാണ് ഈ രംഗത്തെ പ്രധാന പ്രശ്നങ്ങൾ.

പഞ്ചായത്തിന്റെ ചരിത്രപശ്ചാത്തലം

പണ്ടു മുതലേ കൃഷി ആവശ്യത്തിനും (വളം, ഉഴൽ, ഭാരം വഹിക്കൽ മുതലായല) വീട്ടാവശ്യത്തിനും (പാൽ, മാംസം, മുട്ട) വേണ്ടി പശു, എരുമ, പോത്ത്, കോഴി, താറാവ് എന്നിവ പലയിടത്തും വളർത്തിയിരുന്നു. ഇന്ന് ഈ മേഖലയിൽ ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ട് എന്നുള്ളത് ഒരു വസ്തുതയാണ്. എന്നാൽ ജനപ്പെരുപ്പവും തൊഴിലില്ലായ്മയും താരതമ്യം ചെയ്യുമ്പോൾ ഇന്ന് നിലവിലുള്ള വളർച്ച തീരെ അപര്യാപ്തമാണെന്ന് മനസ്സിലാക്കാം.

1987 ലെ സെൻസെസ്സ് പ്രകാരം തിരുവല്ലം പഞ്ചായത്തിലെ കാലി/പക്ഷിസമ്പത്ത്

കന്നുകാലി (സങ്കരം)		കന്നുകാലി (നാടൻ)		എരുമ		ആട്	
ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
80	1168	24	453	17	355	218	1131

പന്നി	പട്ടി	കോഴി		താറാവ്
		(നാടൻ)	മേൽത്തരം	
5	2145	15320	1069	762

ഇതിൽനിന്നും സങ്കരയിനം കന്നുകാലികളുടെ എണ്ണം 30% വർദ്ധിച്ചതായും നാടൻ കന്നുകാലികളുടെ എണ്ണം ഗണ്യമായി കുറഞ്ഞതായും കാണാം. കൂടാതെ ഇറച്ചികോഴി വളർത്തലും ഇപ്പോൾ വളരെ വ്യാപകമായി വരുന്നു. ഏകദേശം 10 ഇറച്ചികോഴി ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്.

നടപ്പു പദ്ധതികൾ – പോരായ്മകൾ, മാറ്റങ്ങൾ

1. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

ഈ പഞ്ചായത്തിൽ ഇപ്പോൾ മേനിലം ക്ഷീരോല്പാദക സഹകരണ സംഘവുമായി ബന്ധപ്പെടുത്തി 50 എണ്ണത്തിന് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ട്. നിലവിലുള്ള നിയമം അനുസരിച്ച് വാർഷിക വരുമാനം 4800 രൂപയിൽ താഴെയുള്ള കർഷകർക്ക് മാത്രമേ ഇതിന്റെ ഗുണം ലഭിക്കുകയുള്ളൂ. പുതുക്കിയ പദ്ധതിപ്രകാരം വാർഷികവരുമാനപരിധി 11,000രൂപയായി ഉയർത്തിയിട്ടുണ്ടെങ്കിലും ഒരു കുടുംബത്തിലെ ഒരു കന്നുകുട്ടിക്ക് മാത്രമേ ഇതിന്റെ പ്രയോജനം ലഭിക്കുന്നുള്ളൂ. ഈ അവസ്ഥ മാറ്റപ്പെടേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

നിർദ്ദേശം:– വരുമാനപരിധിയും, എണ്ണവും നോക്കാതെ, മുഴുവൻ കന്നുകുട്ടികൾക്കും പദ്ധതിയുടെ ഗുണം ലഭ്യമാക്കേണ്ടതാണ്.

2. പ്രത്യേകഘടകപദ്ധതി

നിലവിലുള്ള പഞ്ചവത്സരപദ്ധതിപ്രകാരം ഈ പഞ്ചായത്തിലെ പല IHDP കോളനികളിലും ആട്, പശു എന്നിവ വാങ്ങുന്നതിന് സാമ്പത്തികസഹായം നല്കിയിട്ടുണ്ട്.

അപര്യാപ്തത ;

അനുവദിക്കപ്പെടുന്ന തുക അതത് കോളനിയിലെ നിവാസികൾക്ക് മാത്രമേ നൽകുവാൻ നിർവാഹമുള്ളൂ. കോളനി നിവാസികളിൽ പലർക്കും താല്പര്യമോ, സ്ഥലസൗകര്യമോ ഇല്ലെങ്കിലും പദ്ധതിസഹായം അവർക്ക് നല്കുവാൻ നിർബന്ധിതരാകുന്നു.

താല്പര്യവും സ്ഥലസൗകര്യമുള്ള ധാരാളം ആളുകൾ IHDP കോളനികളിൽ അല്ലാതെ താമസിക്കുന്നുണ്ടെങ്കിലും അവർക്ക് ആനുകൂല്യം നല്കുവാൻ നിലവിലുള്ള സംവിധാനം അനുവദിക്കുന്നില്ല. ഇത് മാറ്റം വരുത്തേണ്ട സംഗതിയാണ്.

3. പേവിഷ നിയന്ത്രണ പദ്ധതി

ഈ പദ്ധതിപ്രകാരം ഒരു പഞ്ചായത്തിൽ പ്രതിവർഷം ഏകദേശം 200 നായ്ക്കൾക്ക് മാത്രമേ സൗജന്യനിരക്കിൽ വാക്സിൻ കൊടുക്കുവാൻ നിർവ്വാഹമുള്ളൂ. പഞ്ചായത്തിൽ ഏകദേശം 3000ത്തിലേറെ നായ്ക്കൾ ഉണ്ട്. നിലവിലുള്ള സൗജന്യവാക്സിനേഷൻ സാർവ്വത്രികമല്ലാത്തതിനാൽ പലരും നായ്ക്കളെ കുത്തിവയ്പ്പിക്കാൻ തയ്യാറാകുന്നില്ല. ഇത് മാറ്റേണ്ടത് അത്യാവശ്യമാണ്. പേവിഷനിയന്ത്രണത്തിനായി വളർത്തുനായ്ക്കൾക്ക് വാക്സിനേഷനും, ലൈസൻസും നിർബന്ധമാക്കുകയും തെരുവു നായ്ക്കളെ നശിപ്പിക്കുകയും അത്യാവശ്യമാണ്.

നിലവിലുള്ള മറ്റ് പദ്ധതികൾ

1. ആട് വളർത്തൽ

2. വീട്ട് വളപ്പിലെ കോഴിവളർത്തൽ

ഈ പദ്ധതികൾക്ക് വളരെ പരിമിതമായിട്ടേ സഹായം ലഭിക്കുന്നുള്ളൂ.

മൃഗചികിത്സാകേന്ദ്രങ്ങൾ മെച്ചപ്പെടുത്തൽ

ഈ പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയും അതിനോടനുബന്ധിച്ച് ഒരു കൃത്രിമ ബീജദാനകേന്ദ്രവും ഉണ്ട്. ഇത് തികച്ചും അപര്യാപ്തമാണ്. കൂടാതെ മൃഗചികിത്സാസേവനം രാവിലെ 9.30മുതൽ 2 മണിവരെ മാത്രമേ ലഭ്യമാകുന്നുള്ളൂ. അടിയന്തിരഘട്ടങ്ങളിൽ ചികിത്സാസൗകര്യം ലഭിക്കാൻ 24 മണിക്കൂറും പ്രവർത്തിക്കുന്ന മൃഗാശുപത്രിയോ മൃഗാശുപത്രിയോടെ അടുത്ത് ഡോക്ടർ താമസസൗകര്യം (ക്വാർട്ടേഴ്സ്) ഏർപ്പെടുത്തുകയോ ചെയ്യേണ്ടതാണ്. മൃഗാശുപത്രിവഴി ആവശ്യമായ മരുന്നുകളും മറ്റ് സൗകര്യങ്ങളും ലഭ്യമാക്കണം. കൂടാതെ ബീജദാനകേന്ദ്രങ്ങൾ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ തുടങ്ങുകയും വേണം. മൃഗാശുപത്രിക്ക് ലാബോറട്ടറിയും, ടെലിഫോൺ സൗകര്യവും ഉണ്ടാക്കേണ്ടതാണ്. മൃഗസംരക്ഷണ കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഒരു വികസന സമിതി രൂപീകരിക്കുന്നതും നന്നായിരിക്കും.

പൊതുനിർദ്ദേശങ്ങൾ

പാൽഉല്പാദനം :

സങ്കരയിനം പശുക്കളുടെ എണ്ണത്തിൽ ഉണ്ടായ ഗണ്യമായ വർദ്ധനവ് കണക്കിലെടുത്താൽ മാത്രം

പ്രതിദിനം പാലുല്പാദനം ഏകദേശം 6500 ലിറ്ററി നുമേൽവരും. എന്നാൽ നിലവിലുള്ള രണ്ട് ക്ഷീര സഹകരണസംഘങ്ങൾ വഴി പ്രതിദിനം 700 ലിറ്റർപാൽ മാത്രമേ സംഭരിക്കപ്പെടുന്നുള്ളൂ. ബാക്കിപാൽ വീട്ടാവശ്യത്തിനും, ഗണ്യമായ ഒരു ഭാഗം പച്ചപാൽ സംഭരണക്കാർ മുഖാന്തിരവും ഉപയോഗിക്കപ്പെടുത്തുന്നു. ക്ഷീര സംഘങ്ങൾ വഴി പാലിന് ലഭിക്കുന്ന വില തീരെ അപര്യപ്തമായതുകൊണ്ടും സംഘം സ്ഥിതിചെയ്യുന്ന ദൂരവും കണക്കിലെടുത്താണ് കർഷകർ വിപണനത്തിന് മറ്റ് മാർഗ്ഗങ്ങൾ സ്വീകരിക്കാൻ നിർബന്ധിതരാകുന്നത്. ഇത് ഇടത്തരക്കാരുടെ ചൂഷണത്തിന് ഇട നൽകുന്നു. ഇതിന് പരിഹാരമെന്ന നിലയിൽ ഉല്പാദനചെലവുമായി ബന്ധപ്പെട്ട് വില നിജപ്പെടുത്തുകയും പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ സംഭരണ കേന്ദ്രങ്ങൾ ഏർപ്പെടുത്തുകയും വേണം. പശു വാങ്ങുന്നതിന് നിലവിലുള്ള വായ്പ സൗകര്യം അപര്യപ്തമാണ്. ഇത് പരിഹരിക്കേണ്ടതാണ്. പാൽ ഉല്പാദനം കൂടുതൽ വർദ്ധിപ്പിക്കുന്നതിന് മിനിഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സഹായം നല്കേണ്ടതാണ്. ഇത് തൊഴിലില്ലായ്മ പരിഹരിക്കുവാനും സാമ്പത്തിക നേട്ടം കൈവരിക്കുവാനും സഹായിക്കും.

കാലിത്തീറ്റ

കന്നുകാലികളുടെ എണ്ണം കണക്കിലെടുത്താൽ പ്രതിമാസം ഉദ്ദേശം 150 ടൺ തീറ്റ വേണ്ടിവരുന്നു. സഹകരണസംഘങ്ങൾ വഴി 2ടൺ തീറ്റ മാത്രമാണ് വിതരണം ചെയ്യുന്നത്. ഇത് കാരണം കുത്തകകമ്പനി ചൂഷണത്തിന് കർഷകർ വിധേയനാകേണ്ടിവരുന്നു.

നിർദ്ദേശം

ഇവിടെ ലഭ്യമായ അസംസ്കൃതസാധനങ്ങൾ (കൊപ്ര, പിണ്ണാക്ക്, മരിച്ചീനി, മത്സ്യം) എന്നിവ ഉപയോഗിച്ച് പഞ്ചായത്തടിസ്ഥാനത്തിൽ ഒരു മിനി തീറ്റ മിക്സിങ്ങ് യൂണിറ്റ് സ്ഥാപിച്ചാൽ തീറ്റയുടെ വില ഒരു പരിധിവരെ കുറയ്ക്കാനും കൃഷിക്കാരന് ആത്മവിശ്വാസം വളർത്താനും സാധിക്കും.

കാലിവളർത്തലിന് അത്യാവശ്യമായ പച്ചപ്പുല്ല് ഇന്ന് ആവശ്യത്തിന് ലഭിക്കുന്നില്ല. സർക്കാർ ഉടമസ്ഥതയിലുള്ള സ്വീവേജ് ഫാമിൽ ഉണ്ടാകുന്ന പുല്ലിന് വളരെയധികം (50%) വില വർദ്ധിപ്പിച്ചിരിക്കുകയാണ്. ഇതുതന്നെ ഇടത്തട്ടുകാരൻ വഴിമാത്രമേ ക്ഷീരസഹകരമസംഘങ്ങൾക്ക് പോലും ലഭിക്കുന്നുള്ളൂ. സഹകരണസംഘം വഴി കുറഞ്ഞ വിലക്ക് പച്ചപ്പുല്ല് കൊടുക്കുവാൻ സൗകര്യമുണ്ടായാൽ സംഘം വഴിയുള്ള പാൽ സംഭരണം വർദ്ധിപ്പിക്കാൻ സാധിക്കും.

പഞ്ചായത്തിൽ തീറ്റപ്പുല്ല് കൃഷിചെയ്യാൻ യോഗ്യമായ സ്ഥലങ്ങൾ ധാരളമുണ്ട്. ജലസേചന സൗകര്യം ലഭ്യമാക്കിയാൽ കുന്നിൻ ചരിവുകളിലും, നീർവാർച്ച നിയന്ത്രിച്ചാൽ ചതുപ്പുപ്രദേശങ്ങളിലും തീറ്റപുൽ കൃഷി സാധ്യമാകും. തീറ്റപുൽകൃഷി വ്യാപകമാക്കാൻ കർഷകർക്ക് വേണ്ട പ്രോത്സാഹനവും പ്രചോദനവും നൽകിയാൽ ഈ രംഗത്ത് ഗണ്യമായ നേട്ടം കൈവരിക്കുവാൻ സാധിക്കും.

ഈ ഒരു സാഹചര്യമുള്ളതുകൊണ്ടുതന്നെ വെള്ളായണി കായലിനോടുചേർന്നുള്ള പ്രദേശങ്ങളിൽ ഒരു ഡയറിഫാം ആരംഭിക്കാനുള്ള സാദ്ധ്യതയുമുണ്ട്.

മാംസോല്പാദനം

നിലവിൽ അംഗീകൃത കശാപ്പുശാലയോ മാംസപരിശോധനയ്ക്കുള്ള സംവിധാനമോ ഇല്ല. അതേസമയം അനധികൃത കശാപ്പുശാലകൾ വ്യാപകമാണ്താനും. ഇത് അനാരോഗ്യകരവും പരിസരമലിനീകരണത്തിന് കാരണവും ആകുന്നു. ഉപഭോക്താവ് കബളിപ്പിക്കപ്പെടുന്ന സന്ദർഭവും വിരളമല്ല. പഞ്ചായത്ത് ആഭിമുഖ്യത്തിൽ ഒരു അറവുശാല വരുന്നതുകൊണ്ട് പഞ്ചായത്തിന് സാമ്പത്തികനേട്ടവും ഉണ്ടാവും. അറവുശാല നിർമ്മാണത്തിന് കേന്ദ്രസർക്കാർ സാമ്പത്തികസഹായവും നൽകുന്നുണ്ട്. ഈ രംഗത്തെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുവാനും ഇത് സഹായിക്കും. കൂടാതെ പൊതുനിരത്തിനു സമീപമുള്ള കശാപ്പും, പ്രദർശനവും, വില്പനയും സൃഷ്ടിക്കുന്ന ഭീകരത അവസാനിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ശാസ്ത്രീയമായ അറവുശാല നിർമ്മിച്ചാൽ അതുമായി ബന്ധപ്പെട്ട പല ഉപവ്യവസായങ്ങളും വളരുവാൻ സഹായിക്കും. അറവുശാല വെയിസ്റ്റ് ഉപയോഗിച്ച് ഇറച്ചിക്കോഴി വളർത്തലിനും പന്നിവളർത്തലിനും വേണ്ട തീറ്റ ഉണ്ടാക്കുവാനും കഴിയും. ഈ രംഗത്തെ ചിലവ് കുറയ്ക്കുന്നു.

സ്ഥിരമായുള്ള മാംസപരിശോധന ഗുണകരവും ആരോഗ്യപരവുമായ മാംസം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുവാൻ ഇടയാക്കും.

കോഴിവളർത്തൽ

ഇവിടെ അടുത്തകാലംവരെ മുട്ടയ്ക്കും ഇറച്ചിക്കുമായി നാടൻകോഴികളെ വളർത്തിയിരുന്നു. ഇത് തുടരുന്നതോടൊപ്പംതന്നെ അത്യുല്പാദനശേഷിയുള്ള കോഴികളെ വളർത്തുവാൻ താല്പര്യം വർദ്ധിച്ചിട്ടുണ്ട്. ഇത് തികച്ചും പ്രോത്സാഹജനകമായ സ്ഥിതിയാണ്. എന്നാൽ മേൽത്തരം കോഴുക്കുഞ്ഞുങ്ങൾ ആവശ്യാനുസരണം കിട്ടാനില്ല എന്നതാണ് വസ്തുത. വീട്ടുവളപ്പിലെ കോഴിവളർത്തൽ വ്യാപകമാക്കിയാൽ അത് സ്ത്രീകളെ സംബന്ധിച്ച് വളരെ അനുഗ്രഹീതമായ നടപടിയാകും.

നിർദ്ദേശങ്ങൾ

എഗ്ഗർ നഴ്സറി : സർക്കാർ ഫാമുകളിൽ നിന്നോ, മറ്റ് അംഗീകൃത ഫാമുകളിൽനിന്നോ ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ എഗ്ഗർ നഴ്സറികളിൽ വളർത്തി ആവശ്യാനുസരണം കർഷകർക്ക് നൽകുവാൻ സാധിക്കും. ഇത് മുഖാന്തിരം മുന്തിയ ഇനം കോഴിക്കുഞ്ഞുങ്ങളെ ലഭിക്കുന്നതിനുപുറമേ ധാരാളം തൊഴിലവസരം സൃഷ്ടിക്കുകയും ചെയ്യുന്നു.

സ്കൂൾ പൗൾട്രി ക്ലാസ് : കുട്ടികളിൽ പഠനത്തോടൊപ്പം സമ്പാദ്യശീലവും കോഴിവളർത്തലിൽ താല്പര്യവും ഉണ്ടാക്കുകയാണ് ലക്ഷ്യം. ഒരു വർഷം 200 കുട്ടികൾക്കെങ്കിലും പ്രയോജനം ലഭിക്കുക എന്നതാണ് ഇതിന്റെ കാതലായ ലക്ഷ്യം. 60 ദിവസം പ്രായമുള്ള 3 മുട്ടക്കോഴി കുഞ്ഞുങ്ങളെ സൗജന്യമായി ഉപഭോക്താക്കളായ കുട്ടികൾക്ക് നൽകാവുന്നതാണ്.

സഹകരണസംഘങ്ങൾ സ്ഥാപിച്ച് മുട്ടയുടെയും, തീറ്റയുടെയും വിപണനവും ലാഭകരമായി നടത്താം.

ഇറച്ചികോഴിവളർത്തൽ

ഈയിടെ മാത്രം നമ്മുടെ പഞ്ചായത്തിൽ പ്രചാരം ലഭിച്ച ഒരു സംരംഭമാണ് ഇറച്ചികോഴിവളർത്തൽ. കുടുംബത്തിലെ സ്ത്രീകളുടെയും കുട്ടികളുടെയും ഒഴിവുസമയം പരമാവധി പ്രയോജനപ്പെടുത്തി രണ്ടുമാസത്തിലൊരിക്കൽ 250 ഇറച്ചകോഴികളെ വീതം വിൽപനയ്ക്ക് സജ്ജമാക്കുന്ന പദ്ധതി നടപ്പിലാക്കാം. ഇത് കൂടാതെ ഇരുപത് ഗ്രാമീണ വനിതകളടങ്ങിയ സംഘങ്ങൾ രൂപീകരിച്ചാൽ പ്രാദേശിക ബാങ്കുകളിൽ നിന്നും പ്രസ്തുത ഗുണഭോക്താക്കളുടെ പേരിൽ തുടങ്ങുന്ന അക്കൗണ്ടുകൾ വഴി ഈ പദ്ധതിയുടെ ധനവിനിയോഗം നടത്താം. സാമൂഹ്യക്ഷേമവകുപ്പിന്റെ ഗ്രാമീണ വനിതാ ശിശു വികസന പദ്ധതിയിൽ ലഭിക്കുന്ന ധനസഹായം ഉപയോഗപ്പെടുത്താവുന്നതാണ്. ഇതിന് ഇൻഷുറൻസ് പരിരക്ഷയും ലഭിക്കും.

ആടു വളർത്തൽ

അടുത്തുകാലം വരെ ആടുവളർത്തൽ ഇറച്ചിക്കും, പാലിനും വേണ്ടിയായിരുന്നു. ഇറച്ചിക്ക് മാർക്കറ്റിൽ ഉണ്ടായ പ്രിയം ആടുവളർത്തൽ കൂടുതൽ ലാ കരമാക്കി തീർത്തിട്ടുണ്ട്. ചെറിയ യൂണിറ്റുകൾ കർഷകർക്ക് വളർത്തുവാൻ സൗകര്യം നൽകിയാൽ ധാരാളം തൊഴിലവസരം സൃഷ്ടിക്കുവാൻ സാധിക്കും.

ക്ഷീരോല്പന്ന നിർമ്മാണവും വിതരണവും :

ക്ഷീര സഹകരമ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ ക്ഷീരഉൽപ്പന്നങ്ങൽ നിർമ്മിച്ച് വിതരണം ചെയ്യുന്ന പദ്ധതി പല പഞ്ചായത്തുകളിലും വിജയകരമായി നടത്തുന്നുണ്ട്. എന്നാൽ നാളിതുവരെ നമ്മുടെ പഞ്ചായത്ത് മുൻകൈഎടുത്ത് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ശ്രമിച്ചട്ടില്ല. അഭ്യസ്തവിദ്യരായ സ്ത്രീകൾക്ക് ധാരാളം തൊഴിലവസരവും സാമ്പത്തിക നേട്ടവും ഈ പദ്ധതി പ്രദാനം ചെയ്യുന്നു. ഇതിന്റെ കൂടെ പച്ചക്കറി പഴസംസ്കരണ യൂണിറ്റും നടത്തുവാൻ സാധിക്കും.

കർഷകർക്ക് ഇൻഷുറൻസ് / അംഗീകാരം :

ജീവനോപാധികൾക്ക് പഞ്ചായത്ത് മുൻകൈയെടുത്ത് മാസ്റ്റർപോളിസി പ്രകാരം ഇൻഷുറൻസ് നൽകുവാൻ സംവിധാനം ഉണ്ടാക്കണം. കൂടാതെ മറ്റ് മേഖലകളിൽ പ്രവർത്തിക്കുന്ന കർഷകർക്ക് തൊഴിലിന്റെ അംഗീകരമെന്ന നിലയിൽ വിവിധതരത്തിലുള്ള അവാർഡുകളും ഇൻഷുറൻസ് പരിരക്ഷയും നല്കിവരുന്നുണ്ട്. എന്നാൽ നാടിന്റെ മുഖഛായപോലും മാറ്റാൻ പര്യപ്തരായ ഈ മേഖലയിലെ കൃഷിക്കാർക്ക് മേൽപ്പറഞ്ഞ അംഗീകാരമോ പരിരക്ഷയോ ലഭിക്കുന്നില്ല. ഇത് വിവേചനപരമാണ്. അതുകൊണ്ട് തന്നെ കർഷകന് അംഗീകരമെന്ന നിലയിൽ മേൽ സൂചിപ്പിച്ച പദ്ധതി നടപ്പിലാക്കണം.

ബയോഗ്യാസും, ജൈവവളവും :

വിറകിന്റേയും പാചകവാതകത്തിന്റേയും ക്ഷാമം മൂർദ്ധന്യാവസ്ഥയിലായ ഈ കാലഘട്ടത്തിൽ ബയോഗ്യാസ് പ്ലാന്റ് നിർമ്മണത്തിന് കൂടുതൽ ശ്രദ്ധ നൽകേണ്ടതാണ്. അതുപോലെതന്നെ രാസവളത്തിന്റെ വിലകയറ്റവും അത് സൃഷ്ടിക്കുന്ന പാർശ്വഫലങ്ങളും ഇന്ന് ഒരു സങ്കീർണ്ണ പ്രശ്നമാണ്. ഈ പ്രശ്നത്തിനുള്ള പരിഹാരം കന്നുകാലി വളർത്തലിലൂടെ ഏറെക്കുറെ പരിഹരിക്കുവാൻ സാധിക്കും.

കർഷക പരിശീലനം

അനുദിനം ഉണ്ടായിക്കൊണ്ടിരിക്കുന്ന ശാസ്ത്രപുരോഗതിയും സാങ്കേതികത്വവും സാധാരണ കർഷകരിൽ എത്തുന്നില്ല എന്നത് ഒരു പോരായ്മ തന്നേയാണ്. അത്കൊണ്ട് തന്നെ ഒഴിവാക്കാവുന്ന പല കഷ്ടനഷ്ടങ്ങളിൽനിന്നും കർഷകന് രക്ഷപ്പെടുവാനും കഴിയുന്നില്ല. അല്പമാത്ര കർഷകരെ സംബന്ധിച്ചിടത്തോളം ഇത് ഭീകരവും ഭയാനകവുമാണ്. ഇത് ഒഴിവാക്കാൻ നിരന്തരമായ ബോധവൽക്കരണവും പ്രായോഗിക പരിശീലനവും അത്യന്താപേക്ഷിതമാണ്.

പഞ്ചായത്തിന്റെ സമ്പൽസമൃദ്ധി 100% കൃഷിയെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. ഇത്രയും പ്രാധാന്യമുള്ള കൃഷി നിലനിൽക്കണമെങ്കിൽ മൃഗപരിപാലനം അനിവാര്യമാണ്. പരസ്പര പൂരകമായ ഈ ബന്ധം ഒന്നിച്ച് കൊണ്ടുപോയാൽ മാത്രമേ നമുക്ക് ലക്ഷ്യം കൈവരിക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് തന്നെ മൃഗസംരക്ഷണ മേഖലയ്ക്ക് വളരെയധികം പ്രാധാന്യം നൽകേണ്ടതും

മത്സ്യബന്ധനം

സാധ്യതകൾ

കടലും നദിയും ബന്ധപ്പെട്ടുകിടക്കുന്ന ഒരു പഞ്ചായത്താണ് നമ്മുടേത് പക്ഷേ ഇതുമായി ബന്ധപ്പെട്ട തെഴിലവസരം ചുരുക്കമാണ്. പനത്തുറ ഭാഗത്ത് മാത്രമാണ് മത്സ്യബന്ധനം ഉള്ളത്. ഇന്ന് പരമ്പരാഗത രീതി ഉപയോഗിച്ചാണ് ഇവിടെ ഇപ്പോഴും മത്സ്യബന്ധനം നടത്തുന്നത്. ആധുനിക രീതിയിലുള്ള മോട്ടോർ ഘടിപ്പിച്ച വള്ളങ്ങളും ശീതീകരണശാലയും മാർക്കറ്റിംങ് സൗകര്യവും ഉണ്ടായാൽ കൂടുതൽ ആളുകൾക്ക് തൊഴിൽ സൗകര്യം ഉണ്ടാകും. കൂടാതെ സംഭരിക്കുന്ന മത്സ്യം ആഭ്യന്തര ഉപഭോഗത്തിനുപയോഗിച്ചാൽ പഞ്ചായത്തിലെ മത്സ്യക്ഷാമത്തിന് ഒരു പരിധിവരെ പരിഹാരമുണ്ടാകും. നമ്മുടെ പഞ്ചായത്തിൽ മൂന്ന് മത്സ്യ സഹകരണസംഘങ്ങൾ ഉള്ളതിൽ ഒന്നുംതന്നെ കാര്യമായി പ്രവർത്തിക്കുന്നു എന്ന് പറയാൻ വയ്യ. സംഘം പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ ശ്രമിച്ചാൽ ആ മേഖലയിലെ തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പാക്കാം.

മത്സ്യകൃഷി :


പഞ്ചായത്തിൽ പുഞ്ചക്കരി കേന്ദ്രീകരിച്ച് ഒരു മത്സ്യകൃഷി കേന്ദ്രം മാത്രമാണ് ഉള്ളത്. പഞ്ചായത്തിന്റെ നല്ലൊരു ഭാഗം പ്രദേശം വെള്ളായണി കായലുമായി തൊട്ടുരുമ്മികിടക്കുകയാണ്. പക്ഷേ ശാസ്ത്രീയമായ ഒരു മത്സ്യകൃഷി സമ്പ്രദായം ഇതേവരെ അവിടെ നടന്നിട്ടില്ല. കാര്യമായ ശ്രമം നടത്തിയാൽ അവിടെ ലാഭകരമായി മത്സ്യകൃഷി നടത്തുവാൻ സാധിച്ചേക്കും. കൂടാതെ മധുപാലം മുതൽ കന്നുകാലിചാൽ പ്രദേശംവരെയുള്ള തോടിന്റെ ആഴവും പരപ്പും വർദ്ധിപ്പിച്ചാൽ ശുദ്ധജല ചെമ്മീൻകൃഷി വളരെ കാര്യക്ഷമമായി നടത്താൻ കഴിയും. അതുപോലെ കൃഷിക്ക് അനുയോജ്യമല്ലാത്ത പുഞ്ചക്കരി, മേനിലം എന്നിവിടങ്ങളിലെ ഏലാകളും പഞ്ചായത്തിലുള്ള പാറമടകളും വികസിപ്പിച്ചാൽ ഒരതിരുവരെ മീൻ വളർത്തൽ കേന്ദ്രമായി രൂപപ്പെടുത്താൻ കഴിയും.

ശംഖുമുഖത്ത് ഉണ്ടായിരുന്ന അകേറിയം ഇന്ന് പ്രവർത്തനരഹിതമായതിനാൽ ഈ പഞ്ചായത്തിലെ ഇടയാർ പ്രദേശം ഇതിന് വേണ്ടി ഉപയോഗപ്പെടുത്താൻ വളരെയധികം സാധ്യതയുണ്ട്.

ഞണ്ട് കൃഷി :

ഞണ്ട് കൃഷി വ്യാവസായിക അടിസ്ഥാനത്തിൽ വളരെയേറെ ലാഭവും പ്രാധാന്യവുമുള്ള ഒരു കൃഷിയായിത്തീർന്നിരിക്കുന്നു. നമ്മുടെ പഞ്ചായത്തിലെ ചതുപ്പു പ്രദേശങ്ങൾ ശാസ്ത്രീയമായി ഉപയോഗപ്പെടുത്തിയാൽ ഈ കൃഷി വ്യാപകമായി നടത്താൻ സാധിക്കും. ഈ കൃഷികൊണ്ട് ധാരാളം തൊഴിലവസരം സൃഷ്ടിക്കാൻ സാധിക്കും. നിലവിൽ ഇതിന് നല്ല മാർക്കറ്റും ഉണ്ട്.

5-3



വിദ്യാഭ്യാസം :

വളരുകയും വികസിക്കുകയും ചെയ്തു കൊണ്ടിരിക്കുന്ന ഒരു സമൂഹത്തിലെ വളർന്നു കൊണ്ടിരിക്കുന്ന ജീവിതത്തിന് രൂപംകൊടുക്കുന്നത് ഏതൊന്നാണോ അതാണ് വിദ്യാഭ്യാസം. വിദ്യാഭ്യാസം വ്യക്തിയെ സമൂഹത്തിൽ ജീവിക്കാൻ പ്രാപ്തനാക്കുന്നു. അതുകൊണ്ടുതന്നെ വിദ്യാഭ്യാസസ്ഥാപനങ്ങൾ എന്നും സാമൂഹ്യമാറ്റങ്ങൾക്ക് കാരണമായിട്ടുണ്ട്.

തിരുവല്ലം പഞ്ചായത്തിലെ ഏറ്റവും പഴക്കമുള്ള വിദ്യാഭ്യാസസ്ഥാപനം തിരുവല്ലം ഗവ: LPS ആണ്. മണത്തിട്ട സ്കൂൾ എന്ന പേരിൽ തിരുവല്ലം പാലത്തിന് അപ്പുറത്ത് പ്രവർത്തനമാരംഭിച്ച ഈ സ്കൂൾ നൂറ്റാണ്ടു പിന്നിട്ടുകഴിഞ്ഞു. പക്ഷെ ഇതിന്റെ ആരംഭത്തെ സംബന്ധിച്ച രേഖകൾ ലഭ്യമല്ല. പഞ്ചായത്തിലെ ആദ്യത്തെ മിഡിൽ സ്കൂൾ സ്ഥാപിച്ചത് വാര്യവീട്ടിൽ ശ്രീ പദ്മനാഭപണിക്കരാണ്. മലയാള വർഷം 1104-ൽ പടയരകത്ത് ആരംഭിച്ച ഈ സ്കൂളിന് അന്നത്തെ പോലീസ് കമ്മിഷണറായിരുന്ന ശ്രീ. ബി. നാരായണൻനായരുടെ ബഹുമാനാർത്ഥം ബി. നാരായണവിലാസം മലയാളം മിഡിൽസ്കൂൾ എന്ന് പേര് നല്കി. 1951-ൽ ഇന്നത്തെ മാനേജരായ ശ്രീ. N. അച്യുതൻ നായർ ഈ സ്കൂൾ വിലയ്ക്കു വാങ്ങി. തിരുവല്ലത്തെ വിദ്യാഭ്യാസചരിത്രത്തിൽ ശ്രീ അച്യുതൻനായരുടെ പങ്ക് എടുത്തു പറയേണ്ടതാണ്. 1952-ൽ ഈ സ്കൂൾ ഹൈസ്കൂൾ ആയി ഉയർന്നു. അന്ന് കേവലം 24 വിദ്യാർത്ഥികളുണ്ടായിരുന്ന ഈ സ്കൂൾ ഇന്ന് സ്ഥിതി ചെയ്തിരുന്ന സ്ഥലത്തേയ്ക്ക് മാറ്റി. പ്രൈമറി വിദ്യാഭ്യാസത്തിനുശേഷം നഗരത്തിലുള്ള SMV ഹൈസ്കൂളിലോ ഫോർട്ട് ഹൈസ്കൂളിലോ ആണ് വിദ്യാർത്ഥികൾ പഠനത്തിനായി പോയിരുന്നത്. ഇത് സാമ്പത്തികമായി ഉന്നത സ്ഥാപനങ്ങളിലായിരുന്നവരുടെ കുട്ടികൾക്ക് മാത്രമേ സാദ്ധ്യമായിരുന്നുള്ളൂ. മിഡിൽ സ്കൂളിന്റെ സ്ഥാപനവും, തുടർന്ന് അത് ഹൈസ്കൂളായി ഉയർന്നതും കൂടുതൽ പേർക്ക് വിദ്യാഭ്യാസം ലഭിക്കുന്നതിനുള്ള സൗകര്യമുണ്ടാക്കി. 1957-ൽ ഇത് ഹൈസ്കൂളും അപ്പർ പ്രൈമറിയുമായി പിരിഞ്ഞു. 1961-ൽ ഇവയെ ഒരുമിച്ച് ചേർത്ത് പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും പ്രത്യേകം സ്കൂളുകളാക്കി. ഇത് സാമൂഹ്യമായ പ്രതിബന്ധങ്ങൾമൂലം വിദ്യാഭ്യാസം ചെയ്യാൻ സാധിക്കാത്ത പെൺകുട്ടികൾക്ക് വിദ്യാഭ്യാസ സൗകര്യം ലഭിക്കുന്നതിന് സഹായിച്ചു. 1995-ൽ ഇവയിൽ ഹയർ സെക്കന്ററി കോഴ്സുകൾ ആരംഭിച്ചു. പഞ്ചായത്തിലെ ഏക സർക്കാർ ഹൈസ്കൂൾ വാഴാമുട്ടം ഗവ. H.S. ആണ്. 1990-ൽ ആണ് ഇത് ഹൈസ്കൂളായി ഉയർത്തപ്പെട്ടത്. പഞ്ചായത്തിൽ ഇന്ന് ആകെ എട്ട് സ്കൂളുകളാണുള്ളത്. അവയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പുറമേ ആറ് ട്യൂട്ടോറിയൽ കോളേജുകൾ ഏഴ് ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, ഒരു നൃത്ത വിദ്യാലയം എന്നിവയും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിനകത്ത് സാങ്കേതിവിദ്യാഭ്യാസ

വിദ്യാലയ വിവരങ്ങൾ (വർഷം - 1996)

ക്രമനമ്പർ	സ്കൂളിന്റെ പേര്	മാനേജ്മെന്റ്	കുട്ടികളുടെ എണ്ണം			അദ്ധ്യാപകരുടെ എണ്ണം
			ആൺ	പെൺ	ആകെ	
1.	ഗവഃ ഹൈസ്കൂൾ, വാഴമുട്ടം	സർക്കാർ	797	738	1535	43
2.	BNV VHSS തിരുവല്ലം	എയിഡഡ്	941	--	941	38
3.	VHSS തിരുവല്ലം	എയിഡഡ്	--	886	886	39
4.	ഗവഃ എൽ.പി.എസ്. പാച്ചല്ലൂർ	സർക്കാർ	203	162	365	13
5.	ഗവഃ എൽ.പി.എസ്, തിരുവല്ലം	സർക്കാർ	240	227	467	15
6.	ഗവഃ എൽ.പി.എസ്, പൂങ്കുളം	സർക്കാർ	248	224	472	13
7.	BNV LPS പുഞ്ചക്കരി	എയ്ഡഡ്	87	80	167	5
8.	ഗവഃ W.LPS പനത്തുറ	സർക്കാർ	19	18	37	3

പഞ്ചായത്തിലുള്ള എട്ട് വിദ്യാലയങ്ങളിലും കൂടി ആകെ 5210 വിദ്യാർത്ഥികൾ അദ്ധ്യയനം നടത്തുന്നു. വിദ്യാർത്ഥികളെ സംബന്ധിച്ച വിശദവിവരങ്ങൾ പട്ടികയിൽ ചേർത്തിരിക്കുന്നു. LP, UP, HS വിഭാഗങ്ങളി ലെ പെൺകുട്ടികളുടെ വിവരം.

ആകെ വിദ്യാർത്ഥികൾ	LP			UP			HS		
	ആൺ	പെൺ	%	ആൺ	പെൺ	%	ആൺ	പെൺ	%
5210	1194	797	40	792	696	46.7	889	842	48.6

പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ വലിയൊരുവിഭാഗം പട്ടികജാതി, പട്ടികവർഗ്ഗത്തിൽ പെട്ടവരാണ്. അവരെ സംബന്ധിച്ച വിവരങ്ങൾ പട്ടികയിൽ ചേർത്തിരിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്.

ആകെ വിദ്യാർത്ഥികൾ	LP			UP			HS		
	ആകെ	SC/ST	%	ആകെ	SC/ST	%	ആകെ	SC/ST	%
5210	1991	453	22.7	1488	334	22.4	1731	419	24.2

സ്ഥാപനങ്ങൾ ഒന്നുംതന്നെ പ്രവർത്തിക്കുന്നില്ല. നഗരത്തിലുള്ള ഐ.റ്റി.സി. പോളിടെക്നിക്ക് എന്നിവയെയാണ് സാങ്കേതികവിദ്യാഭ്യാസത്തിനായി ഇവിടത്തെ വിദ്യാർത്ഥികൾ ആശ്രയിക്കുന്നത്. ബുദ്ധിമാന്ദ്യമുള്ളവർക്കായി രണ്ട് വിദ്യാലയങ്ങൾ പാച്ചല്ലൂർ നാലാം കല്ലിലും കോവളത്തും പ്രവർത്തിക്കുന്നു.

പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ പ്രവർത്തിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം മുൻപ് കാണിച്ച പട്ടികയിൽ തന്നെ കൊടുത്തിട്ടുണ്ട്. ഇതിന് പുറമേ വളരെയധികം കുട്ടികൾ നഗരങ്ങളിലെ മെച്ചപ്പെട്ടതെന്ന് ജനങ്ങൾ കരുതുന്ന വിദ്യാലയങ്ങളിൽ പോകുന്നതായി മനസ്സിലാക്കാൻ സാധിക്കും. ഇങ്ങനെ പോകുന്ന കുട്ടികളുടെ എണ്ണം ഓരോ വർഷവും കൂടിവരുന്നതായി കാണാൻ കഴിയും. ഇതുകൊണ്ടുതന്നെ പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ വർഷംതോറുംവിദ്യാർത്ഥികൾ കുറഞ്ഞുവരുകയാണ്. അതിനാൽ ഡിവിഷൻ നഷ്ടമാകൽ എല്ലാ സ്കൂളുകളുടെയും പ്രശ്നമായി തീർന്നിരിക്കുന്നു. വിദ്യാർത്ഥികൾ കുറഞ്ഞതിന്റെ ഫലമായി പനത്തുറ ഗവ: WLPS അൺ ഇക്കണോമിക് ആയി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. ഇങ്ങനെ കുട്ടികളെ മറ്റു സ്കൂളിലേക്ക് അയക്കാൻ രക്ഷാകർത്താക്കളെ പ്രേരിപ്പിക്കുന്നത് തങ്ങളുടെ കുട്ടികൾക്ക് നല്ല വിദ്യാഭ്യാസം ലഭിക്കണം എന്ന വികാരം തന്നെയാണ്. അത് എത്രത്തോളം ഫലപ്രദമാകുന്നുണ്ടെന്നുള്ളത് ഇവിടെ വിശകലനം ചെയ്യേണ്ടതില്ല. എന്നാൽ നമ്മുടെ സ്കൂളുകളുടെ അവസ്ഥ ഒന്ന് പരിശോധിച്ചുനോക്കേണ്ടിയിരിക്കുന്നു.

കേരളത്തിലെ വിദ്യാഭ്യാസമേഖലയിൽ ഇന്നനുഭവപ്പെടുന്ന പരാധീനതകളെല്ലാം തിരുവല്ലം പഞ്ചായത്തിന്റെയും പ്രശ്നങ്ങളാണ്. നമ്മുടെ വിദ്യാലയങ്ങളിലെ വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നം അടിസ്ഥാന സൗകര്യങ്ങളുടെ അഭാവമാണ്. പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ സൗകര്യങ്ങൾ പട്ടികയിൽ നിരീക്ഷിക്കുക.

പട്ടികയിൽ കാണിച്ചിരിക്കുന്ന വാഴാമുട്ടം ഗവ: H.S പ്രൈമറി ക്ലാസുകൾ കൂടിയുള്ള ഒരു സ്കൂളാണ്. വിദ്യാഭ്യാസ ചട്ടങ്ങളനുസരിച്ച്

ക്രമ നമ്പർ	സ്കൂളിന്റെ പേര്	വിസ്ത്രീർണ്ണം	സ്റ്റാഫ് മുറി	ലാബോറട്ടറി	ലൈബ്രറി	മൂത്രപ്പുര	കക്കൂസ്	പാചക മുറി	വൈദ്യുതി	കളി സ്ഥലം
1.	ഗവഃ എച്ച്.എസ്. വാഴമുട്ടം	1.5 ഏക്കർ	ഉണ്ട്	ഇല്ല	മതിയാകില്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല
2.	BNV VHSS തിരുവല്ലം	3 ഏക്കർ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
3.	VHSS തിരുവല്ലം	3 ഏക്കർ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
4.	ഗവഃ LPS പാച്ചല്ലൂർ	50 സെന്റ്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
5.	ഗവഃ LPS തിരുവല്ലം	39 സെന്റ്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല
6.	BNV LPS തിരുവല്ലം	50സെന്റ്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
7.	ഗവഃ LPS പുങ്കുളം	46സെന്റ്	ഇല്ല്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല
8.	ഗവഃ WLPS പനത്തുറ	25 സെന്റ്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇലല്ല	ഉണ്ട്	ഇല്ല	ഇല്ല

അക്കാഡമിക് സൗകര്യങ്ങൾ

	ലൈബ്രറി	ലാബ്	റേഡിയോ	ടെലിവിഷൻ	ടേപ്പ് റിക്കാർഡർ	സിനിമാ പ്രൊജക്ടർ	മാതൃസംഗമം സജീവം	ക്ലാസ് PTA പ്രവർത്തിക്കുന്നുണ്ടോ	പഠനോപകരണങ്ങൾ
ഉണ്ട്	2	2	5	--	2	2	4	3	5
ഇല്ല	6	6	2	8	5	6	4	5	3
പ്രവർത്തന രഹിതം			1		1				

വേണ്ടതിന്റെ പകുതി സ്ഥലം പോലും ഈ സ്കൂളിനില്ല. തിരുവനന്തപുരം ജില്ലയിൽ, ചിലപ്പോൾ സംസ്ഥാനത്തുതന്നെയും ഷിഫ്റ്റ് സമ്പ്രദായം നിലവിലുള്ള ഒരേ ഒരു സ്കൂൾ ഇതായിരിക്കും. കാരണം ആവശ്യത്തിനുള്ള ക്ലാസ് മുറികൾ ഇല്ല എന്നതു തന്നെ. ലൈബ്രറിയോ, ലബോറട്ടറിയോ, കളിസ്ഥലമോ ഇല്ല. ഈ അവസ്ഥയിൽ അദ്ധ്യാപകർക്ക് എന്ത് ചെയ്യാൻ കഴിയും എന്ന് നമുക്ക് ഊഹിക്കാവുന്നതേയുള്ളു. മറ്റു സ്കൂളുകളുടെ അവസ്ഥയും ഇതിന് സമാനമാണ്. വാഴാമൂട്ടം HS ന്റെ അത്രയും രൂക്ഷമല്ല എന്നേയുള്ളു. മറ്റു സ്കൂളുകളിൽ ആവശ്യത്തിന് ക്ലാസ് മുറികൾ ലഭ്യമാകാൻ കാരണം വർഷാവർഷം സംഭവിക്കുന്ന ഡിവിഷൻ നഷ്ടമാകൽ മാത്രമാണ്. പഞ്ചായത്തിലെ ഒരു സ്കൂളിനും ആവശ്യത്തിനുള്ള ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങളില്ല. പഠനോപകരണങ്ങളില്ല. വേണ്ടത്ര മൂത്രപ്പുരകളും കക്കൂസുകളുമില്ല. അങ്ങനെ പഞ്ചായത്തിലെ സ്കൂളുകളിലെ ഭൗതികസാഹചര്യങ്ങൾ വളരെ അപര്യാപ്തമാണെന്ന് മനസ്സിലാക്കാം. വിദ്യാലയ സർവ്വെയിലെ വിവരങ്ങൾ വെളിപ്പെടുത്തുന്നത്, പഞ്ചായത്തിലെ അദ്ധ്യാപകരിൽ ഭൂരിഭാഗവും സ്ത്രീകളാണെന്നാണ്. (169-ൽ 127 പേർ) അദ്ധ്യാപകരിലധികവും ഇൻസർവീസ് ട്രെയിനിംഗിൽ സ്ഥിരമായി പങ്കെടുക്കാത്തവരാണ്.

വിദ്യാലയങ്ങളിലെ പഠനനിലവാരത്തിന്റെ ഒരു മാനദണ്ഡമായി എടുക്കാവുന്നത് SSLC വിജയമാണ്. നമ്മുടെ പഞ്ചായത്തിലെ SSLC വിജയശതമാനം 35 ശതമാനത്തിൽ താഴെയാണ്. പഞ്ചായത്തിലെ കഴിഞ്ഞ ഏതാനും വർഷത്തെ വിജയശതമാനം ചുവടെ ചേർക്കുന്നു.

SSLC വിജയശതമാനം

വർഷം	S.S.L.C വിജയശതമാനം
1992	30
1993	32
1994	35
1995	29
1996	32

പഞ്ചായത്തിലെ മൂന്ന് ഹൈസ്കൂളുകളിലെയും വിജയശതമാനം താരതമ്യേന കുറവാണ്.. വിജയിക്കുന്നവരുടെ മാർക്കും കുറവായതിനാൽ കോളേജുകളിൽ വളരെ ചെറിയൊരു വിഭാഗത്തിന് മാത്രമേ പ്രവേശനം ലഭിക്കാറുള്ളൂ. വലിയൊരു ശതമാനം വിദ്യാർത്ഥികൾ പാരലൽ കോളേജുകളെ ശരണം പ്രാപിക്കുന്നു.

ഈ വർഷത്തെ ഓണപരീക്ഷയെ അധികരിച്ച് നടത്തിയ പഠനത്തിൽ നിന്നും 35 ശതമാനത്തോളം കുട്ടികൾ പ്രതീക്ഷിത മിനിമം നിലവാരത്തിൽ താഴെയാണ്. വിദ്യാർത്ഥികളുടെ നിരക്ഷരതയും ഒരു വലിയ പ്രശ്നം തന്നെയായിരിക്കുന്നു. സാമൂഹിക സാമ്പത്തിക കാരണങ്ങളാൽ ചെറിയൊരു ശതമാനം വിദ്യാർത്ഥികൾ ഇടയ്ക്കുവച്ചു പഠനം നിർത്തുന്നുണ്ട്. 1995-96 വിദ്യാഭ്യാസ വർഷത്തിൽ കൊഴിഞ്ഞുപോയവരുടെ വിവരം പട്ടികയിൽ ചേർത്തിരിക്കുന്നു.

പഠനം നിർത്തിയവർ

SC/ST			മറ്റുള്ളവർ		
ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
3	6	9	96	180	276

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളോ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ പഞ്ചായത്തിലില്ല. ആകെയുള്ളത് രണ്ട് വൊക്കേഷനൽ ഹയർ സെക്കന്ററി സ്കൂളുകളാണ്. തിരുവനന്തപുരം നഗരത്തിലും പ്രാന്തപ്രദേശങ്ങളിലുമുള്ള കോളേജുകളിലേക്കും മറ്റ് സാങ്കേതിക സ്ഥാപനങ്ങളിലുമാണ് ഉന്നതവിദ്യാഭ്യാസത്തിന് കുട്ടികളെ അയക്കുന്നത്. നിരവധി വിദ്യാലയങ്ങളും അനേകം വിദ്യാസമ്പന്നരും നമുക്കുണ്ടെങ്കിലും പഞ്ചായത്തിലെ എല്ലാ വാർഡിനും നിരക്ഷരരായ അനേകം പേരെ കാണാൻ കഴിയും. 1990-ലെ സാക്ഷരതായജ്ഞത്തിന്റെ ആവേശം രണ്ടാംഘട്ട പ്രവർത്തനങ്ങളിൽ നിലനിർത്താൻ കഴിയാത്തത് കാരണം നവസാക്ഷരരിൽ പലരും നിരക്ഷരരായി എന്നതാണ് ദുഃസത്യം. പഞ്ചായത്തിലെ സ്ത്രീ സാക്ഷരതാ നിരക്ക് വളരെ കുറവാണ്. ഇത് തുടർസാക്ഷരതാ പ്രവർത്തനങ്ങളുടെ ആവശ്യകത എടുത്തുകാണിക്കുന്നു. ഒരോ വാർഡിലെയും സാക്ഷരതാനിലവാരം പട്ടികയിൽ കാണിച്ചിരിക്കുന്നു.

പ്രശ്നങ്ങൾ :

1. പഞ്ചായത്തിലെ ഒരേ ഒരു സർക്കാർ ഹൈസ്കൂളായ വാഴമുട്ടം H.S. സ്ഥലപരിമിതിമൂലം ബുദ്ധിമുട്ടുകയാണ്. ആവശ്യത്തിന് ക്ലാസ്മുറികളോ, മറ്റു ഭൗതിക സാഹചര്യങ്ങളോ ഇല്ല. ഇവിടെ നിലനിൽക്കുന്ന ഷിഫ്റ്റ് സമ്പ്രദായം അദ്ധ്യയനനിലവാരം തകരാൻ കാരണമായിരിക്കുന്നു.

പാച്ചല്ലൂർ LPS ലെ വാട്ടർടാങ്ക് ശുദ്ധീകരിച്ച് മേൽ അടപ്പിട്ട് ശുദ്ധജലവിതരണം ഉറപ്പാക്കുക. ഈ പ്രീപ്രൈമറി വിദ്യാഭ്യാസത്തിനായി നിർമ്മിച്ച കെട്ടിടം പണി പൂർത്തിയാക്കുവാൻ കഴിയാതെ ജീർണ്ണിച്ച അവസ്ഥയിലാണ്. ഈ കെട്ടിടം പുനരുദ്ധീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം. വയോജനവിദ്യാഭ്യാസത്തിന് അവസരം സൃഷ്ടിക്കുക. സാമ്പത്തിക പിന്നോക്കം കാരണം വിദ്യാഭ്യാസം നിറുത്തി പോകുന്നവർക്ക് ധനസഹായമോ പഠനോപകരണങ്ങളോ വിതരണം ചെയ്യുക. സ്കൂൾ കുട്ടികൾക്കുവേണ്ടി ലൈബ്രറി ഉണ്ടാക്കുക. തിരുവല്ലം പഞ്ചായത്തിലെ 9-ാം വാർഡ് വിദ്യാഭ്യാസപരമായി വളരെ പിന്നോക്കം നില്ക്കുന്നു. ഇവിടെ വിദ്യാഭ്യാസസ്ഥാപനങ്ങൾ ഒന്നുംതന്നെയില്ല. ആകെയുള്ളത് രണ്ട് അംഗൻവാടികൾ മാത്രമാണ്. അവ ചോർന്നൊലിക്കുന്നുന്ന വാടക ഷെഡ്ഡുകളിലാണ് പ്രവർത്തിക്കുന്നത്. അവിടെ കുട്ടികൾക്ക് പഠിക്കുന്നതിനോ അവരുടെ മാനസ്സിക ഉല്ലാസത്തിനോ വേണ്ടിയുള്ള ഉപാധികളൊന്നുമില്ല. പ്രാഥമിക വിദ്യാഭ്യാസം നേടുന്നതിനുപോലും കുട്ടികൾ കിലോമീറ്റർ ദൂരം വരെ യാത്ര ചെയ്യേണ്ടിവരുന്നു. അതിനാൽ ഈ വാർഡിൽ ഒരു LP സ്കൂളെങ്കിലും അനുവദിക്കേണ്ടതാണ്.

ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കിവരുന്ന വിദ്യാജ്യോതി പദ്ധതിപ്രകാരം അദ്ധ്യാപകർക്കു വേണ്ടുന്ന ട്രയിനിംഗ് നൽകുകയും വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിനുവേണ്ടിയുള്ള ഏർപ്പാടുകളുണ്ടാക്കുകയും വേണം.

സാമ്പത്തിക പിന്നോക്കം കാരണം കുട്ടികൾ സ്കൂളിൽ പോകാതെ മറ്റു ജോലികൾക്കു പോകുന്നു. ആയതിനാൽ സാക്ഷരതാപരിപാടി പുനരുദ്ധരിപ്പിക്കേണ്ടതാണ്. 9-ാം വാർഡിലെ മധ്യഭാഗമായ പാച്ചല്ലൂരിൽ ഒരു വായനശാല ഉണ്ടാക്കണം. നൂറുവർഷത്തോളം പഴക്കമുള്ള പൂങ്കുളം സ്കൂളിൽ നിന്നും അഞ്ചാം ക്ലാസ്സ് ജയിക്കുന്ന കുട്ടിക്ക് ഏതാണ്ട് അഞ്ചു കിലോമീറ്റർ ദൂരം വരെ പോയി പഠിക്കേണ്ടിവരുന്നതിനാൽ ഈ സ്കൂൾ UP സ്കൂളായി അപ്ഗ്രേഡ് ചെയ്യണം.

കോളിയൂർ 18, 19 അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം വയ്ക്കുന്നതിന് സാമ്പത്തിക സഹായം വേണം. 17-ാം നമ്പർ അംഗൻവാടി മെയിന്റനൻസ് ചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

13-ാം വാർഡിലെ കുട്ടികൾ ഇവിടെ സ്കൂളില്ലാത്തതിനാൽ തിരുവല്ലം L P S ലും നഗരങ്ങളിലുമൊക്കെയാണ് പോയി പഠിക്കുന്നത്. രണ്ടുപാലവും രണ്ടു റോഡും കടന്നുള്ള അപകടകരമായ യാത്ര ഒഴിവാക്കാൻ ഇടയാറിൽ ഒരു LP സ്കൂൾ ആരംഭിക്കണം. വേങ്കറ, ഇടയാർ എന്നിവിടങ്ങളിലെ അംഗൻവാടികൾക്ക് കൂടുതൽ കളിപ്പാട്ടങ്ങൾ

സാക്ഷരതാ നിലവാരം

വാർഡ്	ആകെ പുരുഷന്മാർ	സാക്ഷരർ	സാക്ഷരതാ നിരക്ക്	ആകെ സ്ത്രീകൾ	സാക്ഷരർ	സാക്ഷരതാ നിരക്ക്
I	1560	1314	84.23%	1604	1250	77.93%
II	1026	861	83.91%	1047	823	78.61%
III	1313	1009	76.85%	1278	859	61.21%
IV	1352	1173	86.76%	1366	1030	75.40%
V	1728	1376	79.63%	1691	1165	68.89%
VI	1438	1182	82.20%	1390	984	76.80%
VII	1769	1357	76.71%	1894	1346	71.07%
VIII	776	596	76.86%	770	460	59.74%
IX	1337	1055	78.91%	1311	925	70.56%
X	1349	1030	76.35%	1380	935	67.75%
XI	1439	1137	79.01%	1502	1051	69.97%
XII	1343	1056	78.61%	1373	963	70.14%
ആകെ	16430	13146	80%	16606	11791	71%

ആകെ ജനസംഖ്യ – 33036

പഞ്ചായത്ത് സാക്ഷരതാനിരക്ക് – 75.84%

ലഭിക്കാനും പോഷകാഹാരം നല്കുന്നതിനുമുള്ള സംവിധാനം ഉണ്ടാക്കണം.

വിദ്യാഭ്യാസനയങ്ങളിൽ മാറ്റം വരുത്തണം. പ്രാഥമിക വിദ്യാഭ്യാസത്തിന് കൂടുതൽ ശ്രദ്ധ വരുത്തണം. പുസ്തകഭാരവും പേറി പഠിക്കാൻ പോകുന്ന പ്രവണത നിരുത്സാഹപ്പെടുത്തണം. പുഞ്ചക്കരിയിൽ ഒരു നഴ്സറിസ്കൂൾ ആരംഭിക്കണം.

മൂന്നാം വാർഡിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളൊന്നുമില്ല. രണ്ട് അംഗൻവാടികളുണ്ടെങ്കിലും അടിസ്ഥാന സൗകര്യങ്ങളൊന്നുമില്ല. ഈ വാർഡിലെ കുട്ടികൾ കിലോമീറ്ററുകൾ നടന്നാണ് പഠിക്കാൻ പോകുന്നത്. ഓരോ പ്രൈമറി അപ്പർ പ്രൈമറി സ്കൂളുകൾ ആവശ്യമാണ്. പ്രീപ്രൈമറി സെക്ഷൻ കൂടി ആരംഭിക്കണം. സർക്കാർ ഉടമയിൽ കോളേജ്, BEd. ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ സ്ഥാപിക്കണം. തൊഴിലധിഷ്ഠിത കോഴ്സുകളുൾപ്പെടുത്തിയുള്ള ഇൻസ്റ്റിറ്റ്യൂട്ടും സ്ഥാപിക്കണം. നവസാക്ഷരർക്ക് തുടർവിദ്യാഭ്യാസത്തിന് ഗ്രന്ഥശാല സ്ഥാപിക്കണം.

തിരുവല്ലം LP സ്കൂളിൽ കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്താറില്ല. ആവശ്യാനുസരണം ഫർണീച്ചറുകളോ കളിസ്ഥലമോ ഇല്ല. PTA കാര്യക്ഷമമല്ല. സ്കൂളിനോടനുബന്ധിച്ച് പ്രീപ്രൈമറി തുടങ്ങാൻ നടപടി വേണം. ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും കാലാകാലങ്ങളിൽ അദ്ധ്യാ

പകരെ നിയമിക്കുകയും സമയാസമയം മെയിന്റനൻസ് നടത്തുന്നതോടൊപ്പം ക്ലാസ്സ്മുറികൾ തട്ടിവച്ച് തിരിക്കേണ്ടതും അത്യാവശ്യമാണ്. ഉച്ചക്കഞ്ഞിവിതരണത്തിൽ കൂടുതൽ ശ്രദ്ധിക്കുകയും വേണ്ടുന്ന സാമ്പത്തിക സഹായം നൽകുകയും വേണം. കുട്ടികളുടെ ശാരീരികവും മാനസികവും ബുദ്ധിപരവുമായ വികാസത്തിന് ഊന്നൽ നൽകുകയും സ്വിമ്മിംഗ് പ്രാധാന്യമുള്ള സ്ഥലമായതിനാൽ സ്വിമ്മിംഗിന് പ്രാധാന്യം കൊടുത്തുകൊണ്ട് ഒരു സ്പോർട്ട്സ് സ്കൂൾ തിരുവല്ലത്ത് ഉണ്ടാകേണ്ടതുണ്ട്.

വിദ്യാഭ്യാസം ഉള്ളവരും ഇല്ലാത്തവരുമായ പെൺകുട്ടികൾ കൂടുതലുള്ള 7-ാം വാർഡിൽ ഒരു തയ്യൽ സ്കൂൾപോലുള്ള തൊഴിലധിഷ്ഠിത സ്ഥാപനങ്ങൾ ഉണ്ടാകേണ്ടതുണ്ട്. മാടപാറവിളകോളനിയിലുള്ള 5 സെന്റു സ്ഥലം ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്. മൂന്ന് അംഗൻവാടികളുണ്ടെങ്കിലും അഭിവൃദ്ധിപ്പെട്ടിട്ടില്ല.

വിദ്യാഭ്യാസപരമായും സാംസ്ക്കാരികമായും വളരെ പിന്നോക്കം നില്ക്കുന്ന 8-ാം വാർഡിൽ സാക്ഷരതാപ്രവർത്തനവും പ്രാഥമിക പഠനകേന്ദ്രങ്ങളും ഉണ്ടാകേണ്ടതാണ്. ഒരു സാംസ്കാരികകേന്ദ്രം സ്ഥാപിച്ച് ഇവിടത്തെ ജനങ്ങളെ ബോധവൽക്കരിക്കേണ്ടതാണ്.

ആറാം വാർഡിൽ കൂടുതലായുള്ള കയർ, കരിങ്കല്ല് തൊഴിലാളികളുടെ മക്കൾക്കായി നഴ്സറി സ്കൂൾ അനുവദിക്കണം. ഈ വാർഡിലെ LP സ്കൂളിൽ ഓരോ അധ്യയനവർഷത്തിലും കുട്ടികൾ കുറഞ്ഞുവരുന്നു.

വാഴമുട്ടം HS നോട് ചേർന്ന് തൊഴിലില്ലായ്മ പരിഹരിക്കുവാൻ ഒരു ടെക്നിക്കൽ സ്കൂൾ സ്ഥാപിക്കാനുള്ള സാമ്പത്തിക സഹായവും 9-ാം പദ്ധതിയിലുൾപ്പെടുത്തണം. അംഗൻവാടിയിൽ കക്കൂസ് നിർമ്മിക്കുന്നതിനും കെട്ടിടം പുതുക്കിപണിയുന്നതിനും കളിക്കോപ്പുകൾ വാങ്ങുന്നതിനും ഉറങ്ങുന്നതിന് ഷീറ്റുകൾ ആഹാരത്തിനുള്ള പാത്രങ്ങൾ എന്നിവ വാങ്ങാനും പോഷകപരിപാടിക്കും വേണ്ട സാമ്പത്തിക സഹായം ടി പദ്ധതിയിൽ ഉൾപ്പെടുത്തണം. അംഗൻവാടികൾക്ക് സ്വന്തം കെട്ടിടം വാങ്ങാനുമുള്ള തുക വക കൊള്ളിക്കേണ്ടതാണ്.

12-ാം വാർഡിൽ ഒരു LP സ്കൂൾ മാത്രമേയുള്ളു. അതുതന്നെ ഈ സ്ഥലവുമായി വളരെ അകന്നതാണ്. നഴ്സറി സ്കൂൾ, ക്രഷ് എന്നിവ അത്യാവശ്യമാണ്. പെൺകുട്ടികളാണ് വിദ്യാഭ്യാസത്തിൽ മുന്നിൽ. പൊതുവേ വിദ്യാഭ്യാസനിലവാരം മോശമാണ്.

4-ാം വാർഡിൽ ഒരംഗൻവാടിയൊഴിച്ച് മറ്റ് വിദ്യാഭ്യാസസ്ഥാപനങ്ങളൊന്നുമില്ല. ഒരു നഴ്സറി സ്കൂളും ഒരു പ്രൈമറി സ്കൂളും സ്ഥാപിച്ചാൽ നന്നായിരിക്കും. കൂടുതലും പിന്നോക്കവിഭാഗക്കാരായതിനാൽ ബുക്കുകൾ, പേപ്പർ, ടി.വി. മുതലായവാങ്ങാൻ കഴിവില്ലാത്തതിനാൽ ഒരു വായനശാലയെങ്കിലും സ്ഥാപിക്കാൻ വേണ്ട നടപടികൾ ഉണ്ടാകണം.

സാദ്ധ്യതകൾ

1. വാഴമുട്ടം എച്ച്.എസ്സിനോടുചേർന്ന് കിടക്കുന്ന ഫിഷറീസ് വകുപ്പിന്റെ സ്ഥലം ഉപയോഗശൂന്യമായി കിടക്കുകയാണ്. ആ സ്ഥലം സ്കൂളിന് നൽകിയാൽ ആവശ്യത്തിന് ക്ലാസ് മുറികളും കളിസ്ഥലവും ഒരുക്കാൻ കഴിയും.
2. അക്കാഡമിക നിലവാരം ഉയർത്തുന്നതിനായി ലൈബ്രറി ലാബ് തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള സാമ്പത്തികസഹായം ലഭ്യമാക്കണം.
3. അദ്ധ്യാപകർക്ക് കൃത്യമായി ഇൻസർവീസ് ട്രെയിനിംഗ് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.
4. സാമ്പത്തിക കാരണങ്ങളാലാണ് അധികം കുട്ടികളും പഠനം നിർത്തുന്നത്. അതിനാൽ അത്തരം കുട്ടികൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കാനോ, പഠനോപകരണങ്ങൾ വാങ്ങി നൽകാനോ ഉള്ള ഒരു സംവിധാനമൊരുക്കണം.
5. ഓരോ ക്ലാസിലും ഏറ്റവും കൂടുതൽ മാർക്ക് നേടുന്ന കുട്ടികൾക്ക് പഞ്ചായത്തിന്റെ പേരിൽ പ്രോത്സഹന സമ്മാനം ഏർപ്പെടുത്തണം.
6. ഒരു പഞ്ചായത്ത് സ്കൂൾ എഡ്യൂക്കേഷൻ കോംപ്ലക്സ് ഉണ്ടാക്കിയാൽ ഉള്ള സൗകര്യങ്ങൾ എല്ലാ സ്കൂളുകൾക്കും ലഭ്യമാക്കാൻ സാധിക്കും. കൂടാതെ അദ്ധ്യാപകർക്ക് വിജ്ഞാനം പങ്കുവയ്ക്കാനും അവസരം ലഭിക്കും

7. സ്കൂളുകളിലെ ഇൻസ്പെക്ഷൻ സാമ്പ്രദായം പഴയരീതിയിൽ നടപ്പിലാക്കണം.

8. കുട്ടികളുടെ കലാകായിക വാസനകൾ പോഷിപ്പിക്കാൻ കേരളോത്സവം പോലെ കുട്ടികളുടെ കലാകായികമത്സരം സംഘടിപ്പിക്കണം.

9. തുടർസാക്ഷരതാ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തണം. പ്രത്യേകിച്ചും തീര പ്രദേശങ്ങളിൽ


10. സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ കൃത്യസമയത്ത് പഞ്ചായത്ത് നിർവഹിക്കണം. അല്ലെങ്കിൽ ഈ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ തക്കവിധം പി.ടി.എ. കളെ ശക്തമാക്കണം.


11. ഉച്ചക്കഞ്ഞിക്കുവേണ്ടി മാത്രം സ്കൂളിലെത്തുന്ന കുട്ടികളുടെ എണ്ണം നമ്മുടെ പഞ്ചായത്തിൽ ഒട്ടും കുറവല്ല. ഇവർക്ക് നൽകുന്ന ഉച്ചഭക്ഷണത്തിന്റെ ഗുണനിലവാരം ഉയർത്തണം. കൂടാതെ അവധി ദിവസങ്ങളിലും സ്കൂളികളിൽ കുട്ടികൾക്ക് ഭക്ഷണം ലഭ്യമാക്കാൻ ശ്രമിക്കണം.

12. പ്രൈമറി വിദ്യാലയങ്ങളിൽ കളികളിലൂടെയുള്ള അദ്ധ്യാപന സമ്പ്രദായം പ്രോത്സാഹിപ്പിക്കണം.

13. കുട്ടികളുടെ പാഠ്യേതര പ്രവർത്തനങ്ങളിലുള്ള താല്പര്യം വർദ്ധിപ്പിക്കുന്നതിന് സയൻസ് കോർണർ, മാത്സ് കോർണർ തുടങ്ങിയവ സംഘടിപ്പിക്കണം.

14. വിദ്യാർത്ഥികളിൽ ദേശസ്നേഹവും, സാമൂഹ്യബോധവും വളർത്തുന്നതിനുതകുന്ന സാഹചര്യങ്ങൾ സൃഷ്ടിക്കണം.





ആരോഗ്യം - കുടിവെള്ളം

5 - 4

ആമുഖം

തിരുവല്ലം പഞ്ചായത്തിൽ ഒരു പ്രാഥമിക ആരോഗ്യകേന്ദ്രമാണ് ഉള്ളത്. ഈ പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ കീഴിൽ 9 കുടുംബക്ഷേമ ഉപകേന്ദ്രങ്ങളും, 4 ബേസിക് ഹെൽത്ത് സെക്ഷനും ഉണ്ട്. സ്വകാര്യ ആശുപത്രികളും ധാരാളം പ്രവർത്തിക്കുന്നു.

വേണ്ടത്ര സ്ഥലസൗകര്യങ്ങളില്ലാത്ത ഒരു കെട്ടിടത്തിലാണ് തിരുവല്ലം പഞ്ചായത്തിലെ പ്രാഥമിക ആരോഗ്യകേന്ദ്രം പ്രവർത്തിക്കുന്നത്. ദിനംപ്രതി ശരാശരി 250 ഓളം രോഗികൾ ഈ ആശുപത്രിയിൽ നിന്നും ചികിത്സ നടത്തുന്നു. ഒരു ഡോക്ടർമാത്രമുള്ള ഈ ആശുപത്രിയിൽ കിടത്തി ചികിത്സിക്കുന്നതിന് സൗകര്യം ലഭ്യമല്ല. ഈ ആശുപത്രി 1971-ൽ സ്ഥാപിക്കപ്പെട്ട ഒരു സ്ഥാപനമാണ്. ഇതിനെ 8 Bed കളുള്ള ഒരു ആശുപത്രിയായി വികസിപ്പിക്കുന്നതിന് Fisheries Dept. സാമ്പത്തികസഹായം നൽകുവാൻ തയ്യാറായിരുന്നു എങ്കിലും, സ്വന്തമായി സ്ഥലം എടുത്തു കൊടുക്കുവാൻ സാധിക്കാത്തതുമൂലം കിടത്തി ചികിത്സിക്കുവാനുള്ള ആശുപത്രിയായി ഇതിനെ ഉയർത്തിക്കൊണ്ടുവരാൻ സാധിച്ചിട്ടില്ല.

9 കുടുംബക്ഷേമകേന്ദ്രങ്ങളും ഉള്ളതിൽ 3 എണ്ണത്തിന് മാത്രമേ സ്വന്തമായി കെട്ടിടമുള്ളു. അവ 1-ാം വാർഡിലും 7-ാം വാർഡിലും 11-ാം വാർഡിലുമായാണ് സ്ഥിതിചെയ്യുന്നത്. കുട്ടികൾക്കും, ഗർഭിണികൾക്കും ആവശ്യമായ പ്രാഥമിക ആരോഗ്യ സേവനങ്ങൾ ഈ കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്നു. മറ്റു കുടുംബക്ഷേമകേന്ദ്രങ്ങൾ വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സർക്കാർ വക കെട്ടിടത്തിൽ പണിയെടുക്കുന്ന ആരോഗ്യ പ്രവർത്തകർ അവിടെ താമസിച്ചാണ് രോഗികൾക്കു സേവനം നൽകേണ്ടത്. എന്നാൽ ഇപ്പോൾ നിലവിലുള്ള 3 കേന്ദ്രങ്ങൾ തന്നെ ഇടിഞ്ഞുപൊളിഞ്ഞു, കഴുക്കോലുകൾ ജീർണ്ണിച്ചു നിലംപൊത്താവുന്ന സ്ഥിതിയിലാണ്. അവ നന്നാക്കി എടുക്കുകയാണെങ്കിൽ കുഞ്ഞുങ്ങൾക്കും സ്ത്രീകൾക്കും വളരെയധികം സേവനം ഈ കേന്ദ്രങ്ങളിലൂടെ ലഭ്യമാക്കുവാൻ സാധിക്കും.

രോഗാതുരത :

വളരെയധികം പാവപ്പെട്ട ജനവിഭാഗങ്ങളുള്ള ഈ പഞ്ചായത്തിൽ സ്ഥായിയാ രോഗബാധിതരുടെ എണ്ണം ചുവടെ ചേർക്കുന്നു.

ക്ഷയരോഗികൾ	-	120
കുഷ്ഠരോഗികൾ	-	24

രക്തസമ്മർദ്ദത്തിന് ചികിത്സിക്കുന്നവർ-436

പ്രമേഹരോഗബാധിതർ	–	541
ക്യാൻസർ ബാധിതർ	–	6

കക്കൂസ് ഉപയോഗിക്കുന്നവരുടെ എണ്ണം ഈ പഞ്ചായത്തിൽ വളരെ കുറവായതിനാൽ മഴക്കാലത്തു വയറിളക്കരോഗങ്ങൾ, ഛർദ്ദി, വൈറൽ ഫീവർ (പനി) തുടങ്ങിയ രോഗങ്ങൾ വ്യാപകമായി കണ്ടുവരുന്നു. ഇവിടെയുള്ള പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ ഒരു വർഷം ഏകദേശം 25,000 ഓളമാണ്. കൂടാതെ വിവിധ സ്വകാര്യ സ്ഥാപനങ്ങളിലും അനേകായിരങ്ങൾ ചികിത്സക്കായി എത്തുന്നു.

പോഷണനിലവാരം : പോഷക ആഹാരക്കുറവ് കൊണ്ടുള്ള രോഗങ്ങൾ പോതുവേ കുറവാണ്. ഓരോ വാർഡിലും പ്രവർത്തിക്കുന്ന അംഗനവാടികളിലൂടെ കുട്ടികൾക്കു ഉച്ചഭക്ഷണം നൽകിവരുന്നു. കൂടാതെ പ്രതിരോധ കുത്തിവയ്പുകളും വിറ്റാമിൻ A സിറപ്പും വിളർച്ചയുള്ള കുട്ടികൾക്കു അയൺ, ഫോളിക് ആസിഡ് ടോണിക്കുകളും നൽകിവരുന്നു. എല്ലാ സ്കൂളുകളിലും PTA യുടെ സഹായത്തോടെ നിർദ്ദനരായ കുട്ടികൾക്കു ഉച്ചഭക്ഷണം നൽകുന്നു.

സ്ഥാപനങ്ങളും ജീവനക്കാരും പഞ്ചായത്തിൻകീഴിൽ ഗവൺമെന്റ് വകയിലുള്ള ആരോഗ്യകേന്ദ്രങ്ങൾ താഴെ പറയുന്നു.

മിനി പ്രാഥമിക ആരോഗ്യകേന്ദ്രം	–	1 2.
കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ	–	9 3.
ബേസിക് ഹെൽത്ത് സെക്ഷൻ	–	4 4.
SET സെന്റർ (കുഷ്ഠരോഗചികിത്സ കേന്ദ്രം)	–	1 5
സർക്കാർ സഹായമുള്ള വിഷചികിത്സാകേന്ദ്രം	–	1

ഇതിന് പുറമേ തീരദേശ ഗ്രാമമായ പനത്തുറ പ്രദേശത്തുള്ള ആരോഗ്യ കുടുംബക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതിന് GG Hospital ന്റെ കീഴിലുള്ള ഒരു സ്ഥാപനവും, 25ൽ കൂടുതൽ സ്വകാര്യ ആശുപത്രികളും പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു.

ഈ പഞ്ചായത്തിൽ സർക്കാർവക ആയുർവേദ ആശുപത്രിയോ, ഹോമിയോ ആശുപത്രിയോ, യൂനാനി ചികിത്സാകേന്ദ്രമോ ഇല്ല.

ആരോഗ്യരക്ഷാചിലവ്: ആരോഗ്യപ്രവർത്തനത്തിന് സഹായിക്കുന്ന സംഘടനകൾ : 1. M.S.S ആരോഗ്യരക്ഷാപ്രവർത്തനങ്ങൾക്കു പ്രാധാനമായും സഹകരിക്കുന്ന ഒരു സംഘടന M.S.S. (മഹിളാ സ്വസ്ത് സംഘ്) മാത്രമാണ്. M.S.S.ന്റെ 3 യൂണിറ്റുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഈ 3 യൂണിറ്റിലും കൂടി നിസ്വാർത്ഥ സേവകരായ 50 ഓളം വനിതകൾ പ്രവർത്തിക്കുന്നു. ഇവർ കുടുംബാസൂത്രണ മാർഗ്ഗങ്ങൾ പ്രോത്സാഹിക്കുക, കുഞ്ഞുങ്ങൾക്കുള്ള പ്രതിരോധ കുത്തിവയ്പ്പുകൾ നടത്തുന്നതിന് അമ്മമാരെ പ്രോത്സാഹിപ്പിക്കുക, കിണറുകളിൽ ക്ലോറിനേഷൻ നടത്തുക തുടങ്ങിയ പ്രവർത്തനങ്ങളിൽ ആരോഗ്യ പ്രവർത്തകരെ സഹായിക്കുന്നുണ്ട്. ഏതൊരുവിധ പ്രതിഫലവും ഒരിടത്തുനിന്നും ഇവർക്കു ലഭിക്കുന്നില്ല.

2. FEC ഫാമിലി എഡ്യൂക്കേഷൻ സെന്റർ എന്ന വിഭാഗത്തിലും 150-ഓളം വനിതകൾ തീരപ്രദേശങ്ങളിൽ പ്രവർത്തിക്കുന്നു. ഇവർക്കും പ്രതിഫലം ഒന്നുതന്നെ ലഭിക്കുന്നില്ല.

Rotary Club, Lions Club പോലുള്ള സംഘടനകളൊന്നും തന്നെ ഈ പഞ്ചായത്തിൽ ആരോഗ്യരക്ഷ പ്രവർത്തനങ്ങൾക്കു സഹായിക്കുന്നില്ല. മറ്റു സാമൂഹ്യ സാംസ്കാരിക സ്ഥാപനങ്ങൾ ഒന്നും തന്നെ ആരോഗ്യരക്ഷാപ്രവർത്തനങ്ങൾക്കാവശ്യമായ സഹായം നൽകുന്നില്ല.

കുടിവെള്ളം : പൊതുവേ ചരിഞ്ഞ ഭൂപ്രകൃതിയാണ് ഈ പഞ്ചായത്തിനുള്ളത്. മല

മ്പ്രദേശം, സമതലം, തീരപ്രദേശം എന്നിങ്ങനെ 3 ആയി ഭൂപ്രകൃതിയെ വേർതിരിക്കാം. സമതലപ്രദേശം ഒഴിച്ചാൽ മറ്റു പ്രദേശങ്ങളിലൊക്കെ രൂക്ഷമായ കുടിവെള്ള ക്ഷാമം ആണ് അനുഭവപ്പെടുന്നത്. കരമനയാർ, കിള്ളിയാർ, പാർവ്വതിപുത്തനാർ എന്നീ 3 നദികൾ ഈ പഞ്ചായത്തിലൂടെ ഒഴുകി പനത്തുറ ഗ്രാമത്തിന് സമീപം വച്ച് സമുദ്രവുമായി ചേരുന്നു.

തീരപ്രദേശത്തു ജലം സുലഭമാണെങ്കിലും കുടിക്കുവാനുള്ള ജലത്തിന് വളരെ ക്ഷാമം ആണ് അനുഭവപ്പെടുന്നത്. ചതുപ്പും, ഓരും നിറഞ്ഞ ഈ പ്രദേശത്ത് കിണറു കുഴിച്ചാൽ ശുദ്ധജലം ലഭിക്കുകയില്ല. ഒന്നു ഇടവിട്ടുള്ള ദിവസങ്ങളിൽ കുറച്ചു സമയം ലഭിക്കുന്ന പൈപ്പ് വെള്ളമാണ് ഏക ആശ്രയം. സമതല പ്രദേശങ്ങളിൽ വേനൽക്കാലത്തു ഒഴികെ ജലക്ഷാമം അനുഭവപ്പടാറില്ല. മലമ്പ്രദേശത്ത് രൂക്ഷമായ ജലക്ഷാമമാണ് അനുഭവപ്പെടുന്നത്. പ്രധാന ജലസ്രോതസ്സ് കിണറുകളാണ്. വേനൽക്കാലത്തു കിണറുകൾ വറ്റിപ്പോകും. ഈ പ്രദേശത്തു കിണറുകൾ കുഴിക്കുന്നതിന് വളരെ ചിലവ് ആണ് അനുഭവപ്പെടുന്നത്.

കുളങ്ങളും തോടുകളും ഈ പഞ്ചായത്തിൽ വളരെ കുറവാണ്. നെല്ലിയോട്, കുന്നുംപാറ, ഐര തുടങ്ങിയ സ്ഥലങ്ങളിൽ ശുദ്ധജല സ്രോതസ്സുകൾ ഉണ്ടെങ്കിലും അവ ശരിയായ രീതിയിൽ ഉപയോഗപ്പെടുത്തുന്നില്ല.

കുടിവെള്ള സ്രോതസ്സുകൾ :

K.W.A. യുടെ കീഴിലുള്ള 3 ശുദ്ധജല വിതരണ കേന്ദ്രങ്ങൾ ഉണ്ട്. 1. K.W.A വണ്ടിത്തടം, പാച്ചല്ലൂർ, കുമിളി, തിരുവല്ലം എന്നിവയാണ്. K.W.A. വണ്ടിത്തടത്തുനിന്നും വിതരണം ചെയ്യുന്ന ജലം ശരിയായ രീതിയിൽ ശുദ്ധീകരിക്കാതെയാണ് പൊതുജനങ്ങൾക്കു വിതരണം ചെയ്യുന്നത്. ഇവിടെനിന്നും ഒഴുക്കിവിടുന്ന മനിലജലം പുഴയിലേക്കോ, സമുദ്രത്തിലേക്കോ ഒഴുക്കിവിടുന്നതിന് ഡ്രെയിനേജ് സൗകര്യം ഒന്നുംതന്നെ ഇല്ല. മിക്കവാറും മലിനജലം റോഡിലേക്കു ഒഴുക്കിവിട്ടു പൊതുജനങ്ങൾക്കു വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്.

നല്ല തെളിനീർ ലഭിക്കുന്ന കുമിളിയിലെ പൈപ്പ് വെള്ളമാത്രമാണ് കുടിക്കുവാൻ യോഗ്യമായിട്ടുള്ളത്. ഇവിടത്തെ കിണർ മണ്ണ് മൂടി കിടക്കുന്നതിനാൽ ശേഷിക്കു അനുസരിച്ചുള്ള ശുദ്ധജലം ഇവിടെനിന്നും വിതരണം ചെയ്യപ്പെടുന്നില്ല. ആയതിനാൽ വല്ലപ്പോഴും മാത്രമാണ് ഈ ജലം ലഭിക്കുന്നത്.

തിരുവല്ലത്തുള്ള ശുദ്ധജലവിതരണ കേന്ദ്രത്തിൽ അരുവിക്കരയിൽ നിന്നുമുള്ള ജലമാണ് കൊണ്ടുവരുന്നത്. ഈ ജലം കോവളം Tourist കേന്ദ്രത്തിന്റെ ആവശ്യത്തിലേക്കാണ് കൂടുതലും ഉപയോഗപ്പെടുത്തുന്നത്.

നെല്ലിയോട്, ഐര, കുന്നുംപാറ, വാഴമുട്ടം എന്നീ സ്ഥലങ്ങളിൽ ശുദ്ധജല ഉറവകൾ ഉണ്ട്. ഇവിടെ ചെറുകിട ജലസംഭരണികൾ സ്ഥാപിച്ചാൽ അതിന് ചുറ്റുപാടുമുള്ള പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കുവാൻ സാധിക്കും.

രൂക്ഷമായ കുടിവെള്ള ക്ഷാം അനുഭവപ്പെടുന്ന സ്ഥലങ്ങൾ താഴെ ചേർക്കുന്നു. 2-ാം വാർഡിൽ കിരങ്കടമുകൾ, മുട്ടളക്കുഴിമേലെ, കാഞ്ഞിരവിള 3-ാം വാർഡിൽ തിനവിള 5-ാം വാർഡിലെ മുടുമ്പിൽ മുതൽ തുമ്പറമ്പിലവരെ 6-ാം വാർഡിലെ കുന്നുംപ്രദേശം 7-ാം വാർഡിലെ വട്ടപ്പാറ, വടക്കേവിള ലക്ഷംവീട് കോളനി, 8-ാം വാർഡിൽ തീരപ്രദേശം മൊത്തം 9-ാം വാർഡിൽ പണ്ടാരവിളമേലെ, നെടിയവിളാകം, നാഗമലപ്പൊറ്റ, 10-ാം വാർഡിൽ കുന്നുംപാറ, ചെമ്പൻവിള, താന്നിനിന്നവിള, പഴവിള ഫിഷർമാൻ കോളനി,11-ാം വാർഡിൽ കോളിയൂർ ചാനൽ വരമ്പ് മുതൽ താന്നിനിന്ന വിളവരെ, കോളിയൂർമുതൽ ദർഭവിളകോളിയൂർ നിരപ്പിൽ കോളനിപ്രദേശംവരെ.

വിസർജ്യനിർമ്മാർജന സൗകര്യങ്ങൾ :

ആകെ ജനസംഖ്യയുടെ 50% പേർക്കും കക്കൂസ് ലഭ്യമല്ല. നിർദ്ദനരായ ആളുകൾക്കു കക്കൂസ് നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകണം.

മാലിന്യങ്ങൾ :

ഡ്രെയിനേജ് സൗകര്യം വളരെ പരിമിതമാണ്. ഇതുമൂലം പല സ്ഥലത്തും മലിനജലം കെട്ടിനിന്നു കൊതുകുശല്യം വളരെയധികം ഉണ്ടാകുന്നു. പൊതുമാർക്കറ്റുകളിലുള്ള അവശിഷ്ടങ്ങൾ സംസ്ക്കരിക്കുന്നതിന് സൗകര്യം ഇല്ല. ഈച്ചയുടെയും മറ്റു കീടങ്ങളുടെയും വർദ്ധനവിന് ഇത് സഹായകരമാകുന്നു. ഭക്ഷണശാലകളിലെ മാലിന്യങ്ങൾ, അറവുശാലകളിലെ അവശിഷ്ടങ്ങൾ എന്നിവ റോഡിന്റെ വശങ്ങളിൽ നിക്ഷേപിക്കുന്നതുമൂലം ദുർഗന്ധവും ഈച്ച, കൊതുക് എന്നിവയുടെ വർദ്ധനവിനും വഴിതെളിക്കുന്നു.

വ്യവസായ ശാലകൾ വളരെ കുറവാണ്. ഇതുമൂലം വ്യാവസായിക മലിനീകരണം വളരെ കുറവാണ്. എന്നാൽ തീരപ്രദേശങ്ങളിൽ തൊണ്ട് അഴുക്കുന്നിതിന് ഉപയോഗിക്കുന്ന മലിനജലം കെട്ടിനിൽക്കുന്നത് ത്വക് രോഗങ്ങൾക്കും, കൊതുകുശല്യത്തിനും വഴിതെളിക്കുന്നു.

പ്രശ്നങ്ങൾ :

ഒന്നാം വാർഡിൽ പൊതുജനാരോഗ്യ കേന്ദ്രങ്ങളും ഒന്നുംതന്നെയില്ല. 3 സ്വകാര്യ ആശുപത്രികളാണ് ഉള്ളത്. സാധാരണ ജനങ്ങൾക്കു സ്വകാര്യ ആശുപത്രിയിൽ പോയി ചികിത്സ ചെയ്യുന്നതിനുള്ള സാമ്പത്തികശേഷി കുറവാണ്. ആയതിനാൽ ഒരു ഗവൺമെന്റ് ആയുർവേദ ആശുപത്രിയോ ഹോമിയോ ആശുപത്രിയോ സ്ഥാപിക്കേണ്ടതുണ്ട്.

ഒരു പൊതുശ്മശാനവും ഒരു പബ്ലിക് ടോയ്ലെറ്റും ആവശ്യമുണ്ട്. ഓടകൾ മലീമസമാണ്. അവ കാലാകാലങ്ങളിൽ മണ്ണ് കോരി വൃത്തിയാക്കുന്നില്ല. അവ വൃത്തിയാക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം.

മേനിലത്ത് ഒരു കുടുംബക്ഷേമകേന്ദ്രം പ്രവർത്തിക്കുന്നു. അത് ഇപ്പോൾ ചുമരുകൾ പിളർന്നും, കഴുക്കോലുകൾ (ഉത്തരങ്ങൾ) ദ്രവിച്ചും ഏതുനേരത്തും നിലംപൊത്താവുന്ന അവസ്ഥയിലാണ്. ആയതിനാൽ ഇപ്പോൾ ആരോഗ്യവകുപ്പിന്റെ സേവനം ഒരു വാടക കെട്ടിടത്തിലാണ് നടക്കുന്നത്. പൊതുജനങ്ങൾക്കു കൂടുതൽ ഉപകാരപ്രഥമായ രീതിയിൽ സേവനം ലഭിക്കുന്നതിന് ഈ കെട്ടിടം പൊളിച്ചു നന്നാക്കേണ്ടതാണ്.

വളരെ ജലക്ഷാം അനുഭവപ്പെടുന്നു. കൂടുതൽ വെള്ളം ശുദ്ധീകരിച്ചു പമ്പ് ചെയ്യുന്നിതിനുള്ള നടപടികൾ ഉണ്ടാകണം. നിർദ്ദനരായ ആളുകൾക്കു കക്കൂസ് നിർമ്മിച്ചു കൊടുക്കുകയോ അതിനുള്ള സാമ്പത്തിക സഹായം ചെയ്തുകൊടുക്കുകയോ ചെയ്യണം.

തിരുവല്ലം പഞ്ചായത്തിലെ പ്രാഥമിക ആരോഗ്യകേന്ദ്രം 2–ാം വാർഡിലാണ് സ്ഥിതിചെയ്യുന്നത്. വളരെ രോഗികൾ വരുന്ന ഈ ആശുപത്രിയിൽ സൗകര്യങ്ങൾ വളരെ പരിമിതമാണ്. രോഗികൾക്കു വിശ്രമിക്കുന്നതിനും, പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനോ ഉള്ള സൗകര്യങ്ങളും സ്ഥലസൗകര്യങ്ങളും വളരെ കുറവാണ്. ആയതിനാൽ കൂടുതൽ സ്ഥലസൗകര്യമുള്ള ആശുപത്രി നിർമ്മിക്കുന്നതിനും, കിടത്തി ചികിത്സിക്കുന്നതിനും ഉള്ള സൗകര്യം ഉണ്ടാക്കുന്നതിനും ഉള്ള നടപടികൾ ഉണ്ടാകണം.

ചപ്പുചവറുകൾ നിക്ഷേപിക്കുന്നതിന് Dust Bin സ്ഥാപിക്കുകയും മാലിന്യങ്ങൾ നശിപ്പിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കുകയും വേണം. നിലവിലുള്ള ശുദ്ധജലവിതരണപദ്ധതികളുടെ Tank–കൾ ആഴ്ചതോറും ശുദ്ധീകരിച്ചു ജലം പമ്പ് ചെയ്തു പൊതുജനാരോഗ്യം സംരക്ഷിക്കണം.

AIDS ബോധവല്ക്കരണം അടിയന്തിര മായി നടപ്പിലാക്കണം. തിരുവല്ലം പോലീസ് സ്റ്റേഷനു സമീപം കരിങ്കടമുകൾ, മുട്ടളക്കുഴി മേലെ, കാഞ്ഞിരവിള മേനിലം, പുഞ്ചക്കരി എന്നീ സ്ഥലങ്ങളിൽ ശുദ്ധജലത്തിന് വളരെ ബുദ്ധിമു ട്ടാണനുഭവപ്പെടുന്നത്. ആയതിനാൽ Pipeline പോയിട്ടുള്ള സ്ഥലങ്ങൾ Tapകൾ സ്ഥാപിക്കു കയും Pipe line ഇല്ലാത്ത സ്ഥലങ്ങളിൽ അടിയ ന്തിരമായി Pipe line ഇട്ടും, Tapകൾ സ്ഥാപിക്കു കയും വേണം.

നാലാം വാർഡിൽ ഒരു Public Market ഉണ്ട്. ഈ മാർക്കറ്റിൽ നിന്നും വരുന്ന മലിനജ ലവും, ചായക്കടകളിൽ നിന്നും, വീടുകളിൽ നിന്നും ഒഴുക്കിവിടുന്ന മലിനജലവും പാച്ചല്ലൂർ, കുളത്തുങ്കര ക്ഷേത്ര ഇടവഴിയിലാണ് വന്നുചേ രുന്നത്. ഈ മാലിന്യങ്ങൾ റോഡിലേക്കു ഒഴിക്കി വിടുന്നത് തടയുന്നതിനുള്ള നടപടിയുണ്ടാകണം.

മഴക്കാലത്തു പാച്ചല്ലൂർ, വണ്ടിത്തടം ഭാഗത്തുള്ള മലിനജലം മുഴുവനും ഈ വാർഡിലെ നാലാംകൽ കുമിളി ഇടവഴിയിലൂടെ യാണ് വരുന്നത്. ഇതുമൂലം സമീപവാസികൾക്കു വളരെ ബുദ്ധിമുട്ടു അനുഭവപ്പെടുന്നു. ഇതു പരി ഹരിക്കുന്നതിന് പാച്ചല്ലൂർ, വണ്ടിത്തടം റോഡി ലൂടെ വരുന്ന ജലം; ഡ്രെയിനേജ് സൗകര്യം വിപു ലപ്പെടുത്തി, തിരുവല്ലം ആറ്റിലേക്കു ഒഴുക്കിവുന്ന തിനുള്ള ഏർപ്പാടുകൾ ഉണ്ടാക്കണം.

പാച്ചല്ലൂർ കുമിളി Water Scheme വിപു ലപ്പെടുത്തണം. ഇവിടെ ശുദ്ധജലവിതരണം നട ത്തുന്ന നിലവിലുള്ള കിണർ വർഷങ്ങളായി മണ്ണ് അടിഞ്ഞുകിടക്കുകയാണ്. ഈ മണൽ യുദ്ധകാ ലാടിസ്ഥാനത്തിൽ വാരിമാറ്റുക. മാറ്റിയാൽ ഇപ്പോൾ നിലവിൽ പമ്പ് ചെയ്യുന്ന സമയം ഒരു ഇരട്ടികൂടി വർദ്ധിപ്പിക്കാൻ കഴിയും.

വെള്ളായണി കായലിൽ നിന്നും പമ്പ് ചെയ്തു വണ്ടിത്തടം ശുദ്ധജലവിതരണ കേന്ദ്ര ത്തിൽ കൊണ്ട് വന്ന് ബ്ലീച്ചിംഗ് പൗഡർ കലക്കി ജനങ്ങൾക്കു വിതരണം ചെയ്യുന്ന ജലവിതരണ പദ്ധതി തിരുവനന്തപുരം P.T.P. നഗറിൽ ചെയ്യുന്ന മാതിരിയുള്ള ഒരു സ്കീമാക്കി മാറ്റണം. ഇവിടെ കൂടുതൽ സ്ഥലം പൊന്നുംവി ലക്കു എടുത്തു പുതിയ 3-4 ടാങ്കുകൾ കൂടി സ്ഥാപിക്കണം.

തീരദേശവുമായി ബന്ധപ്പെട്ടുകിട ക്കുന്ന ഒരു ഭൂപ്രദേശമാണ് അഞ്ചാംവാർഡ് പര മ്പരാഗത കയർ വ്യവസായത്തിലേർപ്പെട്ടിരിക്കു ന്നവരാണ് ഇവിടെയുള്ളവർ. ഈ വ്യവസായ ത്തിലെ മാലിന്യം കലർന്ന അസംസ്കൃത പദാർത്ഥങ്ങളുമായി നിരന്തരം ജനങ്ങൾ ബന്ധ പ്പെടുന്നതുകൊണ്ട് പലതരം ത്വക് രോഗങ്ങളും ആസ്മ, വയറിളക്കം, ഛർദ്ദി തുടങ്ങിയ അസു ഖങ്ങളും ഇവിടെ നിരന്തരം ഉണ്ടായിക്കൊണ്ടി രിക്കുന്നു. ആയതിനാൽ ഈ വാർഡിൽ ഒരു ഗവൺമെന്റ് ആശുപത്രി, കിടക്കകൾ ഉൾപ്പെടെ അനുവദിക്കണം. വെള്ളക്കെട്ടുള്ള പ്രദേശമാക യാൽ കൊതുകുശല്യം വളരെ കൂടുതലാണ്. കൊതുകുനിവാരണത്തിന് ആവശ്യമായ നടപ ടികൾ ഉണ്ടാകണം. നിർദ്ധനരായ ആളുകൾക്ക് കക്കൂസ് നിർമ്മിച്ചുകൊടുക്കണം.

ചെളിയും, ചതുപ്പും നിറഞ്ഞ ഈ പ്രദേശത്തു കിണറുകുഴിച്ചാൽ ശുദ്ധജലം ലഭി ക്കുകയില്ല. 40% ആളുകൾക്കും ശുദ്ധജലം ലഭി ക്കാത്ത ഒരു അവസ്ഥയാണിവിടെയുള്ളത്. ആയതിനാൽ കൂടുതൽ Pipe കൾ ഇട്ടു പൊതു Tapകൾ സ്ഥാപിക്കുന്നതിന് നടപടിയുണ്ടാ കണം.

ധാരാളം പാറതൊഴിലാളികളും, ചകിരി കയർ വ്യവസായ തൊഴിലാളികളും തിങ്ങി പ്പാർക്കുന്ന നെടുമം വാർഡിൽ ഒരു പൊതുജ നാരോഗ്യ കേന്ദ്രം ഇല്ല. ചികിത്സക്കു 4 കി.മീ. ദൂരെ സ്ഥിചെയ്യുന്ന തിരുവല്ലം പ്രാഥമിക ആരോ ഗ്യകേന്ദ്രത്തിലോ വിഴിഞ്ഞം C.H.C. യിലോ പോകേണ്ടിവരുന്നു. സ്വകാര്യ ആശുപത്രിയിൽ പോയി ചികിത്സിക്കുവാൻ ഇവിടെയുള്ള ഭൂരി ഭാഗം പേരും നിർദ്ധനരാണ്. ആയതിനാൽ

ഇവിടെ ഒരു അലോപ്പതി ആശുപത്രിയോ ഹോമിയോ ആശുപത്രിയോ ആയുർവ്വേദ ആശുപത്രിയോ സ്ഥാപിക്കണം.

അലഞ്ഞുതിരിഞ്ഞു നടക്കുന്ന പട്ടികളുടെ ശല്യം കുറയ്ക്കുന്നതിനുള്ള നടപടികളുണ്ടാവണം. കൊതുകുശല്യം കുറയ്ക്കുന്നതിന് നടപടിയുണ്ടാകണം.

തെക്കേവിള (വട്ടപ്പാറ ഭാഗത്തു കുടിവെള്ളം ലഭ്യമാക്കണം. വടക്കേവിള ഹരിജൻ മേഖലയിൽ കുടിവെള്ളം എത്തിക്കുന്നതിന് നടപടിയുണ്ടാകണം. നെടുമം, മാവുനിന്നവിള വരെ കുടിവെള്ള ലഭ്യമാക്കണം. കോവളം ാറൽ നിന്നും കീഴെപാറവിള വരെ കുടിവെള്ളം എത്തിക്കണം. മാടപാറവിള കോളനിയിൽ കുടിവെള്ളം എത്തിക്കണം. നെടുമം ഭാഗത്തു ഒരു കുളം ഉണ്ട്. അവിടെ നിന്നും എല്ലാക്കാലത്തും സുലഭമായി ജലം ലഭിക്കും. ഇവിടെ ഒരു Water scheme ആരംഭിച്ചാൽ ഈ പ്രദേശത്തുള്ളവർക്കു മുഴുവനും കുടിവെള്ളം ലഭിക്കും.

നാലുവശവും വെള്ളത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന ഒരു പ്രദേശമാണ് പനത്തുറ. സാംക്രമികരോഗങ്ങൾ ഇവിടെ നിരന്തരം ഉണ്ടായിക്കൊണ്ടിരിക്കുന്നു. മത്സ്യതൊഴിലാളികളും, കയർ തൊഴിലാളികളുമാണ് ഈ പ്രദേശത്തു അധിവസിക്കുന്നത്. അസുഖങ്ങൾ വന്നാൽ ഏക ആശ്രയം തിരുവല്ലം P.H.C. യാണ്. ഈ സ്ഥാപനം ഏകദേശം 5 കി.മീ. അകലെയാണ് സ്ഥിതിചെയ്യുന്നത്. വെള്ളക്കെട്ടുകടന്ന് ഇവിടെ രോഗികൾക്കു വന്നു എത്തുക വളരെ ദുഷ്ക്കരമാണ്. വാഹന സൗകര്യങ്ങളില്ല. ആയതിനാൽ ഏതെങ്കിലും ഒരു ഗവൺമെന്റ് ആശുപത്രി ഈ പ്രദേശത്ത് സ്ഥാപിക്കണം.

തീരപ്രദേശമായ ഈ വാർഡിൽ കിണർ കുഴിച്ചാൽ ശുദ്ധജലം ലഭിക്കുകയില്ല. ഉപ്പുവെള്ളം മാത്രമാണ് ലഭിക്കുന്നത്. ശുദ്ധജലത്തിന് മറുകരയെയാണ് ഇവിടത്തുകാർ ആശ്രയിക്കുന്നത്. ഏകദേശം 60% ആളുകൾക്കും ശുദ്ധജലം ലഭിക്കാതെ കഷ്ടപ്പെടുകയാണ്. ആയതനാൽ ഈ പ്രദേശത്തു ഒരു മിനി പ്രോജക്ട് സ്ഥാപിച്ചുവെള്ളം സംഭരിച്ചു വിതരണം ചെയ്യുന്നതിന് നടപടിയുണ്ടാകണം.

നിർദ്ദനരായ കർഷകതൊഴിലാളികളും കരിങ്കൽ തൊഴിലാളികളും അധിവസിക്കുന്ന ഒരു പ്രദേശമാണ് പൂങ്കുളം. ഈ പ്രദേശത്ത് സർക്കാർ ആശുപത്രികൾ ഒന്നുംതന്നെയില്ല. സ്വകാര്യ ആശുപത്രികൾ ഉണ്ടെങ്കിലും , അവിടെയപോയി ചികിത്സ നടത്തുന്നതിന് ജനങ്ങളുടെ സാമ്പത്തികശേഷി അനുവദിക്കുന്നില്ല. ആയതിനാൽ ഒരു ആയുർവേദ ആശുപത്രിയോ ഹോമിയോ ആശുപത്രിയോ ഗവൺമെന്റ് തലത്തിലോ സഹകരണമേഖലയിലോ സ്ഥാപിക്കുന്നതിന് നടപടിയുണ്ടാകണം.

ഉയർന്ന പ്രദേശമായതിനാൽ കുടിവെള്ള ക്ഷാമം വളരെ രൂക്ഷമായി അനുഭവപ്പെടുന്നു. ശുദ്ധജലം ലഭിക്കുന്നതിന് ഇവിടെയുള്ളവർ വളരെ കഷ്ടപ്പെടുന്നു. ഇവിടെ K.W.A. യുടെ ഒരു പമ്പിംഗ് സ്റ്റേഷനുണ്ട്. ഈ സ്റ്റേഷനിൽ നിന്നും ഫിൽറ്ററേഷനോ, അടിയിയ്ക്കലോ കൂടാതെ വെള്ളായണി കായലിൽ നിന്നും ജലം നേരിട്ടു അടിച്ചുകയറ്റി പമ്പു ചെയ്യുകയാണ് ചെയ്യുന്നത്. ഈ ജലം ജനങ്ങളുടെ ആരോഗ്യത്തിന് ഭീഷണിയാണ്. ഈ ജലം ഉപയോഗിക്കുന്നതുമൂലം ത്വക്ക് രോഗങ്ങളും, വയറിളക്കരോഗങ്ങളും നേത്രരോഗങ്ങളും ഉണ്ടാകുന്നു. ആയതിനാൽ ഇവിടെനിന്നും വിതരണം ചെയ്യുന്ന ജലം ആലം ഇട്ടു സെഡിമെന്റേഷ് നടത്തുന്നതിന് പുതിയ ടാങ്കുകൾ നിർമ്മിക്കുന്നതിനുള്ള അടിയന്തിര ഏർപ്പാടുണ്ടാക്കണം.

വെള്ളായണി കായലിൽ നിന്നും കുടിക്കുവാൻ Supply ചെയ്യുന്ന ജലത്തിൽ അറവുശാലകളിൽ നിന്നുള്ള അവശിഷ്ടങ്ങൾ നിക്ഷേപിക്കുന്നതായി കണ്ടുവരുന്നു. ഇത് തടയുന്നതിന് കർശനനടപടിയുണ്ടാകണം.

K.W.A. വണ്ടിത്തടം ടാങ്കിൽ നിന്നും മലിനജലം തുറന്ന് വിടുന്നത് റോഡിലേക്കാണ്. ദുർഗന്ധപൂരിതമായ ഈ ജലം റോഡിലേക്കു ഒഴുക്കി വിടുന്നതുകൊണ്ട് വഴിനടക്കുന്നതിനുപോലും സാധിക്കുന്നില്ല. ആയതിനാൽ ഈ ജലം കടലിലേക്കു ഒഴുക്കിവിടുന്നതിന് വേണ്ടിയുള്ള ഡ്രെയിനേജ് സൗകര്യം സ്ഥാപിക്കണം.

Drought stricken scheme അനുസരിച്ചു ഈ വാർഡിൽ 3 കിണറുകൾ കുഴിച്ചിട്ടുണ്ട്. അവ മണ്ണ് മൂടി ഉപയോഗശൂന്യമായി കിടക്കുകയാണ്. ഈ കിണറുകൾ ശുദ്ധീകരിക്കുന്നതിന് പഞ്ചായത്തുതലത്തിലൊ, പൊതുജനസഹകരണത്തിലൊ ഏർപ്പാടുകൾ ഉണ്ടാക്കണം.

പണ്ടാരവിള മേലെ ഭാഗത്തു 30-ഓളം നിർദ്ദനരായ കുടുംബങ്ങൾ വസിക്കുന്നു. അവർക്കു കുടിവെള്ളത്തിന് ഇന്നിതുവരെ ഏതൊരു ഏർപ്പാടും ഉണ്ടായിട്ടില്ല. ജലത്തിനായി ഇവിടുള്ളവർ അടിവാരത്തുള്ള Pipe നെയാണ് ആശ്രയിക്കുന്നത്. ആയതിനാൽ ഇവിടെ ശുദ്ധജലവിതരണം നടത്തുന്നതിന് tapകൾ സ്ഥാപിക്കണം.

നെടിയവിളാകം ഭാഗത്തു 25-ഓളം കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന ഭാഗത്തു ഒരു Public tap സ്ഥാപിക്കണം. ഇവിടെയുള്ള 2/3 വിഭാഗം വീടുകളിലും കക്കൂസ് ഇല്ല. അതിനാൽ നിർദ്ദനരായ ആളുകൾക്കു കക്കൂസുകൾ നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകണം.

കുന്നുംപ്രദേശത്ത് ഇപ്പോൾ നിലവിലുള്ള K.W.A. വണ്ടിത്തടം വാട്ടർ സ്കീമിൽ നിന്നുള്ള ജലമാണ് ലഭിക്കുന്നത്. ശുദ്ധീകരിക്കാതെ ലഭിക്കുന്ന ഈ വെള്ളം കുടിച്ചാൽ മാറാരോഗങ്ങൾ പിടിപെടുന്നു. ആയതിനാൽ ജലം ശുദ്ധീകരിച്ചു ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം.

പാറവിളയിലും, ഐരയിലും എല്ലാകാലത്തും ജലം ലഭിക്കുന്ന രണ്ട് ഉറവകൾ ഉണ്ട്. ഈ ഉറവയിൽ ടാങ്ക് നിർമ്മിക്കുകയാണെങ്കിൽ ഇവിടത്തുകാർക്കു കുടിക്കുന്നതിനുള്ള വെള്ളം ലഭിക്കും. ക്ലോറിനേഷൻ മാത്രം നടത്തി നേരിട്ടു വിതരണം ചെയ്യാവുന്ന ഉറവകളാണിത്. കുന്നും പാറ ചെമ്പൻവിള താന്നിനിന്നവിള, പഴവിള നെടുംപാറ, പൊറ്റവിള, കുന്നുംവിള, പാണതിട്ട, ഐരയിൽ കോളനി എന്നിവിടങ്ങളിൽ ശുദ്ധജലം ലഭ്യമാക്കുന്നതിന് ഉള്ള നടപടിയുണ്ടാകണം.

1966-ൽ കോളിയൂർ സൊസൈറ്റിയ്ക്കു സമീപം 15 സെന്റ് സ്ഥലം ഹെൽത്ത് ഡിപ്പാർട്ടുമെന്റിന് സൗജന്യമായി നൽകിയതിന്റെ ഫലമായി ഗർഭിണികളേയും കുട്ടികളെയും പരിശോധിക്കുന്നതിനുവേണ്ടി ഒരു കെട്ടിടം പണിയുകയുണ്ടായി. അതിന്റെ ഒരു ഭാഗം 15 വർഷം മുമ്പേ നശിച്ചുപോയി ബാക്കിഭാഗം കഴുക്കോലുകൾ ദ്രവിച്ചും, ഓടുകൾ പൊട്ടിയും, ചുവരുകൾ പിളർന്നും ഏതുനേരവും നിലംപതിക്കാം എന്ന അവസ്ഥയിലാണ്. 7-10- 11 വാർഡുകളിലെ അമ്മമാർക്കും, കുട്ടികൾക്കും ഏക ആശ്രയമാണ് ഈ ഫാമിലി വെൽഫയർ സെന്റർ. ആയതിനാൽ ഈ സ്ഥാപനം പുതുക്കി പണിയണം.

കോളിയൂർ പ്രദേശത്ത് ഒരു ഹോമിയോ ആശുപത്രി സ്ഥാപിക്കണം. കോളിയൂർ വാർഡിന്റെ ഒരു പ്രദേശം കീഴൂർ സെറ്റിൽമെന്റ് കോളനി, വള്ളിക്കണ്ടം പ്രദേശം എന്നീ സ്ഥലങ്ങളിൽ സാനിട്ടേഷൻ സൗകര്യം വർദ്ധിപ്പിക്കുന്നതിന് നടപടിയുണ്ടാകണം.

നെല്ലിയോട് പ്രദേശത്ത് പൊതുജനാരോഗ്യ കേന്ദ്രങ്ങളില്ല. നിർദ്ദനരായ ആളുകൾ വസിക്കുന്ന ഈ പ്രദേശത്ത് ഒരു ആശുപത്രി ആവശ്യമാണ്. ഇപ്പോൾ 1-ാം വാർഡിൽ ഉപയോഗശൂന്യമായി കിടക്കുന്ന ഫാമിലി വെൽഫയർ സെന്റർ അറ്റകുറ്റപ്പണി നടത്തി എടുത്താൽ ഈ പ്രദേശത്തിലുള്ളവർക്കും പ്രയോജനപ്പെടും.

കുന്നുംപ്രദേശമായതിനാൽ നെല്ലിയോടുഭാഗത്ത് രൂക്ഷമായ കുടിവെള്ളക്ഷാം അനുഭവപ്പെടുന്നു. മേലെ നെല്ലിയോടും (ആഴാകോണം) ഇലങ്കത്തറകുന്ന് എന്നിവിടങ്ങളിൽ കുഴൽകിണറുകൾ സ്ഥാപിക്കണം. ആഴകോണം പഞ്ചായത്ത് കുളത്തിൽപമ്പ് ചെയ്തു കയറ്റി അവിടെനിന്നും വിതരണം ചെയ്താൽ ഈ പ്രദേശത്തുള്ള കുടിവെള്ളക്ഷാം പരിഹരിക്കുവാൻ സാധിക്കും.

നെല്ലിയോട് ക്ഷേത്രത്തിന് സമീപമുള്ള ഊറ്റിൽ നിന്നുമുള്ള ജലം സംഭരിച്ചു ടാങ്ക് കെട്ടി വിതരണം ചെയ്താൽ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ സാധിക്കും വെള്ളായണി കായലിലെ വെള്ളകായൽ തീരത്തുവച്ചുതന്നെ ശുദ്ധീകരിച്ചു ജഡ്ജിക്കുന്നിന് മുകളിൽ ടാങ്ക് കെട്ടി വിതരണം ചെയ്താൽ തിരുവല്ലം പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ സാധിക്കും. മേലെ കാഞ്ഞിരവിള പള്ളത്തുകടവ് എന്നിവിടങ്ങളിൽ പൊതുശ്മശാനം സ്ഥാപിക്കണം.

3-ാം വാർഡിൽ യാതൊരുവിധ ആരോഗ്യ കേന്ദ്രവും ഇല്ല. സ്വകാര്യ ആശുപത്രി പോലും ഇല്ലാത്ത ഈ വാർഡിൽ ഏതെങ്കിലും ഒരു പൊതുജന ആരോഗ്യകേന്ദ്രം സ്ഥാപിക്കണം. ആയിരത്തിലധികം വീടുകൾ ഉള്ള ഈ വാർഡിൽ മിക്ക വീടുകളിലും കക്കൂസ് ഇല്ല. ഇവിടെ 2 ലക്ഷം വീട് കോളനികളും, 2 കോളനികളും ഉണ്ട്. മിക്ക കുടുംബത്തിനും 5 സെന്റിൽ കുറഞ്ഞ ഭൂമി മാത്രമേയുള്ളു. വളരെ പിന്നോക്കപ്രദേശമായ ഈ വാർഡിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്കു എങ്കിലും കക്കൂസ് ഉണ്ടാക്കികൊടുക്കുന്നതിന് ഏർപ്പാടുണ്ടാകണം. പോഷക ആഹാരക്കുറവ്, വയറിളക്കം, ത്വക്ക് രോഗങ്ങൾ എന്നിവ ഇവിടെ സർവ്വസാധാരണമാണ്.

വളരെ ഉയർന്ന പ്രദേശമായ 3-ാം വാർഡിൽ കുടിവെള്ള ക്ഷാമം രൂക്ഷമാണ്. കരികടമുകളിൽ നിന്നും സ്റ്റുഡിയോ ജംങ്ഷനിലേക്കു പോകുന്ന പൈപ്പ്ലൈൻ കരിങ്കടമുകൾ ലക്ഷംവീട് കോളനിക്കു സമീപം വച്ച് കട്ടുചെയ്യുകയും, പകരം സ്റ്റുഡിയോ ജംങ്ഷനിലെ ITDC ലൈൻ കട്ട് ചെയ്ത് കൊടുക്കുകയും ചെയ്താൽ ജലക്ഷാമം ഒരു പരിധിവരെ പരിഹരിക്കാം.

വണ്ടിത്തടത്തുനിന്ന് വരുന്ന പൈപ്പ് ലൈൻ പാപ്പാഞ്ചാണി വരെ നീട്ടണം. തിനവിളയിൽ നിന്നും മുട്ടളക്കുഴി ലക്ഷംവീട് കോളനി വരെ പൈപ്പ്ലൈൻ നീട്ടി ടാപ്പുകൾ ഇടണം.

കയർ, കരിങ്കൽ തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന 6-ാം വാർഡിൽ സർക്കാർ വക പൊതുജന ആരോഗ്യകേന്ദ്രങ്ങൾ ഒന്നുംതന്നെയില്ല. അതുകൊണ്ട് ഒരു Public Health Centre ആരംഭിക്കുന്നതിന് നടപടിയുണ്ടാകണം. വാർഡിൽ 80% ആളുകൾക്കും കക്കൂസ് ഇല്ല. പാവപ്പെട്ടവർക്ക് കക്കൂസ് നിർമ്മിച്ചുകൊടുക്കുന്നതിന് നടപടിയുണ്ടാകണം.

ഫിഷർമെൻ കോളനി പ്രദേശത്തു വെള്ളം കെട്ടിനിൽക്കുന്നു. കൊതുകുശല്യം വളരെ കൂടുതലാണ്. കെട്ടിനിൽക്കുന്ന വെള്ളം തുറന്ന് വിടുവാനും, കൊതുകുശല്യം കുറയ്ക്കുന്നതിനും ഏർപ്പാടുണ്ടാകണം.

അടഞ്ഞുകിടക്കുന്ന കരമനയാർ തുറക്കുവാൻ നടപടിയുണ്ടാകണം. അടഞ്ഞുകിടക്കുന്ന ഓടകളും തോടുകളും തുറന്നുവിട്ടു പകർച്ചവ്യാധികളിൽ നിന്നും ജനങ്ങളെ രക്ഷിക്കണം.

ആറാം വാർഡിൽ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു. മുങ്ങാംചിറ കിളിയന്റെ മുടുമ്പ് പ്രദേശത്തു 50-ഓളം വീടുകൾക്കു ശുദ്ധ ജലക്ഷാമം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കണം. കുപ്പച്ചിവിളാകം, കൊട്ടത്തേങ്ങാപുരയിടം, കുനംതുരുത്തി അത്തൻവിളാകം, മണ്ഡപാടിക്കു സമീപം എന്നിവിടങ്ങളിൽ കുടിവെള്ളം എത്തിക്കണം. കിഴക്കേ മുടുമ്പ് പ്രദേശത്തു പൈപ്പ് സ്ഥാപിക്കണം.

13-ാം വാർഡിൽ പൊതുജനാരോഗ്യ കേന്ദ്രങ്ങൾ ഒന്നും തന്നെയില്ല. പൊതുവെ വെള്ള ക്കെട്ടുള്ള പ്രദേശമാണെങ്കിലും കിണർ കുഴിച്ചാൽ ശുദ്ധജലം ലഭിക്കുകയില്ല. അതുകൊണ്ട് ശുദ്ധജ ലക്ഷാമം വളരെ രൂക്ഷമാണ്. ഈ വാർഡിൽ പൈപ്പു വെള്ളം സ്ഥിരമായി കിട്ടുന്നതിനുള്ള ഏർപ്പാടുണ്ടാകണം.

90% വീടുകളിലും കക്കൂസ് ഇല്ല. സാമ്പ ത്തികമായി പിന്നോക്കം നിൽക്കുന്നവർക്കു കക്കൂസ് ഉണ്ടാക്കിക്കൊടുക്കുന്നതിനുള്ള ഏർപ്പാ ടുണ്ടാകണം. പാർവ്വതി പുത്തനാറിൽ നിന്നുള്ള മാലിന്യങ്ങൾ ഈ വാർഡിനെ മലിനപ്പെടു ത്തുന്നു. ഇതുമൂലം പലവിധരോഗങ്ങളുമുണ്ടാ കുന്നു. ഇതു നിയന്ത്രിക്കുന്നതിനുള്ള നടപടിയു ണ്ടാകണം.

സാധ്യതകൾ - പരിഹാരമാർഗ്ഗങ്ങൾ

തിരുവല്ലം പഞ്ചായത്തിൽ ഗവൺമെന്റ് തലത്തിൽ ഒരു മിനി പ്രാഥമിക ആരോഗ്യകേന്ദ്ര മാണുള്ളത്. ഈ ആശുപത്രിയിൽ വരുന്ന രോഗി കൾക്കു ആവശ്യമായ പ്രാഥമിക സൗകര്യങ്ങൾ ലഭിക്കുന്നില്ല. അവർക്കു വിശ്രമിക്കുന്നതിനും പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനും വേണ്ട സൗകര്യം ഏർപ്പെടുത്തണം. ഈ ആശു പത്രിയെ കിടക്കകളുള്ള ആശുപത്രിയായി ഉയർത്തണം. അതിലേക്കായി സന്നദ്ധസംഘട നകളുടെയോ പൊതുജനങ്ങളുടെയോ സഹകര ണത്തോടെ വാർഡുകൾ നിർമ്മിക്കുനതിന് ഏർപ്പാടുണ്ടാകണം. (ഉദാ : നേമം ഗവൺമെന്റ് ആശുപത്രി, ബാലരാമപുരം പ്രാഥമിക ആരോഗ്യ കേന്ദ്രം) വ്യാപാരിവ്യവസായികള്, ബാങ്കുകൾ എന്നിവയുടെ സഹകരണം ഇതിന് ലഭ്യമാകും. Fisheries Department ന്റെ സഹായത്തോടെ വാർഡുകൾ നിർമ്മിക്കുന്നതിന് വീണ്ടും അഭ്യർത്ഥിക്കണം.

ഇപ്പോൾ പ്രവർത്തനയോഗ്യമല്ലാതെ കിടക്കുന്ന വാഴമുട്ടം, കോളിയൂർ, തിരുവല്ലം എന്നിവിടങ്ങളിലുള്ള കുടുംബക്ഷേമകേന്ദ്രങ്ങൾ (F.W. Centre) പുനരുദ്ധരിക്കണം. സ്വന്തമായി കെട്ടിടമില്ലാത്ത കുടുംബക്ഷേമകേന്ദ്രങ്ങൾക്കു പുതുതായി കെട്ടിടം ഉണ്ടാക്കിക്കൊടുക്കുന്നതി നുള്ള ഏർപ്പാടുണ്ടാകണം. ഇതിലേക്കും പൊതു ജനങ്ങളുടെ സഹകരണം തേടാവുന്നതാണ്. കുടുംബക്ഷേമകേന്ദ്രങ്ങൾ കാര്യമായി പ്രവർത്തി ച്ചാൽ അമ്മമാർക്കും കുഞ്ഞുങ്ങൾക്കുമുള്ള പ്രാഥമിക ആരോഗ്യ പരിരക്ഷണം ലഭിക്കും. കൂടാതെ വയറിളക്കരോഗങ്ങൾ, മലമ്പനി തുട ങ്ങിയ സാംക്രമിക രോഗങ്ങൾ നിയന്ത്രിക്കു വാനും സാധിക്കും. പഞ്ചായത്തിൽ പ്രവർത്തി ക്കുന്ന 4 ബേസിക് ഹെൽത്ത് സെക്ഷൻ ജീവന ക്കാരെ (H.J.) ഈ കുടുംബക്ഷേമകേന്ദ്രങ്ങളിൽ ഉൾക്കൊള്ളിക്കുവാൻ സാധിക്കും. ആറാം വാർഡിന്റെ ഇടവിളാകത്ത് പ്രാഥമികാരോഗ്യകേ ന്ദ്രം സ്ഥാപിക്കണം.

തിരുവല്ലം പ്രാഥമിക ആരോഗ്യകേന്ദ്രം പഞ്ചായത്തിന്റെ ഒരു മൂലയിലാണ് സ്ഥിതിചെ യ്യുന്നത്. ഇതുമൂലം വാഴമുട്ടം, പനത്തുറ ഭാഗ ങ്ങളിലുള്ളവർക്കും വണ്ടിത്തടം, കരിങ്കടമുഗൾ ഭാഗത്തുള്ളവർക്കും ശരിയായ സേവനം ലഭിക്കു ന്നില്ല. ആയതിനാൽ ഈ സ്ഥലങ്ങൾ കേന്ദ്രീക രിച്ചു ഒരു ഹോമിയോ ആശുപത്രിയോ ആയുർവേദ ആശുപത്രിയോ ഈ രണ്ടു സ്ഥല ങ്ങളിലും സ്ഥാപിക്കണം.

ഓടകൾ വൃത്തിയാക്കുകയും, ഡ്രെയി നേജ് സൗകര്യം വർദ്ധിപ്പിക്കുകയും ചെയ്യണം. ഓടകൾ മൂടുന്ന രീതിയിൽ ചപ്പുചവറുകളും മാലിന്യങ്ങളും നിക്ഷേപിക്കുന്നവർക്കു എതിരെ നടപടി സ്വീകരിക്കണം.

ഭക്ഷണശാലകൾക്കു ലൈസൻസ് സമ്പ്രദായം കർശനമാക്കണം. ശരിയായ ഡ്രെയി നേജ് സൗകര്യം ഇല്ലാത്തതും, മാലിന്യങ്ങൾ വഴി യോരങ്ങളിൽ ഇടുന്നതുമായ ഹോട്ടലുടമ കൾക്കു എതിരെ നടപടി സ്വീകരിക്കുകയും ലൈസൻസ് റദ്ദാക്കുകയും ചെയ്യണം. അറവു ശാലകളിലെ അവശിഷ്ടങ്ങൾ നശിപ്പിച്ചു കള

യുന്നതിന് കർശനനടപടിയുണ്ടാകണം. പൊതു സ്ഥലങ്ങളിൽ അടിഞ്ഞുകൂടന്ന മാലിന്യങ്ങളും, ഹെൽത്ത് ഇൻസ്പെക്ടർമാർക്കു ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കുന്നതിനും, നിയന്ത്രിക്കുന്നതിനുമുള്ള കൂടുതൽ അധികാരങ്ങൾ നല്കണം.


കുടിവെള്ളം :

വണ്ടിത്തടം K.W.A. യിൽ നിന്നും വിതരണം ചെയ്യപ്പെടുന്ന ജലം ശുദ്ധീകരിക്കുന്നതിനുള്ള നടപടിയുണ്ടാകണം. ഫിൽറ്റ്റേഷൻ, സെഡിമെന്റേഷൻ, ക്ലോറിനേഷൻ എന്നിവ നടത്തുന്നതിന് വെള്ളം സംഭരിച്ചുനിറുത്തുന്നതിനും കൂടുതൽ ടാങ്കുകൾ നിർമ്മിക്കണം. അവിടെ നിന്നും പമ്പുചെയ്തു പുറത്തുവിടുന്ന മലിനജലം പുഴകളിലേയ്ക്കോ കടലിലേയ്ക്കോ ഒഴുക്കിവിടുന്നതിന് നടപടി സ്വീകരിക്കണം.

പാച്ചല്ലൂർ കുമിളിയിലുള്ള കിണറിൽ നിന്നും മണ്ണുനീക്കി അതിന്റെ ആഴം വർദ്ധിപ്പിക്കണം. അവിടെ ഇപ്പോഴുപയോഗിക്കുന്ന പഴകിയതും, ശക്തി കുറഞ്ഞതുമായ പമ്പ്സെറ്റ് മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

വെള്ളായണി കായലിലെ ജലം, കായൽത്തീരത്തുവച്ച് ശുദ്ധീകരിച്ചു 12-ാം വാർഡിലെ ജഡ്ജി കുന്നിന് മുകളിൽ ടാങ്ക് കെട്ടി സംഭരിച്ച് അവിടെ നിന്നും വിതരണം ചെയ്താൽ ശുദ്ധജലക്ഷാമം ഒരു പരിധിവരെ പരിഹരിക്കാം. അതുപോലെ 12-ാം വാർഡിലെ ആഴാകോണം പഞ്ചായത്തു കുളത്തിലേയും നെല്ലിയോട് ക്ഷേത്രത്തിന് സമീപമുള്ള ഉറവയിലേയും ജലം സംഭരിച്ചു ശുദ്ധിചെയ്തു വിതരണം ചെയ്താൽ പുഞ്ചക്കരി, കിരങ്കടമുകൾ, നെല്ലിയോട് മേലെ ഭാഗങ്ങളിലുള്ള ജലക്ഷാമം പരിഹരിക്കാം. വളരെ ചിലവുകുറഞ്ഞ പദ്ധതികളായിരിക്കും ഇവ.

കുന്നുംപാറയിലും കുഴിൻവിളയിലും ഉള്ള ഉറവകളിലും കുറഞ്ഞ ചിലവിൽ ജലം സംഭരിച്ചു വിതരണം ചെയ്യുവാൻ സാധിക്കും. അതുപോലെ വാഴമുട്ടം കയർ സൊസൈറ്റിക്കു സമീപമുള്ള ഉറവയിൽനിന്ന് ജലം സംഭരിച്ചു വിതരണം ചെയ്യുവാൻ സാധിക്കും. ഈ ഉറവകളിലെ ജലം കൊണ്ട് വാഴമുട്ടം, പനത്തൂറ ഭാഗത്തുള്ള ജലക്ഷാമം പരിഹരിക്കാവുന്നതാണ്. ■



5-5

വ്യവസായം

കേരളം വ്യാവസായികമായി പിന്നോക്കം നില്ക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ്. മറ്റു സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ, കൂടുതൽ പേർ ഇവിടെ പണിയെടുക്കുന്നു. എങ്കിലും അവയിൽ ഭൂരിപക്ഷവും ക്ഷയിച്ചുകൊണ്ടിരിക്കുന്ന പരമ്പരാഗത വ്യവസ്ായങ്ങളിലോ മറ്റ് ചെറുകിട വ്യവസായസ്ഥാപനങ്ങളിലോ ആണ് ജോലി ചെയ്യുന്നത് എന്നുകാണാം. തന്നിമിത്തം ഇവിടെ തൊഴിലാളികളുടെ ഉല്പാദനക്ഷമതയും വരുമാനവും താരമ്യേന വളരെ താഴ്ന്നതാകുന്നു. സാമ്പത്തിക പ്രക്രിയയിലെ അവിഭാജ്യഘടകങ്ങളായ പ്രകൃതിവിഭവങ്ങൾ സ്വയം നിഷ്ക്രിയാവസ്ഥയിലാണ് വിഭവങ്ങൾ കുഴിച്ചെടുത്ത് വില്ക്കുന്നതിലല്ല. മറിച്ച് മൂല്യമേറിയ ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിദൂര കമ്പോളങ്ങളിൽ എത്തിക്കുന്നതിലാണ് നമുക്ക് താല്പര്യമുണ്ടാകേണ്ടത്. പ്രാദേശികമായ പ്രകൃതിവിഭവങ്ങളെ ആശ്രയിക്കാതെയുള്ള വ്യാവസായിക സാദ്ധ്യതകൾ അനുദിനം വർദ്ധിച്ചുവരുന്നു. മാനവശേഷി, സാങ്കേതികവും വാണിജ്യപരവുമായ അറിവ്, എന്നിവയുടെ സഹായത്താൽ ഒരുപക്ഷെ ഇത്തരം സംരംഭങ്ങൾ വിജയിച്ചു എന്നുവരാം. എന്നാൽ ചെറുകിട വ്യവസായസ്ഥാപനങ്ങളെ സംബന്ധിച്ച്, പദ്ധതിയുടെ ആശയം മുതൽ വിപണനം വരെയുള്ള സങ്കീർണ്ണമായ പ്രശ്നങ്ങൾക്ക് പോംവഴി കാണേണ്ടിവരുന്നു. ഇതിനെക്കാളുപരി സംരംഭകരുടെ ദാരിദ്ര്യം സർക്കാർ ജോലിക്കുവേണ്ടിയുള്ള പരക്കം പാച്ചിൽ, ഉദ്യോഗാർത്ഥികളെ മാത്രം സൃഷ്ടിക്കുന്ന വിദ്യാഭ്യാസരീതി തുടങ്ങി ഒട്ടനവധി പ്രശ്നങ്ങൾ ഈ മേഖയിൽ ഉണ്ട്. നമുക്ക് പഞ്ചായത്തിലെ വ്യാവസായിക മേഖല ഒന്നു കണ്ണോടിക്കാം.

നമ്മുടെ പഞ്ചായത്തിന്റെ വ്യാവസായിക ഭൂപടം ആശാവഹമല്ല. അങ്ങനെ ശൂന്യതയിൽ നിന്നും ആരംഭിച്ച് പുരോഗതിയുടെ പടവുകൾ കയറി ഉത്തുംഗത്തിൽ എത്തുന്നതിന് ആവശ്യമായ വ്യാവസായിക മേഖലയുടെ ആസൂത്രണം നമുക്ക് വേണ്ടിയിരിക്കുന്നു.

I. പഞ്ചായത്തിന്റെ വ്യാവസായിക സ്ഥിതിവിവരങ്ങളും പൊതു അവസ്ഥാവിവരണവും.

നമ്മുടെ പഞ്ചായത്തിന്റെ വ്യവസായത്തുറ ഏതെന്നാണ് ആദ്യം ചിന്തിക്കേണ്ടത്. പ്രധാനമായ പരമ്പരാഗത വ്യവസായം ആണെന്നുതന്നെയാണ് ഉത്തരം. ആധുനിക വ്യവസായശാലകൾ ഇല്ലെന്നുതന്നെ പറയാം. എന്നാൽ ടൂറിസം വ്യാവസായികമായി വളർന്നിരിക്കുന്നു. അതിന്റെ മിന്നലാട്ടങ്ങൾ നമ്മുടെ പഞ്ചായത്തിൽ അങ്ങിങ്ങായിക്കാണാവുന്നതാണ്. ആധുനിക വ്യവസായത്തിൽ ഫാക്ടറി അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നവ. കയർ, റബ്ബർ എന്നീ മേഖലകളിലുണ്ട്. പൊതുമേഖലയിൽ വ്യവസായങ്ങൾ ഒന്നുംതന്നെയില്ല. ഉള്ളതാകട്ടെ സ്വകാര്യമേഖലയിൽ ആണുതാനും. പൂഷ്പകൃഷി ആധുനിക രീതിയിൽ വ്യാവസായികമായി ഉല്പാദിപ്പിക്കുകയും കയറ്റി അയയ്ക്കുകയും ചെയ്യുന്ന സ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്.

കടൽത്തീരത്തിനടുത്ത് ടൂറിസ്റ്റ് കോട്ടേജുകൾ സ്വകാര്യ ഉടമയിൽ സ്ഥാപിച്ചിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങളിൽ 120-ഓളം ജീവനക്കാർ പണിയെടുക്കുന്നു. ഈസ്റ്റ് വെസ്റ്റ് എയർ ലൈൻസ് എന്ന സ്ഥാപനം നമ്മുടെ പഞ്ചായത്തിൽ ബൃഹത്തായ ഒരു വ്യാവയാസായിക സംരംഭത്തിന് തുടക്കം

കുറിച്ചിട്ടുണ്ട്. ടൂറിസ്റ്റ് വ്യവസായവുമായി ഏർപ്പെട്ടിരിക്കുന്ന മൊത്തം സ്ത്രീ പുരുഷന്മാരുടെ സംഖ്യ ഉദ്ദേശം 400 ഓളം വരും.

യന്ത്രസഹായത്താൽ കയർ പിരിക്കുന്നതിനുള്ള സൗകര്യം നമ്മുടെ പഞ്ചായ്ത്തിൽ ഉണ്ട്. സഹകരണാടിസ്ഥാനത്തിൽ നടത്തുന്ന ഇത്തരം സ്ഥാപനങ്ങളിൽ ഉദ്ദേശം 500 ഓളം വനിതകൾ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു. ഇവരിൽ അധികവും 18നും 35നും വയസ്സിന് ഇടയിലുള്ളവരാണ്. ചകിരിതല്ലൽ, കയറ് പിരിപ്പ് എന്നിവ കൂടിൽ വ്യവസായമായി നടത്തുന്നു. നമ്മുടെ പഞ്ചായത്തിൽ ഉദ്ദേശം 2000 ഓളം കുടുംബങ്ങളിൽ ഉള്ള സ്ത്രീ പുരുഷന്മാർ ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു.

പരമ്പരാഗത തൊഴിലായ കരിങ്കൽ മേഖലയിൽ ഏകദേശം 1000 ഓളം പേർ പണിയെടുക്കുന്നു. സ്വകാര്യ മേഖലയിൽ ഉദ്ദേശം 22 ഓളം കരിങ്കൽ ക്വാറികൾ ഉണ്ട്. ഈ ക്വാറികളിൽ 1000 ഓളം പേർ പണിയെടുക്കുന്നു. ഇതിൽ 120 പേർ സ്ത്രീകളാണ്. പൊതു മേഖലയിൽ ഉള്ള മൂന്ന് ക്വാറികൾ ഉണ്ട്. രണ്ടെണ്ണം ഹാർബർ പ്രോജക്ടുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു. ഒരെണ്ണം സീവാളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നു. തിരുവല്ലം പഞ്ചായത്തിൽ വിദഗ്ധരായ കരിങ്കൽ ചുമട്ടുതൊഴിലാളികൾ ഉണ്ട്. ഇവർ ലോറികളിൽ കരിങ്കൽ കയറ്റാനും ഇറക്കാനും ഉള്ള തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു.

മത്സ്യബന്ധനം വ്യാവസായികാടിസ്ഥാനത്തിൽ പഞ്ചായത്ത് അതിർത്തിയിൽ ഇല്ലെങ്കിലും ഈ മേഖലയിൽ തൊഴിലെടുക്കുന്ന മത്സ്യത്തൊഴിലാളികളെ നമുക്ക് അവഗണിക്കാനാവില്ല. ഉദ്ദേശം 500 ഓളം കുടുംബങ്ങളിൽ ഉള്ള പുരുഷന്മാർ മത്സ്യബന്ധനവുമായി ബന്ധപ്പെട്ടിരിക്കുന്നു. എന്നാൽ വിപണനരംഗത്ത് ഇവർ ശരിയായ രീതിയിൽ പ്രവർത്തിക്കുന്നില്ല. എന്നാൽ ഇതര വിഭാഗത്തിൽപ്പെട്ടവർ വിപണനരംഗത്ത് പ്രവർത്തിക്കുന്നു.

മഹിളാസംഘങ്ങൾ വഴി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകളുടെ സംഖ്യ വളരെ കുറവാണ്. എന്നാൽ ഇവർ പരമ്പാരഗത രീതിയിൽ നിന്നും മാറി തൊഴിലിൽ വൈദഗ്ധ്യം നേടാനുള്ള പ്രവണത സാധാരണ കാണിക്കുന്നില്ല.

സ്ത്രീ തൊഴിലാളികളുടെ സംഖ്യയിൽ സാമാന്യ വർദ്ധനവ് കാണുന്നുണ്ട്. 1985–ൽ കേവലം 3800 സ്ത്രീകളാണ് തൊഴിലിൽ ഏർപ്പെട്ടിരുന്നതെങ്കിൽ 1996 ജനുവരിയിൽ ഇത് 6500 ആയി വർദ്ധിച്ചിട്ടുണ്ട്. എങ്കിലും 8000 ത്തോളം സ്ത്രീകൾ (18നും 50 നും വയസ്സിനുമിടയ്ക്ക്) തൊഴിൽ ഇല്ലാത്തവരായിട്ട് ഈ പഞ്ചായത്തിൽ ഉണ്ട് എന്നാണ് കണക്ക്. മാനവശേഷി വികസിപ്പിച്ച് തൊഴിൽ രംഗത്ത് പ്രയോജനപ്പെടുത്തേണ്ടിയിരിക്കുന്നു. കയർ മേഖലയിൽ സ്ത്രീ തൊഴിലാളിയുടെ ശരാശരി കൂലി 15നും 20നും ഇടയിയ്ക്കാണെങ്കിൽ രൂപയെങ്കിൽ മറ്റ് മേഖലയിൽ ഇത് 60നും 70നും ഇടയ്ക്കാണ്. 130 രൂപ ശരാശരി കൂലി കിട്ടുന്ന കരിങ്കൽ തൊഴിലാളികളുമുണ്ട്.

നമ്മുടെ പഞ്ചായത്തിൽ വ്യവസായ ആവശ്യത്തിന് പുറം പഞ്ചായത്തിൽ നിന്നും റബ്ബർ കൊണ്ട് വരാറുണ്ട്. എന്നാൽ ചകിരി പുറത്ത് കൊണ്ടുപോയി സംസ്ക്കരിച്ച് നമ്മുടെ പഞ്ചായത്തിൽ കൊണ്ടുവന്ന് കയർനിർമ്മാണം നടത്താറുമുണ്ട്.

വ്യവയാസ സംരഭകരുടെ പ്രശ്നങ്ങൾ :

സ്ഥലസൗകര്യത്തിന്റെ അഭാവം മൂലധനവായ്പാ സൗകര്യങ്ങളുടെ കുറവ് വിവിധ ലൈസൻസുകൾ ലഭിക്കാനുള്ള തടസ്സങ്ങൾ തുടങ്ങി നിരവധി പ്രശ്നങ്ങൾ ഉണ്ട്.

വ്യവാസയങ്ങൾ സ്ഥാപിക്കുവാൻ പറ്റിയ സ്ഥലസൗകര്യങ്ങൾ പഞ്ചായത്തിൽ ഉണ്ട് എങ്കിലും വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള താമസം ഉണ്ട്. വ്യവസായവകുപ്പ്, പഞ്ചായത്ത് എന്നിവ ഒഴികെയുള്ള സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ലഭിക്കാൻ താമസം നേരിടുന്നു. വ്യവസായ സബ്സിഡി യഥാസമയം ലഭിക്കുന്നില്ല. വിദഗ്ധ തൊഴിലാളികളെ വേണ്ടത്ര കിട്ടാനില്ല എന്നുള്ളത് ഒരു പ്രധാന പ്രശ്നമാണ്. പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കാൻ സാങ്കേതികവിദ്യകൾ ലഭിക്കുന്നില്ല. പരമ്പരാഗത വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് അർഹമായ കൂലി വർദ്ധന നൽകാൻ കഴിയുന്നില്ല. അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യത വളരെ കുറവാണ്. ഊർജ്ജ പ്രതിസന്ധി എന്നിവയാണ് പൊതുവിൽ ഉള്ള പ്രശ്നങ്ങൾ. ഇത് പരിഹരിക്കാൻ എന്തെല്ലാം ചെയ്യാൻ കഴിയും

സാമ്പത്തികമായ ഇളവുകൾ നല്കുന്ന പുതിയ പദ്ധതികളിലൂടെയാണ് നാം പൊതുജനങ്ങളെ വ്യവസായരംഗത്തേക്ക് ആകർഷിക്കുവാൻ ശ്രമിച്ചിരുന്നത്. ഇത് സംരംഭങ്ങളുടെ ജീവനക്ഷമതയെ മെച്ചപ്പെടുത്തിയിരുന്നില്ല എന്നു കാണാം.

വ്യക്തികളുടെ ഗുണം, സ്ഥാപനം നടത്താനുള്ള സാഹചര്യവും ഇവ രണ്ടും പ്രത്യേകം പരിഗണിക്കപ്പെടേണ്ട വസ്തുതകളാണ്. മാർഗ്ഗനിർദ്ദേശവും സാമൂഹ്യമായ ഉത്തേജനവും അടിസ്ഥാനസൗകര്യങ്ങളും നാം ലക്ഷ്യം വയ്ക്കേണ്ടിയിരിക്കുന്നു. സ്വയം തൊഴിൽ പദ്ധതികളേയും ചെറുകിട വ്യവസായങ്ങളേയും തമ്മിൽ നാം വേർതിരിച്ച് കാണണം. നമ്മുടെ പഞ്ചായത്തിൽ ഒരു പരിധിവരെയെങ്കിലും ഉല്പാദന സാധ്യതകളെക്കുറിച്ചുള്ള അറിവില്ലായ്മ നിലനില്ക്കുന്നു. സ്ഥിതിവിവരക്കണക്കുകളുടെ അഭാവം പദ്ധതികളും, അനുയോജ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും സ്കീമുകളും തെരഞ്ഞെടുക്കുവാനുള്ള പരിമിതി എല്ലാ സർക്കാർ സംവിധാനങ്ങളുടേയും നിയന്ത്രണമനോഭാവം.പ്രോത്സാഹനത്തിന്റെ അഭാവം; വിപണിക്ക് അനുസൃതമായ ഉല്പന്നങ്ങളുടെ ഗുണമേന്മ, രൂപകല്പന ഇത്തരം കാര്യങ്ങളിൽ കാതലായ മാറ്റം വരണം. സാമൂഹ്യമായ പ്രശ്നങ്ങളും മാറ്റി നിർത്താൻ പറ്റാത്തതാണ്. ഉദാഹരണമായി – വിജയികളായ തൊഴിൽ സംരംഭകരുമായുള്ള ഇടപെടലുകളുടെ അഭാവം സർക്കാർ ജോലിക്കായുള്ള അഭിനിവേശം തുടങ്ങിയവ. വ്യവസായ സഹകരണസംഘങ്ങളുടെ അനാരോഗ്യ മത്സരം അസംസ്കൃത പദാർത്ഥങ്ങളുടെ ദുർവിനിയോഗം ഉല്പന്നങ്ങളുടെ വിപണനത്തെക്കുറിച്ചുള്ള അവബോധം ഇവ മാറ്റിയെടുക്കേണ്ടിയിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിന്റെ വ്യവസായം, തൊഴിൽ എന്നീ രംഗങ്ങളിലെ പ്രശ്നങ്ങൾ, സാധ്യകൾ : 1.

കയർ : നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം കയർ രംഗം പരമ്പരാഗത വ്യവസായ മേഖലയാണ്. തിരുവല്ലം പഞ്ചായത്തിൻരെ 1/4 പ്രദേശവും കയർ വ്യവസായവുമായി ബന്ധപ്പെട്ടുകിടക്കുന്നവയാണ്. ഈ തൊഴിലുമായി കൂടുതൽ ബന്ധപ്പെട്ടിരിക്കുന്നത് സ്ത്രീകളാണ്. ഏകദേശം 3500 ഓളം സ്ത്രീകൾ ഈ രംഗത്ത് പ്രവർത്തിക്കുന്നു. പുരുഷന്മാരുടെ പങ്കാളിത്തം ഒട്ടും കുറവല്ല.. അവർ ഏകദേശം 1000 ഓളം വരും. ഈ മേഖലയിൽ ഇപ്പോൾ ഒരു മാന്ദ്യം അനുഭവപ്പെടുന്നുണ്ട്. ഒരുപക്ഷേ ഇത് ആഭ്യന്തര വിപണിയിലും വിദേശ വിപണിയിലും ഉണ്ടായ ഇടിവായിരിക്കണം. നമ്മുടെ അയൽ സംസ്ഥാനങ്ങളിൽ കയർവ്യവസായം ഇപ്പോൾ ശക്തി പ്രാപിച്ചുവരുന്നു. അവിടെ യന്ത്രസഹായത്തോടെ പച്ചത്തൊണ്ട് തല്ലി, നാരാക്കി മികച്ച ഉല്പന്നങ്ങൾ ഉണ്ടാക്കി അവർ വിപണി കണ്ടുപിടിക്കുന്നു. എന്നാൽ നമ്മുടെ പ്രദേശത്തുള്ള തൊഴിലാളികൾ പരമ്പരാഗതമാർഗ്ഗങ്ങളിലൂടെ ഉല്പാദിപ്പിച്ചെടുക്കുന്ന കയറ്, ഒരുപക്ഷേ ഗുണമേന്മയേറിയതാണെങ്കിൽ പോലും, മറ്റു രംഗങ്ങളിലുള്ള കയർ ഉല്പാദകരുമായി മത്സരിക്കാൻ കഴിയാതെ വരുന്നു. അതുകൊണ്ട് ഈ രംഗം വിടാൻ തൊഴിലാളികൾ പ്രേരിപ്പിക്കപ്പെടുന്നുണ്ടോ എന്ന് സംശയിക്കുന്നു. ഇതിനുള്ള പരിഹാരമാർഗ്ഗം ആധുനിക വൽക്കരണമാണ്. യന്ത്രസഹായത്തോടെ വളരെ കൂടുതൽ ഉല്പന്നങ്ങൾ കുറഞ്ഞസമയം കൊണ്ട് ഉല്പാദിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ ആരായണം. ഈ മേഖലയിലുള്ള സ്ത്രീതൊഴിലാളികളുടെ ശരാശരി കൂലി കേവലം 15നും 20 രൂപയ്ക്കും ഇടയിലാണ്. ഇത് ദേശീയ ശരാശരിയേക്കാൾ എത്രയോ പിന്നിലാണ്. തൊണ്ടഴുക്കുന്നതിനുള്ള പ്രായോഗികബുദ്ധിമുട്ട് വ്യവസായത്തെ ബാധിക്കുന്ന മറ്റൊരു പ്രശ്നമാണ്. ഇതിന് പരിഹാരം കണ്ടെത്തേണ്ടിയിരിക്കുന്നു. ഇന്നത്തെ ഏറ്റവും പ്രധാന പ്രശ്നം മലമ്പ്രദേശങ്ങളിൽ നിന്നുള്ള പച്ചത്തൊണ്ട് ഇപ്പോൾ ഈ കയർ ഉല്പാദനമേഖലയിൽ എത്തുന്നില്ല. അതിന് ആകർഷകമായ വില നല്കി തൊണ്ട് സംഭരണകേന്ദ്രങ്ങൾ ആരംഭിക്കണം. അങ്ങനെ ആരംഭിച്ചുകഴിഞ്ഞാൽ പച്ചത്തൊണ്ട് നമ്മുടെ പ്രദേശത്തുനിന്നും ഒരുപക്ഷേ സംസ്ഥാനത്തിന് പുറത്തുപോകുന്നതുപോലും തടയാൻ കഴിഞ്ഞെന്നുവരും. ഇത് കയർ മേഖലയിൽ ഒരു ഉണർവ്വ് ഉണ്ടാക്കിയേക്കും. ആധുനിക രീതിയിലുള്ള ഉല്പന്നങ്ങൾ ഉണ്ടാക്കി വിപണി കണ്ടുപിടിക്കാനുള്ള സംവിധാനം ഉണ്ടാക്കണം. ആധുനിക കയർ ഫാക്ടറി ഈ പ്രദേശത്ത് ഉണ്ടാകേണ്ട ആവശ്യകത ഊന്നിപ്പറയേണ്ടിയിരിക്കുന്നു. തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ആരോഗ്യ പ്രശ്നങ്ങളിലുള്ള ആശങ്ക ഈ രംഗത്തേക്ക് കൂടുതൽ പേർ കടന്നുവരുന്നത് ചെറുക്കുന്നുണ്ടോ എന്നു പരിശോധിക്കണം. അതിന് കയർ തൊഴിലാളികൾ ഒരു സാനിറ്റോറിയം നിർമ്മിക്കണം

കരിങ്കൽ മേഖല : തിരുവല്ലം പഞ്ചായത്തിലെ പര

സ്വരാഗതവ്യവസായങ്ങളിൽ ഒന്ന് കരിങ്കൽ മേഖലയിലാണെന്ന് നേരത്തെ സൂചിപ്പിച്ചുവല്ലോ. തിരുവല്ലത്ത് സ്വകാര്യ മേഖലയിൽ 22-ഓളം ക്വോറികൾ ഉണ്ടെന്നും സൂചിപ്പിച്ചുകഴിഞ്ഞു. കരിങ്കല്ലിന്റെ ക്രയവിക്രയസാദ്ധ്യത ഏറ്റവും കൂടിയ പ്രദേശം നമ്മുടെ പഞ്ചായത്താണ്.

നമ്മുടെ പഞ്ചായത്തിൽ ഉള്ള 22 സ്വകാര്യ കോറികളിൽ പണിയെടുക്കുന്ന സ്ത്രീ-പുരുഷ തൊഴിലാളികൾ അവരുടെ ആരോഗ്യകാരണങ്ങളല്ലാതെ യാതൊരു കാരണവശാലും തൊഴിൽ നഷ്ടം അനുഭവപ്പെടുന്നില്ല. ഒരുദിവസം ശരാശരി 100 ഓളം ലോറികൾ കരിങ്കല്ല് കയറ്റി ഈ മേഖലയിൽ നിന്ന് പുറത്തോട്ട് പോകാറുണ്ട്. നമ്മുടെ പഞ്ചായത്തിന്റെ സമീപപ്രദേശങ്ങളുടേയും മൊത്തം കരിങ്കൽ ഉപയോഗത്തിന്റെ 12% നമ്മുടെ പഞ്ചായത്താണ് നിർവഹിക്കുന്നത്. ഇതിൽ നിന്നുതന്നെ ഈ വ്യവസായത്തിന്റെ പ്രാധാന്യം നമുക്ക് മനസ്സിലാക്കാവുന്നതാണ്. അതുപോലെ തന്നെ ചല്ലി. ഇതും തിരുവല്ലം പഞ്ചായത്തിന്റെ തൊഴിൽ മേഖലയിലെ സുപ്രധാനമായ ഘടകമാണ്.

എന്നിരിക്കിലും ഈ വ്യവസായത്തെ നിയന്ത്രിക്കുന്നതിനോ അതിൽ നിന്നും വരുമാനം ഉണ്ടാക്കുന്നതിനോ നിയമപരമായി പഞ്ചായത്തിനും കഴിയുന്നില്ല. അതുകൊണ്ട് കരിങ്കൽ ക്വോറിയുടെ പ്രവർത്തന രീതി നിർണ്ണയിക്കുന്നതിന് പഞ്ചായത്തിനുകൂടി അധികാരം നൽകണം. പഞ്ചായത്തിന്റെ വരുമാനം വർദ്ധിക്കാൻ ഇതിൽനിന്നും ഈടാക്കുന്ന ടാക്സ് കൊണ്ട് കഴിയും.

ക്വോറി തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾ ഒരു പ്രധാന വിഷയമാണ്. അവരെ അലട്ടുന്ന ശ്വാസകോശ സംബന്ധമായ (സിലിക്കോസിസ്) അസുഖം ഇന്ന് ഈ മേഖലയിൽ തൊഴിലെടുക്കുന്നവരെ പിന്നിലോട്ട് പോകാൻ പ്രേരിപ്പിക്കുന്ന ഒരു ഘടകമാണ്.

കരിങ്കല്ലിൽ നിന്നും ചാരുതയാർന്ന ശില്പങ്ങൾ നിർമ്മിക്കാൻ മേൽത്തരം കല്ലുകൾ ശാസ്ത്രീയമായ രൂപപ്പെടുത്തി വിദേശങ്ങളിലേക്ക് കയറ്റി അയക്കുന്നു. കരിങ്കല്ലിൽ നിന്നും അമ്മിക്കല്ല്, ആട്ടുകല്ല് എന്നിവ കൊത്തിയെടുക്കുന്ന പണിയിലും (കൽപ്പണിക്കാർ) ധാരാളം തൊഴിലാളികൾ ഏർപ്പെട്ടിരിക്കുന്നു.

വ്യവസായം, തൊഴിൽ എന്നീ മേഖലയിലെ ചില പ്രധാന പരിപാടികൾ :

ഏറ്റവും പ്രധാനപ്പെട്ട കാര്യം ചെറുകിട വ്യവസായ യൂണിറ്റുകളുടെ സമൂഹം രൂപീകരിക്കൽ ആണ്. ഓരോ പ്രദേശത്തിനും അനുയോജ്യമായ സംരംഭങ്ങൾ കണ്ടുപിടിക്കുക എന്നതിന് മുന്നോടിയായി ആ പ്രദേശത്ത് നിലവിലുള്ള തൊഴിൽ പരിചയം, വിപണി, സ്ഥലം, വൈദ്യുതി, ജലം, പ്രകൃതിവിഭവങ്ങൾ എന്നിവ വിലയിരുത്തണം. തുടർന്ന് വ്യവസായ വികസന സമിതിയും രൂപീകരിക്കണം. ജനപങ്കാളിത്തത്തോടെ പഞ്ചായത്തിൽ സാദ്ധ്യതയുള്ള വ്യവസായിക പ്രവർത്തനങ്ങൾ വിഭാവനം ചെയ്യണം. സെമിനാറുകൾ, സംരംഭക പരിശീലനങ്ങൾ, പ്രദർശനമേളകൾ, ചലച്ചിത്ര പ്രവർത്തനങ്ങൾ, ഉല്പാദനരംഗത്തെ വിവിധ സാധ്യതകൾ എന്നിവയെക്കുറിച്ച് അറിവ് നല്കണം. ഇതിന് നമുക്ക് ചില പ്രവർത്തനങ്ങൾ രൂപീകരിക്കാവുന്നതാണ്. പഞ്ചായത്തിൽ സാദ്ധ്യതയുള്ള വ്യാവസായിക പ്രവർത്തനങ്ങൾ വിഭാവനം ചെയ്യണം. പ്രാദേശിക സമൂഹത്തിൽ വ്യവസായ സംരംഭകത്വ സ്വഭാവം വളർത്തിയെടുക്കണം.

ഒരു ഔട്ട് വർക്കർ ഉല്പാദന സമ്പ്രദായം ആവിഷ്ക്കരിക്കണം. ഒരു മാതൃസ്ഥാപനവും അതിനെ ചുറ്റിപ്പറ്റിയുള്ള ഗാർഹിക, ഉല്പാദന കേന്ദ്രങ്ങളുമാണ് OPS കൊണ്ട് ഉദ്ദേശിക്കുന്നത്.

OPS ന്റെ പ്രത്യേകതകൾ :

1. സാങ്കേതികവും ഗുണമേന്മയും സമ്പദ്ധിച്ച് കാര്യങ്ങളിൽ മാതൃസ്ഥാപനത്തിന് പൂർണ്ണമായും ശ്രദ്ധ കേന്ദ്രീകരിക്കാം.
2. കെട്ടിടം തുടങ്ങിയ അനാവശ്യ സ്ഥാവര വസ്തുക്കളുടെ ഒഴിവാക്കൽ.
3. ഉല്പാദനപ്രക്രിയയിൽ ഒരു കുടുംബത്തിന്റെ ഒത്തുചേരൽ. 4. അനുയോജ്യമായ പദ്ധതികളുടെ മാർഗ്ഗരേഖയുണ്ടാക്കി അവയുടെ അടിസ്ഥാനത്തിൽ രജിസ്ട്രർ ചെയ്ത് ഒരു സ്വയം തൊഴിൽ എക്സ്ചേഞ്ച് രൂപീകരിക്കാവുന്നതാണ്. പൊതുവിപണനസ്ഥലങ്ങൾ സാമൂഹിക പരിവർത്തനത്തിനുള്ള നടപടികൾ എന്നിവ ആരംഭിക്കുക.

വൈദഗ്ധ്യ പോഷണം :

നമ്മുടെ പഞ്ചായത്തിലെ ഏറ്റവും രൂക്ഷമായ പ്രശ്നം തൊഴിലില്ലായ്മ ആണല്ലോ. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ എന്നാൽ പറ്റിയ ആളെ കിട്ടാനില്ല എന്ന പരാതിയും കേൾക്കാനുണ്ട്. നല്ല ആശാരിയെ കിട്ടാനില്ല, നല്ല പ്ലംബറെ കിട്ടാനില്ല, പല സ്ഥലത്തു കൂലിപ്പണിക്ക് പോലും ആളെ കിട്ടാനില്ല. ഇങ്ങനെ പോകുന്നു പരാതികൾ.


ഗ്രാമസഭയിൽ ഉയർന്നുവന്ന പ്രശ്നങ്ങൾക്കുള്ള പരിഹാരങ്ങൾ

1. ടൂറിസം വികസനത്തിന് വളരെ സാദ്ധ്യതയുള്ളതു കൊണ്ട് ബോട്ടു ഗതാഗതം വ്യവസായിക അടിസ്ഥാനത്തിൽ സജ്ജീകരിക്കുക.
2. ജലപാതയുടെ നിർമ്മാണം ത്വരിതപ്പെടുത്തണം എന്നാൽ അത് പരമ്പരാഗത വ്യവസായമായ കയർ മേഖലയ്ക്ക് ഹാനികരമാകരുത്.
3. ഇടയാർ, ലങ്ക തുടങ്ങിയ തുരുത്തുകളിൽ ടൂറിസം കോട്ടേജുകൾ നിർമ്മിക്കണം.
4. ചിത്രാഞ്ജലി സ്റ്റുഡിയോ കോംപ്ലക്സ് സ്വദേശ വിനോദ സഞ്ചാര കേന്ദ്രം കൂടിയാക്കി വികസിപ്പിക്കണം. ചിത്രാഞ്ജലി സ്റ്റുഡിയോയിൽ നിന്നും ഓഫീസ് കോംപ്ലക്സുകൾ മാറ്റികൊണ്ട് പോകുന്ന പ്രവണത അവസാനിപ്പിക്കണം.
5. ഡിസ്നിലാന്റ് മോഡലിൽ കുട്ടികൾക്കായുള്ള പാർക്ക് സ്ഥാപിക്കണം.
6. ഹൗസ് ബോട്ട് നിർമ്മിച്ച് തിരുവല്ലം ആറ്റിൽ ഇറക്കണം.
7. വഴിയോര വിശ്രമ കേന്ദ്രം സ്ഥാപിക്കണം.
8. ചവിട്ടുമെത്ത കയർ ഉൽപ്പന്നങ്ങൾ എന്നിവ നിർമ്മിക്കുന്ന ഒരു ഫാക്ടറി സ്ഥാപിക്കണം.
9. പച്ചത്തൊണ്ട് വ്യവസായം പുഷ്ടിപ്പെടുത്തണം.
10. ചകിരി അടി യൂണിറ്റ് സ്ഥാപിക്കണം.
11. നാളികേര സംഭരണ കേന്ദ്രം ആരംഭിക്കണം.
12. കയർ ഫാക്ടറി സ്ഥാപിക്കണം.
13. നെയ്ത്തു വ്യവസായം പരിപുഷ്ടിപ്പെടുത്തണം.
14. കൈത്തൊഴിൽ രംഗത്ത് കൂടകെട്ട് കരകൗശല വസ്തു നിർമ്മാണം എന്നീ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കണം.
15. തീപ്പെട്ടി നിർമ്മാണം, മെഴുകുതിരി നിർമ്മാണം, യന്ത്ര വൽകൃത റാട്ടുകളുടെ നിർമ്മാണം എന്നീ യൂണിറ്റുകൾ തുടങ്ങണം.
16. പച്ചത്തൊണ്ട് രാസപ്രക്രിയയിലൂടെ നാര് ഉൽപാദിപ്പിക്കൽ.
17. ചെറുകിടവ്യവസായങ്ങൾ തുടങ്ങുന്നതിന് വേണ്ടി മിനിഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക.
18. വനിത തൊഴിലാളികൾ വേണ്ട പണിയായുധ നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.
19. ആധുനിക രീതിയിൽ കരിങ്കല്ലുപയോഗിച്ച് മാർബിൾ, ഇഷ്ടിക, കൽത്തൂണുകൾ തുടങ്ങിയവ രൂപകല്പന ചെയ്യുന്ന യൂണിറ്റുകൾ സ്ഥാപിക്കുക.
20. പ്ലാസ്റ്റിക് വ്യവസായം, കൊപ്രാ സംഭരണം, മാമ്പഴ സംസ്കരണ ശാല ചക്കിയടി കേന്ദ്രം എന്നിവ ആരംഭിക്കുക.
21. തയ്യൽ പരിശീലന കേന്ദ്രം തുടങ്ങുക.
22. ക്ഷീരവ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക.
23. നെയ്ത്തു വ്യവസായ ശാല ആരംഭിക്കുക.
24. C-DIT-ന്റെ സാങ്കേതിക സഹായത്തോടു കൂടി പഞ്ചായത്ത് അടിസ്ഥാനത്തിൽ സയൻസ് ടോയിസ് നിർമ്മിക്കുന്ന ഒരു വ്യവസായ യൂണിറ്റ് ഉണ്ടാക്കുക.
25. കരകൗശല വസ്തു നിർമ്മാണ യൂണിറ്റ് തുടങ്ങുക.
26. സോപ്പ് നിർമ്മാണം ഫർണിച്ചർ ബേക്കറി എന്നിവ സഹകരണ മേഖലയിൽ ആരംഭിക്കുക.
27. അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ ഉള്ള പൗൾട്രി ഫാം പുനരുദ്ധരിക്കുക.
28. അഭ്യസ്തവിദ്യരായ വനിതകൾക്ക് കൂടിൽ വ്യവസായം ആരംഭിക്കുന്നതിനുള്ള സാമ്പത്തിക സൗകര്യം ലഭ്യമാക്കുക.
29. ഒരു കരിങ്കൽ സംസ്കരണ കേന്ദ്രം (ചല്ലിയടി കേന്ദ്രം) ആരംഭിക്കുക (രൂപ രേഖ അന്യത്ര)
30. തിരുവല്ലം പഞ്ചായത്തിൽ ഏറ്റവും കൂടുതൽ കരിങ്കൽ ലഭ്യമാക്കുന്ന പ്രദേശമാണ് കുന്നുംപാറ. ആധുനിക സംവിധാനം ഉപയോഗിച്ച് കരിങ്കൽ കഷണങ്ങൾ കൊണ്ട് വിവിധ തരത്തിലുള്ള ഗ്രാനൈറ്റ്, കരിങ്കൽ ഇഷ്ടിക, കൽത്തൂണുകൾ തുടങ്ങി വിവിധ തരത്തിലുള്ള ഉൽപന്നങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കാൻ സാധിക്കും. ഇതിനുള്ള സംവിധാനങ്ങൾ ഒരുക്കണം.
31. നാളികേര സംഭരണ കേന്ദ്രം ആരംഭിക്കുക.
32. റെഡിമെയ്ഡ് ഡ്രസ്സ് ഉണ്ടാക്കുന്നതിനുള്ള കേന്ദ്രം ആരംഭിക്കുക.
33. ഇലക്ട്രോണ്ക്ക് ചോക്ക് നിർമ്മാണ യൂണിറ്റ് തുടങ്ങുക.
34. സിമന്റ് ഫാക്ടറി ആരംഭിക്കണം.
35. സിമന്റ് ജാളി, കക്കൂസിന്റെ ബൗൾ, സിമന്റ് ഹോളോ ബ്രിക്സ്, ടൈൽസ് എന്നീ വ്യവസായങ്ങൾ സഹകരണാടിസ്ഥാനത്തിൽ നിർമ്മിക്കുക.
36. മധുപാലം വെള്ളായണിക്കായൽ ബോട്ട് സർവ്വീസ് ആരംഭിക്കുക.
37. ജഡ്ജിക്കുന്ന് ഏറ്റെടുത്ത് വ്യവസായ എസ്റ്റേറ്റുകളോ ടൂറിസ്റ്റ് കോട്ടേജുകളോ സ്ഥാപിക്കുക, അല്ലെങ്കിൽ പിക്നിക്ക് സ്പോട്ട് സ്ഥാപിക്കുക.
38. ഓർക്കിഡ് വ്യവസായിക അടിസ്ഥാനത്തിൽ കൃഷി ചെയ്യാനുള്ള സാങ്കേതികവിദ്യ പരിപോഷിപ്പിച്ച് കൃഷി വ്യാപിപ്പിക്കുക.
39. ഭക്ഷ്യ വസ്തു സംസ്കരണ യൂണിറ്റ് തുടങ്ങുക.
40. ജൈവവള നിർമ്മാണ ശാല ആരംഭിക്കുക.
41. കാലിത്തീറ്റ മിക്സിംഗ് യൂണിറ്റ ആരംഭിക്കണം.
42. കായലുമായി ബന്ധപ്പെട്ട പ്രദേശത്ത് ഒരു പുല്ല് വളർത്തൽ കേന്ദ്രവും അതിനനുബന്ധമായി ഒരു ഡയറി ഫാമും ഉണ്ടാക്കുക.
43. മത്സ്യസംസ്കരണ കേന്ദ്രം സ്ഥാപിക്കുക.

നമുക്ക് ആവശ്യമുള്ള ഉല്പന്നങ്ങൾ ഉണ്ടാക്കുക നമ്മുടെ കാർഷികോല്പന്നങ്ങളും മറ്റ് പ്രകൃതി വിഭവങ്ങളും കഴിയുന്നത്ര സംസ്ക്കരിച്ച് പരമാവധി മൂല്യവർധനയുള്ള ഉല്പന്നങ്ങളാക്കി മാറ്റുക ഇവയെ ആധാരമാക്കിയുള്ള ഒരു സേവന മേഖല വളർത്തിയെടുക്കുക തുടങ്ങിയവയാണ്. തൊഴിലവസരങ്ങളുടെ സൃഷ്ടിക്ക് വേണ്ടത്. നമ്മുടെ പഞ്ചായത്തിന് ആസൂത്രണം ചെയ്തു നടപ്പാക്കാൻ പറ്റുന്ന പല കാര്യങ്ങളും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഉള്ളവ മുതലാക്കുന്നതിനും സഹായിക്കുന്നവയായിരിക്കണം. ഗ്രാമതലത്തിൽ സ്ഥിരം ജോലികൾ ശമ്പളം, ബോണസ്, ശമ്പളത്തോടു കൂടിയ അവധി, പ്രോവിഡന്റ് ഫണ്ട്, പെൻഷൻ, വൈദ്യശുശ്രൂഷാ സഹായം എന്നിവയൊക്കെയുള്ള ജോലികളാണ് എല്ലാവരും സ്വപ്നം കാണുന്നത്. എന്നാൽ വളരെ കുറച്ചുപേരെങ്കിലും സ്വന്തം കാലിൽ നിൽക്കാൻ പോകുകയാണ് എന്നു റപ്പിച്ച് സ്വന്തം യജമാനനാകാൻ ശ്രമിച്ച് സ്വയം തൊഴിൽ കണ്ടെത്താൻ ശ്രമിക്കുന്നുണ്ട്. അങ്ങനെയുള്ളവരുടെ എണ്ണം കൂടുന്നു എന്നുള്ളത് ശുഭോദർക്കമാണ്.

ടൂറിസം (വിനോദസഞ്ചാരം) :

പ്രകൃതിയുടെ വരദാനങ്ങളാണ് ആറും കുന്നും തോടും തടാകങ്ങളും ഇവയെ കോർത്തിണക്കി സ്വദേശ ടൂറിസ്റ്റ്സ്റ്റുകളെയും (ആഭ്യന്തര ടൂറിസം) വിദേശ വിനോദ സഞ്ചാരികളേയും ആകർഷിക്കാൻ ഒട്ടനവധി കാര്യങ്ങൾ ചെയ്യാൻ കഴിയും. ദേശീയ ജലപാത എന്ന ആശയം പൂർണ്ണമാകുകയാണെങ്കിൽ ഒരു പക്ഷേ അതിന്റെ ആരംഭം കോവളത്ത് നിന്നായിരിക്കും. അതിനുള്ള സാദ്ധ്യതകൾ ഒരുക്കാനുള്ള ബാധ്യത നമുക്കുണ്ട് കോവളം തുടങ്ങി മധുപാലം വരെയുള്ള കരമനയാറിന്റെ വിരിമാറിലൂടെ ഉല്ലാസയാത്രയ്ക്ക് പറ്റിയ നൗകകൾ ഒരുക്കുക ഒരു പ്രധാന സാധ്യതയാണ്. സാമ്പത്തിക മാന്ദ്യം ഇത്തരത്തിലുള്ള സംരംഭങ്ങൾക്ക് സ്വകാര്യ മേഖലയേയും പഞ്ചായത്തിനേയും ഒന്നുപോലെ ബാധിക്കുന്ന ഒരു കാര്യമാണ്. ഇടയാർ തൂരുത്തിന് ചുറ്റി അറബിക്കടലിന്റെ പാദസ്വരം കേൾക്കുന്ന പൊഴിവരെയുള്ള പ്രദേശത്ത് ടൂറിസ്റ്റുകൾക്ക് പ്രകൃതി സൗന്ദര്യം ആസ്വദിക്കുന്നതിനു വേണ്ടി ബോട്ടുയാത്രകൾ ഒരുക്കാവുന്നതാണ്. ചരിത്രപ്രസിദ്ധമായ പരശുരാമ സ്വാമി ക്ഷേത്രത്തിലെത്തുന്ന സന്ദർശകർക്ക് സൗകര്യങ്ങൾ ഉണ്ടാക്കികൊടുക്കാനുള്ള സംരംഭങ്ങൾ തുടങ്ങാവുന്നതാണ്. ടൂറിസ്റ്റ് മേഖല പരിപൂർണ്ണമായി ചൂഷണം ചെയ്തു നാട്ടിന്റെ വികസനത്തിന് ആക്കം കൂട്ടുന്നതിനുള്ള പ്രക്രിയയിൽ പങ്കുചേരാൻ പഞ്ചായത്തിലെ എല്ലാ നാട്ടുകാരും ശ്രമിക്കേണ്ടതാണ്.



5 - 6

ഊർജ്ജം

പൊതു അവലോകനം

ഊർജ്ജം സ്രോതസ്സുകളെ അടിസ്ഥാന മാക്കിയാകണം ഒരു പ്രദേശത്തിന്റെ വികസനം നിലനിൽക്കുന്നത്. ഊർജ്ജം എന്ന പേരു കേൾക്കു മ്പോൾ പ്രധാനമായും നമ്മുടെ മനസ്സിൽ തെളിയു ന്നത് വൈദ്യുതിയാണ്.. വൈദ്യുതിക്കുപരിയായി താഴെ പറയുന്ന ചില വകകളും ഊർജ്ജത്തിൽ പ്പെടുന്നു

1) വിറക്	2) സൗരോർജ്ജം
3) പവനോർജ്ജം	4) കൽക്കരി
5) പാചകവാതകം	6) ചാണകവറളി
7) ചപ്പുചവറ്	8) മണ്ണെണ്ണ
(9 പെട്രോൾ	10) ഡീസൽ

മേൽപറഞ്ഞവയിൽ പാചകവാതകം വിറ ക്, ചപ്പുചവറുകൾ എന്നിവ ആഹാരം പാകം ചെ യ്യുവാൻ ഉപയോഗിക്കുന്നു. പാചകവാതകം ഉപ യോഗിച്ചി പാചകം ചെയ്യുന്ന കുടുംബങ്ങളുടെ എണ്ണം 10 % ശതമാനത്തിനു താഴെയുള്ളൂ മറ്റുകു ടുംബങ്ങൾ പ്രധാനമായും ആഹാരം പാചകത്തി നായി തെങ്ങു ഉൽപ്പന്നങ്ങൾ ഉപയോഗക്കുന്നു. സ്വന്തമായി തെങ്ങില്ലാത്ത കുടുംബങ്ങൾ മാർക്ക റ്റിൽ ലഭിക്കുന്ന വിറക് ഉപയോഗിക്കുന്നു.

അനർട്ടിന്റെ IDeal Barnch ടി പഞ്ചായ ത്തിൽ തിരുവല്ലത്ത് പ്രവർത്തിക്കുന്നു. ഇന്ന് ഇന്ധ നം ലാഭിക്കാൻ വേണ്ടി താഴെപറയുന്ന പലവ ത്തിലുള്ള ഉപകരണങ്ങളും സൗജന്യനിരക്കൽ അനർട്ട് പ്രചരിപ്പിക്കുന്നു.

(1) സൂര്യവിളക്ക് 2) സൂര്യ റാന്തൽ

3) ഫ്രഷർകുക്കർ 4) കോംപാക്ട് ഫ്ലൂറസന്റ് ലാംബ്

5) മെച്ചപ്പട്ട വിറകടുപ്പുകൾ 6) ഇലക്ട്രോണിക് ചോക്ക്

വെളിച്ചത്തിന് പ്രധാനമായും വിദ്യുച്ഛക്തി യാണ് ഉപയോഗിക്കുന്നത്. 30% കുടുംബങ്ങൾ വെളിച്ചത്തിനായി മണ്ണെണ്ണയാണ്ആശ്രയിക്കുന്നത്

ടി പഞ്ചായത്ത് അതൃത്തിയിലെ വൈദ്യുതി കണക്ഷന്റെ വിവരം ചുവടെ ചേർക്കുന്നു

വീടു കണക്ഷൻ	–	5931
വാണിജ്യ ആവശ്യത്തിന്	–	691
വ്യവസായങ്ങൾക്ക്	–	80
വൻകിട വ്യവസായത്തിന്	–	3
കാർഷികാവശ്യത്തിനുള്ള പമ്പുകൾക്ക്	–	173
ആകെ	–	6878

ടിപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

സ്ട്രീറ്റ് ലൈറ്റ്	–	953
എം.വി. ലാംബ്	–	8
ട്യൂബ് ലൈറ്റ്	–	200

ടി പഞ്ചായത്തിലെ ഇലക്ട്രിക് ലൈനുകളുടെ വിവരം താഴെചേർക്കുന്നു

1) ത്രീ ഫേസ് ലൈൻ – 49 കിലോമീറ്റർ
(തെരുവുവിളക്കുകൾ സഹിതം)

2) സിംഗിൾ ഫേസ് ലൈൻ – 40 കിലോമീറ്റർ
(തെരുവു വിളക്കുകൾ സഹിതം)

3) തെരുവുവിളക്കുകൾ ഇല്ലാത്ത സിംഗിൾ ലൈൻ – 70 കിലോമീറ്റർ

വിഴിഞ്ഞം 66K.V. സബ്സ്റ്റേഷനിൽ നിന്നാണ് ടി പഞ്ചായത്തിൽ വൈദ്യുദി ലഭിക്കുന്നത്. പൂന്തുറ സബ്സ്റ്റേഷനുമായി ടി പഞ്ചായത്തിലേക്കി ഇന്റർ ലിങ്ക് കണക്ഷൻ ഉണ്ടെങ്കിൽ തന്നെയും സാങ്കേതിക കാരണങ്ങളാൽ വിഴിഞ്ഞം സബ സ്റ്റേഷനിൽനിന്നും ഉള്ള വൈദ്യുതി മുടങ്ങുമ്പോൾ പൂന്തുറയിൽ നിന്നുള്ള ഇന്റർ ലിംഗിന്റെ പ്രയോജനം ലഭ്യമാക്കുന്നില്ല. വിഴിഞ്ഞം സബ്സ്റ്റേഷനിൽ നിന്നുള്ള വൈദ്യുതി മുടങ്ങിയാൽ മറ്റൊരു സബ്സ്റ്റേഷനിൽ നിന്നും വൈദ്യുതി വരുന്നതിനുള്ള സംവിധാനം ഇല്ല. തിരുമല സബ്സ്റ്റേഷനിൽ നിന്നും വരുന്ന 11ഗ.ഢ. ലൈൻ മധുപ്പാലം മുതൽ മേനിലം വരെ ലിങ്ക് ചെയ്യണം. അപ്രകാരം ലിങ്ക് ചെയ്താൽ വിഴിഞ്ഞം സബ്സ്റ്റേഷനിൽ നിന്നുമുള്ളവൈദ്യുതി മുടങ്ങുമ്പോൾ തിരുമല സബ്സ്റ്റേഷനിൽ നിന്നുകൂടി ടി പഞ്ചായത്തിൽ വൈദ്യുതി നൽകുവാൻ കഴിയും.

ടി പഞ്ചായത്തിൽ 26 ട്രാൻസ് ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. നെല്ലിയോട്, പനത്തുറ, പാച്ചല്ലൂർ, എന്നിവിടങ്ങളിൽ പുതിയ ട്രാൻസ് ഫോർമർ സ്ഥാപിക്കാൻ അനുമതിയായിട്ടുണ്ട് ടി പഞ്ചായത്തിലെ 11KV ഓവർ ഹെഡ് ലൈനിന്റെ നീളം 24 കിലോമീറ്ററും, അണ്ടർ ഗ്രൗണ്ട് കേബിൾ ലൈനിന്റെ നീളം 6 കിലോമീറ്ററു ആകുന്നു.

ടി പഞ്ചായത്തിൽ വോൽട്ടേജ് ക്ഷാമം രൂക്ഷമാണ് റോഡിന്റെ പ്രശ്നം കഴിഞ്ഞാൽ ഗ്രാമ സഭകളിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെട്ട വിഷയം വോൾട്ടേജ് ക്ഷാമമാണ്.

തിരുവനന്തപുരം ഈസ്റ്റ് ഡിവിഷനിൽ വരുന്ന റൂറൽ സ്വഭാവമുള്ള ഏക സെക്ഷനാണ് തിരുവല്ലം. ജനസാന്ദ്രതകൂടിയതും തിരുവനന്തപുരം പട്ടണത്തിന് തൊട്ടുകിടക്കുന്നതുമായ ടി സെക്ഷനെ സിറ്റി സ്റ്റാറ്റസ് കൊടുക്കണം. ടി സ്റ്റാറ്റസ് ലഭിച്ചാൽ സ്റ്റാഫുകളുടെ എണ്ണം കൂടുന്നതു മൂലം വൈദ്യുതി തകരാറുകൾ അപ്പപ്പോൾ പരിഹരിക്കുവാൻ കഴിയും. രാത്രി സേവനത്തിന് മതിയായ ഡ്യൂട്ടി സ്റ്റാഫിനെ നിയോഗിക്കാനും കഴിയും. കോവളത്തേക്കുള്ള ടൂറിസ്റ്റുകൾ ധാരാളമായി പോവുകയും വരികയും ചെയ്യുന്ന പ്രദേശമാകയാൽ തിരുവല്ലം സെക്ഷന് സിറ്റി സ്റ്റാറ്റസ്സ് കൊടുക്കേണ്ടതാണെന്ന് അധികാരി കളുടെ ശ്രദ്ധയിൽ പ്പെടേണ്ടതാണ്.

വിഴിഞ്ഞം 66 KV ലൈൻ 110K.V ലൈൻ ആക്കി മാറ്റിയാലേ ടി പ്രദേശത്തെ വൈദ്യുതി പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമുണ്ടാകുകയുള്ളു

തിരുവല്ലം ചിത്രഞ്ജലി സ്റ്റുഡിയോവിന്റെ അധികാരാതിർത്തിയിൽപ്പെടുന്ന കുറച്ചു സ്ഥലം അകയർ ചെയ്ത് ഒരു സബ്സ്റ്റേഷൻ ആരംഭിയ്ക്കേണ്ടത് ഈ പഞ്ചായത്തിന്റെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ അത്യാവശ്യമാണ്.

വിവിധ വാർഡുകളിലായി ടി പഞ്ചായത്തിൽ ഏകദേശം 85 കി.മീ ദൂരത്തിൽ പുതുതായി സ്ട്രീറ്റ് ലൈൻ നീട്ടി തെരുവ് വിളക്കുകൾ സ്ഥാപിക്കുണം.

പഞ്ചായത്ത് പ്രദേശത്ത് കുറഞ്ഞത് 250 ഗഢ 30 ട്രാൺസ്ഫോമറുകളും 40 Km 11KV ലൈനും പുതുതായി സ്ഥാപിക്കുക.

പ്രശ്നങ്ങൾ

1. ചിത്രഞ്ജലി സ്റ്റുഡിയോയുടെ പടിഞ്ഞാറ്റുവശത്ത് കാറ്റാടിയന്ത്രങ്ങൾ സ്ഥാപിച്ച് കാറ്റിൽനിന്നും വൈദ്യുതി ഉത്പാദിപ്പിയ്ക്കുവാനും സംവിധാനം ഉണ്ടാക്കുക.
2. തിരുവഴിമുക്ക് കരിങ്കടമുകൾ വണ്ടിത്തടം റോഡ് വൈദ്യുതീകരിച്ച് തെരുവ് വിളക്കുകൾ സ്ഥാപിക്കുക.
3. പുഞ്ചക്കരി, വെട്ടുവിള, കരിങ്കടമുകൾ റോഡ് വൈദ്യുതീകരിച്ച് തെരുവ് വിളക്കുകൾ സ്ഥാപിക്കുക.
4. പാച്ചല്ലൂർ ജംഗ്ഷനിലുള്ള 11KV ലൈനിന്റെ അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്യുക.

5. ഭൂമിക്കടിയിൽ കൂഴിച്ചിട്ടിരിക്കുന്ന വൈദ്യുത കേബിളുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുക.

6. തുമ്പറച്ചി, പുലയൻവിളാകം എന്നീ പ്രദേശങ്ങളിൽ ലൈൻസ്ഥാപിച്ച് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.

7. കാവിൻപുറം, വെണ്മണയ്ക്കൽ, മുടുമ്പിൽ, ഒലിപ്പിൻകരറോഡ്, വൈദ്യുതീകരിച്ച് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.

8. കാവിൽ പുറംതോണിക്കടവ് സഃ സോമൻനഗർ റോഡ് വൈദ്യുതീകരിച്ച് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.

9. തോണിക്കടവ്, വില്യംചിറ, ഇടവഴി വൈദ്യുതീകരിച്ച് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.

10. തോപ്പടി – വടക്കേതോപ്പ് ലൈൻ വൈദ്യുതീകരിച്ച് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.

11. ഒലിപ്പിൻകര, കാവിൻപുറം റോഡ് വൈദ്യുതീകരിച്ചു സ്ട്രീറ്റ് ലൈറ് സ്ഥാപിക്കുക.

12. തോണിക്കടവ്, കൊപ്രാപുര ലൈൻ വൈദ്യുതീകരിച്ച് സ്ട്രീറ്റ ലൈറ്റ് സ്ഥാപിക്കുക.

13. കാവിൻപുറം, കൊല്ലന്തറ റോഡ് വൈദ്യുതീകരിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

14. കാവിൻപുറം, പൊഴിക്കടവ് വരെ വൈദ്യുതീകരിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

15. കൊല്ലന്തറ – നാല്പററോഡ് വൈദ്യുതീകരിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

16. കൊല്ലന്തറ – കരിയൽ റൂട്ട് വൈദ്യുതീകരിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

17. നാല്പറ തുണ്ടത്തിൽ കൊല്ലന്തറ റോഡ് വൈദ്യുതീകരിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

18. മണവ – വേങ്കറ ലൈൻ വൈദ്യുതീകരിച്ച് സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കുക.

19. കൊല്ലന്തറ അഞ്ചാംതെങ്ങ് മണമേൽ ക്ഷേത്രനട വൈദ്യുതീകരിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

20. കാവിൻപുറം പള്ളാപ്പിൽ മേലാറ്റ് ഇടവഴി വൈദ്യുതീകരിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

21. മണിയൻമുടുമ്പ് കടനട ഇടവഴി വൈദ്യുതീകരിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

22. ചെങ്കോടി തോപ്പിൽ തെക്കേവിള വട്ടപ്പാറ ഇടവഴി വൈദ്യുതീകരിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക. 23. കൈതവിള കോളനിമുതൽ ചരുവിള വഴി തുപ്പനത്തുകാവുവരെ ഇടവഴി വൈദ്യുതീകരിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

24. ചരുവിളയിൽനിന്ന് വട്ടപ്പാറ ഇടവഴി വൈദ്യുതീകരിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

25. കൈതവിള– ഇടവിള വഴി വട്ടപ്പറ റോഡ് വൈദ്യുതീകരിച്ച് സ്ട്രീറ്റ് ലൈറ്റി സ്ഥാപിക്കുക.

26. പാറക്കൂട്ടിൽ നിന്ന് പട്ടിക്കുന്ന് ഇടവഴി വൈദ്യുതീകരിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

27. ചെങ്കോടി കുഴിവിളാകം വള്ളപ്പുര വട്ടപ്പാറ ഇടവഴി വൈദ്യുതീകരിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക. 28. കണ്ണൻകോട് നെടുമം ഇടവഴി വൈദ്യുതീകരിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

29. നെടുമം S.N നഗർ റോഡ് വൈദ്യുതീകരിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

30. ചെമ്മണ്ണുവിള ആശാരിക്കുഴി നെടുമംകുളം വരെ ഇടവഴി വൈദ്യുതീകരിച്ച് സ്ട്രീറ്റ് ലൈൻ സ്ഥാപിക്കുക.

31. കീഴേപാറവിള – ചെമ്മണ്ണുവിള ഇടവഴി വൈദ്യുതീകരിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

32. അപ്സര തീയേറ്ററിന്റെ നടയിൽനിന്ന് മാടപാറ ലൈൻ വൈദ്യുതീകരിച്ച് സ്ട്രീറ്റ് ലൈൻ സ്ഥാപിക്കുക.

33. ഇഞ്ചിപ്പുല്ലുവിള ലൈൻ വൈദ്യുതീകരിച്ച് സ്ട്രീറ്റ് ലൈൻ സ്ഥാപിക്കുക.

34. കൂഴിക്കട പ്ളാവില മേലേ ലൈൻ വൈദ്യുതീകരിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.


35. വികാസ് ലൈൻ, ആലുംമൂട് ഇടവഴി, നെടിയവിളാകം ഇടവഴി, നൂറാണിമേലേ ഇടവഴി, പണ്ടാരവിളമേലേ ഇടവഴി, പണ്ടാവിള – നാഗമല പൊറ്റ, ആലുനിന്ന വിള– നാഗമലപൊറ്റ, വണ്ടിത്തടം കുരിശടിക്ക് ഏതിർവശത്തുള്ള ഇടവഴി, വാറുവിള–നരിക്കല്ല് വിള ഇടവഴി, വിശ്വനാഥപുരം –കരിച്ചിവിള ഇടവഴി, തിനവിള–കരിച്ചിവിള ഇടവഴി എന്നിവടങ്ങളിൽ വൈദ്യുതീകരിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

37. മേലെ നെല്ലിയോട്, ആഴാംകോണം, തിരുവഴിമുക്ക്, ഈ ലൈൻ വൈദ്യുതീകരിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.
38. മഠത്തിൽ നടമുതൽ പള്ളത്തുകടവുവരെ സ്ട്രീറ്റ ലൈൻ സ്ഥാപിച്ച് തെരുവിളക്കുകൾ സ്ഥാപിക്കുക
39. തോട്ടിൻകര മുതൽ പുഞ്ചക്കരി വരെയുള്ള വഴി സ്ട്രീറ്റ് ലൈൻ നീട്ടി തെരുവുവിളക്കുകൾ സ്ഥാപിക്കുക.
40. മേനിലം മുതൽ ചെമ്മണ്ണുവിള വരെ സ്ട്രീറ്റ്ലൈൻ നീട്ടി തെരുവുവിളക്കുകൾ സ്ഥാപിക്കുക.
41. പാലക്കുന്ന് പ്രദേശത്ത് സട്രീറ്റ് ലൈൻ നീട്ടി തെരുവുവിളക്കുകൾ സ്ഥാപിക്കുക.
42. ഇടയാർ, കുന്നുംപാലതോപ്പു മുതൽ മുടിമ്പിൽ വരെയുള്ള ഇടവഴി വൈദ്യുതീകരിച്ച് തെരുവുവിളക്കുകൾ സ്ഥാപിക്കുക.
43. നാരകത്തറ മുതൽ കലുങ്കുവരെ ഇടവഴി വൈദ്യുതീകരിച്ച് തെരുവുവിളക്കുകൾ സ്ഥാപിക്കുക.
44. അരത്തൻമൂല മുതൽ പണ്ടാരതോപ്പുവരെയുള്ള ഇടവഴി വൈദ്യുതീകരിച്ച് തെരുവുവിളക്കുകൾ സ്ഥാപിക്കുക.
45. അഞ്ചാംകല്ല് മുതൽ ഐരയിൽ വരേയും, അഞ്ചാം കല്ല് പള്ളിമുതൽ ഐരവരേയും, അഞ്ചാം കല്ല് പള്ളിമുതൽ കുഴിയംവിളകോളനിവരെയും, പഴവിളകോളനിമുതൽ കല്ലടിച്ചാമൂലവരെയും, പടിഞ്ഞാറെ പുങ്കുളം മുതൽ പാറയ്ക്കൽ വരേയും, പാറയ്ക്കൽ മുകൾ മുതൽ ഐരയിൽ കുളം വരേയും, അമ്മു രക്തസാക്ഷി മണ്ഡപം മുതൽ കുന്നും പാറവരെയും, വാഴമുട്ടം ചെമ്പൻവിളമുതൽ കല്ലടിച്ചാമൂലവരേയും, സ്ട്രീറ്റ് ലൈൻ നീട്ടി തെരുവുവിളക്കുകൾ സ്ഥാപിക്കുക.
46. പാച്ചല്ലൂർ എൽ.പി.എസ്. മുതൽ കുപ്പച്ചിവിളാകം വരേയും തൈവിളാകം വരേയും, പന്നവിളാകം മുതൽ കടത്തുകടവുവരെയുമുള്ള ഇടവഴി സ്ട്രീറ്റ് ലൈൻ നീട്ടി തെരുവു വിളക്കുകൾ സ്ഥാപിക്കുക.
47. കുനം തുരുത്തി, മഞ്ചാടി എന്നീ പ്രദേശങ്ങളിലെ വഴി വൈദ്യുതീകരിച്ച് തെരിവുവിളക്കുകൾ സ്ഥാപിക്കുക
48. കടത്തുനട മുതൽ ഇടവിളാകം വരെയുള്ള ഉടവഴി വൈദ്യുതീകരിച്ച് തെരുവുവിളക്കുകൾ സ്ഥാപിക്കുക.
49. ഇടവിളാകം മുതൽ തുണ്ടത്തിൽ വരെയും, തോക്കൻചിറ മുതൽ കപ്പച്ചിവിളാകം വരേയുമുള്ള ഇടവഴികൾ വൈദ്യുതീകരിച്ച് തെരിവുവിളക്കുകൾ സ്ഥാപിക്കുക.
50. വാഴമുട്ടം രാജീവ്ഗാന്ധി റോഡുമുതൽ ചിറ വരെയുള്ള ഇടവഴിയും, ചിറമുതൽ കുനംതുരുത്തിവരെയുള്ള ഇടവഴിയും വൈദ്യുതീകരിച്ച് തെരുവിവിളക്കുകൾ സ്ഥാപിക്കുക.
51. വാഴമുട്ടം ഹൈസ്കൂൾ മുതൽ കുന്നിൽ വരെയുള്ള ഇടവഴി വൈദ്യുതീകരിച്ച് തെരുവുവിളക്കുകൾ സ്ഥാപിക്കുക.
52. വാഴമുട്ടം കയർ സൊസൈറ്റി മുതൽ കുന്നിലേക്ക് പോകുന്ന ഇടവഴിയിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുക.
53. പനത്തുറ പള്ളിനടമുതൽ സമുദ്ര ഹോട്ടൽവരെയുള്ള റോഡ് വൈദ്യുതീകരിച്ച് തെരുവുവിളക്കുകൾ സ്ഥാപിക്കുക.
54. പള്ളിനടമുതൽ – സ്കൂൾനടവഴി കൈതവിളാകം വരെ വൈദ്യുതീകരിച്ച് തെരുവുവിളക്കുകൾ സ്ഥാപിക്കുക
55. ക്ഷേത്രനടമുതൽ വേലുത്തലവരേയും, പുന്നവിളാകം മുതൽ കടത്തുവരെയും ഉള്ള ഇടവഴി വൈദ്യുതീകരിച്ച് തെരുവു വിളക്കുകൾ സ്ഥാപിക്കുക.
56. കോമ്പൗണ്ട് വിള മുതൽ പള്ളത്തുകടവുവരെ വൈദ്യുതീകരിച്ച് തെരുവുവിളക്കുകൾ സ്ഥാപിക്കുക.
57. പഞ്ചായത്താഫീസിന് എതിർവശം സബ് രജിസ്ട്രാർ റോഡ് വൈദ്യുതീകരിച്ച് തെരുവുവിളക്കുകൾ സ്ഥാപിക്കുക.
58. ചെട്ടിച്ചിവിളാകം, ചെക്കാലവിളാകം ഇടവഴികൾ വൈദ്യുതീകരിച്ച് തെരുവുവിളക്കുകൾ സ്ഥാപിക്കുക.
59. ഈ പഞ്ചായത്തിലെ ഇനിയും വൈദ്യുതീകരിച്ചിട്ടില്ലാത്ത് 20% ത്തോളം വരുന്ന നിർദ്ദന കുടുംബങ്ങളെക്കണ്ടെത്തി സൗജന്യമായി വൈദ്യുതീകരിച്ച് നല്കുക.

സാധ്യതകൾ

1. കാറ്റാടി യന്ത്രം സ്ഥാപിച്ച് വൈദ്യുതി ഉൽപാദനം പരാമാവധി ചൂഷണം ചെയ്യണം.
2. കൂടുതൽ ട്രാസ്ഫോർമറുകൾ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.
3. ചിത്രാഞ്ജലി സ്റ്റുഡിയോയുടെ കുറച്ചു സ്ഥലം അക്വയർ ചെയ്ത് ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കുക.
4. ഇടയാറിലും പനത്തുറയിലും തിരമാലയിൽനിന്ന് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള സാദ്ധ്യത ആരായുക.





ഗതാഗതം

5-6

പൊതു അവലോകനം

മനുഷ്യർക്ക് വിവിധ ഭാഗങ്ങളിലേക്ക് എത്തി ചേരുവാനുള്ള മാർഗ്ഗങ്ങളും; ഉൽപ്പാദിപ്പിക്കപ്പെടുന്ന വസ്തുക്കൾ (ചരക്കുകൾ) വേണ്ടിടത്ത് എത്തിക്കുന്ന ഉപാധിയുമാണല്ലോ ഗതാഗതം കൊണ്ട് വിവക്ഷിക്കുന്നത്. അതിൽ റോഡ്, തീവണ്ടി ജലഗതാഗതം എന്നിവയാണ് പ്രധാനം.

നമ്മുടെ പഞ്ചായത്തിന്റെ വടക്കു കിഴക്കേമൂല (മധുപാലം) മുതൽ തെക്കുപടിഞ്ഞാറ് പനത്തുറവരെ കരമനയാറ്റിലൂടെയുള്ള ജല ഗതാഗതം സാദ്ധ്യമാണ്. എന്നാൽ ടി ജല ഗതാഗത സൗകര്യം ഇപ്പോൾ കാര്യമായി ഉപയോഗപ്പെടുത്തുന്നില്ല. മുൻകാലങ്ങളിൽ ടി ജലയാത്രാസൗകര്യമുള്ള പ്രദേശങ്ങളിൽ നിന്നും തെക്കൻ ഭാഗത്തുള്ള തൊണ്ട്, വള്ളങ്ങളിൽ സംഭരിച്ചിരുന്നതും അത് അഴുക്കുന്ന സ്ഥലങ്ങളിലേക്ക് കൊണ്ട് പോയിരുന്നതും ജലഗതാഗതമാർഗ്ഗത്തിലൂടെയായിരുന്നു. നിരവധിപേർ ടി തൊഴിലിൽ ഏർപ്പെട്ടിരുന്നു. തിരുവല്ലം ഒരു തൊണ്ടു കച്ചവടകേന്ദ്രമായിരുന്നു. പൂവ്വാർ മുതൽ ശേഖരിക്കപ്പെടുന്ന തൊണ്ടുകൾ കാളവണ്ടികളിൽ തിരുവല്ലത്ത എത്തിച്ചിരുന്നു. തിരുവല്ലത്തു ശേഖരിക്കപ്പെടുന്ന തൊണ്ടുകൾ പാർവ്വതീപുത്തനാറി ലൂടെ വേളികായൽ, കഠിനംകുളം കായൽ വഴി തൊണ്ട് അഴുക്കു കേന്ദ്രങ്ങളായ ചിറയിൻകീഴ് താലൂക്കിന്റെ കായലോരങ്ങളിൽ എത്തിച്ചിരുന്നു. ചരക്കുഗതാഗതത്തിൽ ആട്ടോമൊബൈൽ വാഹനങ്ങളുടെ തള്ളിക്കയറ്റം മൂലം ജലഗതാഗതമാർഗ്ഗങ്ങളിലൂടെയും കാളവണ്ടികളിലൂടെയും ഉള്ള തൊണ്ടിന്റെ നീക്കം നിലച്ചു . ഇവയുടെ സ്ഥാനം ലോറികൾ കൈയ്യടക്കി ഇതിന്റെ ഭാഗമായി ടി വ്യവസായത്തിൽ ഏർപ്പട്ടിരുന്ന വള്ളതൊഴിലാളികളുടേയും കാളവണ്ടിതൊഴിലാളികളുടെയും നാട്ടിൻപുറങ്ങളിലെ ചെറുകച്ചവടക്കാരിൽ ഒതുങ്ങിനിന്ന ചെറുവ്യവസായം മേലേക്കിടയിലുള്ള മുതലാളിമാർകൈയ്യടക്കി.

തിരുവല്ലം പഞ്ചായത്ത് പ്രദേശങ്ങളിൽകൂടി കടന്നുപോകുന്ന പ്രധാന റോഡുകൾ തിരുവല്ലം-കോവളം, പാച്ചല്ലൂർ-വെങ്ങാനൂർ, തിരുവല്ലം-കരുമം എന്നിവയാകുന്നു. പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളെ കൂട്ടിയിണക്കുന്ന നിരവധി ഉപറോഡുകൾ ഉണ്ട്.

ഈപഞ്ചായത്തിനുള്ളിൽ പ്രവർത്തിക്കുന്ന കടവുകൾ താഴെപറയുന്നവയാണ്

(a) കരമനയാറിനു കുറുകെ പള്ളത്തു കടവിലുള്ള കടത്ത്

(b) പനത്തുറ പള്ളിനട കടത്ത്

(c) പനത്തുറഭാഗത്തള്ള ഇടിഞ്ഞാറെ കടത്ത്

(d) തോട്ടുമുക്കു കടത്ത്

ടി പഞ്ചായത്തിന്റെ 13-ാം വാർഡ് ഉൾക്കൊള്ളുന്ന പ്രദേശമായ ഇടയാറിലേക്കുള്ള ഏക സൗകര്യം ഒരു നടപ്പാലം മാത്രമാണ്. ഒരു സ്കയർ കിലോമീറ്റർ ഉള്ളതും 2500 വരെ ജനസംഖ്യയുള്ളതുമായ ടി പ്രദേശത്തിനുള്ളിൽ സൈക്കിൾ ഒഴികെ ഒരു വാഹനവും ഓടിന്നില്ല.

റോഡുകളുടെ കാര്യമാണെങ്കിൽ ചില ഉൾ പ്രദേശങ്ങളെ ബന്ധിപ്പിക്കാൻ ഇനിയും ഇട റോഡുകൾ ഉണ്ടാകേണ്ടിയിരിക്കുന്നു. ഗ്രാമസഭകളിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ പ്രത്യേകം ചേർത്തിട്ടുണ്ട്. തിരുവല്ലം പഞ്ചായത്തിലെ 1,2,3,12 എന്നീ വാർഡുകളിലെ ജനങ്ങൾക്ക് കൈഎത്താവുന്ന ദൂരത്താണ് തിരുവനന്തപുരം പട്ടണം സ്ഥിതി ചെയ്യുന്നതെങ്കിലും, പട്ടണത്തിലെത്താൻ കുറഞ്ഞത് അഞ്ചോ, ആറോ കിലോമീറ്റർ കറങ്ങി പോകണം കിള്ളിയാറും കരമനയാറും ഒന്നിച്ചുചേരുന്ന പള്ളത്തു കടവിൽ ഒരു പാലം ഉണ്ടായാൽ ടി നാലു വാർഡിലെ ജനങ്ങൾക്ക് ഉപകാരമായിരിക്കുമെന്നു മാത്രമല്ല തിരുവനന്തപുരം പട്ടണത്തിന്റെ ഒരു റിംഗ് റോഡായി മാറ്റി കൈമനം മുതൽ ചാലവരെയുള്ള വാഹനക്കുരുക്ക് ലഘൂകരിക്കാം. ജില്ലാപ്ലാനിംഗ് കമ്മിഷന്റെ ശ്രദ്ധ ടി കാര്യത്തിൽ പതിയണം.

ടി പഞ്ചായത്തിലൂടെ കടന്നു പോകുന്ന പി.ഡബ്ളിയു.ഡി റോഡുകൾക്കു പോലും വശങ്ങളിൽ ജലംവാർന്നുപോകുന്നതിനുള്ള ഓട സംവിധാനം ഇല്ല. മറ്റു പഞ്ചായത്തുകളിൽ നിന്നും വ്യത്യസ്ഥമായ് ടി പഞ്ചായത്തിൽ കുന്നിൻ നിരകൾ നിരവധിയാണ്. മഴക്കാലത്ത് ടി കുന്നുകളിൽ നിന്നും റോഡിൽ ഒഴുകിവരുന്ന വെള്ളം താഴേക്ക് കുത്തി ഒഴുകുകയും ഇടറോഡുകളും ഇടവഴികളും പൊട്ടി പൊളിക്കുകയാണ്. പ്രധാന പി.ഡബ്ളിയു.ഡി റോഡുകളുടെയെങ്കിലും ഓട സംവിധാനത്തിൽ അടിയന്തിരമായി ശ്രദ്ധപതിയേണ്ടതാണ്

ജനങ്ങളുടെ യാത്രാസൗകര്യ പ്രധാനമായും നിർവ്വഹിക്കുന്നത് കെ.എസ്.ആർ.ടി.സി. യുടെ ചുമതലയിലാണ്. ജനങ്ങളുടെ ആവശ്യം അറിയാതെ ബസ്സിന്റെ ഷെഡ്യൂളുകൾ നിശ്ചയിക്കുന്നതു സ്ഥല്ത്തിന്റെ ഭൂമിശാസ്ത്രം പരിചയമില്ലാത്ത ഉദ്യോഗസ്ഥന്മാരാണ്. ഇതുമൂലം യാത്രക്കാർ ബുദ്ധിമുട്ടനുഭവിക്കുന്നു ഒരുപ്രദേശത്തിലൂടെ നടത്തുന്ന ബസ്സ് ഷെഡ്യൂളുകൾ നിർണയംചെയ്യുമ്പോൾ ആപ്രദേശത്തെ ജനപ്രധിനിതികളുടെ അഭിപ്രായം കൂടി ആരാഞ്ഞാൽ പ്രശ്നങ്ങളുടെ 75% പരിഹരിക്കാൻകഴിയും സിറ്റി സർവ്വീസിന്റെ ഷെഡ്യൂളുകൾ നിർണ്ണയിക്കുമ്പോൾ ഇക്കാര്യത്തിൽ പ്രത്യേകം ഊന്നൽ നൽകണം പ്രാദേശികമായി സിറ്റിസർവ്വീസിനെക്കുറിച്ച് നിരവധി പരാതികൾ നിലനിൽക്കുന്നതിനാൽ അവ ഇവിടെ രേഖപ്പടുത്തുവാൻ സ്ഥല പരിമിതിമൂലം തയ്യാറാകുന്നില്ല.

കല്ലടിമുഖം മുതൽ തിരുവല്ലം വരെയുള്ള കരമനയാറിന്റെ പടിഞ്ഞാറുഭാഗത്തുള്ള ബണ്ട് ബലപ്പെടുത്തുകയുണ്ടായി അതിനോടനുബന്ധിച്ച് കരമനയാറ്റിന്റെ കിഴക്കേതീരത്ത് ബണ്ടു സ്ഥാപിച്ചിട്ടില്ല വെള്ളപ്പൊക്കകാലത്ത് ഇതുമൂലം തിരുവല്ലം പഞ്ചായത്തിന്റെ ഒന്നാം വാർഡിൽ കൂടുതൽ ജലം ഒഴുകിയെത്തുമെന്ന് ജനങ്ങൾ ഭയക്കുന്നു. 1978ലെ വെള്ളപ്പൊക്കത്തിൽ ഒന്നാംവാർഡിലെ 74 ഓളം വീടുകൾ തകരുകയുണ്ടായിട്ടുണ്ട് വെള്ളപ്പൊക്ക നിവാരണത്തിന്റെ ഭാഗമായി തീരങ്ങൾ ബണ്ട് കെട്ടി ഉയർത്തുമ്പോൾ ഇരുകരകളിലും ബണ്ടുസ്ഥാപിക്കേണ്ടതാണ്.

ഗതാഗതം

ഗ്രാമസഭകളിൽ നിന്നും ഉയർന്നുവരുന്ന പ്രശ്നങ്ങൾ

1) പുഞ്ചക്കരി- വെട്ടുവിള -ലക്ഷംവീട്-കരിങ്കടമുകൾ റോഡിന്റെപണിതുടങ്ങുന്നതിനുള്ള നടപടിസ്വീകരിക്കുക.

2) കരിങ്കടജംഗ്ഷൻ മുതൽ സ്റ്റുഡിയോജംഗഷൻവരെ റോഡ് വീതികൂട്ടുക

3) കാഞ്ഞരവിള-കൊടുതൂക്കിക്കുന്നുവിളതടം സഞ്ചാരയൊഗ്യമാക്കുക

4) വണ്ടിത്തടം-കരിങ്കടമുകൾ-തിരുവഴിമുക്ക് റോഡിൻരെ പണിപൂർത്തിയാക്കുക

5) തിരുവല്ലം പഴയപഞ്ചായത്താഫീസു മുതൽ കരിങ്കടമുകൾ വരെയുള്ള റോഡ് സഞ്ചാരയോഗ്യമാക്കുക.

6) മേനിലം പുഞ്ചക്കരി റോഡ് പി.ഡബ്ളിയു.ഡി ഏറ്റെടുത്ത് ഗതാഗതയോഗ്യമാക്കുക

7) മേനിലം പുഞ്ചക്കരി റോഡ് വീതികൂട്ടുക

8) പുഞ്ചക്കരി റോഡിന്റെ സൈഡിൽകൂടി ഓട നിർമ്മിക്കണം

9) കരിങ്കടമുകൾ-മുട്ടളക്കഴിറോഡ് ഗതാഗതയോഗ്യമാക്കുക

10) തിരുവഴിമുക്ക - മുട്ടളക്കുഴിറോഡ് ടാർചെയ്യുക

11) പുഞ്ചക്കരി–മുട്ടളക്കുഴി–കരിങ്കടമുകൾറോഡ് ടാർചെയ്യുക

12) കൊടിതൂക്കി–കുന്നുവിളയിലേക്കുള്ള തടം റോഡാക്കിമാറ്റി ടാർചെയ്യുക

13) തിനവിളയിൽനിന്നും മാവുവിളയിലേക്കുള്ള വഴി ഗയാഗതയോഗ്യമാക്കുക

14) തെങ്ങുവിളയിൽനിന്നും വാറുവിളറോഡ് ഗതാഗതയോഗ്യമാക്കുക

15) കരിങ്കടമുകളിൽനിന്നും പുഷ്പഗിരി ലൈൻ റോഡ്, കുഴിക്കട റോഡ് ഗതാഗതയോഗ്യമാക്കണം

16) പാച്ചല്ലൂർ ജംഗ്ഷനിലെ ട്രാൻസ് ഫോർമർമുതൽ കുളത്തും കര ശ്രീ ഭദ്രകാളി ക്ഷേത്രത്തിലേക്കു പോകുന്ന റോഡ് ടാർചെയ്യുക.

17) പാച്ചല്ലൂർ ചുടുകാട് ശ്രീ ഭദ്രകാളി ക്ഷേത്രത്തിന്റെ പടിഞ്ഞാറുവശത്തുകൂടി പോകുന്ന റോഡ് (കാവിൻപുറം കൊല്ലത്തറ, മണമേൽ, വേങ്കറ) എന്നീറോഡുകൾ തിരുവല്ലം പാലത്തിനു സമീപം വന്നു ചേരുന്നു ടി റോഡുകൾ ടാർചെയ്യുക.

18) കുമിളി ജംഗ്ഷൻ മുതൽ മന്നം നഗർ, പുത്തളം ജംഗ്ഷൻ പ്ളാങ്ങൽ ജംഗഷൻ കറങ്ങി കുമിളിയിൽ വന്നു ചേരുന്ന റോഡ് ടാർചെയ്യുക.

19) പ്ളാങ്ങൽ ജംഗ്ഷനിൽനിന്നും വേട്ടക്കല്ല് വരെയുള്ള റോഡ് ടാർചെയ്യുക.

20) കുമിളിയിൽനിന്നും ഹരിജനങ്ങൾതിങ്ങിപാർക്കുന്ന ഊരാൻകുടി, തുണ്ടത്തുവിളാകം, കൊല്ലന്തറവഴി N H. കയറുന്നറോഡ് ഗതാഗതയോഗ്യമാക്കുക

21) ഒലുപ്പിൻകര – കുളത്തുംകരറോഡ് ടാർ ചെയ്യുക

22) പണ്ടാരവിള – കാവിൻപുറം റോഡ് ടാർചെയ്യണം

23) കാവിൻപുറം – വെണ്മനക്കൽ– ഒലുപ്പുംകര റോഡ് ടാർചെയ്യണം

24) കാവിൻപുറം – തോണിക്കടവ് – സഖാവ് സോമൻനഗർ ലൈൻ ടാർചെയ്യണം

25) വാഴമുട്ടം – കട്ടയ്ക്കാൽ വഴി ഫിഷർമാൻ കോളനിയിൽ കൂടി വട്ടപ്പാററോഡ് പണിതുടങ്ങി ടാർചെയ്യുക.

26) പാറവിള – വട്ടംവഴി N.H. മായി ബന്ധിപ്പിക്കുന്ന റോഡ് പണി ആരംഭിക്കുക.

27) ചിറയിൽ നിന്നും പമ്മത്തിലേക്ക് റോഡ് നിർമ്മിക്കുക. വാഴമുട്ടത്തുനിന്നും കുന്നിലേക്കു പോകുന്നവഴി കോൺക്രീറ്റ് ചെയ്യുക.

28) പനത്തൂറയിലേക്ക് കന്നുകാലിചാൽ പാലം മോഡൽ പാലം പണിയുക. തോടുകളുടെ കുറുകെ കടന്നുപോകുന്ന വഴികളിൽ സ്ളാബുകൾ സ്ഥാപിക്കുക.

29) കുപ്പച്ചിവിളാകം വഴി N.H. മായി ബന്ധിപ്പിക്കുന്ന റോഡ് പണിആരംഭിക്കുക. N.H. മായി ബന്ധിപ്പിക്കുന്ന ഇടറോഡുകളിൽ ഓട നിർമ്മിക്കുക.

30) കിഴക്കേമുടുമ്പിൽനിന്നും പുലയൻവിളാകം വരെയുള്ള വഴി പൂർത്തിയാക്കുക. തോപ്പടിയിൽ നിന്നും തോണിക്കടവിലേക്ക് പോകുന്ന റോഡ് ടാർ ചെയ്യുക.

31) ജി.വി രാജാറോഡിൽനിന്നും അട്ടപ്പാറയിലേക്ക് പോകുന്ന റോഡിന്റെ ടാറിംഗ് പണിചെയ്തു ഗതാഗതയോഗ്യമാക്കുക.

32) കൈതവിള മുതൽ വട്ടപ്പാറ വഴി പുളിവിള വരെയുള്ള റോഡ് ഗതാഗതയോഗ്യമാക്കുക

33) നെടുമം S.N റോഡ് വാഴവിളാകം തോടിനു സമീപം വരെ വന്നിട്ടുള്ളു ടി റോഡ് കടൽ തീരം വരെ ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക

34) ചെമ്മണ്ണുവിള – നെടുമം റോഡ് മെറ്റൽ ചെയ്തു ടാർഇട്ട് ഗതാഗതയോഗ്യമാക്കുക.

35) വട്ടപ്പാറമുതൽ വാഴമുട്ടം 3061–ാം നമ്പർ സൊസൈറ്റി വരെയുള്ള റോഡ് ഗതാഗതയോഗ്യമാക്കുക.

36) കോവളം ഹോട്ടൽ സമുദ്ര മുതൽ പനത്തൂറ പൊഴിക്കരവരെയുള്ള (തോട്ടുമുക്ക്) തീരദേശറോഡ് ടാർചെയ്തു സഞ്ചാര യോഗ്യമാക്കണം

37) ഇടിഞ്ഞകരകടത്ത് സ്ഥിതിചെയ്യുന്ന സ്ഥാനത്ത് ഒരു മരപ്പാലം സ്ഥാപിച്ച് യാത്രാ ക്ളേശം പരിഹരിക്കണം

38) വണ്ടിത്തടം - പുഞ്ചക്കരി റോഡ് ടാർ ചെയ്യുക

39) മൊണ്ടിവിള മുതൽ നാലാം കല്ല് മുസ്ളീം പള്ളി വരെയുള്ള റോഡ് ഗതാഗതയോഗ്യമാക്കുക

40) പാച്ചല്ലൂർ ജംഗഷനിൽ നിന്നും ആലുംമൂട്ടിലേക്കു പോകുന്ന തടം ഗതാഗതയോഗ്യമാക്കുക.

41) പാച്ചല്ലൂർ നൂറാണിയിൽ നിന്നും വണ്ടിത്തടം ഭാഗത്തേക്കു വരുന്ന വഴിയുടെ പണി പൂർത്തിയാക്കുക

42) നെടിയവിളാകം ഭാഗത്തേക്കുപോകുന്ന വഴിയിൽ നിൽക്കുന്ന ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിച്ച് സൈഡ്വാൾ കെട്ടി ഗതാഗതയോഗ്യമാക്കുക.

43) പുങ്കുളത്തുനിന്നും പാച്ചല്ലൂർ പണ്ടാരവിലയിലേക്കുപോകുന്ന ഇടവഴി വീതികൂട്ടി സഞ്ചാരയോഗ്യമാക്കണം.

44) ശാന്തിപുരത്തുനിന്നും പാപ്പാം ചാണിയിലേക്കുള്ള ഇടവഴി വീതികൂട്ടി സഞ്ചാരയോഗ്യമാക്കണം

45) നാലാം കല്ലിൽ നിന്നും മുവ്വാണ്ടൻ വിള വരുന്ന വഴി സഞ്ചാരയോഗ്യമാക്കണം

46) കൈരളി ഗ്രന്ഥശാലയിൽ നിന്നും തുടങ്ങി പാപാംചാണിയിൽ അവസാനിക്കുന്ന വഴി വീതി കൂട്ടി ഗതാഗതയോഗ്യമാക്കണം

47) പ്ളാവില ഇടവഴിയുടെ വീതി കൂട്ടണം

48) കല്ലടിച്ചാൻ മൂല - കല്ലൻ സാഹിബ്ബ് റോഡ് റീടാർ ചെയ്യുക

49) പാറയ്ക്കൽ മേലേപൊതുതടം, ഐരയിൽ ലക്ഷംവീട് തടം , വാഴമുട്ടം - ചെമ്പൻ വിള പൊതുതടം മുതലായവ ടാർചെയ്യുക.

50) കോളിയൂർ താന്നിനിന്നവിള റോഡ് കോളിയൂർ കുന്നും പാറ റോഡ് ചെമ്പൻ വിള മുതൽ കല്ലൻ സാഹിബ്ബ് വരെയുള്ള റോഡ്, കുഴിയൻ വിള മുതൽ പാറ വിളവരെയുള്ള റോഡ് സഞ്ചാരയോഗ്യമാക്കണം.

51) കോളിയൂർ - കീഴൂർ അംബേദ്കർ റോഡ് ഒരു കിലോമീറ്റർ ദൂരമുള്ള സെറ്റിൽ മെന്റ് ഹരിജൻ കോളനിയിലേക്കു പോകുന്നു റോഡ് മെറ്റൽ ചെയ്തു ടാർ ഇടുന്നതിനുള്ള നടപടി സ്വകരിക്കുക.

52) കോളിയൂർ - പുങ്കുളം ശാന്തിനഗർ റോഡ് മെറ്റൽ ചെയ്തു ടാർ ഇട്ട ഗതാഗതയോഗ്യമാക്കുക.

53) കോളിയൂർ കുളവരമ്പ് റോഡ് മെറ്റൽ ചെയ്തു ടാർചെയ്യുന്നതിനുള്ള നടപടിസ്വീകരിക്കുക

54) കോളിയൂർ - ദർപ്പവിള റോഡ് മെറ്റൽ ചെയ്ത് ടാർ ഇട്ട് ഗതാഗതയോഗ്യമാക്കുക

55) മധുപ്പാലം മുതൽ ഇലങ്കത്തറകുന്നു വരെയുള്ള തടം റോഡാക്കിമാറ്റുക.

55) നെല്ലിയോടു മുതൽ തിരുവഴി മുക്കുവരെയുള്ളതും ആഴാകോണം വഴി പുഞ്ചക്കരിവായനശാലവരെയും തോട്ടിൻകര മുതൽ മധുപ്പാലം വരെയും ഉള്ള റോഡ് ഗതാഗതയോഗ്യമാക്കണം.

57) അജയാതിയേറ്റേഴ്സിന്റെ മുന്നിൽ വന്നു അവസാനിക്കുന്ന ജഡ്ജിറോഡിൽ നിന്നും വരുന്ന ഇടവഴി കേൺക്രീറ്റ് ചെയ്തു സഞ്ചാരയോഗ്യമാക്കണം

58) മഠത്തിൽ നട-മൂലയിൽ ഇടവഴി ടാർചെയ്യുക

59) മഠത്തിൽനടയിൽ നിന്നും പള്ളത്തു കടവിലേക്കുള്ള വഴി മെറ്റൽ ചെയ്തു ടാർ ഇട്ട് ഗതാഗതയോഗ്യമാക്കുക

60) ചെമ്മണ്ണുവിള-മേനിലം റോഡ് സൈഡുവാളുകെട്ടി ഗതാഗതയോഗ്യമാക്കുക.

61) പുഞ്ചക്കരി – പാണ്ടിമാംമൂട് മെറ്റൽ ചെയ്ത് ടാർ ഇട്ട് ഗതാഗതയോഗ്യമാക്കുക.

62) കന്നുകാലിചാലുമുതൽ മധുപ്പാലം വരെയുള്ള ബണ്ട് ജീപ്പ് റോഡാക്കി മാറ്റണം

63) മധുപ്പാലം മുതൽ മേനിലം വരെ യുള്ള മെയിൻ റോഡിനു സൈഡിൽ കൂടി ഓട സ്ഥാപിച്ച് ഗതാഗത യോഗ്യമാക്കുക

64) നെല്ലിയോടിനും മധുപ്പാലത്തിനും ഇടയ്ക്ക് കൽവർട്ട് സ്ഥാപിക്കുക.

65) 1,2,3,12 എന്നീ വാർഡുകളിലെ ജനങ്ങൾക്ക് കൈഎത്തുന്നദൂരത്താണ് തിരുവനന്തപുരം പട്ടണം സ്ഥിതിചെയ്യുന്നതെങ്കിലും സിറ്റിയിലെത്താൻ കിലോമീറ്ററുകൾ താണ്ടി പോകണം. പള്ളത്തുകടലിൽ ഒരുപാലം ഉണ്ടായാൽ നാലു വാർഡിലെ ജനങ്ങൾക്ക് ഉപകാരമായിരിക്കും കടത്തുകാരന്റെ ശമ്പളവും മറ്റു അലവൻസുകളും ഒഴിവാക്കി സർക്കാരിന് ആവക ചിലവ് ലാഭിക്കാം.

66) പള്ളത്തുകടവിൽ ഒരു ചുമടുതാങ്ങി സ്ഥാപിക്കണം

67) നെല്ലിയോടു ക്ഷേത്രത്തിനു സമീപം വെയിറ്റിംഗ്ഷെഡ് സ്ഥാപിക്കുക

68) ഇടയാറിൽ കരമനയാറിനു കുറുകെ ഗതാഗതയോഗ്യമായ പാലം പണിയുകയും പണ്ടാരതോപ്പുവരെ റോഡ് പണിയുകയും തിരുവല്ലത്തുനിന്നും വേങ്കറ ക്ഷേത്രത്തിൽ കയറുന്ന ഇടവഴി മെറ്റൽ ചെയ്തു ടാർഇട്ട് ഗതാഗതയോഗ്യമാക്കുക.

69) തിരുവല്ലം പരശുരാമ ക്ഷേത്രത്തിന്റെ പടിഞ്ഞാറെ നടമുതൽ വലിയ മഠം കല്പകശ്ശേരി റോഡ് ടാർചെയ്യുക.

70) തിരുവല്ലം പരശുരാമക്ഷേത്രത്തിന്റെ വടക്കെ നടമുതൽ മഠത്തിൽ നടവരെയുള്ള റോഡ് ടാർ ചെയ്യണം

71) പ്ലാങ്ങൽ – പുത്തളം റോഡ് ടാർചെയ്യണം

72) വേട്ടക്കൽ – പ്ലാങ്ങൽ റോഡ് ടാർചെയ്യുക

73) മംഗലത്തറ – മേനിലം ഇടറോഡ് കോൺക്രീറ്റ് ചെയ്യണം

74) ഒപ്പാനമഠം ലങ്കറോഡ് കോൺക്രീറ്റ് ചെയ്യണം

75) മംഗലത്തറ – പുതിച്ചൽ ബണ്ട് നിർമ്മാണം നടത്തുക

76) മംഗലത്തറ – പതിനഞ്ഞാഴി കളത്തിൽ പളാമൂട് ഇടബണ്ട് പണിയുക.

77) പഞ്ചായത്ത് ഒഫീസ് – സബ് രഡിസ്ട്രാറാഫീസ് തെക്കെമഠം റോഡ് ടാർചെയ്യുക.

78) ശാസ്താം കുന്ന് റോഡ് കോൺക്രീറ്റ്ചെയ്യുക.

79) പടയരകം – അശ്വതി ലൈൻ കോൺക്രീറ്റ് ചെയ്യുക

80) ചെക്കിട്ടുവിളാകം മുടുക്ക് കോൺക്രീറ്റ് ചെയ്യുക.

81) തിരുവല്ലം ക്ഷേത്രകോംമ്പൗണ്ടിൽനിന്നും വിളക്കുമഠം ജംഗ്ഷനിൽകൂടെ ലങ്കയിലേക്ക് ഗതാഗതയോഗ്യമായ പാലം നിർമ്മിച്ച് ലങ്കതൂരുത്തിനു ചുറ്റും റോഡ് നിർമ്മിക്കുക

വസ്തുനിഷ്ട പഠനങ്ങളിൽ നിന്നും ലഭിച്ച പ്രശ്നങ്ങൾ

1) റോഡുകൾ യഥാസമയം അറ്റകുറ്റ പണി നടത്താറില്ല

2) റോഡുകൾക്ക് പൊതുവേ ഓട സംവിധാനമില്ല

3) ബസ്സ് സ്റ്റോപ്പുകളിൽ ഷെൽറ്ററുകളില്ല

4) പ്രധാന ബസ്സ് സ്റ്റോപ്പുകളിൽ പോലും മൂത്രവിസർജ്ജന സൗകര്യം ഇല്ല.

5) പനത്തുറ, പള്ളത്തുകടവ് എന്നീ കടത്തു കളിലെ കടത്തുവള്ളങ്ങൾക്ക് കരയ്ക്കടുക്കുവാൻ ജെട്ടി സൗകര്യങ്ങളില്ല.

സാദ്ധ്യതകൾ

1) ആവശ്യത്തിനനുസൃതമായി വീതിയില്ലാത്ത ഇടറോഡുകളുടെ വീതി കൂട്ടുകയും വേണ്ടിടത്തൊക്കെ ഒടനിർനമ്മിക്കുകയും വേണം

2) ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന പുതിയ റോഡുകളുടെ നിർമ്മാണം ഫണ്ടിനനുസൃതമായി തുടങ്ങണം

3) മേനിലം പുഞ്ചക്കരി റോഡിന്റെ ചുമതല പി.ഡബ്ളിയു. ഡിയെ ഏൽപിക്കണം

4) റോഡ് ടാർ ചെയ്യണമെന്ന് ഗ്രാമസഭകളിൽ വന്ന നിർദ്ദേശങ്ങൾ 9-ാം പഞ്ചപൽസരപദ്ധതിയിൽ പരിഗണിക്കണം

5) നെടിയവിളാകത്തേക്ക് പോകുന്ന വഴിയിൽ നില്ക്കുന്ന ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റിസ്ഥാപിക്കുകയും സൈഡുവാൾ കെട്ടുകയും വേണം

6) പഞ്ചായത്തുകമ്മറ്റി പരിശോധിച്ച് പ്രധാനപ്പെട്ട ബസ്സ് സ്റ്റോപ്പുകളിൽ വെയിറ്റിംഗ് ഷെഡുകൾ സ്ഥാപിക്കണം

7) പള്ളത്തുകടവിൽ ഒരു ചുമടു താങ്ങി സ്ഥാപിക്കാൻ പഞ്ചായത്തുകമ്മറ്റി നടപടിയെടുക്കണം


8) പൊതു അവലോകനത്തിൽ പ്രകടമാക്കിയ പ്രാധാന്യം പരിഗണിച്ച് പള്ളത്തുകടവിൽ പാലം പണിയിക്കാൻ മേലധികാരികളുടെമേൽ സമ്മർദ്ദം ചെലുത്തണം.


9) ഇടയാറിന്റെ കാര്യത്തിൽ പാലത്തിന്റെ പ്രശ്നത്തിൽ പഞ്ചായത്തു സമിതി കാര്യമായി മുൻകൈ എടുക്കണം

10) ഇടിഞ്ഞറ കടത്തിൽ ഒരു നടപ്പാലം സ്ഥാപിക്കണം

11) സ്വയംഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികളുമായിക്കൂടി ആലോചിച്ച് കെ.എസ്.ആർ.ടിസി ബസ്സുകളുടെ ഷെഡ്യൂളുകൾ പുനർ നിർണ്ണയം ചെയ്യുക.

12) മധുപ്പാലം മുതൽ തിരുവല്ലം വരെ കരമനയാറിന്റെ പടിഞ്ഞാറുഭാഗത്ത് ബണ്ട് നിർമ്മിക്കണം.





5-7

പാർപ്പിടം

തിരുവനന്തപുരം നഗരത്തിന്റെ തൊട്ടടുത്താണ് തിരുവല്ലം പഞ്ചായത്ത് സ്ഥിതിചെയ്യുന്നതെങ്കിലും പാർപ്പിട കാര്യത്തിൽ നഗരത്തിന്റേതായ യാതൊരുവിധ മോടിയും ധാടിയും ഈ പഞ്ചായത്തിന് ഇല്ല എന്നത് സത്യമാണ്. ഏറിയ കുടുംബാഗങ്ങൾക്കും മിനിമം സൗകര്യങ്ങളോടുകൂടിയ പാർപ്പിടം ഇല്ല. വീടുകളുടെ നിലവാരത്തെക്കുറിച്ചുള്ള വിശകലനം താഴെ കൊടുക്കുന്നു.

ജനസംഖ്യയിൽ 45% മേൽ സ്വന്തമായി സാമാന്യരീതിയിലുള്ള ഒരു പാർപ്പിടം ഉണ്ടാക്കാൻ കഴിയാത്തവരാണ്. ആ കൂട്ടർ ഇപ്പോൾ ചെറുകുടിലുകളിലും ചില വീടുകളുടെ ചായ്പ്പുകളിലും വാടകയ്ക്കും കഴിഞ്ഞുകൂടുന്നു. വിവാഹാവശ്യങ്ങൾക്കും മറ്റും സ്വന്തമായി ഉണ്ടായിരുന്ന പാർപ്പിടം മക്കൾക്കോ മരുമക്കൾക്കോ കൊടുക്കേണ്ടിവന്നതിനാൽ താമസസൗകര്യമില്ലാതെ വിഷമിക്കുന്ന വൃദ്ധദമ്പതികളുമുണ്ട്.

ഭവനനിർമ്മാണത്തിന് സഹായവും ലോണുകളും ലഭ്യമാക്കുന്ന ഒരേജൻസിയും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. പാർപ്പിടകാര്യത്തിൽ ഏക അവലംബം സർക്കാറുകൾ കലാകാലങ്ങളിൽ ദുർബ്ബലവിഭാഗങ്ങൾക്ക് അനുവദിക്കുന്ന സൗജന്യങ്ങൾ മാത്രമാണ്. ഈ പഞ്ചായത്തിൽ ലക്ഷം വീടുപദ്ധതികളായി 101 വീടുകളുണ്ട്. വീടുകളെന്ന്, പറയാവുന്നതല്ലാതെ വേണ്ടുന്ന യാതൊരു സൗകര്യവും ഈ വീടുകളിലില്ല. സർക്കാർ നൽകിയ സ്ഥലങ്ങളിൽ കുടിൽകെട്ടി താമസിക്കുന്ന 34 കുടുംബങ്ങൾ തിനവിളയിലുണ്ട്.

കേരളത്തിന്റെ തനതുമാതൃകകൾ വിട്ട് കോൺക്രീറ്റ് കെട്ടിടം നിർമ്മിക്കുന്നതിൽ താല്പര്യമേറിവരുന്നു. ചിലവുകുറഞ്ഞ നിർമ്മാണശൈലിക്ക് ഈ പഞ്ചായത്തിൽ പ്രചാരം ലഭിച്ചിട്ടില്ല. കഴിവിനുമപ്പുറം ആവശ്യമാണോ എന്ന് നോക്കാതെ മോടികാട്ടിന്നതിലുള്ള ഭ്രമം എല്ലാത്തരം ആളുകളിലും ഏറി വരുന്നു. ഗൾഫ് മലയാളികൾ കാട്ടുന്ന ഈ പ്രവണത സാധരണക്കാരും കാട്ടുവാൻ ശ്രമിക്കുന്നു.

കെട്ടിട നിർമ്മാണ വസ്തുക്കളുടെ വില വർദ്ധിച്ചിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട വ്യാപരസ്ഥാപനങ്ങളും പഞ്ചായത്തിൽ അനവധി ഉണ്ടായിട്ടുണ്ട്. ഇവിടെ വിൽക്കുന്ന സാധനങ്ങൾ ഒന്നും തന്നെ കേരളത്തിൽ ഉല്പാദിക്കന്നവയല്ല. പണം അന്യ സംസ്ഥാനങ്ങളിലേക്ക് ഒഴുകുകയാണ്.

കെട്ടിട നിർമ്മാണകൂലി എല്ലാ മേഖലകളിലും 10 വർഷത്തിനിടെ 100 ശതമാനം കണ്ട് വർദ്ധിച്ചിട്ടുണ്ട്. കൂലിയുടെ കാര്യത്തിൽ സ്ത്രീയും പുരുഷനുമെന്ന വേർതിരിവുണ്ട്. 30% കുറച്ചേ സ്ത്രീകൾക്ക് വേതനം കൊടുക്കുന്നുള്ളു. കെട്ടിട നിർമ്മാണം ഈ പഞ്ചായത്തിൽ വിപുലമായ തോതിൽ നടക്കുന്നില്ലെങ്കിലും ഈ തൊഴിലിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ എണ്ണം ഗണ്യമാണ്. അവരിൽ ഭൂരിഭാഗവും തിരുവനന്തപുരം നഗരത്തിലും തൊട്ടടുത്ത പ്രദേശങ്ങളിലുമായി ജോലി ചെയ്യുന്നു. തൊഴിലാളികളിൽ ഏറിയകൂറും വൈദഗ്ദ്ധ്യമുള്ളവരാണ്. JRY, IAY, MWS, എന്നീ പദ്ധതികൾ മുഖാന്തിരം 130 വനങ്ങൾ നിർമ്മിച്ചുനൽകി

യിട്ടുണ്ട്. ഫുൾ ഗ്രാന്റായി 15,500 രൂപയും 1996–97 (1996 ആഗസ്റ്റിനുശേഷം) 22,00 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

പ്രശ്നങ്ങൾ

1. ഇടത്തരക്കാരും ദുർബ്ബലവിഭാഗങ്ങളും കൂടുതലായി ഓലമേഞ്ഞ കുടിലുകളിലാണ് പാർക്കുന്നത്. ഈ ഇനത്തിൽ വർഷംതോറുമുള്ള ആവർത്തനച്ചിലവ് പലർക്കും താങ്ങാവുന്നതിനുപരിയാണ്. ഇരുന്നൂറുമടലെങ്കിലും ഓലമേയേണ്ട ഒരു കുടുംബത്തിന് ആയിരത്തിഇരുന്നൂറ്റമ്പത് രൂപ വർഷം തോറും കണ്ടെത്തേണ്ടിയിരിക്കുന്നു. നാമമാത്രമായവർക്കു മാത്രമേ ഇതിനു വേണ്ടിയുള്ള സൗജന്യം അനുവദിച്ചുകിട്ടുന്നുള്ളൂ.
2. ഭൂവില ഉയർന്നതുമൂലം ദുർബ്ബല വിഭാഗങ്ങൾക്ക് ഭൂമിവാങ്ങൽ സാധ്യമല്ലാതായിത്തീർന്നിരിക്കുന്നു.
3. ലക്ഷം വീടുകളുടെ നില ശോചനീയമാണ്.
4. കോളനികളിൽ ജനങ്ങൾ ഇടതിങ്ങിപാർക്കുന്ന മറ്റുപ്രദേശങ്ങളിലും കക്കൂസുകളുടെ ലഭ്യത വളരെകുറവാണ്. സ്ഥലപരിമിതിയാണ് പ്രധാന പോരായ്മ.
5. നാമമാത്രമായി പാർപ്പിടമുണ്ടെന്ന് പറയാമെങ്കിലും ഒരേകൂരയ്ക്കുകീഴിൽ നാലും അഞ്ചും കുടുംബങ്ങൾ താമസിക്കുന്നു. ഇത് സങ്കീർണ്ണങ്ങളായ സാമൂഹ്യപ്രശ്നങ്ങൾക്ക് കാരണമാകുന്നു.
6. വാടകയ്ക്ക് ലഭ്യമാകുന്ന വീടുകളുടെ എണ്ണം പരിമിതമാണ്. മാത്രമല്ല ലോഡ്ജ് സൗകര്യങ്ങളും വളരെകുറവാണ്. പഞ്ചായത്ത് ഓഫീസ് അതിർത്തിയിലുള്ള മറ്റ് ഓഫീസുകളിലും മറ്റുമേഖലകളിലും പ്രവർത്തിക്കുന്നവർക്ക് തിരുവല്ലം ഗ്രാമപഞ്ചായതിർത്തിയിൽ താമസസൗകര്യം പരിമിതമാണ്.
7 പനത്തുറ ഭാഗത്ത് താമസിക്കുന്ന ഉദ്ദേശം നാല്പതോളം കുടുംബങ്ങൾക്ക് ഇതുവരെ പട്ടയം ലഭിച്ചിട്ടില്ല.
8. ഭവനനിർമ്മാണ വസ്തുക്കൾക്ക് വില രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ യഥാർത്ഥ വിലയിൽ കൂടുതൽ കൊടുക്കേണ്ടിവരുന്നു.
9. സൗജന്യമായി അനുവദിച്ച എല്ലാവീടുകളുടെയും പണി പൂർത്തിയാക്കിയിട്ടില്ല.
10. ദാരിദ്രരേഖയ്ക്ക് താഴെ ഉദ്ദേശം നാലായിരം കുടുംബങ്ങൾ ഉണ്ടെങ്കിലും ഏകദേശം 5% പേർക്കേ സൗജന്യമായി വീടനുവദിച്ചുകൊടുക്കാൻ സാധിച്ചിട്ടുള്ളൂ.
11. S.C., S.T വിഭാഗങ്ങൾക്കായ ഓരോ വാർഡിലും പുതിയ കോളനികൾ ഉണ്ടാകണം.
12. ഏതേത് ഏജൻസികളിൽനിന്ന് പാർപ്പിടത്തിനായി ലോണുകളും സൗജന്യങ്ങളും ലഭ്യമാകുമെന്ന് സാമാന്യ ജനത്തിനറിയില്ല.

സാദ്ധ്യതകൾ

1. വീടുമേയാൻ ആവർത്തനച്ചെലവ് ഒഴിവാക്കാൻ 9–ാം പഞ്ചവത്സരവദ്ധതി അവസാനിക്കുന്നതോടുകൂടി പഞ്ചായത്തിലെ ഓലമേഞ്ഞ എല്ലാവീടുകളും ഘട്ടംഘട്ടമായി ഓടുമേയാനുള്ള ശ്രമം ഉണ്ടാകണം. പദ്ധതി അലോട്ടുമെന്റിൽനിന്ന് ഇതിലേയ്ക്ക് ആവശ്യമുള്ള തുക നീക്കിവയ്ക്കണം
2. പഞ്ചായത്തതിർത്തിയിലുള്ള പുറംപോക്ക് ഭൂമികൾ ദുർബ്ബല വിഭാഗങ്ങൾക്ക് പതിച്ചു നൽകണം. പഞ്ചായത്ത് സ്വന്തമായ വിലക്കുറവുള്ള സ്ഥലങ്ങളിൽനിന്നും ഭൂമി വാങ്ങി അനുയോജ്യമായ തവണവ്യവസ്ഥകളിലൂടെ ഭൂമി ഇല്ലാത്തവർക്ക് നൽകണം. ഒരു ഹൗസിംങ് കോ–ഓപ്പറേറ്റീവ് സൊസൈറ്റി പഞ്ചായത്തതിർത്തിയിലുണ്ടാകണം.
3. കാലാകലങ്ങളിൽ ലക്ഷം വീടുകളുടെ അറ്റകുറ്റപണിയും മോശമായവയുടെ പുനർനിർമ്മാണവും നടത്തണം.
4. ജനങ്ങൾ ഇടതിങ്ങി പാർക്കുന്ന കേന്ദ്രങ്ങളിൽ പൊതു കക്കൂസുകൾ സ്ഥാപിക്കണം. പൊതുകക്കൂസ് വൈദ്യുതീകരിക്കുകയും ജലലഭ്യത ഉറപ്പുവരുത്തുകയും ചെയ്യണം. ശുചീകരണത്തിന് സംവിധാനം ഉണ്ടാകണം.
5. ഒരേ കൂരയ്ക്ക് കീഴിൽ പല കുടുംബങ്ങൾ താമസിക്കുന്നവരെ കണ്ടെത്തി പുനരധിവസിപ്പിക്കണം.
6. പഞ്ചായത്തതിർത്തിയിൽ ലോഡ്ജുകൾ പണിയണം കൂടാതെ വാടകയ്ക്ക് കൊടുക്കാവുന്ന കോർട്ടേഴ്സുകൾ ഉണ്ടാവണം. പഞ്ചായത്തിന്റെ വരുമാനം വർദ്ധിക്കാനും ഇതുസഹായമാവും
7. ഇതുവരേയും പട്ടയം ലഭിക്കാത്ത കുടുംബങ്ങൾക്ക് പട്ടയം ലഭ്യമാക്കാൻ റവന്യൂ അധികാരളെ പ്രേരിപ്പിക്കണം.
8. ഗൃഹനിർമ്മാണത്തിനാവശ്യമായ വസ്തുക്കൾ സർക്കാർ നിയന്ത്രണമുള്ള ഷോപ്പുകളിൽ ന്യായ


കക്കൂസ് സംവിധാനം വേണ്ട കുടുംബങ്ങളുടെ പട്ടിക

വാർഡ് നമ്പർ	കക്കൂസ് ഇല്ലാതിരുന്ന വീടുകളുടെ എണ്ണം	അനുവധിച്ചവ	പൂർത്തീകരിച്ചത്	ഇനി കക്കൂസികൾ വേണ്ട വീടുകളുടെ എണ്ണം
I	125	4	4	121
II	130	3	3	127
III	180	5	5	175
IV	150	3	3	147
V	146	6	6	140
VI	110	3	3	107
VII	120	2	2	118
VII	30	4	4	26
IX	115	3	3	112
X	111	4	4	107
XI	127	2	2	125
XII	122	3	3	119
XIII	122	—	—	---

(അവലംബം : ഗ്രാമവികസന വകുപ്പു നടത്തിയ IRDP സർവ്വെ വഴി ലഭിച്ച വിവരം)

മായ വിലക്ക് ലഭ്യമാക്കണം.

9. സൗജന്യമായ അനുവദിച്ച ഭവനങ്ങളുടെ പണി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം.
10. ദുർബ്ബല വിഭാഗങ്ങൾക്ക് കൂടുതൽ വീടുകൾ നൽകാനായി നടപടികൾ സ്വീകരിക്കണം.
11. S.C., S.T. വിഭാഗങ്ങൾക്ക് ഹൗസിംഗ് കോളനികൾ ഉണ്ടാക്കാൻ ബന്ധപ്പെട്ട വകുപ്പുകൾ ശ്രദ്ധിക്കണം.
12. വീടുവയ്ക്കാൻ ഏതേതു ഏജൻസികളിൽ നിന്ന് ലോൺ ലഭ്യമാകുമെന്ന് വിവരിക്കുന്ന ലഘുലേഖകൾ സർക്കാർതലത്തിൽ പ്രസിദ്ധീകരിക്കണം. പഞ്ചായത്താഫീസുകളിൽ ഇതിന്റെ കോപ്പി ലഭ്യമാകണം. ഭവന നിർമ്മാണ കാര്യത്തിൽ ഇടത്തരക്കാരെ സഹായിക്കാൻ അതാതു പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളും കൊമേഴ്സ്യൽ ബാങ്കുകൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ജനങ്ങളിൽ നിന്ന് സമാഹരിച്ച നിക്ഷേപം അന്യസംസ്ഥാനങ്ങൾക്കേ ലഭിക്കൂ എന്ന പ്രവണത അവസാനിപ്പിക്കേണ്ടതാണ്.
13. TRIDA യിൽ നിന്നും 10 സെന്റിനു മുകളിൽ സ്ഥലമുള്ളവർക്ക് മാത്രമാണ് ഈ പഞ്ചായത്തിൽ വീടു വയ്ക്കാൻ അനുമതി നൽകുന്നത്. പത്തു സെന്റ് സ്ഥലത്തിന് താഴെ ഉള്ളവർക്ക് വീടു വയ്ക്കാൻ ഗവൺമെന്റിൽ നിന്നും സ്പെഷ്യൽ സാങ്ഷൻ വാങ്ങേണ്ടതുണ്ട്. തന്മൂലം പത്തു സെന്റിനു താഴെ ഭൂമിയുള്ള സാധാരണക്കാർക്ക് വീടു വയ്കാൻ നിയമമതടസ്സം നേരിടുന്നു. അതിനാൽ അത്തരക്കാർക്ക് പഞ്ചായത്തിൽനിന്നും അനുമതി നൽകാൻ വേണ്ട നിയമനിർമ്മാണം നടത്തണം.



5 - 7

സാമൂഹ്യ ക്ഷേമം

സാമൂഹ്യ ക്ഷേമം വഴി സമൂഹത്തിന്റെ എല്ലാ മേഖലകളിലും സമൂലമായ മാറ്റം ഉണ്ടാകണമെന്നാണ് ഉദ്ദേശിക്കുന്നത്. എല്ലാ തലങ്ങളിലും യാതനയും വേദനയും അനുഭവിക്കുന്ന ദുർബ്ബല വിഭാഗത്തെ നാം കണ്ടില്ലെന്ന് ഭാവിക്കുന്നത് നീതികേടാണ്.

അബലകളും, വൃദ്ധരും, വികലാംഗരും, മന്ദബുദ്ധികളും, അനാഥരും സാമൂഹ്യ ജീവികളാണ്. ജനനം കൊണ്ട് ജീവഛവങ്ങളായി ജന്മം പൂർത്തീകരിച്ച് തിരശ്ശീലയ്ക്ക് പിന്നിലോടിയൊളിക്കാൻ വിധിക്കപ്പെട്ടവർക്ക് ആഗോളതലത്തിൽ ഉയർത്തെഴുന്നേൽപ്പിന്റെ രജതരേഖ തുന്നിച്ചേർത്ത് കൊണ്ടിരിക്കുന്ന ഈ മഹനീയ മുഹൂർത്തത്തിൽ സാമൂഹ്യ മാറ്റത്തിന്റെ കുളമ്പടി ശബ്ദം ഇവർക്ക് കേൾക്കാനുള്ള അവസരവും അവകാശവും നൽകേണ്ടതല്ലേ?

ഒരു ആയുഷ്കാലം കുടുംബത്തിന് വേണ്ടി ഭാരം ചുമന്ന് തളർന്നപ്പോൾ തെരുവിലേയ്ക്ക് എടുത്തെറിയാൻ വിധിക്കപ്പെട്ട ഹതഭാഗ്യരായ വൃദ്ധജനങ്ങൾ ഒരു ചോദ്യ ചിഹ്നമായി സമൂഹത്തിന്റെ മുന്നിലുണ്ട്. ക്ഷേമ വകുപ്പ് വഴി ദാരിദ്ര്യ രേഖക്ക് താഴെയുള്ളവർക്കും, ദുർബ്ബല വിഭാഗങ്ങൾക്കും നിരവധി ആനുകൂല്യങ്ങൾ നടപ്പിലാക്കി വരുന്നതു വഴി വിധവകൾക്കും, അബലകൾക്കും, വികലാംഗർക്കും, ശിശുക്കൾക്കും, വൃദ്ധർക്കും, മന്ദബുദ്ധികൾക്കും പ്രയോജനമുണ്ടാകുന്നു. വിധവാ പെൻഷനുകളിൽ ചിലത് പഞ്ചായത്ത് വഴി വിതരണം ചെയ്തു വരുന്നു. അബലമന്ദിരങ്ങൾ ഒന്നും തന്നെയില്ല. എന്നാൽ അംഗൻവാടികൾ ആശ്വാസം നൽകി വരുന്നു. വൃദ്ധ മന്ദിരങ്ങൾ സ്ഥാപിതമാകുമ്പോൾ സാമൂഹ്യ മനസാക്ഷിക്ക് മുമ്പിൽ വലിച്ചെറിയപ്പെട്ട വൃദ്ധജനങ്ങളെ ആശ്വസിപ്പിക്കാൻ കഴിയും.

പോളിയോ മൂലം അംഗവൈകല്യത്താൽ നരകയാതനയനുഭവിക്കുന്ന പിഞ്ച് കുഞ്ഞുങ്ങളുടെ ക്ഷേമത്തിനായി സ്കോളർഷിപ്പ് നൽകി വരുന്നുണ്ട്. അടുത്തുള്ള ആരോഗ്യ കേന്ദ്രത്തിൽ ഇവരെ മാരകമായ രോകത്തിൽ നിന്നും രക്ഷിക്കാൻ സമയാസമയങ്ങളിൽ വേണ്ട പ്രതിരോധ കുത്തിവയ്പ്പുകൾ നൽകണം.

പാച്ചല്ലൂർ, നാലാങ്കല്ല്, കോവളം എന്നിവിടങ്ങളിൽ രണ്ട് മന്ദബുദ്ധികേന്ദ്രങ്ങൾ പ്രവർത്തിച്ച് വരുന്നു. അനാഥാലയങ്ങൾ ഇവിടെയില്ല. സംസ്ഥാന സർക്കാർ പദ്ധതികളിൽ എന്ത് കൊണ്ടും ശ്രദ്ധേയമായൊരു പാത വെട്ടിത്തുറക്കാൻ അങ്കൻവാടികൾക്ക് കഴിഞ്ഞിട്ടുണ്ട്. ശിശുക്കളുടെ ക്ഷേമമാണ് മുഖ്യം. അങ്കൻവാടികൾ പരിമിതമാണ്. പത്തൊമ്പത് അങ്കൻവാടികൾ ഇവിടെ പ്രവർത്തിച്ച് വരുന്നു. ഇവയൊന്നും സ്വന്തമായ കെട്ടിടങ്ങളിലല്ല പ്രവർത്തിച്ചു വരുന്നത്. വാടകക്കെട്ടിടങ്ങൾ ഒന്നും തന്നെ സുരക്ഷിതമല്ല. വാർഡ് 12-ൽ പഞ്ചായത്ത് വക രണ്ട് സെന്റ് ഭൂമി നിലവിലുണ്ട്. ഇവിടെ അങ്കൻവാടി സ്ഥാപിക്കാം. പഞ്ചായത്തിൽ രണ്ട് വാർഡുകളിൽ സ്വന്തമായ സ്ഥലത്താണ് അങ്കൻവാടികൾ പ്രവർത്തിക്കുന്നത്.

11-ാം വാർഡിൽ 24 സെന്റ് സ്ഥലത്ത് നഴ്സറി സ്കൂൾ പണിഞ്ഞിട്ടുണ്ട്. നാളിതുവരെയായ് പ്രവർത്തിച്ചിട്ടില്ല. ഇവയിൽ ഒരങ്കൻവാടിയും വനിതകൾക്കായുള്ള പരിശീലന കേന്ദ്രവും സ്ഥാപിക്കാം. അഥവാ ഒരു ആയുർവ്വേദ ഹോസ്പിറ്റലിനു രൂപം നൽകാം. എല്ലാ വാർഡ്കളിലും അങ്കൻവാടികളുടെ സുരക്ഷയും, സൗകര്യവും വർദ്ധിപ്പിക്കണം.

എന്തെല്ലാം പദ്ധതികളാണ് നടപ്പിലുള്ള തെന്ന്, ഈ ആനുകൂല്യങ്ങൾ ലഭിക്കാൻ അർഹത യുള്ളവർ അജ്ഞരാണ്. സാമൂഹ്യ ക്ഷേമ പദ്ധതിക ളുടെ നടത്തിപ്പിൽ പഞ്ചായത്ത് ഭരണ സമിതിക്ക് കാര്യമായ പങ്കു വഹിക്കാനില്ലാത്തതിനാൽ ക്ഷേമ പ്രവർത്തനങ്ങൾ വേണ്ടുന്ന വിധത്തിലല്ല നടക്കു ന്നത്. അർഹരായവരെ കണ്ടെത്തുന്നതിനും നീതി പൂർവ്വമായ വിതരണത്തിനും പഞ്ചായത്ത് മുൻകൈ എടുക്കണം

ദാരിദ്ര്യ രേഖക്കു താഴെയുള്ളവരുടെ IRDP സർവ്വേ വിവരം രേഖപ്പെടുത്തിയിട്ടുണ്ട്.

അങ്കൻവാടികളുടെ സ്ഥിതി വിവരക്കണ ക്കുകൾ ചേർത്തിട്ടുണ്ട്.

ട്രൈസം തൊഴിൽ പരിശീലന കേന്ദ്രത്തിൽ നിന്നും പരിശീലനം നേടിയവർ വിരളം. പഞ്ചായ ത്തിൽ പരിശീലന കേന്ദ്രമില്ല. സ്വയം തൊഴിൽ കണ്ടെത്തിയവർ ചുരുക്കം. അവർക്ക് സാമ്പത്തിക സഹായം ലഭിക്കുന്നില്ല. സാമൂഹ്യക്ഷേമ വകുപ്പ് വഴി ദാരിദ്ര്യ രേഖക്ക് താഴെയുള്ളവർക്ക് നിരവധി ആനുകൂല്യങ്ങൾ നടപ്പിലാക്കി വരുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. വിവിധ പെൻഷനുകൾ
2. അബല മന്ദിരങ്ങൾ
3. വികലാംഗ ശിശു മന്ദിരം
4. വികലാംഗ വനിതാ സദനങ്ങൾ
5. വൃദ്ധ മന്ദിരം
6. വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പു കൾ, പുനരധിവാസം, തൊഴിൽ പരിശീലനം
7. സംയോജന ശിശുക്ഷേമ പദ്ധതികൾ
8. മന്ദബുദ്ധി കേന്ദ്രങ്ങൾ
9. അനാഥാലയങ്ങൾക്ക് ഗ്രാന്റ് 10. Short Stay Home കൾ
11. വനിതകൾക്കായുള്ള വ്യവസായ പരിശീലന കേന്ദ്രം ഈ പദ്ധതികളുടെ കാര്യക്ഷമമായ നട ത്തിപ്പു വഴി തന്നെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങ ളിൽ ഒരു മാതൃക സൃഷ്ടിക്കാൻ കഴിയും.

സാമൂഹ്യക്ഷേമം പ്രശ്നങ്ങൾ

1. താഴെപ്പറയുന്ന വിഭാഗങ്ങൾ അവശതയനുഭവി ക്കുന്നവരാണ്: മന്ദബുദ്ധികൾ വികലാംഗർ വൃദ്ധ ജനങ്ങൾ വിധവകൾ അനാഥരായ കുട്ടികൾ ഇവർക്ക് കാര്യക്ഷമതയും സ്ഥിരതയുമുള്ള ക്ഷേമപ്രവർത്തനങ്ങൾ നിലവിലില്ല.
2. സ്ത്രീകളുടെ തൊഴിലില്ലായ്മ മൂലം അവരുടേ തായ വരുമാനം നാമമാത്രമാണ്. ഇത് പുരുഷ മേധാവിത്വത്തിന് വഴി തെളിക്കുന്നു.
3. ചെറുതും വലുതുമായ പണിസ്ഥലങ്ങളിൽ സ്ത്രീകളുടെ പ്രാഥമിക ആവശ്യം നിർവ്വഹി ക്കാൻ വേണ്ട സൗകര്യം ഏർപ്പെടുത്തുന്നതിൽ സ്ഥാപനങ്ങൾ ശ്രദ്ധ ചെലുത്തുന്നില്ല.
4. പൊതു രംഗത്തെ സ്ത്രീകളുടെ പങ്കാളിത്തം മറ്റ് പ്രദേശത്തേതു പോലെ ഇവിടെയും കുറവു തന്നെയാണ്.
5. സ്ത്രീധനം ഫലത്തിൽ നിരോധിച്ചിട്ടുണ്ടെങ്കിലും സ്ത്രീധന സംപ്രദായം സാർവ്വത്രികമാണ്. ഇതിന്റെ ദുരന്തഫലമനുഭവിക്കുന്നവർ ഇടത്തര ക്കാരും താഴെത്തട്ടിലുള്ളവരുമാണ്. സ്ത്രീധനം, ആഭരണം സദ്യകൾ എന്നിവക്ക് രക്ഷിതാക്കൾ പണം കണ്ടെത്തിയാൽ മാത്രമേ ഒരു പെൺകുട്ടി വിവാഹിതയാകാൻ യോഗ്യത നേടുന്നുള്ളു. ഇതില്ലെങ്കിൽ അവൾ അവിവാഹിതയായ് കഴി യെണ്ടി വരുന്നു. ഇതു പ്രകൃതി നിയമങ്ങളുടെ ലംഘനമാണ്.
6. ക്ഷേമപ്രവർത്തനത്തിന്റെ ഫലമായി അനുവ ദിച്ച ആനുകൂല്യങ്ങൾ യഥാസമയം കിട്ടുന്നില്ല. ആനുകൂല്യം അനുവദിച്ചു കിട്ടിയ പലരും പോസ്റ്റ്മാന്റെ വരവും കാത്ത് റോഡിൽ നിൽക്കു ന്നത് സാധാരണ കാഴ്ച്ചയാണ്.
7. IRDP സർവ്വെപ്രകാരം ദാരിദ്ര്യരേഖക്ക് താഴെയു ള്ളവർക്ക് നൽകി വരുന്ന സൗകര്യങ്ങൾ കുറ വാണ്. സാമ്പത്തിക സഹായങ്ങൾ യഥാസമയം നൽകുന്നില്ല.
8. പഞ്ചായത്തിൽ വിദഗ്ധ തൊഴിലാളികളുടെ അഭാ വം നാൾക്കുനാൾ വർദ്ധിച്ച് വരുന്നു. ഇതുമൂലം പുറം നാട്ടിലെ തൊഴിലാളികളെ ആശ്രയിക്കുമ്പോൾ, സമ്പത്ത് പുറത്തേക്കും ഒഴുകുന്നു.
9. ട്രൈസം പദ്ധതിപ്രകാരം പരിശീലനം നേടുന്നവർക്ക് തൊഴിൽ ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്താൻ വേണ്ട സഹായങ്ങൾ ചെയ്യുന്നില്ല.
10. അവശവിഭാഗങ്ങളിൽ, അർഹതയുള്ള ധാരാളം പേർക്ക് അപേക്ഷ നൽകിയിട്ടും ധനസഹായം ലഭി ക്കുന്നില്ല.

11. പല ക്ഷേമ പദ്ധതികളുടെയും നടത്തിപ്പു കാര്യക്ഷമമല്ല.

സാദ്ധ്യതകൾ

1. അവശ വിഭാഗങ്ങളുടെ സമഗ്രമായ വിവരം ശേഖരിച്ച് സ്ഥിരമായ ജീവിത സാഹചര്യം സർക്കാർ സഹായത്തോടെ ഉറപ്പാക്കണം.
2. സ്ത്രീകൾക്ക് വരുമാനമുണ്ടാക്കാൻ തൊഴിൽ രംഗത്തേക്ക് അവർ കടന്ന് വരേണ്ടിയിക്കുന്നു. വിവിധ മേഖലയുലുള്ള തൊഴിൽ പരിശീലകേന്ദ്രങ്ങൾ അവർക്കായി സ്ഥാപിക്കണം. പുതിയ മേഖലകളായ T.V. റേഡിയോ റിപ്പയറിംഗ്, വയറിംഗ്, പ്ലബിംഗ്, ബ്യൂട്ടീഷ്യൻ കോഴ്സ് തുടങ്ങിയവയിൽ പരിശീലനം നൽകണം.
3. സ്ത്രീകൾ പണിയെടുക്കുന്ന കേന്ദ്രങ്ങളിൽ പ്രാഥമിക ആവശ്യത്തിനുള്ള സൗകര്യം ഏർപ്പെടുത്തിയാൽ മാത്രമേ ലൈസൻസുകൾ അനുവദിക്കാൻ പാടുള്ളു.
4. പൊതു രംഗത്തെ സ്ത്രീകളുടെ പങ്കാളിത്തം കുറയാൻ കാരണം സമൂഹത്തിന്റെ വീക്ഷണ വൈകല്യമാണ്. സ്ത്രീകൾ പൊതു രംഗങ്ങളിൽ കടന്ന് വരാൻ പാടില്ലായെന്ന തെറ്റായ ബോധം പുരുഷൻമാരിലും സ്ത്രീകളിലുമുണ്ട്. ബോധവൽകരണം കൊണ്ടേ ഇതിന് മാറ്റമുണ്ടാക്കാൻ കഴിയുകയുള്ളു.
5. സ്ത്രീധന സംപ്രദായം അവസാനിപ്പിക്കാൻ സാമുദായിക സംഘടനാ നേതൃത്വം കാര്യമായി ഇടപെടണം. ധനികർ വിവാഹച്ചടങ്ങിലെ ആഡംബരത്വം പരമാവധി കുറച്ച് മാതൃക കാട്ടണം.
6. ക്ഷേമപ്രവർത്തനങ്ങളുടെ തുക അർഹരായവർക്ക് അയച്ച് കൊടുക്കാൻ കാലതാമസമുണ്ടായാൽ, ആ വിവരം പത്രങ്ങളിലൂടെ അറിയിപ്പുണ്ടാകണം.
7. IRDP സർവ്വെ പ്രകാരം വിതരണം നൽകി വരുന്ന സഹായങ്ങൾ വർദ്ധിപ്പിക്കുകയും, കാലതാമസം വരുത്താതെ നൽകിയാൽ ദാരിദ്ര്യ രേഖക്ക് താഴെയുള്ളവർക്ക് ആശ്വാസമാകും.
8. ട്രൈസം തൊഴിൽ പരിശീലന കേന്ദ്രമില്ല. അതു മൂലം വിദഗ്ധ തൊഴിലാളികളെ വാർത്തെടുക്കാൻ കഴിയുന്നില്ല. വനിതകൾക്കും പ്രത്യേക തൊഴിൽ പരിശീലന കേന്ദ്രം വേണം. ബ്ലോക്ക് തലത്തിൽ ചർച്ച ചെയ്യപ്പെടുകയും തൊഴിൽ പരിശീലന കേന്ദ്രംസ്ഥാപിക്കുകയും വേണം. ഇതു മൂലം സാമ്പത്തികമായ നേട്ടം ദാരിദ്ര്യ രേഖക്ക് താഴെയുള്ളവർക്ക് ഉണ്ടാകും.



വിവിധ പെൻഷനുകളുടെ സ്ഥിതിവിവരം

വില്ലേജ്	വർഷം	അഗതി പെൻഷൻ	വിധവാ പെൻഷൻ	വികലാംഗ പെൻഷൻ	വാർദ്ധക്യ പെൻഷൻ	അവശകലാകാരസാഹിത്യ പെൻഷൻ	അവശ കായികതാര പെൻഷൻ	ക്ഷയ രോഗി പെൻഷൻ	കുഷ്ഠ രോഗി പെൻഷൻ	കൃാൻസർ രോഗി പെൻഷൻ	കർഷക തൊഴിലാളി പെൻഷൻ		
തിരുവല്ലം	90-91	–	9	8	4	1	–	–	1	1	–	–	–
""	91-92	–	13	8	7	1	–	–	1	8	–	–	–
"	92-93	–	16	8	11	1	–	–	1	8	304	–	–
"	93-94	–	18	15	16	1	–	3	1	8	300	–	–
"	94-95	–	53	38	48	1	–	14	1	8	293	–	–
"	95-96	–	56	41	49	1	–	22	1	10	402	–	

IRDP സർവ്വേ പ്രകാരം ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുടെ വിവരം

വാർഡ് നമ്പർ	സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം	ഇതിൽ SC-/ST കുടുംബങ്ങൾ	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ	ഇതിൽ SC-/ST	സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖക്ക് മുകളിലെത്തിയ കുടുംബങ്ങൾ	
I	296	63	33	12	20	309
II	298	103	37	22	34	313
III	441	179	33	23	28	451
IV	327	106	34	20	27	434
V	364	50	36	22	36	364
VI	352	40	35	20	35	352
VII	543	134	39	28	39	543
VIII	194	5	19	4	19	194
IX	364	168	30	22	25	369
X	352	165	41	24	41	352
XI	321	110	33	15	33	321
XII	401	124	34	22	20	381

ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

	പരിശീലനം വിഷയത്തിന്റെ പേര്	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം	ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ	അവശേഷിക്കുന്നവർ
I	ടെയിലറിംഗ്, പ്ലംബിംഗ്	3	1	2	--
II	ഇലക്ട്രോണിക്സ് & ടെയിലറിംഗ്	2	1	1	
III	കയർ കാർപെറ്റ് മേക്കിംഗ്, ടെയിലറിംഗ്	3	0	2	--
IV	ടെയിലറിംഗ് & പ്ലംബിംഗ്	4	1	3	--
V	റേഡിയോ & ബുക്ക് ബൈൻജിംഗ്	5	1	3	1
VI					
VII	നെയത്ത്	1	0	0	1
VIII					
IX	ടൈപ്പ് റൈറ്റിംഗ് കയർ കാർപെറ്റ് മേക്കിംഗ്	2	0	2	
X	വെൽഡിംഗ്	1	--	--	-- 1 --
XI	റേഡിയോ & ടി.വി. മെക്കാനിസം	1	--	1	--
XII	എംബ്രോയിഡറി & പ്ലസ്റ്റിക് വർക്സ്	3	1	2	-- --

DWCRAപദ്ധതി പ്രകാരം രൂപപ്പെട്ട സംരംഭങ്ങളുടെ വിവരം

വാർഡ്	തൊഴിൽ സംരംഭത്തിന്റെ ഇനം	ആരംഭിച്ച വർഷം	പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം	പ്രവർത്തനക്ഷമത സംബന്ധിച്ച കുറിപ്പ്
IV	കയർനിർമ്മാണം	1996 - 97	10	പ്രവർത്തനം ആരംഭഘട്ടത്തിലാണ്
V	കുട്ടകയർ വരിയൽ	1996 97	10	
VI	ചല്ലി അടി	95 ' 96	10	നല്ലരീതിയിൽ
VII	ഡയറി യൂണിറ്റ്	93 ' 94	10	മന്ദീഭവിച്ചു
VIII	ഡയറി യൂണിറ്റ്	93 ' 94	10	മന്ദീഭവിച്ചു
	കരിങ്കൽ അടി	94 ' 95	11	നല്ലരീതിയിൽ
XI	ഡയറി യൂണിറ്റ്	93 ' 94	10	മന്ദീഭവിച്ചു



5-8

സംസ്കാരം

തെക്കൻ തിരുവിതാം കൂറിന്റെ സാംസ്ക്കാരിക സവിശേഷത പ്രതിഫലിക്കുന്ന നമ്മുടെ നാട്ടിൽ ജനതതിയുടെ സാംസ്ക്കാരിക പാരമ്പര്യത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട് ഐതിഹ്യങ്ങളിലൂടെ, നാട്ടറിവിലൂടെ പാടിപ്പതിഞ്ഞ കാവ്യങ്ങളിലൂടെ ആ സാംസ്ക്കാരിക പൊലിമ ഇന്നും ഇവിടെ ഒളി മിന്നുന്നു. വിവിധ മതസ്ഥർ തിങ്ങിപ്പാർക്കുന്ന ഈ പ്രദേശത്തെ ആരാധാലയങ്ങളും അവരുടെ വൈവിദ്ധ്യമാർന്ന ആഘോഷങ്ങളും നമ്മുടെ സാംസ്ക്കാരിത്തിന്റെ ചൊൽക്കാഴ്ചകളായി വർത്തിക്കുന്നു. ഇവിടെത്തെ ഉത്സവങ്ങളെല്ലാം മത സൗഹാർദ്ദത്തിന്റെ പ്രതീകമായാണ് നിലകൊള്ളുന്നത്.

കേരള സംസ്കാരത്തിന്റെ മുഖ്യധാരയിലേക്ക് കൈകോർത്ത്കൊണ്ടു ചെല്ലാൻ പോന്ന സാംസക്കാരികനായകൻമാർ അധികമില്ലെങ്കിലും സാഹിത്യരംഗത്ത് മാതൃകപരമായ സവിഷേശതകൾ ഉൾകൊള്ളുന്ന സാഹിത്യകൃതികൾ ഇവിടെ ഉണ്ടായിട്ടുണ്ട്. അജ്ഞാതകർത്തൃകമായ പാച്ചല്ലൂർ പതികത്തിന് ഭാഷവികാസം പ്രാപിക്കുന്നതിന് മുമ്പുള്ള തമിഴിന്റെ സ്വധീനമാണ് ഉള്ളത്. ഇത് രാമായണത്തിനും രാമാകഥാപ്പാട്ടിനും മുമ്പ് നമ്മുടെ ഭാഷയുടെ രൂപ പരിണാമങ്ങളുടെ പ്രാരംഭ ദശകളിലേയ്ക്ക് എങ്ങോ ആണ് വെളിച്ചം വീശുന്നത്.

നാനാർത്ഥങ്ങളുള്ള പ്രസ്തുത കാവ്യത്തിനു പുറമേ കണ്ണശന് മുമ്പ് രാമകഥയെ ആസ്പദമാക്കി കോവളം കവികളിൽ പ്രമുഖനായ അയ്യിപ്പിള്ളി ആശാന്റെ രാമകഥാപ്പാട്ട് ഉണ്ടായതും ഇവിടെയാണ്.

സമകാലീക സാഹിത്യരംഗത്ത് സ്തുത്യർഹ്യങ്ങളായ രചനകളും ഈ നാട്ടിൽ ഉണ്ടായി. അക്കൂട്ടത്തിൽപ്പെട്ട സാഹിത്യകാരൻമാരിൽ കൂട്ടത്തിൽ താഴെപ്പറയുന്നവർ ശ്രദ്ധേയരാണ്.

1. ശ്രീ. ജി.വിവേകാനന്ദൻ
2. ശ്രീ. തിരുവല്ലം ഭാസ്ക്കരൻ നായർ
3. ശ്രീ. പാച്ചല്ലൂർ ഭാസ്കരപിള്ള
4. ശ്രീ. പാച്ചല്ലൂർ സുധാകരൻ
5. ശ്രീ. ആർ. കെ. വെള്ളായണി
6. ശ്രീ. ഇ.കെ. സുഗതൻ
7. ശ്രീ. ബാലചന്ദ്രൻ, പാച്ചല്ലൂർ
8. ശ്രീ. കോളിയൂർ സുന്ദർ

കേരളചരിത്രത്തിന്റെ ഇരുളടഞ്ഞ ഇടനാഴികളിൽ പ്രകാശം പരത്തിയ മതസംഘടനകളുടെ പ്രവർത്തനങ്ങൾ ഈ നാട്ടിലും വ്യാപിച്ചിട്ടുണ്ട്. രാഷ്ട്രീയകക്ഷികളുടെ ഉദയത്തിന് മുമ്പ് ഈ സംഘടനകളുടെ നന്മയെ ലാക്കാക്കിയുള്ള പ്രവർത്തനങ്ങൾ വിസ്മരിക്കാവുന്നതല്ല. കൂടാതെ ഹൈന്ദവ

സാമൂഹത്തിൽ താഴെതട്ടിൽ അമർന്നുപോയൊരു ജനതതിയുടെ ഉന്നമനം ലാക്കാക്കി സാധുജനപരി പാലനസംഘം ഉണ്ടായതും ഇവിടെയാണ്.

ദേശീയ പ്രസ്ഥാനത്തിൽ എടുത്ത് പറ യത്തക്ക സംഭ വങ്ങളോ, നേതൃത്വനിരയിൽ ഉയർന്നു വന്ന നേതാക്കളോ നമുക്കില്ല. എങ്കിലും സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത സത്യസന്ധരായ കോൺഗ്ര സ്സുകാരുടെ കൂട്ടത്തിൽ ശ്രീമാൻ മീരാൻപിള്ളയും മറ്റും ഇത്തരുണത്തിൽ സ്മരണീയരാണ്. ട്രേഡ് യൂണിയൻ പ്രസ്ഥാനം ഇന്നാട്ടിൽ വേരോടിയതിന് പിന്നിൽ അക്ഷീണം യത്നിച്ച ശ്രീ കോവളം സുധാ കരനും ദേശീയ നേതൃത്വത്തിലേക്ക് ഉയർന്നുവന്ന ശ്രീ പി. വിശ്വംഭരനും നമ്മുടെ നാട്ടിന്റെ പാരമ്പര്യം കാത്തുസൂക്ഷിച്ച ജനനേതാക്കളാണ്.

1940കളിൽ ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് ഇന്നാട്ടിലെ തൊഴിലാളി വർഗ്ഗം ചെയ്ത സേവനങ്ങൾ നിർണ്ണായകമാണ്. ജനനേതാക്കൾക്ക് ഒളിവുകാല ജീവിതത്തിന് അഭയം നൽകുകയും സാധാരണക്കാരിൽ പ്രസ്ഥാനത്തിന്റെ ആശയ പ്രച രണത്തിന് കലാസംഘടനകൾ രൂപീകരിക്കുകയും ജനകീയ കലാരൂപങ്ങൾ അവതരിപ്പിക്കാൻ അവ സരം ഉണ്ടാക്കികൊടുക്കുകയും ചെയ്തു.

സംസ്കാരിക വളർച്ചക്ക് ഏതൊരു നാട്ടി ലേയും ഗ്രന്ഥശാലകൾ നൽകിയിട്ടുള്ള സേവനം നിർണ്ണായകമാണ്. വായനശാലയുടെ ലോകത്തി ലേക്ക് വാതായനം തുറക്കുന്ന ഗ്രന്ഥശാലകളുടെ പട്ടികയിൽ പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും ഗ്രന്ഥശാലപ്രവർത്തനം നടക്കുന്നുണ്ട്. ഇപ്പോൾ പ്രവർത്തിക്കുന്ന ഗ്രന്ഥശാലകളുടെ /വായനശാല കളുടെ പട്ടിക ചുവടെകൊടുക്കുന്നു.

വാർഡ് നമ്പർ	പേര്	പ്രവർത്തിക്കുന്ന സ്ഥലം
I	യുവജനസമാജം	തിരുവല്ലം
	ജ്യോത്സന	മടത്തറ
II	ഗ്രാമോദ്ധാരണ വായനശാല	പുഞ്ചക്കരി
	ജനതാ സമാജം വായനശാല	തിരുവല്ലം
III	ഇല്ല	
IV	മന്നം മെമ്മോറിയൽ ഗ്രന്ഥശാല	പാച്ചല്ലൂർ
V	ഇല്ല	
VI	ഗ്രാമീണ ഗ്രന്ഥശാല	പാച്ചല്ലൂർ
VII	പഞ്ചായത്ത് വായനശാല	നെടുമം
VIII	ഇല്ല	
IX	കൈരളിഗ്രന്ഥശാല	വിശ്വനാഥപുരം
X	നെഹ്റു സ്മാരക വായനശാല	വാഴമുട്ടം
XI	എ. കെ. ജി സ്മാരക വായനശാല	കോളിയൂർ
XII	അജയാതിയേറ്റേഴ്സ് വായനശാല	നെല്ലിയോട്
XIII	ഇല്ല	

ഗ്രന്ഥശാലകൾ എണ്ണത്തിൽ കൂടുതൽ ആണെങ്കിലും അവയുടെപ്രവർത്തനം പ്രശംസാർഹമായരീതിയിലല്ല. ഇലക്ട്രോണിക് മാധ്യമങ്ങളുടെ അമിതപ്രചാരം നിമിത്തം വായനാശീലം പൊതുവെ കുറഞ്ഞിട്ടുണ്ടെങ്കിലും ഗ്രന്ഥശാലകളുടെ കാര്യക്ഷമമായ പ്രവർത്തനം മൂലം ആ കുറവ് പരിഹരിക്കാം. ഗ്രന്ഥശാലകളിലെ പുസ്തകങ്ങൾ എടുത്ത് വായിക്കുന്ന വനിതകൾ കുറവാണെങ്കിലും ആനുകാലികപ്രസിദ്ധീകരണങ്ങൾ അവർക്ക് ഹരമാണ്. മലയാള മനോരമ, മംഗളം എന്നീവാരികകളാണ് ഇതിൽപ്രധാനമെന്ന് എടുത്ത് പറയേണ്ടതുണ്ട്. എന്നാൽ ജനങ്ങളിൽ പൊതുവേ കേരളകൗമുദി, മാതൃഭൂമി, മലയളമനോരമ, ദേശാഭിമാനി എന്നീ ദിനപ്പത്രങ്ങളും കലാകൗമുദി, മാതൃഭൂമി, കേരളശബ്ദം എന്നീവാരികകളുമാണ് പ്രചാരത്തിലുള്ളത്. സാഹിത്യാഭിരുചി വളർത്തി എടുക്കുവാൻ കലാസംഘടനകളും മറ്റും പ്രചരിപ്പിക്കുന്നകൈയ്യെഴുത്ത് മാസികകളും ഇന്നില്ല നമ്മുടെ നാട്ടിൽ നിന്നും പ്രസിദ്ധീകരിക്കുന്ന പ്രസിദ്ധീകരണങ്ങളൊന്നും തന്നെ ഇല്ല. വൈജ്ഞാനികരംഗത്ത് എടുത്ത് പറയേണ്ട പ്രവർത്തനങ്ങളൊന്നും നടക്കുന്നില്ല. നമ്മുടെ നാട്ടിൽ വിശ്രമവേളകളിൽ കൂടിയിരുന്നു കളിക്കാനുള്ളക്ളബ്ബുകൾ ഒന്നും തന്നെഇല്ല. നാമമാത്രമായി കാലാകാലങ്ങളിൽ തട്ടിക്കൂട്ടുന്ന കാലാസമിതികളാണ് നമ്മുടെ 'ക്ളബ്ബുകൾ' അതോ ഉദ്ഘാടനത്തോടെ അകാലചരമമടയുന്നതാണ് പലതും അതിനപവാദമായി പടിഞ്ഞാറേ പൂങ്കുളത്തെ A1 ആർട്ട്സ് & സ്പോർട്ടസ് ക്ളബ്ബ് കഴിഞ്ഞ രണ്ടുദശാബ്ദമായിപ്രവർത്തിക്കുന്നുണ്ട്.

പ്രൊഫഷണൽ നടകസംഘങ്ങളോ ഡാൻസ്ട്രൂപ്പുകളോ പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്നില്ല. എന്നാൽ കഥാപ്രസംഗരംഗത്ത് പ്രശസ്തനായിരുന്ന കെ.കെ വാദ്ധ്യാർ ഇന്നാട്ടുകാരനാണ്.

കായികരംഗത്ത് പ്രശസ്തരായ നീന്തൽതാരങ്ങളെ സംഭാവന ചെയ്ത പഞ്ചായത്താണ് ഇത്. ഇന്ത്യയ്ക്ക് വേണ്ടി ഒളിമ്പിക്സിൽ പങ്കെടുത്ത ബി. രാധാകൃഷ്ണൻ ഇവിടത്തുകാരനാണ്. ദേശീയ സംസ്ഥാന തലങ്ങളിൽ പ്രശസ്തിയാർജ്ജിച്ച മറ്റനേകംപേരും ഈരംഗത്തുണ്ട്

നമ്മുടെപഞ്ചായത്തിൽ ജിംനേഷ്യങ്ങളും കളരികളും പ്രവർത്തിക്കുന്നില്ല കരാട്ടേപരിശീലനം നൽകുന്നതിന് നെല്ലിയോട്ടും നെടുമത്തും രണ്ട് പരിശീലന കേന്ദ്രങ്ങളുണ്ട് ഒരു കാലത്ത് നാടിനെ സ്പന്ദനം കൊള്ളിച്ചിരുന്ന കായിക രംഗത്തെ കളികളായ ഓലപ്പന്ത്, തലപ്പന്ത്, കിളിത്തട്ട്, കുട്ടിയും കമ്പുംകളി തുടങ്ങിയവ അന്യം നിന്നിരിക്കുന്നു സ്ത്രീകൾക്കായി കളിസ്ഥലങ്ങളും നീന്തൽക്കുളങ്ങളും ഇല്ലെന്നുള്ളത് ശ്രദ്ധേയമാണ്. കേരളോൽസവം പോലുള്ള മൽസരങ്ങളിലാണ് കലാകായിക രംഗത്ത് ഇന്നാട്ടിലെ ചെറുപ്പക്കാർ ഉണർന്ന് എണീക്കുന്നത്.

പ്രശ്നങ്ങൾ

1. ഗ്രാന്റ് ലഭിക്കാത്ത വായനശാലകൾക്ക് ഗ്രാന്റ് ലഭ്യമാക്കണം
2. ആർട്ട്സ്ക്ളബ്ബുകൾക്കും സ്പോർട്ട്സ് ക്ളബ്ബുകൾക്കും സാമ്പത്തികസഹായം നൽകണം. സ്പോർട്ട്സ് ഉപകരണങ്ങൾ വാങ്ങാനുള്ള സഹായവും നൽകണം.
3. സ്വന്തം കെട്ടിടമില്ലാത്ത വായനശാലകൾക്ക് കെട്ടിടം നിർമ്മിക്കുവാൻ വേണ്ട സാമ്പത്തിക സഹായം നൽകണം.
4. പഞ്ചായത്തുവാർഡുകളിൽ ടീ.വി. കിയോസ്ക്കുകൾ സ്ഥാപിക്കണം.
5. കോളനികളിൽ ടി.വി കിയോസ്ക്കുകൾ സ്ഥാപിക്കണം
6. കുട്ടികൾക്കുവേണ്ട കളിസ്ഥലങ്ങൾ ഒരുക്കണം
7. ഗ്രന്ഥശാലകളില്ലാത്ത വാർഡുകളിൽ ഗ്രന്ഥശാലകൾ സ്ഥാപിക്കണം.
8. പഞ്ചായത്ത് വായനശാലയിൽ വേണ്ടത്ര പുസ്തകങ്ങൾ വാങ്ങണം
9. പ്രവർത്തനരഹിതമായ റേഡിയോ കിയോസ്ക്കുകൾ പ്രവർത്തനക്ഷമമാക്കണം.

10. കോളിയൂരുള്ള പഞ്ചായത്ത് സ്റ്റേഡിയത്തിന് ഡോ. അംബേദ്ക്കർ സ്റ്റേഡിയം എന്ന് നാമകരണം ചെയ്യണം.

11. കായികതാരങ്ങൾക്ക് പരിശീലനത്തിനുള്ള സൗകര്യമുണ്ടാക്കണം.

12. പഞ്ചായത്തിലെ വാർഡുകളിൽ സാംസ്കാരികോന്നമനത്തിനായി വനിതാ സമാജങ്ങൾ സ്ഥാപിക്കണം

13. നെല്ലിയോട് ഭാഗത്തുള്ള ടി.വി കിയോസ്ക് പ്രവർത്തനക്ഷമമാക്കുക.

14. വ്യവസായാടിസ്ഥാനത്തിൽ സംഘടിക്കപ്പെട്ട കലാസംഘടനകളുടെ പരിപാടികൾ എളുപ്പത്തിൽ ഇപ്പോൾ ലഭ്യമാണെന്നുള്ളതുകൊണ്ട് പ്രാദേശികകലാകാരന്മാർക്ക് അവരുടെ പ്രതിഭ പ്രകടിപ്പിക്കാനും വളർത്താനുള്ള സാഹചര്യം വിരളമായിവരുന്നു. പ്രാദേശിക കലാകാരന്മാരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കലാരൂപങ്ങളുണ്ടാകുന്നില്ല.

15. ഇക്ട്രോണിക് മാദ്ധ്യമങ്ങളിലൂടെ പടർന്നു പിടിച്ചിരിക്കുന്ന ക്രിക്കറ്റ് ജ്വരം മറ്റുകളികളിലുള്ള കുട്ടികളുടെ താല്പര്യം കുറച്ചിരിക്കുന്നു.


സാദ്ധ്യതകൾ

1. സാംസ്ക്കാരിക പ്രവർത്തനങ്ങൾക്കായി പഞ്ചായത്ത് ഫണ്ടിന്റെ ഒരു വിഹിതം മാറ്റിവയ്ക്കണം

2. പുസ്തകങ്ങൾ ലഭ്യമാക്കുന്നതിനോടൊപ്പം ജനങ്ങളുടെ കൂട്ടായ്മയ്ക്കും, സമൂഹ്യ പുരോഗതിക്കും ഉതകത്തക്ക വിധത്തിൽ, ചർച്ചകൾ, മത്സരങ്ങൾ, കലാസംരംഭങ്ങൾ മുതലായവ സംഘടിപ്പിക്കണം.

3. ആരാധാനാലയങ്ങൾ മറ്റ് ആഘോഷങ്ങൾ എന്നിവയോടനുബന്ധിച്ച് നടത്തുന്ന പരിപാടികളിൽ പ്രാദേശികമായി സംഘടിപ്പിക്കപ്പെട്ട കലാസംഘങ്ങൾക്ക് അവസരം നൽകണം. ആഘോഷ കമ്മിറ്റികൾ പ്രദേശത്തെ തനത് കലാരൂപങ്ങൾക്ക് അവസരം നൽകണം.

4. പഞ്ചായത്തിലെ സ്പോർട്ട്സ്, ആർട്ട്സ് സംഘടനകളെ കൂട്ടിച്ചേർത്തുകൊണ്ട് ഒരു സാംസ്കാരിക സമിതി രൂപീകരിക്കണം.





വനിത

5-9

ഭാരതത്തിന്റെ സാംസ്കാരിക സാമൂഹിക ചരിത്രത്തിൽ മഹത്തായ ഒരു സ്ഥാനമാണ് സ്ത്രീക്കുള്ളത്. സ്ത്രീയെ ദേവതയായും അമ്മയായും ആരാധിച്ച മഹത്തായ നാടാണ് നമ്മുടേത്. ആ സാംസ്കാരിക പൈതൃകം കേരളത്തിലും അതിന്റെ ഭാഗമായ തിരുവല്ലം പഞ്ചായത്തിലുമുണ്ട്. പൗരാണികതയുമായി ബന്ധപ്പെട്ടു കിടക്കുന്ന മഹത്തായ പരശുരാമസ്വാമിക്ഷേത്രവും നമ്മുടെ പഞ്ചായത്തിലാണ്.

തിരുവല്ലം പഞ്ചായത്തിലെ ആകെ ജനസംഖ്യ 38, 912 ആണ്. അതിൽ 20, 317 സ്ത്രീകളാണ്. ഈ സ്ത്രീകളിൽ ഭൂരിപക്ഷവും കാർഷിക, കയർ, കരിങ്കൽ, നിർമ്മാണ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളാണ്. സാക്ഷരതയിൽ പൂർണ്ണത കൈവരിച്ചിട്ടുള്ള ഈ പഞ്ചായത്തിലെ സ്ത്രീകളിൽ ഭൂരിഭാഗവും സ്ഥിരമായി തൊഴിലുള്ളവരല്ല. കാർഷിക മേഖലയിൽ പണിയെടുക്കുന്ന സ്ത്രീ തൊഴിലാളികൾ പല ബുദ്ധിമുട്ടുകളും അനുഭവിക്കുന്നവരാണ്. പരമ്പരാഗതമായ നിലംകൃഷി നശിച്ചുകൊണ്ടിരിക്കുകയാണ്. അതിനുകാരണം പല സ്ഥലങ്ങളിലും നിലംനികത്തി വീടുകളും മറ്റും വയ്ക്കുന്നതിനുള്ള പ്രവണതകൾ വളർന്നുവരുന്നു. ഇതിന്റെ ഭാഗമായി കാർഷികതൊഴിലാളികൾ കനത്ത തൊഴിലില്ലായ്മ അനുഭവിക്കുകയും അവർ തൊഴിൽരഹിതരായി തീരുകയും ചെയ്യുന്നു. അതുപോലെ തന്നെ കയർമേഖലയിലും കൂടുതൽ പണിയെടുക്കുന്നത് സ്ത്രീ തൊഴിലാളികളാണ്. തൊണ്ടിന്റെ അപര്യാപ്തത, യന്ത്രവൽകൃത ശ്രമങ്ങൾ തുടങ്ങിയവ ആ മേഖലയിലും ഭീഷണി ഉയർത്തിയിട്ടുണ്ട്. കരിങ്കൽ മേഖലയിൽ ഭൂരിപക്ഷം സ്ത്രീ തൊഴിലാളികളും ചല്ലിയടിയുമായി ബന്ധപ്പെട്ടാണ് കഴിഞ്ഞുകൂടുന്നത്. എന്നാൽ അവർക്ക് സുരക്ഷിതത്വമോ തൊഴിൽ സ്ഥിരതയോ ഇതുവരെ കൈവന്നിട്ടില്ല. മത്സ്യ വ്യവസായരംഗത്തും കുറെയധികം സ്ത്രീ തൊഴിലാളികൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ അവരുടെ ക്ഷേമത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ഒന്നുംതന്നെ നടക്കുന്നില്ല. സർക്കാരുദ്യോഗങ്ങളിൽ പ്രവർത്തിക്കുന്ന സ്ത്രീകൾ വളരെ കുറവുള്ള ഒരു പഞ്ചായത്താണ് തിരുവല്ലം.

സ്ത്രീകളിൽ ഭൂരിപക്ഷവും എസ്. എസ്.എൽ.സിയും അതിനു താഴെയുള്ളവരുമാണ്. പല കാരണങ്ങളാൽ വിദ്യാഭ്യാസം പൂർത്തിയാക്കുവാൻ കഴിയാത്തവരാണ് കൂടുതൽ. എന്നാൽ, ബിരുദവും ബിരുദാനന്തരബിരുദവും നേടിയിട്ടുള്ള വനിതകളും, സാങ്കേതികവും ശാസ്ത്രീയവുമായ രംഗങ്ങളിൽ പ്രഗത്ഭത നേടിയിട്ടുള്ള വനിതകളും തിരുവല്ലം പഞ്ചായത്തിലുണ്ട്.

മാതൃശിശുക്ഷേമരംഗത്ത് വളരെ പിന്നോക്കം പോയിട്ടുള്ള പഞ്ചായത്താണ് തിരു

വല്ലം. പഞ്ചായത്തിൽ ഒരൊറ്റ പ്രൈമറി ഹെൽത്ത് സെന്ററാണുള്ളത്. അവിടുത്തെ രജിസ്റ്റർ പരിശോധിത്താൽ ആകെ വന്നിട്ടുള്ള രോഗികളിൽ 70% വും സ്ത്രീകളും കുട്ടികളുമാണെന്ന് മനസ്സിലാക്കാം. കുടുംബാസൂത്രണ പ്രവർത്തനങ്ങൾ സജീവമായി നടക്കുന്നുണ്ടെങ്കിലും ചില വിഭാഗം ജനങ്ങളുടെയിടയിൽ അത് പൂർണ്ണമായും വിജയിച്ചിട്ടില്ല. മതപരമായ കാരണങ്ങളാൽ ഒരുവിഭാഗം ജനങ്ങൾ ഇതിൽ നിന്നും മാറി നിൽക്കുന്നതാണ് കാരണം. അതിനാൽ ബോധവൽക്കരണ പരിപാടികൾ ഉണ്ടായെങ്കിൽ മാത്രമേ ആരോഗ്യമുള്ള മാതാവിനെയും കുട്ടികളെയും വാർത്തെടുക്കുവാൻ കഴിയൂ.

കൃഷി, കുടിൽ വ്യവസായങ്ങൾ തുടങ്ങിയ മേഖലകളിൽ പുതിയ ഉല്പാദന മേഖലകൾ കണ്ടെത്താൻ സ്ത്രീകൾക്ക് കഴിഞ്ഞിട്ടില്ല. തിരുവല്ലം പഞ്ചായത്തിൽ, സഹകരണാടിസ്ഥാനത്തിലോ, മറ്റേതെങ്കിലും രീതിയിലോ വനിതകൾ നടത്തുന്ന സ്ഥാപനങ്ങൾ ഇല്ലെന്നു തന്നെ പറയാം. ആ അവസ്ഥ മാറിയെങ്കിൽ മാത്രമേ സ്ത്രീകളുടെ തൊഴിലില്ലായ്മയ്ക്ക് അറുതി വരുത്തുവാൻ കഴിയൂ.

വ്യാജമദ്യം ധാരാളമായി ഒഴുകുന്ന നമ്മുടെ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ അതിന്റെ ദുരന്തഫലം അനുഭവിക്കുന്നത് സ്ത്രീകളും കുട്ടികളുമാണ്. അതിനാൽ സന്നദ്ധ സംഘടനകളുടെ സഹായത്തോടുകൂടി ബോധവൽക്കരണ ശ്രമങ്ങളും വനിതാസംഘങ്ങൾ വഴിയുള്ള പ്രചാരണ പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകണം. അല്ലെങ്കിൽ ഒരു വലിയ മദ്യ ദുരന്തം സമീപഭാവിയിൽ തന്നെ സംഭവിക്കാനിടയുണ്ട്.

തിരുവല്ലം പഞ്ചായത്തിലെ ഗ്രാമസഭകളിൽ സ്ത്രീകളുടെ പങ്കാളിത്തം പല വാർഡുകളിലും പുരുഷന്മാരെക്കാൾ കൂടുവായിരുന്നു. ത്രിതല പഞ്ചായത്തു സംവിധാനത്തിൽ സ്ത്രീകൾക്ക് സംവരണം കൂടുതൽ നൽകിയെങ്കിലും പൊതുരംഗത്തേക്കു വരുവാൻ അറച്ചു നിൽക്കുന്നവരാണ് സ്ത്രീകളിൽ കൂടുതലും. എങ്കിലും ഗ്രാമസഭകളിൽ പുത്തനുണർവ്വോടെ പുതിയ ആവേശത്തോടെ വനിതകൾ അവരുടേതായ പ്രശ്നങ്ങൾ അവതരിപ്പിച്ചു.

വിനതാ തൊഴിൽ പരിശീലനകേന്ദ്രത്തിന്റെ അപര്യാപ്തത, അംഗൻവാടികളുടെയും മഹിളാസംഘങ്ങളുടെയും കുറവ്, സ്വയം തൊഴിൽ കണ്ടെത്താനുള്ള ബുദ്ധിമുട്ടുകൾ, പ്രാഥമികാവശ്യങ്ങൾ നിറവേറ്റാനുള്ള അസൗകര്യം, കരിങ്കൽ മേഖലയിലെ സ്ത്രീ തൊഴിലാളികൾക്ക് ഇൻഷ്വറൻസ് സംരക്ഷണം സ്ത്രീധന സമ്പ്രദായത്തിന്റെ കെടുതികൾ, സാമൂഹ്യ സഹകരണസംഘത്തിന്റെ ആവശ്യകത, നവസാക്ഷരരുടെ പുനർവിദ്യാഭ്യാസം തുടങ്ങിയ അനേകം പ്രശ്നങ്ങൾ ചർച്ചകളിൽ പൊന്തിവന്നു.

പ്രശ്നങ്ങൾ :

ചർച്ചകളുടെ അടിസ്ഥാനത്തിൽ നടന്ന് വസ്തുനിഷ്ടമായ പഠനങ്ങളിൽ പല പ്രശ്നങ്ങളും മനസ്സിലാക്കുവാൻ കഴിഞ്ഞു.

1. വിദ്യാഭ്യാസരംഗത്ത് സ്ത്രീകൾ വളരെയധികം പിന്നോക്കം പോയിരിക്കുന്നു എന്നു മാത്രമല്ല, പലർക്കും വിദ്യാഭ്യാസം പൂർത്തിയാക്കുവാൻ കഴിയാത്ത അവസ്ഥയാണ്.

2. വിനതാതൊഴിൽ പരിശീലനരംഗത്ത് യാതൊരു സംരംഭവും ഉണ്ടായിട്ടില്ല.

3. സാദ്ധ്യതകൾ ഏറെയാണെങ്കിലും വനിതാസഹകരണ സംഘങ്ങളുടെ അപര്യാപ്തത കൂട്ടായ പ്രവർത്തനങ്ങളിൽ നിന്നും വനിതകളെ മാറ്റിനിർത്തി.

4. വനിതാ വ്യവസായ സംരംഭങ്ങൾക്ക് വിദഗ്ധ സമിതിയുടെ സഹായംലഭിച്ചിട്ടില്ല.

5. നിർമ്മാണ രംഗത്ത് പണിയെടുക്കുന്ന സ്ത്രീകളുടെ ക്ഷേമപദ്ധതികൾക്ക് തൃപ്തികരമായ മാറ്റം വന്നിട്ടില്ല.

6. കൃഷിഭൂമി തരിശിടുന്നതും നിലംനികത്തി മറ്റു കൃഷികൾ ചെയ്യുന്നതും

കാർഷികരംഗത്ത് സ്ത്രീതൊഴിലാളുകളുടെ തൊഴിൽദിനങ്ങൾ കുറയ്ക്കുകയും തൊഴിലി ല്ലായ്മ വർദ്ധിപ്പിക്കുകയും ചെയ്തു.

7. കരിങ്കൽ, കയർ മേഖലകളിലെ സ്ത്രീ തൊഴിലാളികളുടെ തൊഴിൽ സാദ്ധ്യതകൾ പൂർണ്ണ മായും ചൂഷണം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

8. ടൂറിസം വികസനരംഗത്ത് വളരെയധികം സാദ്ധ്യതകളുള്ള തിരുവല്ലം പഞ്ചായത്തിൽ ആ രംഗത്തേക്ക് സ്ത്രീകൾ കടന്നുവന്നിട്ടില്ല.

സാദ്ധ്യതകൾ :

പ്രകൃതി കനിഞ്ഞനുഗ്രഹിച്ച മനോഹര ഭൂമിയാണ് തിരുവല്ലം. കടലിനോട് തൊട്ടുരുമ്മി ക്കുടക്കുന്ന കരമനയാറും അതിന്റെ തീരപ്രദേശ ങ്ങൾ ഒരു ഭാഗത്തും എതിർഭാഗത്ത് മനോഹര മായ കുന്നിൻചരിവുകളുമാണ്. തൊണ്ടഴുക്കുന്ന തിനുള്ള തോടുകളും കുളങ്ങളും നിറഞ്ഞ സമ തല പ്രദേശങ്ങളും കനത്ത കരിങ്കൽ നിക്ഷേപ ങ്ങളുമുള്ള ചെറിയ കുന്നിൻ പ്രദേശങ്ങൾ മറുഭാ ഗത്തും കിടക്കുന്നത് തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നു. ബുദ്ധിപരമായ ആസൂത്രണപ്ര ക്രിയയിലൂടെ, ജനപങ്കാളിത്തത്തോടെ ഈ വിഭ വങ്ങൾ ചൂഷണം ചെയ്യാൻ കഴിഞ്ഞാൽ സ്ത്രീക ളുടെ തൊഴിലില്ലായ്മ പരിഹരിക്കുവാനും സ്വയം പര്യാപ്തത കൈവരിക്കുവാനും നമ്മുടെ പഞ്ചാ യത്തിന് കഴിയും.

1. എല്ലാ വാർഡുകളിലും ഓരോ ചെറുകിട വനിതാ വ്യവസായ യൂണിറ്റുകൾ, അതതു സ്ഥല ങ്ങളിലെ അസംസ്കൃതസാധനങ്ങൾ ഉപയോഗി ച്ചുതന്നെ തുടങ്ങുവാൻ കഴിയും. ഉദാ : മെഴുകു തിരി വ്യവസായം, തയ്യൽ പരിശീലന കേന്ദ്രം, എംബ്രോയിഡറി, തീപ്പെട്ടി നിർമ്മാണം, കയറുല്പ ന്നങ്ങൾ, കരിങ്കൽ ശില്പങ്ങൾ, തുടങ്ങിയവ.

2. ഓരോ വാർഡിലും വനിതാ സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും അവയിലൂടെ തൊഴിൽ പരിശീലകേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്യുക.

3. തരിശുഭൂമിയിൽ കൃഷിയോഗ്യമാക്കി മാറ്റി, കൃഷിയോടൊപ്പം പൂക്കൾ ഉല്പാദിപ്പിക്കു ന്നതിനുള്ള ചെറുകിട തോട്ടങ്ങൾ തുടങ്ങുക (ഓർക്കിഡ്, ആന്തൂറിയം, കുറ്റിമുല്ല) തുടങ്ങിയവ.

4. പുതിയ വ്യവസായ സംരംഭങ്ങൾ കണ്ടെ ത്തുക (നാളികേര കർഷകരുടെ സഹകരണ ത്തോടെ കരിക്കും, കരിക്കിൻവെള്ളവുമുപയോ ഗിച്ച് ഭക്ഷ്യസാധനങ്ങൾ നിർമ്മിക്കുക.

5. സി-ഡിറ്റിന്റെ സാങ്കേതികസഹായ ത്തോടെ വനിതകൾക്കു തൊഴിൽ അവസരം വർദ്ധിപ്പിക്കുവാൻ ഒരു സയൻസ് ടോയ്സ് നിർമ്മിക്കുന്ന വ്യവസായ സംരംഭം ആരംഭി ക്കുക. ഇതിന്റെ വിപണി ശാസ്ത്രസാഹിത്യ പരി ഷത്തിനെ ഏല്പിക്കുക.

6. മാസത്തിലൊരിക്കലും സ്ത്രീകൾക്കു വേണ്ടി ബോധവൽക്കരണ സെമിനാറുകൾ നട ത്തുക.

7. നിലവിലുള്ള PHC വിപുലീകരിക്കുകയും കിടക്കകളോടുകൂടിയ ആശുപത്രിയാക്കി മാറ്റു കയും ചെയ്യുക.

8. നവസാക്ഷരർക്കുള്ള പുനർവിദ്യാഭ്യാസ ക്യാമ്പുകൾ എല്ലാ വാർഡുകളിലും ആരംഭി ക്കുക.

9. വനിതകളുടെ നിയന്ത്രണത്തിൽ ഓരോ വാർഡിലും STDസൗകര്യമുള്ള പബ്ലിക്, ടെല ഫോൺ ബൂത്ത് സ്ഥാപിക്കുക.

10. തെങ്ങിൽ നിന്നും ലഭിക്കുന്ന, ചിരട്ട, കൊതുമ്പ്, തടി എന്നിവ ഉപയോഗിച്ച് കൗതുക വസ്തുക്കൾ നിർമ്മിക്കുന്ന യൂണിറ്റുകൾ സ്ഥാപിക്കയും അവയ്ക്ക് പരിശീലനം നൽകു കയും വിപണി കണ്ടെത്തുകയും ചെയ്യുക.

11. D-form തുടങ്ങിയ കോഴ്സുകൾ പാസായ വനിതകൾക്കായി പഞ്ചായത്തി ന്റെയും മറ്റ് ഏജൻസികളുടെയും സഹായ ത്തോടെ മെഡിക്കൽ സ്റ്റോറുകൾ തുടങ്ങുവാ നുള്ള അവസരം ലഭ്യമാക്കുക.


12. ബിരുദധാരികളായ വനിതകളെ ഉൾപ്പെ

ടുത്തിക്കൊണ്ട് സഹകരണമേഖലയിൽ ഒരു പാര ലൽ കോളേജ് സ്ഥാപിക്കുക.

13. ട്രൈസം ട്രെയിനിംഗ് സെന്റർ നമ്മുടെ പഞ്ചായത്തിൽ തുടങ്ങിയാൽ കൂടുതൽ പെൺകു ട്ടികൾക്ക് തൊഴിൽ പരിശീലനം നൽകുവാൻ സാധിക്കും.

14. ഓരോ വീട്ടിവളപ്പിലും അടുക്കളതോട്ട നിർമ്മാണം പ്രോത്സാഹിക്കുന്നതിനായി പഞ്ചാ യത്തിന്റെയും കൃഷിഭവന്റെയും സഹായ ത്തോടെ വാർഡ്തലസമിതികൾ രൂപീകരിക്കുന്നത് നന്നായിരിക്കും. ഇത് സ്ത്രീകളുടെ ഒഴിവുസമയ ങ്ങൾ പ്രയോജനപ്പെടുത്തുന്നതിനും സ്വന്തമായ വരുമാനം ഉണ്ടാക്കുന്നതിനം സഹായിക്കും.

■



5-10

സഹകരണ സംഘങ്ങൾ

ചൂഷണത്തിന്റെ പാരമ്യതയിൽ തൊഴിലാളികളുടെ ഉടയിൽ നിന്ന് പൊട്ടി മുളച്ച് വികസിതമായതാണ് സഹകരണ പ്രസ്ഥാനം. ''കൂട്ടായ്മയിലൂടെ, പരസ്പര നേട്ടം'', ഇതാണ് ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തന തത്വം. ജനാധിപത്യമൂല്യങ്ങളെ ഉയർത്തി പിടിക്കുന്ന സഹകരണ മേഖലയാണ് അധികാരം ജനങ്ങളിലേയ്ക്ക് എന്ന കാഹളം മുഴക്കി രൂപം കൊള്ളുന്ന ഒൻപതാം പദ്ധതിയ്ക്ക് വിജയ-തിലകമാകേണ്ടത്.

നമ്മുടെ പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിക്കുന്നത് 1950-ൽ സ്ഥാപിതമായ തിരുവല്ലം-പാച്ചല്ലൂർ കയർ വ്യവസായ സഹകരണ സംഘത്തോടെയാണ്. ഇന്നും സുകാര്യക്ഷമമായി പ്രവർത്തിക്കുകയാണ് ഈ സംഘം.

നമ്മുടെ പഞ്ചായത്തിൽ ആകെ പതിനൊന്ന് സഹകരണ സംഘങ്ങളാണുള്ളത്. ഇതിൽ അഞ്ചെണ്ണം പരമ്പരാഗത വ്യവസായമായ കയർ മേഖലയിലും രണ്ടു വീതം മത്സ്യബന്ധനം, സർവ്വീസ് എന്നീ മേഖലകളിലും ഓരോന്ന് വീതം ക്ഷീരോല്പാദനം. പട്ടികജാതി പട്ടികവർഗ്ഗ മേഖലയിലും ഉൾപ്പെടുന്നു. ഈ സംഘങ്ങളിലെല്ലാമായി 12,174 അംഗങ്ങളാണുള്ളത്. ഇത് പഞ്ചായത്തിലെ ജനസംഖ്യയുടെ 33% തോളം വരും. ഇതിൽ എത്രയോ കുറവാണ് സംഘങ്ങളിൽ നിന്നും സേവനം ലഭിക്കുന്ന അംഗങ്ങൾ! നമ്മുടെ പഞ്ചായത്തിലെ സഹകരണസംഘങ്ങളെക്കുറിച്ചും അവയുടെ വിഭവശേഷിയെകുറിച്ചുമുള്ള എത്തിനോട്ടത്തിനായി ഒരു പട്ടിക ഇതോടൊപ്പം ചേർക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ആളുകൾ പണിയെടുക്കുന്നത് പരമ്പരാഗത വ്യവസായമായ കയർമേഖലയിലാണ്. സംഘങ്ങളുടെ എണ്ണത്തിന്റെ കാര്യത്തിൽ കയർമേഖല സമ്പുഷ്ടമാണ്. ആകെ അഞ്ച് സഹകരണസംഘങ്ങൾ ഈ മേഖലയിൽ പ്രവർത്തിക്കുന്നു. ഈ സംഘങ്ങളിൽ മൂന്നെണ്ണത്തിൽ നേരിട്ടുള്ള കയറുല്പാദനമാണ് നടക്കുന്നത്-രണ്ടെണ്ണത്തിൽ യന്ത്രവൽക്കൃത രീതി ഉപയോഗിച്ചും മറ്റേതിൽ സാധാരണ രീതി ഉപയോഗിച്ചും. ഒന്നിൽ യന്ത്രവൽക്കൃത രീതി ഉപയോഗിച്ചുള്ള ഉല്പാദനം ഉടൻ ആരംഭിക്കും. ഈ ഓരോ സംഘങ്ങളും നേരിട്ട് തൊഴിൽ നൽകുന്ന തൊഴിലാളികളുടെ എണ്ണം ഏകദേശം 75 നും 125നും ഇടയ്ക്ക് വരും. അവശേഷിക്കുന്ന ഒരു സംഘം, അംഗങ്ങളിൽ നിന്നും കയർ സംഭരണമാണ് നടത്തുന്നത്. വളരെ കുറച്ച് അംഗങ്ങളിൽ നിന്നുമാണ് ഈ സംഘത്തിന് കയർ ലഭിക്കുന്നത്. കയർ മേഖലയിൽ പണിയെടുക്കുന്ന ഏകദേശം 90% തൊഴിലാളികളും ഈ സംഘങ്ങളിൽ അംഗങ്ങളാണെങ്കിലും സംഘങ്ങൾ നേരിട്ട് തൊഴിൽ നൽകുന്നതോ സംഘങ്ങൾക്ക് കയർ നൽകുന്നതോ ആയ അംഗങ്ങളുടെ എണ്ണം വളരെ പരിമിതമാണ്. സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ളവരിൽ ഭൂരിഭാഗവും ഇന്നും സ്വകാര്യവ്യക്തികളുടെ കീഴിൽ പണിയെടുക്കുകയാണ്. സ്വകാര്യവ്യക്തികൾ കയറിന് കൂടുതൽ വില നൽകുന്നതിനാലായിരിക്കണം അംഗങ്ങൾ സംഘത്തിൽ നിന്നും അകലാൻ ഒരു കാരണം. സ്വകാര്യമേഖലയിൽ വളരെ കുറഞ്ഞ കൂലിയാണ് തൊഴിലാളികൾക്ക് ലഭിക്കുന്നത്.

സഹകരണസംഘങ്ങൾ

നമ്പർ	പേര്	സ്ഥാപിച്ച വർഷം	ക്രെഡിറ്റ്/ നോൺ ക്രെഡിറ്റ്	അംഗങ്ങളുടെ എണ്ണം	പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം	
					അംഗങ്ങളിൽ നിന്നും ലഭിച്ചത്	ഗവൺമെന്റിൽനിന്നും ലഭിച്ചത്
1.	പാച്ചല്ലൂർ കയർവ്യവസായ സഹകരണസംഘം ക്ലിപ്തം നമ്പർ 177	1957	നോൺക്രെഡിറ്റ്	974	1,31,343.50	4,39,770.00
2.	കോവളം പനത്തുറ മത്സ്യതൊഴിലാളി വികസന ക്ഷേമ സഹകരണസംഘം ക്ലിപ്തംനമ്പർ F.T. 32	1988	നോൺക്രെഡിറ്റ്	642	6,420.00	20,000.00
3.	പനത്തുറ മത്സ്യതൊഴിലാളി വികസന ക്ഷേമസഹകരണ സംഘം ക്ലിപ്തം നമ്പർ D.F.T. 10	1992	നോൺക്രെഡിറ്റ്	411	5,310.00	30,000.00
4.	മേനിലം ക്ഷീരോല്പാദക സഹകരണസംഘം ക്ലിപ്തം നമ്പർ T. 2110 (Apcos)	1988	നോൺക്രെഡിറ്റ്	190	1,900.00	-----
5.	കോളിയൂർ സർവ്വീസ് സഹകരണസംഘം ക്ലിപ്തം നമ്പർ M. 2665	1966	ക്രെഡിറ്റ്	5,000	2,00,000.00	---—
6.	കോവളം സർവ്വസ് സഹകരണബാങ്ക് നമ്പർ T. 287	1966	ക്രെഡിറ്റ്	2002	2,03,690.00	1,14,00.00
7.	ഇടയാർ കയർവ്യവസായ സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 319	1961	നോൺക്രെഡിറ്റ്	800	5,15,009.00	3,60,000.00
8.	തിരുവല്ലം - പാച്ചല്ലൂർ, കയർ വ്യവസായി സഹകരണസംഘം ക്ലിപതം നമ്പർ 3061	1950	നോൺക്രെഡിറ്റ്	716	1,39,702.00	3,84,40.00
9.	പനത്തറ കയർവ്യവസായ സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 415	1963	നോൺക്രെഡിറ്റ്	829	1,39,764.00	3,60,570.00
10.	കരിഭാഗം കയർ വ്യവസായ സഹകരണസംഘം ക്ലിപ്തം നമ്പർ 892	1990	നോൺക്രെഡിറ്റ്	260	17,180.00	----
11.	തിരവല്ല പട്ടികജാതി സർവ്വീസ് സഹകരണസംഘം	1986	ക്രെഡിറ്റ്	350	3,500.00	10,000.00
12.	കോവളം ഹരിജൻ സഹകരണ സംഘം (അഡ്മിനസ്ട്രേറ്റീവ് ഭരണം)		ക്രെഡിറ്റ്	1500	---	----

പുലർക്കാലം മുതൽ പകലന്തിയോളം ജോലിയെടുക്കുന്ന ഒരു കയർ തൊഴിലാളിക്ക് ഏറ്റവും കൂടുതൽ ലഭിക്കുന്നത് പത്തോ പതിനഞ്ചോ രൂപയായിരിക്കും. ആശ്രയിക്കാൻ മറ്റ് തൊഴിലുകൾ ഇല്ലാത്തതുകൊണ്ട് ആളുകൾ ഇതിൽതന്നെ കടിച്ചുതൂങ്ങുകയാണ്. സ്വകാര്യമേഖലയിലേക്ക് വഴുതിപോയി അതിന്റെ തിക്തഫലം അനുഭവിക്കാൻ വിധിക്കപ്പെട്ട അംഗങ്ങളെ വീണ്ടും സംഘങ്ങളിലേക്ക് ആകർഷിച്ച് തിരികെ കൊണ്ടുവരേണ്ടിയിരിക്കുന്നു. ഇതിനായി സംഘങ്ങളുടെ പ്രവർത്തനം ഇനിയും വിപുലപ്പെടുത്തണം. സംഘങ്ങൾ കയർതൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസം, അവരുടെ ആരോഗ്യ പ്രശ്നങ്ങൾ തുടങ്ങിയ മേഖലകളിൽ ഒന്നിലും കാര്യമായ ഒരു സേവനവും നൽകുന്നില്ല.

സഹകരണ സംഘങ്ങളും അതിന്റേതായ പ്രശ്നങ്ങളുമില്ലാതില്ല. കയർഫെഡിന് സംഘങ്ങൾ നല്കുന്ന കയറിന് വില നിശ്ചയിക്കുന്നതിൽ വലിയ അപാകതയുണ്ട്. സംഘങ്ങൾ നല്കുന്ന ഒരു ബണ്ടിൽ കയറിൽ നിന്ന് സാമ്പിളായി തിരഞ്ഞെടുക്കുന്ന ഒരു കയറിന് അല്പം നീളക്കുറവ് കണ്ടാൽ വളരെ കുറഞ്ഞ വിലയാണ് കയർ ഫെഡ് നിശ്ചയിക്കുന്നത്. സഹകരണ സംഘങ്ങൾ തൊണ്ട് തല്ലുന്നതിന് തമിഴ്നാട്ടിൽ കൊണ്ടുപോകുകയാണ്. ഇത് കയറിന്റെ ഉല്പാദനച്ചെലവ് വർദ്ധിപ്പിക്കുന്നു. സഹകരണസംഘങ്ങൾക്ക് തൊണ്ട് അഴുക്കുന്നതിനുള്ള ആശ്രയം പനത്തുറയ്ക്ക് സമീപമുള്ള കരമനയാറിന്റെശാഖയാണ് ടൂറിസം വികസനത്തിന്റെ ഭാഗമായി ഈ ഭാഗത്തുകൂടി കോവളത്തേയ്ക്ക് ബോട്ട് സർവ്വീസ് ആരംഭിക്കുകയാണെങ്കിൽ സ്വകാര്യ വ്യക്തികളെപ്പോലെ ചില സഹകരണ സംഘങ്ങളെങ്കിലും പ്രതിസന്ധിയിലാകും. യന്ത്രവല്ക്കൃത രീതിയിൽ കയറുല്പാദനം നടത്തുന്ന സംഘങ്ങളിൽ ഇപ്പോൾതന്നെ കൃത്രിമമായി തൊണ്ട് അഴുക്കുന്നതിന് സംവിധാനങ്ങളുണ്ട്. അതിനാൽ മറ്റു സംഘങ്ങളെയായിരിക്കും ഇതു കൂടുതൽ ബാധിക്കുന്നത്. കയറിനേക്കാൾ കുറഞ്ഞവിലയ്ക്ക് പ്ലാസ്റ്റിക്ക് റോപ്പുകൾ ഇപ്പോൾതന്നെ മാർക്കറ്റിൽ സുലഭമാണ്. ഇങ്ങനെ പോകുകയാണെങ്കിൽ സമീപ ഭാവിയിൽതന്നെ കയറിന് മാർക്കറ്റില്ലാതെവരും. അതിനാൽ കയറിന്റെ ഗുണനിലവാരം ഉയർത്തുന്നതോടൊപ്പം കുറഞ്ഞവിലയ്ക്ക് വിൽക്കേണ്ടിവരയിരിക്കുന്നു. കയർ സംഘങ്ങൾ ഉല്പാദിപ്പിക്കുന്നതും ശേഖരിക്കുന്നതുമായ കയർ പഞ്ചായത്തിന് പുറത്തേയ്ക്ക് പോകുകയാണ് ചെയ്യുന്നത്. ഈ കയർ ഇവിടെത്തന്നെ പ്രയോജനപ്പെടുത്തി കയറുല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള ഒരു സംവിധാനം ഉണ്ടാകുന്നത് നന്നായിരിക്കും.

മത്സ്യബന്ധനമേഖയിൽ രണ്ട് സഹകരണ സംഘങ്ങൾ ആണ് നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. ഈ സംഘങ്ങൾ മത്സ്യകച്ചവടം നടത്തുന്നതിനായി അംഗങ്ങൾക്ക് വായ്പ കൊടുക്കുകയാണ് പ്രധാനമായും ചെയ്യുന്നത്. മത്സ്യങ്ങളുടെ ശേഖരണം, സംസ്ക്കരണം, സംഭരണം, വില്പന എന്നിവയ്ക്കൊന്നും ഈ സംഘങ്ങളിൽ സംവിധാനങ്ങളില്ല. അംഗങ്ങൾ പിടിക്കുന്ന മത്സ്യങ്ങൾ സംഘം തന്നെ ശേഖരിച്ച് വിപണനം ചെയ്യാൻ തയ്യാറായാൽ മദ്ധ്യവർത്തികൾ കൊയ്യുന്ന അമിത ലാഭം ഇല്ലാതാക്കാനും അതുവഴി മത്സ്യത്തൊഴിലാളികൾക്കും മത്സ്യം വാങ്ങുന്നവർക്കും വൻനേട്ടമുണ്ടാക്കാനും സാധിക്കും. മത്സ്യത്തൊഴിലാളികൾക്ക് ഗവൺമെന്റ് നല്കുന്ന ആനുകൂല്യങ്ങൾ നേരിട്ട് നൽകുന്നതിനുപകരം സംഘങ്ങൾ വഴി നല്കിയാൽ അതു സംഘങ്ങളെ കൂടുതൽ ശക്തിപ്പെടുത്തും. പട്ടികജാതി പട്ടികവർഗ്ഗമേഖലയിൽ പ്രവർത്തിക്കുന്ന ഒരേ ഒരു സഹകരണസംഘം മാത്രമേ നമ്മുടെ പഞ്ചായത്തിൽ ഉള്ളൂ. ഈ സംഘത്തിന്റെ പ്രവർത്തനവും നാമമാത്രമാണ്. ഈ മേഖലയിൽ കൂടുതൽ സംഘങ്ങൾ ഉണ്ടാകേണ്ടത് ആവശ്യമാണ്. അതിനു സാദ്ധ്യതയേറെയുണ്ട്.

നമ്മുടെ പഞ്ചായത്തിൽ ശരിയായി പ്രവർത്തിക്കുന്ന ഒരേഒരു ക്ഷീരവ്യവസായ സഹകരണസംഘം മാത്രമേ ഉള്ളൂ. കാലാകാലങ്ങളിൽ ചില ക്ഷീരവ്യവസായ സഹകരണസംഘങ്ങൾ കൂണുപോലെ പൊട്ടിമുളയ്ക്കുകയും അതു പോലെതന്നെ മണ്ണടിയുകയും ചെയ്യുന്നു. ഈ സംഘങ്ങൾ അകാലത്തിൽ ചരമമടയാനുള്ള പ്രധാന കാരണങ്ങൾ കുറഞ്ഞ നിരക്കിലുള്ള പാലിന്റെ ശേഖരണവും ക്ഷീരോല്പാദന സഹായകമാകുന്ന മറ്റു പ്രവർത്തനങ്ങൾ നടത്താതെ പാലിന്റെ ശേഖരണത്തിൽ മാത്രം ഒതുങ്ങിയതുമാണ്. കാലിത്തീറ്റ, വയ്ക്കോൽ, പുല്ല് എന്നിവയുടെ വിലവച്ചു നോക്കുമ്പോൾ സംഘങ്ങൾ നല്കുന്ന വിലയ്ക്ക് പാൽ നൽകുക, ക്ഷീരോല്പാദകരെ സംബന്ധിച്ചിടത്തോളം ഭീമമായ നഷ്ടം വരുത്തും. സ്വന്തമായുള്ള സംഘവും ഏതാണ്ട് ഈ രീതിയിൽ തന്നെയാണ് പ്രവർത്തിക്കുന്നത്.

സർവ്വീസ് സഹകരണസംഘങ്ങൾ :

നമ്മുടെ പഞ്ചായത്തിൽ രണ്ട് സർവ്വീസ് സഹകരണ സംഘങ്ങൾ ആണുള്ളത്. ഇതിൽ ഒന്ന് നമ്മുടെ പഞ്ചായത്ത് മുഴുവനും പ്രവർത്തനപരിധിയുള്ള കോളിയൂർ സർവ്വീസ് സഹകരണസംഘവും മറ്റേത് ഭാഗികമായ പ്രവർത്തനപരിധിയുള്ള കോവളം സർവ്വീസ് സഹകരണ സംഘവുമാണ്.

കോവളം സർവ്വീസ് സഹകരണസംഘം 1966ൽ സ്ഥാപിതമായതാണ്. നല്ല രീതിയിൽ പ്രവർത്തിക്കുന്ന സംഘമാണിത്. ഈ സംഘം കാർഷിക വായ്പാ, ഹൗസ് ലോൺ, ഗോൾഡ് ലോൺ മുതലായവ നൽകുന്നതോടൊപ്പം ഹ്രസ്വ ദീർഘകാല നിക്ഷേപങ്ങൾ സ്വീകരിക്കുന്നുമുണ്ട്. 1966ൽ തന്നെ സ്ഥാപിതമായ ഇതുതന്നെയാണ് കോളിയൂർ സർവ്വീസ് സഹകരണ സംഘവും. ഈ സംഘം വായ്പയായി നല്കിയ ഏകദേശം 25 ലക്ഷത്തിൽപരം രൂപയുടെ കുടിശിഖ ഇനിയും പിരിഞ്ഞുകിട്ടാനുണ്ട്. ആയതിനാൽ സംഘത്തിന്റെ പ്രവർത്തനം ഒരു സ്തംഭനാവസ്ഥയിലാണ്. ഈ കുടിശ്ശിഖ പിരിച്ചെടുക്കുകയാണെങ്കിൽ ഈ സംഘത്തിനു ഇനിയും കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിയും.

ഇന്ന് സംഘങ്ങളുടെയും അവയുടെ നടത്തിപ്പിൽ നേരിട്ട് ബന്ധപ്പെടാത്ത അംഗങ്ങളുടെയും ഇടയിൽ ആദ്യശ്യമായൊരു തിരശ്ശീല ഉയർന്നുനില്ക്കുന്നു. ഈ സംഘങ്ങൾ പ്രസിദ്ധീകരിക്കുന്ന വരവ് ചെലവ് കണക്കുകൾ ഉൾപ്പെടുന്ന സ്റ്റേറ്റുമെന്റിനെ അപഗ്രഥിച്ച് അവയുടെ പ്രവർത്തനങ്ങളെ വിലയിരുത്താനുള്ള സാങ്കേതികജ്ഞാനമൊന്നും സാധാരണക്കാരായ അംഗങ്ങൾക്കില്ല. ഈ അജ്ഞത സൃഷ്ടിക്കുന്ന അവഗണന നിക്ഷിപ്ത താല്പര്യക്കാർക്ക് തഴച്ച് വളരാൻ പറ്റിയ വളക്കൂറുള്ള മണ്ണായിതീരുന്നു. ചടങ്ങ് നിർവ്വഹിക്കാൻ എന്നോണം പ്രവർത്തിക്കുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരും ഇതിനു വളമേകുന്നു. ആധുനിക മാനേജ്മെന്റ് സങ്കേതങ്ങളുടെ അഭാവവും സംഘങ്ങളുടെ പ്രവർത്തനത്തിൽ നിഴലിക്കുന്നുണ്ട്. ഒരു രാജ്യത്തിന് സെൻട്രൽ ബാങ്ക് എപ്രകാരമാണോ അതുപോലെയാണ് ഒരു പഞ്ചായത്തിന് സർവ്വീസ് സഹകരണ ബാങ്ക്. ആ അർത്ഥത്തിൽ സർവ്വീസ് സംഘങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല.

കരിഞ്ചന്തക്കാർക്കും പൂഴ്ത്തിവയ്പുകാർക്കുംവരെ വജ്രായുധമെന്നോണം പ്രവർത്തിക്കാൻ കഴിയുന്ന ഉപഭോക്തൃ സഹകരണ സംഘങ്ങൾ നമ്മുടെ പഞ്ചായത്തിന് ഇന്നും അജ്ഞാതമാണ്. മൊത്തം പാലിന്റെ നേട്ടം കൊയ്തുകൊണ്ട് മിതമായ വിലയ്ക്ക് സാധനങ്ങൾ സാധാരണക്കാരായ പഞ്ചായത്തിലെ ജനങ്ങൾക്ക് നല്കാൻ ഇത്തരം സഹകരണ സംഘങ്ങൾ സ്ഥാപിക്കുന്നതിലോടെ നമുക്ക് കഴിയും. ചല്ലിയടി തൊഴിലാളികളേയും കേരകർഷകരേയും വനിതകളേയും ഇനിയും സഹകരണപ്രസ്ഥാനത്തിന് കീഴിൽ സംഘടിപ്പിക്കേണ്ടിയിരിക്കുന്നു. സഹകരണ പ്രസ്ഥാനത്തിന്റെ എല്ലാ സത്തും ഉൾക്കൊള്ളുന്ന ഒരു സഹകരണ സംഘം നമ്മുടെ പഞ്ചായത്തിൽ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു.

പ്രശ്നങ്ങൾ :

1. ക്ഷീരവ്യവസായസഹകരണങ്ങളുടെ കുറവ്
2. പട്ടികജാതി പട്ടികവർഗ്ഗ സർവ്വീസ് സംഘത്തിന്റെ നാമമാത്രമായ പ്രവർത്തനം.
3. കയർസംഘങ്ങളിൽ നിന്നും അംഗങ്ങളുടെ അകൽച്ച.
4. വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാകാൻ കഴിയുന്ന വനിതസംഘങ്ങളുടെ അഭാവം.
5. മിതമായ വിലയ്ക്ക് സാധനങ്ങൾ സാധാരണക്കാർക്ക് നല്കുവാൻ കഴിയുന്ന ഉപഭോക്തൃസംഘങ്ങളുടെ അസാന്നിദ്ധ്യം.
6. സഹകരണ ഉദ്യോഗസ്ഥന്മാരുടെ അലംഭാവം
7. നിക്ഷിപ്തതാല്പര്യക്കാരുടെ കടന്നുകയറ്റം.
8. സഹകരണ തത്വങ്ങളെ കുറിച്ചുള്ള അജ്ഞത
9. സംഘങ്ങൾ അവരുടെ അംഗങ്ങളുടെ ആരോഗ്യത്തിന്റെ കാര്യം ശ്രദ്ധിക്കുന്നില്ല.
10. അംഗങ്ങളുടെ മക്കളുടെ വിദ്യാഭ്യാസത്തിന്റെ കാര്യത്തിലുള്ള ശ്രദ്ധക്കുറവ്.

നിർദ്ദേശങ്ങൾ :

1. ക്ഷീരോല്പാദകരെ സംഘടിപ്പിച്ച് ക്ഷീരവ്യവസായ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക. സ്വയം തൊഴിൽ വായ്പകൾ തൊഴിലില്ലാത്തവർക്ക് സംഘടിപ്പിച്ച് അതിനെ വിപുലപ്പെടുത്തുക.
2. വനിത സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.
3. ഉപഭോക്തൃ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.
4. ചല്ലിയടി തൊഴിലാളികളെ സഹകരണ അടിസ്ഥാനത്തിൽ സംഘടിപ്പിച്ച് സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.
5. കയർ സംഘങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്തുക.
6. കയർസംഘങ്ങളിലെത്തുന്ന കയറിനെ ഉപയോഗപ്പെടുത്തി കയറുല്പന്നങ്ങൾ നിർമ്മിക്കുന്നതിന് ഒരു സഹകരണ സംഘം നിർമ്മിക്കുക.
7. മത്സ്യസംഘങ്ങളുടെ നേതൃത്വത്തിൽ പഞ്ചായത്തിന്റെ രണ്ടോ മൂന്നോ കേന്ദ്രത്തിൽ മത്സ്യ മാവേലി സ്റ്റോർ സ്ഥാപിക്കുക.
8. പട്ടികജാതി സർവ്വീസ് സഹകരണ സംഘം നടത്തുന്ന മാവേലി സ്റ്റോർ വഴി ഭക്ഷ്യധാന്യങ്ങൾ തുടർച്ചായായി നൽകാൻ നടപടി സ്വീകരിക്കുക.
9. കോവളം കരിങ്കൽ ഉല്പാദന ക്രയവിക്രയ സംഘം പുനരുജ്ജീവിപ്പിക്കുക.
10. മാർക്കറ്റിംഗ്, വ്യവസായ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.
11. കരകൗശല വസ്തുക്കളുടെ നിർമ്മാണം, തയ്യൽ, മെഴുകുതിരി നിർമ്മാണം, തീപ്പെട്ടി നിർമ്മാണം, പർപ്പടനിർമ്മാണം തുടങ്ങിയവയുമായി ബന്ധപ്പെട്ട ഒരു സഹകരണ സംഘം സ്ഥാപിക്കും.
12. C–Dit ന്റെ സാങ്കേതികജ്ഞാനം ഉപയോഗപ്പെടുത്തി സയൻസ് ടോയീസ് നിർമ്മിക്കാനുള്ള ഒരു വ്യവസായകേന്ദ്രംസഹകരണമേഖലയിൽ സ്ഥാപിക്കണം.
13. തിരുവല്ലത്ത് ഒരു സർവ്വീസ് സഹകരണ സംഘം സ്ഥാപിക്കുക.
14. നെയ്ത്ത്, റെഡിമെയ്ഡ് എന്നിവയുമായി ബന്ധപ്പെട്ട ഒരു സഹകരണ സംഘം സ്ഥാപിക്കുക.
15. നിലവിലുള്ള സംഘങ്ങളിൽ ആധുനിക മാനേജ്മെന്റ് സങ്കേതങ്ങൾ ഉപയോഗപ്പെടുത്തുക.
16. സഹകരണതത്വങ്ങളെക്കുറിച്ച് ജനങ്ങളിൽ ബോധവൽക്കരണം നടത്തുക.
17. നിലവിലുള്ള സർവ്വീസ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം അല്പം കൂടി കാര്യക്ഷമമാക്കുക.
18. തയ്യൽ, ഡ്രൈവിംഗ്, വർക്ക്ഷോപ്പ് എന്നിവയിൽ സാങ്കേതികവിദ്യാഭ്യാസം നേടിയിട്ടുള്ള പട്ടികജാതി സർവ്വീസ് സൊസൈറ്റിയിലെ അംഗങ്ങൾ സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള സാമ്പത്തിക ആനുകൂല്യം അനുവദിക്കുക.
19. പുഞ്ചക്കരിയിലൽ പട്ടികജാതി ഫിഷറീസ് സൊസൈറ്റി അനുവദിക്കുക.



5-11

പട്ടികജാതി പട്ടികവർഗ്ഗം

ചാതുർവർണ്യത്തിന്റെ തിക്തഫലങ്ങൾ അനുഭവിച്ചവരുടെ കൂട്ടത്തിൽ താഴെത്തട്ടിൽ അമർന്നുപോയ വിഭാഗത്തെയാണ് പട്ടികജാതി പട്ടികവർഗ്ഗം എന്ന സംജ്ഞ കൊണ്ടുവിവക്ഷിക്കുന്നത്. തീണ്ടൽ, തൊട്ടുകൂടായ്മ, തുടങ്ങിയ ഒട്ടേറെ അനാചാരങ്ങൾ ഈ വിഭാഗത്തെ സവർണരിൽനിന്നും ബഹുദൂരം അകറ്റിനിർത്തി. അധികാരമേധാവിത്വങ്ങളുടെ തണലിൽ ഇവർക്ക് ശരണം പ്രാപിക്കുവാൻ കഴിഞ്ഞില്ലായെന്നുമാത്രമല്ല മനുഷ്യരിൽതന്നെ ഇക്കൂട്ടർ മൃഗതുല്യരായിരുന്നു. മണ്ണിനോട് മല്ലിട്ടുകൃഷിവൃത്തിയിൽ വ്യാപ്രുതരായിരുന്ന ഇവർക്കു ഭൂമിയിൽ ഉടമസ്ഥാവകാശം ഇല്ലായിരുന്നു. മേലാളന്മാരുടെ ആജ്ഞാനുവർത്തികളായി കഴിഞ്ഞ ഈക്കൂട്ടർക്കു അറിവും നിഷേധിച്ചിരുന്നു. യഥാർത്ഥത്തിൽ മണ്ണിന്റെ അവകാശികളായ ഈക്കൂട്ടർ ജന്മിമാരുടെ കുടികിടപ്പുകാരായിരുന്നു.

ഈ നൂറ്റാണ്ടിന്റെ ആരംഭദശകങ്ങളിൽ അനാചാരങ്ങൾക്കും, അന്ധഃവിശ്വാസങ്ങൾക്കും എതിരെ വൻപിച്ച ഒരു ജനമുന്നേറ്റം ഉണ്ടായി. അവർണ്ണരും മനുഷ്യരാണെന്നുള്ള ബോധം ഉണർത്തിയവരുടെ കൂട്ടത്തിൽ ശ്രീ നാരായണഗുരുദേവനും മഹാനായ അയ്യൻകാളിയും മുൻനിരയിൽ ആയിരുന്നു. വടക്കേ ഇൻഡ്യയിൽ ചാതുർവർണ്യത്തെ പ്രകീർത്തിക്കുന്ന മനുസ്മൃതി ചുട്ടെരിച്ചുകൊണ്ടു ഡോഃ അംബേദ്ക്കർ നവോദ്ധാന പ്രവർത്തനങ്ങൾക്കു ആക്കം കൂട്ടി. മൊത്തത്തിൽ ദേശീയതലത്തിൽ മഹാത്മാഗാന്ധിയുടെ ഹരിജനോദ്ധാരണ പ്രവർത്തനവും കൂടി ആയപ്പോൾ പട്ടികജാതി പട്ടികവർഗ്ഗക്കാരിൽ തങ്ങളുടെ അവകാശങ്ങളെക്കുറിച്ചുള്ള ബോധം രൂഢംമൂലമായി.

1950കളിൽ ഇടതുപക്ഷപ്രസ്ഥാനങ്ങളുടെ വളർച്ച ഈ വിഭാഗക്കാരിൽ കാതലായ മാറ്റങ്ങൾക്കു വഴിതെളിച്ചു. വഴിനടക്കാനും, വിദ്യാലയങ്ങളിൽ വിദ്യാഭ്യാസം ചെയ്യുന്നതിനും അമ്പലങ്ങളിൽ ആരാധന സ്വാതന്ത്ര്യത്തിനും നിയമപ്രാബല്യം ലഭിച്ചു.

ഈ കാലഘട്ടങ്ങളിൽ തന്നെയാണ് അന്തി ഉറങ്ങാൻ കെട്ടിയ കൂരകളിൽനിന്നു അടിയാന്മാർ കുടിയാൻമാരെ ആട്ടി ഇറക്കുന്ന ദുഃസ്ഥിതിക്ക് ശാശ്വതപരിഹാരം കാണാൻ കുടിയിറക്കുനിരോധനനിയമം പ്രാബല്യത്തിൽവന്നത്.

ഈ വിഭാഗത്തിന്റെ സാമൂഹ്യമായ ഉയർച്ചക്കു നാന്ദികുറിച്ചത് ഇതോടെയാണ്. വിദ്യാഭ്യാസരംഗത്തും ഈ വിഭാഗത്തിനു മുന്നേറാൻ കഴിഞ്ഞു, മഹാത്മാഗാന്ധിയുടെ തിരുവിതാംകൂർ സന്ദർശനവേളയിൽ വെങ്ങാനൂരിൽവച്ച് സാധു ജനപരിപാലനസംഘം അദ്ധ്യക്ഷനെന്നനിലയിൽ മഹാനായ അയ്യൻകാളി മഹാത്മാവിനു ഒരു നിവേദനം സമർപ്പിച്ചു. അതിൽ എന്റെ സമുദായത്തിൽനിന്നും 10 B.A.കാർ ഉണ്ടാകാൻ അങ്ങ് സഹായിക്കണം എന്നായിരുന്നു അപേക്ഷ. ഇതിൽനിന്നും അന്നത്തെ ഈ വിഭാഗത്തിന്റെ വിദ്യാഭ്യാസ നിലവാരം സ്പഷ്ടമാണ്. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ ഭരണഘടനാദത്തമായ സംവരണം മൂലം ഈ വിഭാഗത്തിന്റെ വിദ്യാഭ്യാസ നിലവാരം ഉയരുകയും ഔദ്യോഗിക രംഗത്തും ഈക്കൂട്ടർ മാന്യമായ തസ്തികകളിൽ സ്ഥാനം പിടിക്കുകയും ചെയ്തു.

തിരുവല്ലം പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗ ജനസംഖ്യ 1991ലെ സെൻസസ് പ്രകാരം 6,500 ആണ്. ഇത് ഈ പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 18% വരും.

പട്ടികജാതി പട്ടികവർഗ്ഗക്കാർ തിങ്ങിപാർക്കുന്ന പ്രദേശങ്ങൾ, കോളനികൾ, താഴെ പറയുന്നവയാണ്.

വാർഡുനമ്പർ	കോളനിയുടെപേര്
II	കരിങ്കടമുകൾ തിരുവഴിമുക്ക്, കൊടിതൂക്കിക്കുന്നുവിള
IV	കന്യാരനട, തുമ്പറബി
IX	പണ്ടാരവിള, ആലുനിന്നവിള, ശാന്തിപുരം, മുള്ളുവിള
X	കല്ലടിച്ചാൻമൂല, ഐരയിൽ, പഴവിള
XII	ചെമ്മണ്ണുവിള
	ലക്ഷംവീടുകോളനികൾ
III	മുട്ടളക്കുഴി, കരിങ്കടമുകൾ, തിനവിള
	ഫിഷർമെൻ കോളനി
VI	പാറവിള
	സെറ്റിൽമെൻറ് കോളനി
X	കീഴൂർ
	പട്ടികവർഗ്ഗ കോളനി
VII	നെടുമം വേടർകോളനി

മുകളിൽകാണിച്ചിട്ടുള്ള കോളനികൾ, ലക്ഷംവീടുകൾ, എന്നിവ താമസിക്കുന്നതിനു അനുയോജ്യമല്ല. കേടുപാടുകൾ പറ്റിയവയാണ്. ഇവിടെ കുടിവെള്ളം, വൈദ്യുതി, കക്കൂസ് റോഡ് എന്നീ സൗകര്യങ്ങൾ തുലോം വിരളമാണ് ഇവിടങ്ങളിൽ താമസിക്കുന്ന കുട്ടികൾക്ക് പ്രാരംഭ വിദ്യാഭ്യാസം ചെയ്യുന്നതിന് പ്രീപ്രൈമറി സ്ക്കൂളുകളോ, അംഗനവാടികളോ പ്രവർത്തിക്കുന്നില്ല വിദ്യാഭ്യാസരംഗത്തും ഉദ്യോഗരംഗത്തും കോളനികളിൽ താമസിക്കുന്നവർ വളരെ പിന്നോക്കമാണ്. ഭൂരിപക്ഷവും കൂലിപണിയും കൃഷിപണിയും ചെയ്ത് ഉപജീവനംനടത്തുന്നു പട്ടികജാതി പട്ടികവർഗ്ഗത്തിൽ പ്പെട്ടവരിൽ 5 ശതമാനത്തിനു താഴെ മാത്രമേ സർക്കാർ ഉദ്യോഗം ലഭിച്ചിട്ടുള്ളു.

1. സ്വന്ത ഭൂമിയുള്ളവരിൽ തന്നെ ഭൂരിഭാഗത്തിനും വീടു വെയ്ക്കുന്നതിനോ, കിണർ കുഴിപ്പിക്കുന്നതിനോ വീടു വൈദ്യുതീകരിക്കുന്നതിനോ കക്കൂസ് കുഴിപ്പിക്കുന്നതിനോ ഉള്ള സാമ്പത്തിക ശേഷി ഇല്ല വിദ്യാർത്ഥികളിൽ ഭൂരിഭാഗവും S.S.L.C വരെ പഠിച്ചുമതിയാക്കുന്നു ഉയർന്ന വിദ്യാഭ്യാസം നേടിയവർക്കു അനുയോജ്യമായ തൊഴിൽ കിട്ടുന്നതിനു പ്രയാസം ഉണ്ട്. തൊഴിൽ പരമായി സാങ്കേതിക വിദ്യാഭ്യാസം നേടിയവരും തൊഴിൽ കിട്ടാതെ വലയുന്നു

ആവശ്യങ്ങൾ

1. പട്ടികജാതി പട്ടികവർഗ്ഗക്കാർ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങൾ, കോളനികൾ, ലക്ഷം വീടുകൾ എന്നിവിടങ്ങളിൽ വായനശാലകൾ, റേഡിയോ പാർക്കുകൾ, റ്റി.വി സെറ്റുകൾ എന്നിവ സ്ഥാപിക്കുക.
2. കോളനികളിൽ കുടിവെള്ളത്തിനു വേണ്ടി പൈപ്പുലൈൻ സ്ഥാപിക്കുക. ആവശ്യനുസരണംകുഴൽകിണർ കുഴിപ്പിക്കണം
3. കോളനികളിലെ വീടുകൾ വൈദ്യുതീകരിക്കണം
4. ആവശ്യത്തിനനുസരണമായി കക്കൂസുകൾ ഉണ്ടാക്കണം
5. പട്ടികജാതി പട്ടികവർഗ്ഗത്തിൽ പ്പെട്ടവരിൽസ്വന്തഭൂമി ഉള്ളവർക്കു വീടുവയ്ക്കുന്നതിന് സാമ്പത്തികആനുകൂല്യങ്ങൾ നടപ്പിലാക്കണം
6. പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ അംഗനവാടികൾ പ്രീപ്രൈമറിസ്ക്കൂളുകൾ എന്നിവ അനുവദിക്കുക.
7. കരിങ്കടമുകൾ, കോളിയൂർ, കുന്നും പാറ എന്നീ സ്ഥലങ്ങളിൽ ഓരോ കമ്മ്യൂണിറ്റി ഹാൾ പണിയുക. വിവാഹം, വിദ്യാഭ്യാസപരിപാടികൾ, സാമൂഹിക പരിപാടികൾ എന്നിവ നടത്തുവാൻ കഴിയും,
8. കൂടാതെ മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ ഓരോ ശ്മശാനങ്ങൾ അനുവദിപ്പിക്കണം.
9. കോളിയൂർ. കുന്നുംപാറ എന്നീ സ്ഥലങ്ങളിൽ ഓരോ പട്ടികജാതി പട്ടികവർഗ്ഗ സഹകരണസംഘങ്ങൾ അനുവദിക്കണം കരിങ്കടമുകളിൽ പ്രവർത്തിക്കുന്ന പട്ടകജാതി സർവ്വീസ് സഹകരണ സംഘത്തിന്റെ പ്രവർത്തനത്തിനു ആവശ്യമായ സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിക്കണം
10. തിരുവല്ലം പഞ്ചായത്തിൽ അനുവദിച്ചിട്ടുള്ള ഏക സഹകരണമാവേലി സ്റ്റോറായ കരിങ്കടമുകൾ പട്ടികജാതി സർവ്വീസ് സഹകരണ മാവേലിസ്റ്റോറിനു സിവിൽ സപ്ലൈസിൽ നിന്നും ഭക്ഷ്യസാധനങ്ങൾ മുടങ്ങാതെ അനുവദിപ്പിക്കണം
11. വിദ്യാഭ്യാസം നേടിയവരും സാങ്കേതിക

വിദ്യാഭ്യാസം നേടിയവരുമായ സൊസൈറ്റി അംഗങ്ങൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള സാമ്പത്തിക സഹായം സൊസൈറ്റി മുഖേന അനുവദിക്കുക

12. തയ്യൽ, ചെറുകച്ചവടം, എന്നിവ ചെയ്തു ജീവിക്കുന്നതിനുള്ള ലോൺ സൊസൈറ്റി മുഖേന അനുവദിക്കുക.

13. കരിങ്കൽ അടിച്ചു ഉപജീവനം ചെയ്യുന്നവരായ സൊസൈറ്റി അംഗങ്ങൾക്കും കരിങ്കൽ ഇറക്കുന്നതിനും മറ്റും ഉള്ള സാമ്പത്തിക സഹായം സൊസൈറ്റി മുഖേന അനുവദിക്കുക

14. കൈത്തറിയിലും ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസിലും ലഭ്യമായ തൊഴിൽ അവസരങ്ങൾകൂടി പട്ടികജാതി സർവ്വീസ് സഹകരണ സംഘം മുഖേന നടപ്പിലാക്കുക

15 ആട്, പശു, എരുമ, കോഴി എന്നിവ വാങ്ങുന്നതിന് സാമ്പത്തിക സഹായം അനുവദിക്കുകയും വളർത്തുന്നതിന് പരിശീലനം കൊടുക്കുകയും ചെയ്യുക.

16. പൂഞ്ചക്കരിയിൽ ഒരു ഫിഷറീസ് സൊസൈറ്റി അനുവദിക്കുക.

17. വിദ്യാഭ്യാസ നിലവാരം അനുസരിച്ചു പട്ടിക ജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കു തൊഴിൽ നൽകുക.

18. S.S.L.C, P.D.C എന്നിവയ്ൽ ഏറ്റവും ഉയർന്ന മാർക്കുവാങ്ങുന്ന പഞ്ചായത്തിലുള്ള പട്ടിക ജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രോത്സാഹന സമ്മാനങ്ങൾ വിതരണം ചെയ്യുക.

19. S.S.L.C ക്കു ഏറ്റവും ഉയർന്ന റാങ്കു വാങ്ങുന്ന പട്ടികജാതി വർഗ്ഗ വിദ്യാർത്ഥിക്കു പഞ്ചായത്തിൽ നിന്നും ആനുകൂല്യങ്ങൾ നൽകുക

20. നിർദ്ധനരായ വിദ്യാർത്ഥികൾക്കു യൂണിഫോറം പുസ്തകം എന്നിവ പഞ്ചായത്തിൽ നിന്നും വിതരണം ചെയ്യുക.


21. പട്ടികജാതിക്കാർ തിങ്ങിതാമസിക്കുന്ന സ്ഥലങ്ങളിൽ പൊതു ചന്തകൾ അനുവദിക്കുക.


22. പട്ടികജാതി വർഗ്ഗക്കാർക്കു ഗവ: നിന്നും അനുവദിക്കുന്ന IRDP ലോൺ കൃഷിഭവനിൽനിന്നും നൽകുന്ന കിണർ, പമ്പുസെറ്റ്, തെങ്ങിൻ തൈകൾ എന്നിവ യഥാർത്ഥ ഉപഭോക്താവിനെ കണ്ടുപിടിച്ചു വിതരണം ചെയ്യനുള്ള നടപടി സ്വീകരിക്കുക

23. 25 സെന്റ് ഭൂമിഎങ്കിലും ഉള്ള പട്ടികജാതി വർഗ്ഗ വിഭാഗക്കാർക്കു കിണർകുഴിപ്പിക്കുന്നതിനും, പമ്പുസെറ്റ് വയ്ക്കുന്നതിനും ഉള്ള ഗ്രാന്റുകൾ വരുമാനം നോക്കാതെ അനുവദിക്കുക.

24. വെള്ളാർ ഹരിജൻ കരിങ്കൽ സൊസൈറ്റിയിൽ തിരഞ്ഞെടുപ്പുനടത്തി പ്രവർത്തനം ഊർജിതപ്പെടുത്തുക.

25. വിവിധ ഡിപ്പാർട്ടുമെന്റുകൾ പട്ടിക ജാതി പട്ടിക വർഗ്ഗക്കാർക്ക് നൽകുന്ന വിവിധ ആനുകൂല്യങ്ങൾ ഏകീകരിക്കുക.





5-12

വിഭവ സമാഹരണം

തനതുവരുമാനം

ഈ ഗ്രാമ പഞ്ചായത്തിലും കെട്ടിടനികുതി, തൊഴിൽ നികുതി, വിനോദനികുതി എന്നീ ഇനങ്ങൾ തന്നെയാണ് തനതു വരുമാനത്തിൽ പ്രമുഖം. നടപ്പു വർഷം കെട്ടിടനികുതിയിനത്തിൽ 5 ലക്ഷം രൂപയോളം വരവു പ്രതീക്ഷിക്കുന്നു; തൊഴിൽ നികുതി ഇനത്തിൽ 2.25 ലക്ഷം രൂപയും പ്രതീക്ഷിക്കുന്നു. കഴിഞ്ഞ ഒരു ദശകത്തിൽ ഈ ഇനങ്ങളിലെ വർദ്ധന ക്രമാനുഗതമാണെങ്കിലും കുത്തനെവർദ്ധിച്ചുനരുന്ന ചെലവുകളുമായി താരതമ്യപ്പെടുത്തുമ്പോൾ ആശാവഹമല്ല. ഫീസുകളും സെസ്സുകളുമായി ഏതാണ്ട് രണ്ടു ലക്ഷം രൂപയോളം പല ഇനങ്ങളിലായി ലഭിക്കുന്നതൊഴിച്ചാൽ എടുത്തുപറയത്തക്ക മറ്റു വരുമാനമാർഗ്ഗങ്ങളില്ല തന്നെ.

ഗ്രീവൺമെന്റ് ഗ്രാന്റുകളും അംശാദായങ്ങളും

ബേസിക് ടാക്സ് ഗ്രാന്റ്, വി.ആർ.എം ഗ്രാന്റ് വി.ടി.സി, എം.ഐ.ഗ്രാന്റ്, എന്നീ ഗ്രാന്റിനങ്ങളിലായി രൂ. 1.5 ലക്ഷത്തോളവും ഉപാധിരഹിതഫണ്ടായി ഈ വർഷം പത്തരലക്ഷത്തിനു മേൽ രൂപയും ഡ്യൂട്ടി ഓൺ ട്രാൻസ്ഫർ ഓഫ് പ്രോർപ്പർട്ടീസ് എന്നയിനത്തിൽ ഏതാണ്ട് രണ്ടരലക്ഷം രൂപയും J R Y ഫണ്ടിൽ നിന്നും രണ്ടുലക്ഷത്തോളം രൂപയും സർക്കാരിൽ നിന്നും ലഭിക്കും. കഴിഞ്ഞ പലവർഷങ്ങളായി സർക്കാരിൽ നിന്നും ലഭിച്ചുവരുന്ന ഗ്രാന്റുകളും അംശാദായങ്ങളുമാണ്, പഞ്ചായത്തിന്റെ വികസനകാര്യങ്ങൾക്കുള്ള പ്രധാന ആശ്രയം.

വരുമാനത്തിന്റെ ഘടന.

മേൽ വിവരിച്ച വസ്തുതകളിൽ നിന്നും ഒരു കാര്യം ശ്രദ്ധേയമാണ്– പഞ്ചായത്തിന്റെ തനതുവരുമാനം പൂർണ്ണമായും നികുതികളിലും ഫീസുകളിലും മാത്രം അധിഷ്ഠിതമാണ്. കുറഞ്ഞപലിശനിരക്കിൽ വായ്പകൾ ലഭിക്കാനുള്ള ബുദ്ധിമുട്ടും മുടക്കാൻ സ്വന്തം ഫണ്ടിന്റെ ലഭ്യതക്കുറവും കാരണം പ്രത്യുല്പാദനപരമായ റിട്ടേൺസ് കിട്ടുന്ന – പദ്ധതികളിലൊന്നും പഞ്ചായത്ത് ഏർപ്പെട്ടിട്ടില്ല. നികുതിയേതരവരുമാനമാർഗ്ഗങ്ങൾ ഫലവത്തായി ചൂഷണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഇടയാർ ഭാഗത്ത് കരമനയാറ്റിൽ മണലൂറ്റ് നടക്കുന്നുണ്ട്– എന്നാൽ ഇതിനുള്ള അവകാശം ലേലം ചെയ്തു കൊടുത്താൽ മൂന്നു നാലു ലക്ഷം രൂപ അധികവരുമാനം പ്രതീക്ഷിക്കാവുന്നതാണ്. നികുതിചോർച്ച പൂർണ്ണമായും തടഞ്ഞും വരുമാനം വർദ്ധിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ.സർക്കാരിൽനിന്നു ല ിക്കുന്ന ഗ്രാന്റുകളിൽ പ്രധാനം ഉപാധിരഹിത ഫണ്ടുതന്നെ–ഏതാണ്ട് 70% വരുന്നു. പുതിയ പഞ്ചായത്തിരാജ് സംവിധാനത്തിൽ കൃഷി, സാമൂഹ്യക്ഷേമം,വൈദ്യസഹായം,പ്രാഥമികവിദ്യാഭ്യാസം തുടങ്ങിയ മേഖലകൾക്കുള്ള ഗവ: വിഹിതം കൂടി പഞ്ചായത്തിന് ലഭിച്ച് തുടങ്ങി–എന്നാൽ

ഈ മേഖലകളിൽ ആവശ്യമുള്ള തുകയുടെ വളരെ ചെറിയൊരളവുമാത്രമാണ് ഇപ്പോൾ ലഭിക്കുന്നത്.

ചെലവുകൾ

നടത്തിപ്പിനും ഓഫീസ് കണ്ടിജൻസി ചെലവുകൾക്കുമായി പ്രതിവർഷം പത്തുലക്ഷം രൂപയോളമാണ് ഇപ്പോൾ തന്നെ പഞ്ചായത്തിന്റെ ചെലവ്. ക്ഷാമബത്താവർദ്ധനവ്, ശമ്പളപരിഷ്ക്കരണം തുടങ്ങിയ അധിക ബാദ്ധ്യതകൾ കൂടിക്കണക്കിലെടുക്കുംമ്പോൾ വരുങ്കാലങ്ങളിൽ ഈ ചെലവ് ഗണ്യമായി വർദ്ധിക്കാനാണ് സാദ്ധ്യത.


തെരുവു വിളക്കുകൾ കത്തിക്കുന്നതിന്റെ കറണ്ടുചാർജ്, പബ്ലിക് വാട്ടർ ടാങ്കുകൾക്കുള്ള വാട്ടർചാർജ് എന്നീ ഇനങ്ങളിൽ തന്നെ വർഷാവർഷം മൂന്നു ലക്ഷം രൂപയോളം പഞ്ചായത്തിന് ചെലവു വരുന്നുണ്ട്. കേരള വാട്ടർ അതോറിട്ടിക്ക് മൂപ്പത് ലക്ഷം രൂപ വാട്ടർ ചാർജിനത്തിൽ കുടിശ്ശിക അടയ്ക്കാനുണ്ട്. ചെലവുകളിലുള്ള ആധിക്യവും വരുമാനത്തിലുള്ള ആനുപാതികമല്ലാത്ത കുറഞ്ഞ വളർച്ചാ നിരക്കും പഞ്ചായത്തിനെ ഒരു സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് നയിക്കുകയാണ്. പ്രത്യേകാവശ്യങ്ങൾക്കായി സർക്കാർ അനുവദിച്ച ഗ്രാന്റുകൾപ്പോലും കവർന്നെടുക്കുകയാണ് ഈ ചെലവുകൾ. ഒരു സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തായതിനാൽ പഞ്ചായത്തിന് എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റ് ലഭിക്കുന്നില്ല. എസ്റ്റാബ്ലിഷ്മെന്റ് ഏതാണ്ട് 55% കവിയുന്നുണ്ട്. ഇക്കാരണത്താൽ തന്നെ മരാമത്തു പണികൾക്ക് ഇപ്പോൾ 30%നും 35% ഇടക്കുള്ള തുകയും ചെലവിടുന്നത്.

പ്രശ്നങ്ങൾ മൊത്തത്തിൽ അവലോകനം നടത്തിയാൽ താഴെപ്പറയുന്ന പ്രശ്നങ്ങളാണ് മുഴച്ച് നില്ക്കുന്നത്.


1. പഞ്ചായത്തിന്റെ വരുമാന സാദ്ധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്താൻ കഴിയാത്ത സ്ഥിതി.
2. ഭരണച്ചെലവിലെ വൻപിച്ച വർദ്ധനവ്
3. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കുറഞ്ഞ പലിശാനിരക്കിൽ വായ്പ ലഭിക്കാനുള്ള തടസ്സങ്ങൾ.
4. സന്നദ്ധ പ്രവർത്തനങ്ങളിൽ പൊതുജനങ്ങളുടെ താല്പര്യക്കുറവ്.

സാദ്ധ്യതകൾ

1. നികുതി ചുമത്തലും പിരിവും കാര്യക്ഷമമാക്കി വരുമാനം വർദ്ധിപ്പിക്കുക.
2. പുതിയ സേവനങ്ങൾ നല്കി അവക്ക് ചാർജ് ഈടാക്കാം.
3. കൂടുതൽ സന്നദ്ധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക
4. പഞ്ചായത്തിന് ഒരു ക്രെഡിറ്റ് പ്ലാൻ ആവശ്യമാണ്.
5. സന്നദ്ധ സംഘടനകൾക്കായുള്ള സഹായധനപദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻ പഞ്ചായത്ത് മുൻകൈയെടുക്കണം.
6. പഞ്ചായത്ത് മുൻകൈയെടുത്ത് ലേബർ സൊസൈറ്റി പോലുള്ള സ്ഥാപനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.




ചല്ലിയടികേന്ദ്രം





തിരുവല്ലം പഞ്ചായത്തിൽ വണ്ടിത്തടം പാറവിള തിരുവല്ലം എന്നീ സ്ഥലങ്ങളിൽ ഈ കേന്ദ്രം ആരംഭിക്കാവുന്നതാണ്.

നേട്ടങ്ങൾ

1. വൈദഗ്ദ്യ പോഷണം
2. റോഡുഗതാഗതത്തിന്റെ സുരക്ഷിതത്വം
3. മെച്ചപ്പെട്ടകൂലി
4. തൊഴിൽ സുരക്ഷിതത്വം
5. ചൂഷണത്തിൽ നിന്നുള്ള മോചനം


THIRUVALLAM PANCHAYAT
ROAD NETWORK
N
KARUMAM
THIRUVANANTHAPURAM CORPORATION
KARAMANA RIVER
LAKE
THIRUVALLAM
PUNCHAKKARI
PALAPUR
VANDITHADAM
PACHALLUR
PUNKULAM
KOLIYUR
VAZHAMUTTAM
VENGANOOR
VENGANOOR PANCHAYAT
NEDUMAM
INDEX
ROAD
PANCHAYAT BOUNDARY
SCALE


THIRUVALLAM PANCHAYAT
DRAINAGE
N
KARUNNA
THIRUVANANTHAPURAM CORPORATION
KARAMANA RIVER
THIRUVANANTHAPURAM PANCHAYAT
LANKA
THIRUVALLAM
PUNCHAKKARI
PARVATHI PUTHANAR
IDAYAR
PALAPUR
PACHALLUR
VANDITHADAM
KALLIYUR PANCHAYAT
PUNNIYAM
KOLLIYUR
VAZHAMUTTAM
VENGANUR
VENGANUR PANCHAYAT
INDEX
- River
- Road
- Panchayat boundary
SCALE
RF : 1:12500
1cm = 1km.
REDUHAM
VILINJAM


THIRUVALLAM PANCHAYATH
RELIEF
N
KARUMAM
THIRUVANANTHAPURAM CORPORATION
KARAMANA RIVER
THIRUVALLAM
PUNCHAKKARI
PALAPUR
PACHALLUR
VANDITHADAM
KALLIYUR PANCHAYAT
PONNULAM
KOLLIYOR
VENGANOOR
VENGANOOR PANCHAYAT
VELINJAM
INDEX
- Road
- River
- <20 m above MSL
- between 20 and 40 m above MSL
- 40-60 m above MSL
- 60-80 m above MSL
- >80 m above MSL.
SCALE
RF. 1:12500
9cms to 1 km.



EDITED & PRINTED BY : VANDITHADAM K. MADHU, (CHAIRMAN, THIRUVALLAM